ദൈവശാസ്ത്ര ഗ്രന്ഥാവലി

# യേശുക്രിസ്തു ആര്?

ഫാ. ഡോ. വി.സി.ശമുവേൽ

15

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

COMPLIMENTARY

# യേശുക്രിസ്തു ആര്?

www.malankaralibrary.com

ദൈവശാസ്ത്ര ഗ്രന്ഥാവലി നമ്പർ–15

# യേശുക്രിസ്തു ആര്?

റവ. ഫാ. ഡോ. വി. സി. ശമുവേൽ

പ്രസാധകർ
ദൈവശാസ്ത്ര സാഹിത്യ സമിതി
തിരുവല്ല, കേരളം
1999

www.malankaralibrary.com

ദൈവശാസ്ത്ര ഗ്രന്ഥാവലി നമ്പർ–15

# യേശുക്രിസ്തു ആര്?

റവ. ഫാ. ഡോ. വി. സി. ശമുവേൽ

പ്രസാധകർ

ദൈവശാസ്ത്ര സാഹിത്യ സമിതി

തിരുവല്ല, കേരളം

1999

www.malankaralibrary.com

(Malayalam)
YESU CHRISTHU AARU?
(Who is Jesus Christ?)

Christian Theology

Author: Fr. Dr. V. C. Samuel

Fourth Edition: February 1999

Rights Reserved

Copies: 1000

Printed at: Kalapurayil Type Setters,
Manganam, Kottayam-18

Cover Printing: Wigi Offset Printers,
Manganam, Kottayam-18

Publisher: Theological Literature Council, Kerala

Stockists: Christava Sahitya Samithy, Tiruvalla

Distributors: C. S. S. Bookshop,
Cross Junction, Tiruvalla

**Price: Rs 40/-**

---

TLC 15 RP1-99

www.malankaralibrary.com

# ഉള്ളടക്കം


പേജ്

ഒന്നാം പതിപ്പിന്റെ അവതാരിക 4

റവ. ഡോ. വി. സി. ശമുവേൽ –ഒരു ലഘു ചിത്രം

പ്രാരംഭം 9

അദ്ധ്യായം

1. പുതിയനിയമത്തിലെ അടിസ്ഥാന ഉപദേശം 13
2. രണ്ടും, മൂന്നും, നാലും നൂററാണ്ടുകളിലെ വേദശാസ്ത്ര വ്യാഖ്യാനങ്ങൾ 46
3. അഞ്ചും, ആറും, ഏഴും നൂററാണ്ടുകളിലെ വിശ്വാസ പ്രസ്താവനകൾ 75
4. പത്തൊമ്പതാം നൂററാണ്ടിൽ നൽകപ്പെട്ട ചില വേദശാസ്ത്ര വ്യാഖ്യാനങ്ങൾ 102
5. ഇരുപതാം നൂററാണ്ടിലെ നിലപാടുകൾ 121
6. ഉപസംഹാരം 138


www.malankaralibrary.com

## ഒന്നാം പതിപ്പിൻെറ

# അവതാരിക

ആധുനിക ലോകയാഥാർത്ഥ്യങ്ങളുടെ സമ്മർദത്താൽ ഭാരതത്തിൻെറ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ സാരമായ പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുരാതന ചട്ടക്കൂടുകളും മൂല്യങ്ങളും ചോദ്യം ചെയ്യപ്പെടുകയും നൂതനമായ മൂല്യങ്ങളും ക്രമീകരണങ്ങളും രൂപം പ്രാപിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം ജീവിതത്തിൻെറ ആത്യന്തിക അടിസ്ഥാനവും ലക്ഷ്യവും സംബന്ധിച്ച ഒരു പുതിയ തിരക്കം ദൃശ്യമാകുന്നു. തൽഫലമായി, ധാരാളം ഭൗതികമതങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. പ്രാചീന മതങ്ങളിൽ ഒരു നവ ചൈതന്യം കാണ്മാനുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ക്രൈസ്തവസഭയ്ക്ക ആധുനിക ലോകത്തിലുള്ള ദൗത്യം എന്തു് എന്നു ഗാഢമായി പരിഗണിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

യേശുക്രിസ്തു ദൈവത്തിൻെറ രക്ഷാപ്രവർത്തനത്തിൻെറ കേന്ദ്രവും മനുഷ്യജീവിതത്തിൻെറ ലാക്കും ആകുന്നു എന്നു ലോകത്തെ ഗ്രഹിപ്പിക്കുവാൻ സഭ സദാ ജാഗരൂകയാകേണ്ടിരിക്കുന്നു. അതിനായി ക്രിസ്തീയ മൂല്യങ്ങളും ദർശനങ്ങളും സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുവാൻ തക്കവണ്ണം സഭ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ആശയാദർശങ്ങൾ സമൂഹത്തിനു പകർന്നുകൊടുക്കുന്നതിൽ സാഹിത്യം ഒരു സുപ്രധാന ഉപാധിയാകുന്നു. സാഹിത്യ അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണസംഘം, ഗ്രന്ഥശാലാസംഘം മുതലായവ സാഹിത്യത്തിൻെറ സ്ഥാനവും സാദ്ധ്യതയും വ്യക്തമാക്കുന്നുണ്ടു്. ഈ ഘട്ടത്തിൽ ക്രൈസ്തവസഭയും സാഹിത്യരംഗത്തു സജീവമായി പ്രവർത്തിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച സകല ജീവിതശാസ്ത്രങ്ങളുടെയും സത്യങ്ങളുടെയും അടിത്തറ വ്യക്തമാക്കുന്ന ദൈവശാസ്ത്രം അധികരിച്ചുള്ള ക്രൈസ്തവ സാഹിത്യം ഇന്നു് ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹിത്യശാഖ തന്നെ.

ദീർഘനൂററാണ്ടുകളായി ക്രൈസ്തവ സഭ കേരളത്തിൽ നിലനിന്നിരുന്നുവെങ്കിലും, ക്രിസ്തീയ സത്യങ്ങൾ വ്യവഹരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പുസ്തകങ്ങൾ മലയാളഭാഷയിൽ താരതമ്യേന വിരളമാണ്. ഈ കുറവു നികത്തുന്നതിനും

www.malankaralibrary.com

ദൈവശാസ്ത്രപഠനത്തിൽ പ്രചോദനം നൽകുന്നതിനുമായിട്ടത്രേ കേരളാ ക്രിസ്ത്യൻ കൗൺസിൽ ദൈവശാസ്ത്ര സാഹിത്യ സമിതി രൂപീകരിച്ചത്. ഇതിന്റെ പ്രവർത്തനത്തിൽ കേരളത്തിലെ മിക്ക സഭകളും, വൈദിക സെമിനാരികളും ബൈബിൾ സ്കൂളുകളും സഹകരിക്കുന്നു എന്നതു ശ്രദ്ധേയമാണ്.

പ്രസ്തുത സമിതിയുടെ ഇപ്പോഴത്തെ പ്രവർത്തനം നേതൃത്വ പരിശീലനോദ്ദേശ്യത്തോടുകൂടിയുള്ളതാണ്. സഭാപ്രവർത്തകരുടെ പരിശീലനത്തിൽ സഹായകമാകത്തക്കവണ്ണമുള്ള പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാനുള്ള ഒരു പരിപാടി സഭകളുടെ അഖിലലോക കൗൺസിലിന്റെ തിയോളജിക്കൽ എഡ്യൂക്കേഷൻ ഫണ്ടിന്റെ (T. E. F.) സഹകരണത്തോടു കൂടി ആവിഷ്കരിച്ചു നടത്തിപ്പോരുന്നു. എന്നാൽ പ്രസ്തുത സഹായധനത്തിന്റെ പരിമിതിക്കപ്പുറമായി ദൈവശാസ്ത്ര സാഹിത്യ സമിതിയുടെ പ്രവർത്തനം വികസിക്കേണ്ടിയിരിക്കുന്നു. അതിനായി വിവിധ സഭകളും സെമിനാരികളും സഹകരിക്കുമെന്നു പ്രതീക്ഷിക്കാം.

സമിതി പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിലെ ആശയങ്ങൾക്കും ഉപദേശങ്ങൾക്കും അതതു ഗ്രന്ഥകാരനു മാത്രമാണ് അന്തിമമായ ചുമതലയുള്ളത്. അപ്രകാരമുള്ള വ്യക്തിപരമായ ഉത്തരവാദിത്തബോധത്തിൽകൂടി മാത്രമേ ദൈവശാസ്ത്രപരമായ ചർച്ച നമ്മുടെയിടയിൽ സജീവമായി ഭവിക്കയുള്ളു. എന്നാൽ പാണ്ഡിത്യം, വിശാലവീക്ഷണം, ഭാഷ എന്നീ മാനദണ്ഡങ്ങൾ മുൻനിർത്തി പരിശോധിക്കുന്ന ഒരു എഡിറ്റോറിയൽ കമ്മിററിയുടെ അംഗീകാരം ലഭിക്കുന്ന പുസ്തകങ്ങൾ മാത്രമേ ഈ പരമ്പരയിൽ പ്രസിദ്ധപ്പെടുത്തുകയുള്ളു. സമിതി പ്രസിദ്ധപ്പെടുത്തുന്ന ദൈവശാസ്ത്രഗ്രന്ഥങ്ങളുടെ പ്രചരണം കേരളത്തിലെ ക്രൈസ്തവസഭയുടെ നേതൃത്വ പരിശീലനത്തിനും തദ്വാരാ സഭയുടെ പുരോഗമനത്തിനും സഹായകരമായി ഭവിക്കട്ടെ.

ദൈവശാസ്ത്ര സാഹിത്യ സമിതിയുടെ 15–ാമത്തെ പ്രസിദ്ധീകരണം ഫാ. വി. സി. ശമുവേൽ രചിച്ച 'യേശുക്രിസ്തു ആരു'' എന്ന ഗ്രന്ഥമത്രെ. ദൈവത്തിന്റെ രക്ഷാ പ്രവർത്തന പദ്ധതിയിൽ കേന്ദ്രസ്ഥാനം യേശുക്രിസ്തുവിനാണല്ലൊ. ക്രിസ്തുവിന്റെ ദിവ്യാവതാരത്തെപ്പററിയുള്ള സമഗ്രമായ പഠനം ഏതു ദൈവശാസ്ത്രവിദ്യാർത്ഥിക്കും ആവശ്യമാണ്. കാലാനുകാലങ്ങളിലായി യേശുക്രിസ്തുവിനെപ്പററി വിവിധ ദൈവശാസ്ത്രസിദ്ധാന്തങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയിൽ സ്വീകാര്യമായതും, ത്യജിക്കേണ്ടതും ഏതു് എന്നു സഭാസുന്നഹദോസുകൾ

www.malankaralibrary.com

നിശ്ചയിച്ചിട്ടുണ്ട്. ഏഴാം നൂററാണ്ടുവരെ ജീവിച്ചിരുന്ന സഭാ പിതാക്കന്മാരാണു ക്രിസ്തുവിനെപ്പററിയുള്ള പ്രധാന ദൈവ ശാസ്ത്രസിദ്ധാന്തങ്ങൾ രൂപീകരിച്ചതു്. പിന്നെ 19-ാം നൂററാണ്ടുമുതൽ ആധുനിക ചിന്തകന്മാർ ആധുനിക പശ്ചാത്തലത്തിൽ അതു വിവരിക്കുവാൻ ശ്രമിച്ചു. ഈ മണ്ഡലത്തിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള വ്യക്തികൾ കേരളത്തിൽ അംഗുലീപരിമിതമത്രേ. സഭാപിതാക്കന്മാരുടെ കാലത്തെ ദൈവശാസ്ത്രത്തിൽ നൈപുണ്യം കൈവന്നിട്ടുള്ള ഒരു പണ്ഡിതനാണു ഫാ. വി. സി. ശമുവേൽ. സുറിയാനി മുതലായ മൂലഭാഷയിലുള്ള ഗ്രന്ഥങ്ങൾ കൈകാര്യം ചെയ്തു ഗ്രന്ഥകാരൻ പ്രസ്തുത വിഷയങ്ങൾ ഗ്രഹിച്ചിട്ടുണ്ട്. ക്രിസ്തുവിനെപ്പററിയുള്ള ദൈവശാസ്ത്രപഠനം ഏററം ഗഹനമായ ഒന്നാണ്. എന്നാൽ അതു സാധാരണക്കാർക്കു സരളമായി വിശദീകരിച്ചു കൊടുക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിരിക്കുന്നു. പ്രസ്തുത ഗ്രന്ഥം കേരള ക്രൈസ്തവ സഭയ്ക്കു ഒരു വലിയ സംഭാവനയും, ദൈവശാസ്ത്രസാഹിത്യത്തിനു ഒരു മുതൽക്കൂട്ടുമത്രേ. ഈ മഹൽ സേവനത്തിനായി ഗ്രന്ഥകാരനെ അനുമോദിക്കുന്നു. 'യേശുക്രിസ്തു ആരു്' എന്ന ഈ ഗ്രന്ഥം കേരള ക്രൈസ്തവരുടെ മുൻപിൽ അവതരിപ്പിക്കുന്നതിൽ ദൈവശാസ്ത്ര സാഹിത്യ സമിതിക്കു് അതിയായ സന്തോഷമുണ്ട്.

റവ. ഡോ. സി. ഇ. ഏബ്രഹാം,
ചെയർമാൻ-കൺവീനർ,
ദൈവശാസ്ത്ര സാഹിത്യ സമിതി,
തിരുവല്ല

ഡിസംബർ 1967.

www.malankaralibrary.com

# റവ. ഡോ. വി. സി. ശമുവേൽ

## ഒരു ലഘു ചിത്രം

ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിനാലിൽ ഞാൻ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിൽ സീനിയർ ഇൻറർമീഡിയററിനു പഠിക്കുമ്പോഴാണ് വി. സി. ശമുവേലച്ചൻ അവിടെ ജൂണിയർ ഇൻറർമീഡിയററിനു ചേർന്നതു്. ഒരു ഉററ മൈത്രീബന്ധം അതോടെ ആരംഭിച്ചു. പിന്നീടുള്ള സംവത്സരങ്ങളിൽ ഞങ്ങൾ പല രംഗങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ആശയങ്ങൾ കൈമാറുകയും അങ്ങനെ ആ ബന്ധം സുദൃഢമാകുകയും ചെയ്തു. ചർച്ച് വീക്ക്ലിക്കു അദ്ദേഹം നൽകിയ സഹകരണവും നിർദ്ദേശങ്ങളും ആയിരുന്നു അതിൻെറ ഒരു പ്രധാന കാരണം. അച്ചൻെറ ഒരു പുരുഷായുസ്സ് നീണ്ടുനിന്ന വിജ്ഞാനദാഹവും കഠിനാദ്ധ്വാനവും പഠനഗവേഷണ തപസ്യയും അതിലൂടെ നേടിയ പാണ്ഡിത്യവും അദ്ഭുതാദരങ്ങളോടെ നോക്കി നിൽക്കാനേ എനിക്കു കഴിഞ്ഞിരുന്നുള്ളു.

ഇക്കഴിഞ്ഞ നവംബർ 18—ാം തീയതി പുലർച്ചയ്ക്കു ബാംഗ്ളൂരിലെ സ്വവസതിയിൽ ശമുവേലച്ചൻ (86) അന്തരിച്ചു. ദൈവശാസ്ത്രത്തിലും ക്രിസ്തു വിജ്ഞാനീയത്തിലും ചരിത്രത്തിലും ഒരുപോലെ അഗാധ പാണ്ഡിത്യം നേടിയ ഈ ബ്രഹ്മജ്ഞാനിയുടെ നിര്യാണം സമൂഹത്തിനു് ഒരു തീരാനഷ്ടം തന്നെ.

ഓറിയൻറൽ ഓർത്തഡോക്സ് ക്രിസ്തുശാസ്ത്രം മററു സഭകളിലുള്ളവർക്കു് സുഗ്രഹവും അംഗീകാര്യവുമാക്കുന്നതിൽ ശാമുവേലച്ചൻ നിസ്തുമമായ പങ്കാണു വഹിച്ചിട്ടുള്ളതെന്നും പിൽക്കാലത്തു ക്രിസ്തുസ്വഭാവത്തെപ്പററിയുണ്ടായ സംവാദങ്ങളിൽ തന്നേപ്പോലുള്ളവർ അടിസ്ഥാനപരമായ ഉൾക്കാഴ്ചകൾ സ്വീകരിച്ചതു് അദ്ദേഹത്തിൻെറ വിദഗ്ദ്ധത്തിൽ നിന്നാണെന്നും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത എഴുതീട്ടുണ്ടു്.

മലങ്കര സഭയിലും ഓറിയൻറൽ സഭകളിലൊട്ടാകെയും ക്രിസ്തുശാസ്ത്രമേഖലയിൽ ഈ നൂററാണ്ടിൽ ഉണ്ടായിട്ടുള്ള ഏററവും പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞനാണു വി. സി. ശാമുവേലച്ചൻ എന്ന കാര്യത്തിൽ തർക്കമില്ല. ഓറിയറൽ ഓർത്തഡോക്സും

www.malankaralibrary.com

സഭകളിൽ ക്രിസ്തുശാസ്ത്രം സംബന്ധിച്ച മററു സഭകളുമായി ആധികാരികമായി ആശയപ്രകടനം നടത്തുന്നതിൽ പ്രസിദ്ധി നേടിയ ഏകപണ്ഡിതനും അദ്ദേഹം തന്നെ.

പതിനഞ്ചു നൂററാണ്ടുകാംക്കു ശേഷം എക്യൂമെനിക്കൽ വേദികളിൽ ക്രിസ്തീയ സഭകാം ഒന്നിച്ചുകൂടാൻ തുടങ്ങിയപ്പോാം പഴയ ചരിത്രങ്ങളും വിവാദങ്ങളും പ്രശ്നമായി. ഓറിയൻറൽ ഓർത്തഡോക്സ് സഭകാം കൽക്കദോന്യാ സുന്നഹദോസിന് എതിരായി എടുത്ത ദൈവശാസ്ത്ര നിലപാടിനെ പ്രഗത്ഭമായി പുനർവ്യാഖ്യാനിക്കാൻ ശാമുവേലച്ചനു കഴിഞ്ഞു. അതിൻെറ ഫലമായി സുന്നഹദോസിനെ അനുകൂലിച്ച ഗ്രീക്കു്, റഷ്യൻ തുടങ്ങിയ ബൈസൻറയിൻ ഓർത്തഡോക്സ് സഭകളും എതിർത്ത ഓറിയൻറൽ ഓർത്തഡോക്സ് സഭകളും ഏതാണ്ടു പൂർണ്ണമായും വിശ്വാസത്തിൻെറ ഐക്യത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞു.

കൽക്കദോന്യാ സുന്നഹദോസോടെ മൂർത്ത രൂപം പ്രാപിച്ച ക്രിസ്തുശാസ്ത്രതർക്കത്തിനു് അറുതി വരുത്താനുള്ള ക്രിയാത്മക സമീപനം ശാമുവേലച്ചൻെറ പഠനഗവേഷണങ്ങളുടെ ഭാഗമാണ്. 1950 കളിൽ അദ്ദേഹം അമേരിക്കയിലെ യേൽ സർവകലാശാലയിൽ ഡോക്ടറേററു ബിരുദത്തിനു നടത്തിയ ഗവേഷണം എ. ഡി. 451 ലെ കൽക്കദോന്യ സുന്നഹദോസിനെപ്പററിയായിരുന്നു. ഈ പുരാതന സുന്നഹദോസിലാണല്ലോ പാശ്ചാത്യസഭകളും പൗരസ്ത്യ സഭകളും തമ്മിൽ ഗുരുതരമായ പിളർപ്പുണ്ടായതു്. യേശുക്രിസ്തുവിൻെറ വ്യക്തിത്വഘടനയെപ്പററിയുള്ള വ്യാഖ്യാന വാഗ്വാദങ്ങളിൽ പങ്കു ചേർന്നു് റോമൻ, ഗ്രീക്കു സഭകാം ഒരു വശത്തും കിഴക്കൻ സഭകളായഓറിയൻറൽ ഓർത്തഡോക്സ് സഭകാം (ഈജിപ്ത്, സിറിയ, അർമേനിയ, എത്യോപ്യ, ഇന്ത്യ) മറുവശത്തുമായി. വാസ്തവത്തിൽ യേശുക്രിസ്തുവിൻെറ വ്യക്തിത്വത്തെപ്പററിയുള്ള വിവാദങ്ങളല്ലായിരുന്നു സഭയുടെ വിഭജനത്തിനു കാരണമെന്നും ക്രിസ്തീയ സ്നേഹത്തിലധിഷ്ഠിതമായ പരസ്പരധാരണയും വിട്ടുവീഴ്ചാ മനോഭാവവും പ്രതിഫലിപ്പിക്കുന്ന കാഴ്ചപ്പാടു് അവലംബിച്ചിരുന്നുവെങ്കിൽ പിളർപ്പ് അന്നേ പരിഹൃതമാകുമായിരുന്നെന്നും അച്ചൻെറ ഗവേഷണ പഠനങ്ങാം വ്യക്തമാക്കി. റോമാസാമ്രാജ്യത്തിലെ ഭരണാധികാരികളുടെ രാഷ്ട്രീയ വടംവലികളും പാത്രിയർക്കീസുമാരുടെ അധികാര മോഹവും സാംസ്കാരിക സംഘർഷങ്ങളുമൊക്കെയാണ് പ്രശ്നം സങ്കീർണ്ണമാക്കിയതു്. അതു സഭയെ പിളർത്തി വളർച്ച നശിപ്പിച്ചു.

www.malankaralibrary.com

ശാമുവേലച്ചൻെറ ഗവേഷണ ഫലമായി പുറത്തു വന്ന വസ്തുതകൾ: അന്ത്യോക്യൻ ദൈവശാസ്ത്രനിലപാട് സ്വീകരിച്ച വരെ ഇരു സ്വഭാവവാദികളെന്നും നെസ്തോറിയരെന്നും വസ്തുതകളറിയാതെ പരിഹസിക്കുന്നതു് അയുക്തികമാണ്. അതുപോലെതന്നെ അലക്സാന്ത്രിയൻ ദൈവശാസ്ത്ര നിലപാട് എടുത്തവരെ ഏകസ്വഭാവവാദികളെന്നും യൂത്തിക്കോസിൻെറ വിശ്വാസ വൈപരീത്യം പിന്തുടരുന്നവരെന്നും അധിക്ഷേപിക്കുന്നതിനു വിശ്വാസപരമായ അടിസ്ഥാനമില്ല.

സുറിയാനി, ഗ്രീക്ക് ഭാഷകളിൽ പാണ്ഡിത്യം നേടിയിരുന്ന അച്ചൻ അഞ്ചാം നൂററാണ്ടിൽ നടന്ന കൽക്കദോന്യ സുന്നഹദോസ് മിനുററ്സിൻെറ മൂലരേഖകൾ തേടിയെടുത്തു. ആദിമ നൂററാണ്ടിലെ സഭാപിതാക്കന്മാരുടെ ദർശനങ്ങളിൽ നടത്തിയ ഗവേഷണം വഴി ഈ വിവാദത്തിൻെറ പേരിൽ ക്രൈസ്തവ ലോകത്ത് നിലനിന്നു പോന്ന അനൈക്യം സാധൂകരിക്കാവുന്നതല്ല എന്നു തെളിയിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഇതു കൂടാതെ, പിൽക്കാലത്തു പാശ്ചാത്യ സഭകളെ ഇതു ബോധ്യപ്പെടുത്തി അംഗീകരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

## ജനനവും ബാല്യവും

മദ്ധ്യ തിരുവിതാംകൂറിലെ ഓമല്ലൂർ ഗ്രാമത്തിൽ 1912 ഏപ്രിൽ ആറാം തീയതിയായിരുന്നു ജനനം. പിതാവ് ഇടയിൽ വാധ്യാർ എന്നു പ്രസിദ്ധനായ ഇ. ഐ. ചെറിയാൻ M. L. C. മാതാവ് ഓമല്ലൂർ പുത്തൻപീടിക കിഴക്കേതിൽ അന്നമ്മ. ഒമ്പതു മക്കളിൽ അഞ്ചാമനായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1932 ൽ മഞ്ഞനിക്കരയിലെ സുറിയാനി പഠന കേന്ദ്രത്തിൽ ചേർന്നു സുറിയാനി ഭാഷയിൽ പാണ്ഡിത്യം നേടി. മഞ്ഞനിക്കര മല്പാനായി പ്രവർത്തിച്ച വരവേ ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നു് 1937ൽ വൈദിക പട്ടം സ്വീകരിച്ചു. അച്ചനോടൊപ്പം അവിടെ അധ്യാപകനായിരുന്ന അബ്ദുൾ ആഹാദ് റമ്പാനാണു പിൽക്കാലത്തു മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രീയർക്കീസ് ബാവ ആയിത്തീർന്നത്.

മഞ്ഞനിക്കരയിൽ 1940 വരെ സേവനമനുഷ്ഠിച്ച ശാമുവേലച്ചൻ 1944 വരെ കോട്ടയത്തിനടുത്തുള്ള ചെങ്ങളം സെൻറു് തോമസ് പള്ളിയുടെ വികാരിയായി. വിശ്വാസികൾക്ക മനസ്സിലാകാത്ത സുറിയാനിഭാഷയിൽ ആരാധനകൾ നടത്തുന്നതിൻെറ അനൗചിത്യം ബോധ്യമായ അച്ചൻ ചില സംസ്കൃത പണ്ഡി

www.malankaralibrary.com

ന്മാരുടെ സഹായത്തോടെ ആരാധനകൾ മലയാളത്തിലേക്ക് തർജമ ചെയ്തു. ആരാധനകൾ മലയാളത്തിലാക്കി വന്ന യത്നത്തിനു ഇതൊരു മഹത്തായ സംഭാവനയായിരുന്നു.

മെത്രാൻ—ബാവാ കക്ഷി വഴക്കു സംബന്ധിച്ചുണ്ടായ വ്യവഹാരത്തിൽ മാർ യൂലിയോസ് മെത്രാപ്പോലീത്തായെ വിസ്തരിക്കേണ്ടി വന്നു. നീണ്ട അഞ്ചു മാസക്കാലം നടന്ന വിസ്താരത്തിൽ അറബിയും സുറിയാനിയും മാത്രം അറിയാവുന്ന മെത്രാപ്പോലീത്തായുടെ മൊഴിമാററത്തിനു ഇരു കക്ഷികളും സ്വീകാര്യനായി തെരഞ്ഞെടുത്തത് ശാമുവേലച്ചനെയാണ്. അദ്ദേഹത്തിൻെറ പാണ്ഡിത്യത്തിനും നിഷ്പക്ഷതയ്ക്കും സത്യസന്ധതയ്ക്കും യുവത്വത്തിൽ ലഭിച്ച അംഗീകാരമാണിത്. സ്വസമുദായത്തിൽ ഉടലെടുത്ത കക്ഷിവഴക്കു മൂലം അസമാധാനവും ആത്മീയ ശോഷണവും സംജാതമായതിൽ അതീവ ദുഃഖിതനായ ശാമുവേലച്ചൻ വ്യവഹാരത്തിൽ നിന്നൊഴിഞ്ഞ് തുടർച്ചയായ പഠനഗവേഷണങ്ങളിൽ നിമഗ്നനായി.

ആലുവ, മദ്രാസ്, ബാംഗ്ളൂർ, ന്യൂയോർക്ക്, ന്യൂഹാവൻ, ഷിക്കാഗോ എന്നീ പ്രശസ്ത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ഇന്ത്യയിലെ രാമകൃഷ്ണ ആശ്രമങ്ങളിലും പഠനം നടത്തി. ബി. എ. (ഫിലോസഫി) എം. എ. (ഫിലോസഫി) ബി. ഡി., എസ്. ടി. എം., പി. എച്ച്. ഡി. (ഡോക്ടർ ഓഫ് ഫിലോസഫി), പോസ്ററ് ഡോക്ടറൽ ഫെലോഷിപ്പ് മുതലായ ബിരുദങ്ങൾ കരസ്ഥമാക്കി. കൂടാതെ, ഗ്രീക്ക്, ഹീബ്രു, സുറിയാനി, ലത്തീൻ, സംസ്കൃതം, അംഹാരിക് തുടങ്ങിയ പുരാതന ഭാഷകളിലും ഫ്രെഞ്ച്, ജർമൻ മുതലായ ആധുനിക ഭാഷകളിലും അവഗാഹം നേടുകയും ചെയ്തു.

അദ്ദേഹം 41–ാമത്തെ വയസ്സിൽ 1953–ൽ പുതുപ്പള്ളിയിൽ ചെറുശേരി കുഞ്ഞമ്മ പോളിനെ വിവാഹം ചെയ്തു. വൈദികനായ ശേഷം വിവാഹിതനായിത്തീർന്ന അദ്ദേഹം വൈദിക വിവാഹത്തെ സാധൂകരിച്ച് 'സ്വാനുഭവ വേദിയിൽ' എന്ന ആത്മകഥയിൽ കൊടുത്തിട്ടുള്ള ലേഖനം വിജ്ഞാനപ്രദമാണ്.

ബൈസൻറയിൻ ഓർത്തഡോക്സ് സഭകളുമായും റോമൻ കത്തോലിക്കാ സഭയുമായും ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ നടത്തിയിട്ടുള്ള സംവാദങ്ങളിൽ ക്രിസ്തു വിജ്ഞാനീയം സംബന്ധിച്ച അച്ചൻെറ പഠനങ്ങളും പ്രബന്ധങ്ങളും നിർണായക പങ്കു വഹിച്ചു. വാദങ്ങളിൽ പൗലോസ് മാർ ഗ്രീഗോറിയോസിനു ബലം നല്കിയത് ശമുവേലച്ചനായിരുന്നുവെന്ന് തിരുമേനിതന്നെ പറഞ്ഞിട്ടുണ്ട്. നിസ്തുലമായ ഗവേഷണത്തിലൂടെ അദ്ദേഹം നേടിയെടുത്ത വിജ്ഞാനം അക്കാദമിക തല

www.malankaralibrary.com

ങ്ങളിൽ ഒതുങ്ങി നില്ക്കാതെ ക്രിസ്തീയ സഭകളുടെ ഐക്യത്തിനും നമ്മുടെ സാംസ്കാരിക–രാഷ്ട്രീയ ധാരകളിൽ ഉൾക്കാഴ്ച നല്കുന്നതിനും പ്രചോദനം നല്കി.

സഭാചരിത്ര രംഗത്ത് തനതായ പഠനങ്ങളും നിഗമനങ്ങളും അദ്ദേഹത്തെ കിടയററ ഒരു ചരിത്രകാരനാക്കിത്തീർത്തു. ഭാരതത്തിലെ സഭാ ചരിത്രസംഘടനയിലെ പ്രമുഖാംഗവും സഭാചരിത്രരചനയിലെ മുഖ്യോപദേഷ്ടാവുമായി പ്രവർത്തിച്ചു. അനേകം സഭാചരിത്ര വിദ്യാർത്ഥികൾക്ക ഡോക്ടറൽ ഗവേഷണത്തിൻെറ ഗൈഡും പ്രചോദനവുമായിരുന്നു അച്ചൻ.

പാത്രിയർക്കീസ് ഭാഗത്തു ജനിച്ച അന്ത്യോക്യൻ സഭയുടെ സ്വാധീനത്തിൽ വളർന്ന അദ്ദേഹം എങ്ങനെ ഓർത്തഡോക്സ് പക്ഷത്തായി എന്നുള്ളത് അദ്ദേഹം തന്നെ വ്യക്തമാക്കിട്ടുള്ളതാണ്. ഈ സഭയുടെ തനിമ നിലനിറുത്താനും ഒരു ഭാരതീയ സഭയെന്ന നിലയിൽ വളരാനും കഴിയണമെങ്കിൽ അന്ത്യോക്യൻ അധീശത്വം ഇല്ലാതാകണമെന്ന് അദ്ദേഹം വിശ്വസിച്ചു.

കൽക്കട്ടയിലെ സെറാമ്പൂർ കോളജ് (1960–63), എത്യോപ്യയിലെ ഹെയ്ലി സെലാസി സർവകലാശാല (1963–66, 1968–76), ബാംഗളൂർ യുണൈററഡ് തിയോളജിക്കൽ കോളജ് (1966–68, 1978–80) കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി (1980–90) എന്നീ പ്രശസ്ത സ്ഥാപനങ്ങളിൽ നാലു പതിററാണ്ടിലേറെ അദ്ദേഹം വിവിധ നിലകളിൽ സേവനമനുഷ്ഠിച്ചു.

സാർവദേശീയ തലത്തിൽ സഭൈക്യ പ്രസ്ഥാനങ്ങളിലും മത സൗഹാർദ സമ്മേളനങ്ങളിലും അദ്ദേഹം 1954 മുതൽ കർമനിരതനായി പ്രവർത്തിച്ചുപോന്നു. സഭകളുടെ ലോക കൗൺസിൽ (W.C.C.) എന്ന എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ മൂന്ന് അസംബ്ലികളിൽ (ഇവാൻസ്റ്റൺ–1954, ന്യൂഡൽഹി–1961, ഉപ്സാല–1968) അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രതിനിധിയായിരുന്നു. നീണ്ട 23 വർഷക്കാലം അദ്ദേഹം ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷൻെറ സ്റ്റാൻഡിംഗ് കമ്മിററിയിലും സ്റ്റിയറിംഗ് കമ്മററിയിലും പ്രവർത്തിച്ചു. മോൺട്രിയോൾ–1963, ജനീവ–1966, ബ്രിസ്ടൽ–1967, ആഡിസ് അബാബ_1971, അക്ര–1974, ബാംഗ്ളൂർ–1978, ലിമ–1982, കോട്ടയം– 1984എന്നിങ്ങനെ കമ്മീഷൻെറ ലോക അസംബ്ലികളിലും സമ്മേളനങ്ങളിലും പങ്കെടുത്തു. അനേക വർഷമായി കമ്മീഷൻ നടത്തിയ പഠനത്തിനുശേഷം രൂപവൽക്കരിച്ച

www.malankaralibrary.com

ബി. ഇ. എം. (Baptism, Eucharist, Ministry) രേഖ തയ്യാറാക്കുന്നതിൽ അച്ചൻ ഗണ്യമായ പങ്കു വഹിച്ചു.

ഇന്ത്യയിലെ ക്രിസ്തീയ സഭയുടെ ദൗത്യത്തെക്കുറിച്ചു ആഴത്തിൽ പഠിച്ചതോടൊപ്പം ഭാരതീയ സാംസ്കാരിക പശ്ചാത്തലത്തിനും മത സൗഹൃദത്തിനും അദ്ദേഹം ഊന്നൽ നല്കി. ഭാരതത്തിലെ സഭകളുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം വാദിച്ചിരുന്നു. വിദൂരതയിലുള്ള സഭകളുമായുള്ള ബന്ധത്തേക്കാൾ സ്വദേശത്തും അയൽപക്കത്തുമുള്ളവർ തമ്മിലുള്ള ബന്ധത്തിനു മുൻഗണന നല്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. തത്വങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്തതും വിമർശനാത്മകവുമായ നിലപാടെടുക്കാൻ അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല.

പണ്ഡിത സിദ്ധാന്തങ്ങളോടും അധികാര ശ്രേണികളോടും അളവിൽ കവിഞ്ഞ വിധേയത്വം കാണിക്കാതിരുന്ന ഈ വൈദിക ശ്രേഷ്ഠൻ നല്ല മാനുഷിക ബന്ധങ്ങളും വിനയാന്വിതമായ പെരുമാററവും പുലർത്തുന്നതിൽ സദാ ജാഗരൂകനായിരുന്നു. സ്വഭാവത്തിന്റെ ആർജവത്വവും സുതാര്യതയും മൂലം ശമുവേലച്ചൻ പരിചയപ്പെട്ട എല്ലാവർക്കും— സ്വദേശികൾക്കും വിദേശികൾക്കും— ഒരുപോലെ അഭിമതനായി.

പാശ്ചാത്യ–പൗരസ്ത്യ ഓർത്തഡോക്സ സഭകളിലെ വേദശാസ്ത്രപണ്ഡിതന്മാർ തമ്മിൽ ഓർഹ്യൂസ്–1964, ജനീവ–1966, ബ്രിസ്റ്റൽ–1967, ആഡിസ് അബാബ–1971 എന്നിവിടങ്ങളിൽ നടന്ന ഐക്യസംവാദങ്ങളിൽ അച്ചൻ ഗണ്യമായ പങ്കു വഹിച്ചു. ഓസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയിൽ പ്രോ–ഓറിയന്റേയുടെ ആഭിമുഖ്യത്തിൽ റോമൻ കത്തോലിക്കസഭയുടെയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെയും ദൈവശാസ്ത്രജ്ഞന്മാർ, 1971, 73, '76, 78 വർഷങ്ങളിൽ നടത്തിയ ഐക്യ സംവാദങ്ങളിലും അദ്ദേഹം സംബന്ധിച്ചു.

എത്യോപ്യൻ ചക്രവർത്തിയുടെയും പാത്രിയർക്കീസിന്റെയും ക്ഷണപ്രകാരം അഡീസ് അബാബയിൽ വച്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ 1965–ൽ ആദ്യമായി നടത്തിയ സമ്മേളനത്തിന്റെ മുഖ്യ സംഘാടകരിലൊരാളായിരുന്ന അച്ചൻ, ഭാവി പ്രവർത്തനത്തിനു നിയോഗിക്കപ്പെട്ട ഓറിയന്റൽ ഓർത്തഡോക്സ് കമ്മിഷനിൽ മലങ്കര സഭയുടെ പ്രതിനിധിയായിരുന്നു. 1974–ൽ ലഗോണിലും 75–ൽ ബാങ്കോക്കിലും നടന്ന മുസ്ലിം–ക്രിസ്ത്യൻ ഡയലോഗിൽ WCC പ്രതിനിധിയായി പങ്കെടുത്തു.

www.malankaralibrary.com

വൈവിധ്യമേറിയ വിഷയങ്ങളിൽ നൂറു കണക്കിന് ആധികാരിക പ്രബന്ധങ്ങളും ആയിരത്തിൽപരം ആനുകാലിക ലേഖനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. പതിനഞ്ചോളം പണ്ഡിത ഗ്രന്ഥങ്ങളും. കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രത്തിന് ഇനിയും വ്യക്തത ലഭിച്ചിട്ടില്ല. കക്ഷി വഴക്കുകൾക്കിടയിൽ ശമുവേലച്ചന്റെ ചരിത്ര വീക്ഷണത്തിനും ദൈവശാസ്ത്ര ദർശനങ്ങൾക്കും വേണ്ടത്ര വില കല്പിക്കപ്പെടാതെ പോയി. നൂററാണ്ടുകളുടെ ഇരുളടഞ്ഞ നമ്മുടെ ചരിത്ര ബോധത്തിനു ഉണർവു നല്കാൻ അദ്ദേഹത്തോളം പ്രയത്നിച്ച മററൊരാൾ ഉണ്ടോ എന്നു സംശയമാണ്. അന്യാദൃശമായ ധിഷണാ വിലാസവും സമർപ്പണജന്യമായ ദൈവാത്മ പ്രേരണയും ഈ മഹാനുഭാവന്റെ കർമ്മപഥത്തിനു വഴി തെളിച്ചു. തലക്കനമോ ജാഡയോ തീണ്ടാത്ത ഈ ശുദ്ധമാനസന്റെ ഉത്തമജീവിത ദൃഷ്ടാന്തം സത്യാന്വേഷികളെ വഴിനടത്തട്ടെ.

ചെന്നൈയിൽ ബിസിനസ്സുകാരനായ സഖറിയാ സാമുവലാണ് ശമുവേലച്ചന്റെ ഏക മകൻ. മരുമകൾ ചിററി (ലൂതറൻ ചർച്ച് പബ്ലിക്കേഷൻ ഓഫീസ്, ചെന്നൈ) ഗുരുകുൽ തിയോളജിക്കൽ സെമിനാരി ഡയറക്ടറായ റവ. ഡോ. കെ. രാജ രത്നത്തിന്റെ പുത്രിയാണ്.

## ഗ്രന്ഥങ്ങൾ

The Council of Chalcedon Re–examined: A Historical Theological Survey

Truth Triumphs

Orthodox Catchism on the Faith and Life of the Church

Ramakrishna Movement: The World Mission of Hinduism

ഇത് ഒരു ഇന്ത്യൻ സഭയോ?

യേശുക്രിസ്തു

സഭ വളരുന്നു, ആധുനിക ഭാരത സഭ

അപ്പോസ്തോല പ്രവൃത്തികൾ (ഒരു വ്യാഖ്യാനം),

ചേപ്പാട്ടു മാർ ദീവന്നാസ്യോസ്, മലങ്കര–അന്ത്യോക്യർ ബന്ധം:

ചില ചരിത്ര വസ്തുതകൾ,

മലങ്കര സഭയുടെ അന്ത്യോക്യൻ ബന്ധം,

സ്വാനുഭവ വേദിയിൽ.

—എം. കുര്യൻ

www.malankaralibrary.com

# പ്രാരംഭം

ലോകത്തിലുള്ള ഇതരമതങ്ങളെ അപേക്ഷിച്ച് ക്രിസ്തുമതത്തിനു ചൂണ്ടിക്കാണിക്കാവുന്ന സർവപ്രധാനമായ പ്രത്യേകത യേശുക്രിസ്തുവിനെപ്പററി സഭ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്ന വിശ്വാസമാണ്. ആ വിശ്വാസം വേദപുസ്തകത്തിൻെറയും സഭാചരിത്രത്തിൻെറയും അടിസ്ഥാനത്തിൽ വെളിവാക്കുകയാണ് ഈ ഗ്രന്ഥത്തിൻെറ ലക്ഷ്യം.

ക്രിസ്ത്വേതരമതങ്ങൾ—പ്രത്യേകിച്ച്, ബുദ്ധമതം, ഹിന്ദുമതം, ഇസ്ലാംമതം ഇവ— അഭൂതപൂർവമായ നവചൈതന്യം പ്രാപിച്ചിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ മതങ്ങളിൽ ഓരോന്നും അതതിൻെറ ആദ്ധ്യാത്മികതത്വങ്ങളെ ആധുനിക മനുഷ്യക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ വളരെ അധികം യത്നിക്കുന്നുണ്ട്. ആ യത്നങ്ങളെ നാം ബഹുമാനപൂർവം വീക്ഷിക്കേണ്ടതും, എല്ലാ മതങ്ങളുടേയും ശ്രേഷ്ഠതത്വങ്ങളെ ആദരിക്കേണ്ടതും ആകുന്നു. അതിനോടൊപ്പം ക്രിസ്തുമതം അംഗീകരിച്ചിരിക്കുന്ന വിശ്വാസം വിശദമാക്കിക്കൊടുക്കുവാനുള്ള കടമയും നമുക്കുണ്ട്. ഇവിടെ അന്യമതങ്ങളുടെ ആദർശങ്ങളുമായി ക്രിസ്തുമതവിശ്വാസത്തെ താരതമ്യം ചെയ്തു വ്യക്തമാക്കുക എന്ന ചുമതലയും നാം നിർവഹിക്കേണ്ടതത്രെ. ഇതിനു സഹായകമായിത്തീരത്തക്കവണ്ണം മേൽ ചൂണ്ടിക്കാണിച്ച ക്രിസ്ത്വേതരമതങ്ങളെ ആസ്പദമാക്കി ഏതാനും ചില കാര്യങ്ങൾ ഇവിടെ പ്രാരംഭമായി പ്രസ്താവിച്ചുകൊള്ളട്ടെ.

ആദ്യമായി ബുദ്ധമതത്തെപ്പററി ചുരുക്കമായി പരാമർശിക്കാം. ഗൗതമബുദ്ധനാണ് ആ മതത്തിൻെറ സ്ഥാപകൻ. ക്ലേശഭൂയിഷ്ഠമായ ഐഹിക ജീവിതമണ്ഡലത്തിൽ നിന്നു വിമുക്തനായി ആത്മപ്രകാശനം ലഭിക്കുവാൻ വേണ്ടി താൻ കൈവരിച്ച മാർഗ്ഗം ബുദ്ധനെ നിർവ്വാണപ്രാപ്തിയിൽ എത്തിച്ചുവെന്നും, അതേ മാർഗം അവലംബിച്ചാൽ ഏതു മനുഷ്യനും ആ ലക്ഷ്യം പ്രാപിക്കുവാൻ കഴിയും എന്നും ആണ് ബുദ്ധമതസിദ്ധാന്തം. നിർവാണം പ്രാപിക്കുകയും, അതു മററുള്ളവർക്കും അനുഭവവേദ്യമാക്കുവാനുള്ള വഴി വെളിവാക്കിക്കൊടുക്കുകയും ചെയ്ത ആദ്യത്തെ മനുഷ്യൻ എന്നുള്ളതാണ് ശ്രീബുദ്ധനു ആ മതത്തിലുള്ള സ്ഥാനം. അഥവാ ഗൗതമബുദ്ധൻെറ ആളത്തത്തിൽ നിന്ന് അന്യമായി നിൽക്കുന്ന ഒന്നാണ് ബുദ്ധമതത്തിൻെറ സത്ത. ശ്രീബുദ്ധൻ അതു പ്രാപിക്കുകയും, മററുള്ള

www.malankaralibrary.com

വർക്കും അതു പ്രാപിക്കാവുന്നതാണെന്നു വ്യക്തമാക്കുകയും ചെയ്തു. മാത്രവുമല്ല, ആ ലക്ഷ്യത്തിൽ എത്തിച്ചേരുവാനുള്ള മാർഗവും കാണിച്ചുതന്നു. ഈ വിധത്തിൽ ബുദ്ധൻ വെളിപ്പെടുത്തിയ ആദ്ധ്യാത്മിക മാർഗം അവലംബിച്ചു ജീവിക്കുന്നവനാണു ബുദ്ധമതത്തിന്റെ അനുയായി. അതുകൊണ്ടു ശ്രീബുദ്ധൻ ആദ്ധ്യാത്മികമായി പ്രാപിച്ച ലക്ഷ്യത്തിൽ ചെന്നെത്തുവാൻ അവൻ കൈവരിച്ച മാർഗം സ്വീകരിക്കണം എന്നുള്ളതാണു ബുദ്ധമതം നൽകുന്ന ജീവിത ദർശനം.

ഹിന്ദുമതത്തിന് ഒരു പ്രത്യേക സ്ഥാപകൻ ഇല്ലെന്നു വരികിലും, അതിനു സ്വന്തമായ ഒരു സ്വഭാവവിശേഷവും, അതു രൂപം നൽകിയ ആചാര്യശ്രേഷ്ഠന്മാരും ഉണ്ട്. പുരാതന കാലം മുതൽ ആദ്ധ്യാത്മികം, സാംസ്കാരികം, ബുദ്ധിപരം ആദിയായി നിരവധി സരണികളിലായി ഹിന്ദുമതം അതിന്റെ പ്രത്യേക ലക്ഷണങ്ങൾ വ്യക്തമാക്കിട്ടുണ്ട്. അനേക അവാന്തര വിഭാഗങ്ങളിലായി ആ മതത്തിന്റെ അനുയായികൾ നിലനിന്നുവരുന്നു എങ്കിലും, അവർ തമ്മിൽ സാരാംശപരമായ ഐക്യം ഉണ്ടെന്നും, ആ ഐക്യം മതത്തിന്റെ സാക്ഷാത്തായ സത്തയിൽ അധിഷ്ഠിതമാണെന്നും ഹൈന്ദവ ചിന്തകന്മാർ ഉദ്ഘോഷിക്കുന്നു. മതത്തിന്റെ യഥാർത്ഥമായ ആ സത്തയെ അനുഭവ പ്രാപ്തിയിൽ വരുത്തിയെന്നു പരിഗണിക്കപ്പെടുന്നവരാണു ഹിന്ദുമതദൃഷ്ടിയിൽ മതസിദ്ധന്മാർ. ആ സിദ്ധന്മാരെ ഗുരുക്കന്മാരും ദൃഷ്ടാന്തങ്ങളുമായി കരുതി അവർ പ്രാപിച്ച ലക്ഷ്യത്തിൽ ചെന്നുചേരത്തക്കവണ്ണം യത്നിക്കണം എന്നുള്ളതാണ് ഹിന്ദുമതത്തിന്റെ ജീവിത ലക്ഷ്യം. അതിനാൽ ഹിന്ദുമതത്തിലും, സിദ്ധന്മാരിൽ നിന്ന് അന്യമായി നിൽക്കുന്നതാണ് ആ മതത്തിന്റെ ആദ്ധ്യാത്മിക സ്വഭാവവിശേഷം.

ഇസ്ലാം മതത്തിൽ മഹമ്മദുനബി കേന്ദ്രസ്ഥാനത്തു നിൽക്കുന്നു. എന്നാൽ അതു നബിയുടെ സ്വകീയമായ യാതൊരു പ്രത്യേകത കൊണ്ടുമല്ല. നബി കേവലം ഒരു മനുഷ്യൻ മാത്രമാണ്. അള്ളായുടെ വെളിപാടുകൾ അവനു ലഭിച്ചു. അവയെ വിശ്വസ്തതയോടുകൂടെ പ്രചരിപ്പിക്കുകയും പ്രമാദ രഹിതം നിലനിർത്തുകയും ചെയ്തു. ആ വെളിപാടുകൾ പ്രാപിച്ചശേഷം അതനുസരിച്ച് മഹമ്മദു ജീവിച്ചു. ഇവയാണു നബിയുടെ വിശേഷതകൾ. അള്ളായിക്കു കീഴ്പ്പെട്ടു പരിപൂർണമായ അനുസരണത്തിൽ ജീവിക്കണമെന്നുള്ളതാണ് ഇസ്ലാം നൽകുന്ന മതപരമായ അനുശാസനം. ഇതിലേക്കാവശ്യമായ നിർദേശങ്ങൾ ഗബ്രിയേൽ ദൂതൻ മുഖാന്തരം അള്ളായിൽ നിന്നു മഹമ്മദു നബിക്കു വെളിപാടുകളുമായി പ്രദാനം ചെയ്യപ്പെട്ടു എന്ന് ഇസ്ലാം വിശ്വസിക്കുന്നു. ആ വെളിപാടുകൾ ഇസ്ലാമിന്റെ വേദഗ്രന്ഥ

www.malankaralibrary.com

മായ *ഖുർആനിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. ഖുർആനിലെ നിഷ്കർഷകൾക്കു പുറമേ, നബിയുടെ ജീവിത മാതൃകയും വിശ്വാസികൾക്കു ആധാരമായിട്ടുണ്ടെന്ന് ഇസ്ലാം ഉപദേശിക്കുന്നു. അള്ളായിൽനിന്നു വെളിപാടുകൾ പ്രാപിച്ചശേഷം നബി ജീവിതം നയിച്ചത് ആ വെളിപാടുകളുടെ വെളിച്ചത്തിൽ മാത്രമായിരുന്നു. അങ്ങനെയുള്ള നബിയുടെ ജീവിതാനുഭവങ്ങൾ സുന്നായിൽ ഉൾപ്പെടുന്നു. അതിനാൽ അള്ളായിൽ നിന്നു മഹമ്മദു പ്രാപിച്ച വെളിപാടുകൾ ആണു മതപരമായി ഇസ്ലാമിന്റെ ആത്യന്തികമായ അടിസ്ഥാനം.

മുകളിൽ എടുത്തു കാണിച്ച മതങ്ങളിൽ ഓരോന്നിലെയും സ്ഥാപകർക്കും അഗ്രഗണ്യരായ സിദ്ധന്മാർക്കും അവയിൽ ഓരോന്നും കല്പിക്കുന്ന സ്ഥാനം അതതു മതത്തിന്റെ ശ്രേഷ്ഠ ലക്ഷ്യം പ്രാപിക്കുകയും, അതു പ്രാപിക്കുവാനുള്ള മാർഗം മറ്റുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്ത സംപൂജ്യ വ്യക്തികൾ എന്നതു മാത്രമാണ്. ഈ വസ്തുത മനസ്സിൽ കരുതിക്കൊണ്ട്, യേശുക്രിസ്തുവിന് മതത്തിലുള്ള സ്ഥാനം എന്തെന്ന് ആരായാം.

ഈ ഗ്രന്ഥത്തിൽ ആദ്യമായി പുതിയനിയമത്തിലെ അടിസ്ഥാനപരമായ ആശയങ്ങൾ വ്യക്തമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. യേശുക്രിസ്തുവിനെപ്പറ്റി പുതിയ നിയമം നൽകിയിരിക്കുന്ന ഉപദേശങ്ങളെ വിശദമായി പ്രതിപാദിക്കുവാൻ ഇവിടെ ഒരുമ്പെടുന്നില്ല. നേരെ മറിച്ച്, പുതിയനിയമം യേശുക്രിസ്തു ആരെന്നുള്ള ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരം ഏറ്റം സംക്ഷിപ്തമായി എടുത്തുകാണിക്കണമെന്നുള്ളതുമാത്രമാണ് ഈ ഗ്രന്ഥത്തിലെ ലക്ഷ്യം.

അതിനെത്തുടർന്ന് ആദിമ നൂറ്റാണ്ടുകളിൽ ക്രൈസ്തവ ചിന്തകന്മാർ യേശുക്രിസ്തുവിന്റെ ആളത്തത്തിനു കൊടുത്തിട്ടുള്ള വ്യാഖ്യാനങ്ങൾ, നാലാം ശതകം മുതൽ സഭ ഔദ്യോഗികമായി സ്വീകരിക്കുവാൻ യത്നിച്ച വേദശാസ്ത്രപരമായ നിലപാടുകൾ, ഇവയുടെ ചുരുങ്ങിയ വിവരണവും ഇതിൽ ചേർത്തിട്ടുണ്ട്. ഈ ചർച്ചയിലും വിശദാംശങ്ങളിലേക്കു കടക്കാതെ സഭ നിലനിർത്തുവാൻ ഉദ്യമിച്ച തത്ത്വം എന്തെന്നു കാണുവാൻ മാത്രമാണു ശ്രമിച്ചിരിക്കുന്നത്. എന്നാൽ അഞ്ചാം നൂറ്റാണ്ടിലുണ്ടായ രണ്ടു സുന്നഹദോസു നിശ്ചയങ്ങൾ സഭ ആകമാനം അംഗീകരിക്കാതെ സഭയിൽ ഇന്നേയോളം നിലനിൽക്കുന്ന മൂന്നു വിഭജനങ്ങളുടെ നിദാനമായിത്തീർന്നു. ഈ പിരിച്ചിലുകൾക്കു കാരണമായ വിഭിന്ന നിലപാടുകൾ കഴിയുന്നതും നിഷ്പക്ഷമായും

www.malankaralibrary.com

അവയിൽ ഒന്നിൻെറയും മേൽ വിശ്വാസ വിപരീതം ആരോപിക്കാതെയും ചുരുക്കമായി ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്.

ഈ മൂന്നു വിഭാഗങ്ങളും ഔദ്യോഗികമായി നിലനിർത്തിവരുന്ന വിശ്വാസപരമായ നിർവചനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും രൂപം നല്കിയിരുന്നതു പൂർവ്വകാലങ്ങളിൽ നിലവിൽ വന്നിരുന്ന ബുദ്ധിപരവും ചിന്താപരവുമായ പശ്ചാത്തലത്തിലും, അതിനനുയോജ്യമായ ഭാഷയിലും ആയിരുന്നു. എന്നാൽ ആധുനിക കാലത്തു ശാസ്ത്രം പുരോഗമിക്കുകയും, അതിൻെറ ഫലമായി പത്തൊൻപതാം ശതകത്തിൻെറ ആരംഭം മുതൽ ഒരു പുതിയ ചിന്താപാരമ്പര്യം പാശ്ചാത്യ നാടുകളിൽ വളർന്നു വരികയും ചെയ്തു. നൂതനമായ ഈ അന്തരീക്ഷത്തിൽ മതത്തെ വിശിഷ്യ, ക്രിസ്തീയ വിശ്വാസത്തെ, ചോദ്യം ചെയ്യുന്ന നിലപാടു ചിലർ അവലംബിച്ചിട്ടുണ്ട്. അവരുടെ വിമർശനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു ക്രൈസ്തവചിന്തകന്മാരിൽ പലരും വേദശാസ്ത്ര വ്യാഖ്യാനം വികസിപ്പിക്കുവാൻ യത്നം ചെയ്തു. അവർ യേശുക്രിസ്തുവിനെപ്പററി പരമ്പരാഗതമായി സഭ അംഗീകരിച്ചിരുന്ന ആശയങ്ങളെ ആധുനിക ചിന്താപാരമ്പര്യത്തിനനുയോജ്യമായി പരാമർശിക്കുവാൻ ശ്രമിച്ചു. ഈ യത്നങ്ങളിൽ പലതും വിജയം കൈവരിച്ചു എന്നു പറയാവുന്നതല്ലെങ്കിലും, അവ ഇന്നത്തെ വേദശാസ്ത്രജ്ഞന്മാരിൽ മിക്കവരിലും സ്വശക്തമായ പ്രേരണ ചെലുത്തിയിട്ടുള്ളവയാണ്. മാത്രമല്ല, ആധുനിക വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ട് നൽകിയിട്ടുള്ള വേദശാസ്ത്ര വ്യാഖ്യാനങ്ങൾ യേശുക്രിസ്തു ആരാകുന്നു എന്ന ചോദ്യത്തിനുത്തരം കൊടുക്കുവാൻ അനുപേക്ഷണീയവുമത്രെ. അതിനാൽ ആ യത്നങ്ങളിൽ സർവപ്രധാനമായ ചിലത് വളരെ ചുരുക്കമായി ഇവിടെ വിവരിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പ്രതിപാദനത്തിൻെറ അടിസ്ഥാനത്തിൽ വേണമല്ലൊ യേശുക്രിസ്തുവിനു ക്രിസ്തുമതത്തിലുള്ള സ്ഥാനം എന്തെന്നു പരാമർശിക്കുവാൻ. ഇതിനെ സംബന്ധിച്ച ഏതാനും കാര്യങ്ങൾ ഉപസംഹാരമായി ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ക്രിസ്തേതരമതങ്ങളും, മതേതര ആദർശവാദങ്ങളും വളരെ അധികം പ്രേരണയും സമ്മർദവും ചെലുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് ഇന്ന് മനുഷ്യൻ ജീവിക്കുന്നത്. ഈ ചുററുപാടുകളിൽ ക്രിസ്തീയ വിശ്വാസം ഏതൊരു ആദർശത്തിനുവേണ്ടി നിലകൊള്ളുന്നു എന്ന വസ്തുത വ്യക്തമാക്കുവാനുള്ള ചുമതല ക്രൈസ്തവർക്കുള്ളതാണല്ലോ. ഈ ലഘു ഗ്രന്ഥം അതിലേക്കുള്ള പ്രചോദനം നൽകുവാൻ പര്യാപ്തമെങ്കിൽ, ഗ്രന്ഥകർത്താവ് അതീവ കൃതാർത്ഥനായിരിക്കും.

www.malankaralibrary.com

1

# പുതിയനിയമത്തിലെ അടിസ്ഥാന ഉപദേശം

## 1. യേശുക്രിസ്തു ചരിത്രപുരുഷൻ

ആയിരത്തിത്തൊള്ളായിരത്തിൽ പരം കൊല്ലങ്ങൾക്കുമുമ്പ് നസ്രായനായ യേശു പലസ്തീൻ നാട്ടിൽ ജനിക്കുകയും, പ്രായപൂർത്തി പ്രാപിച്ചശേഷം ഏതാനും കാലം പൊതുസേവനം അനുഷ്ഠിച്ചതിനെ തുടർന്നു ക്രൂശുമരണംമൂലം ഈ ലോകത്തിൽനിന്നു തിരോധാനം ചെയ്യുകയും ചെയ്തു എന്നുള്ളത് ഒരു അനിഷേധ്യ ചരിത്രവസ്തുത ആയി പുതിയനിയമം ഉദ്ഘോഷിക്കുന്നു.[1]

---

1. ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് പലസ്തീൻ നാട്ടിലെ യെഹൂദരായ സാമാന്യജനങ്ങളുടെ ഇടയിൽ ആദ്ധ്യാത്മികവും ധാർമ്മികവുമായ പരമ തത്വങ്ങളെ ഉദ്ഘോഷിക്കുകയും, അവയുടെ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുകയും ചെയ്തുവന്ന നസ്രായനായ യേശുവിനെപ്പററി അന്നത്തെ ലോകസാഹിത്യകാരന്മാർ കാര്യമായി ഒന്നുംതന്നെ എഴുതിയിട്ടില്ല എന്നുള്ളത് അത്ഭുതമല്ല. എന്നാൽ അവൻ ശ്രദ്ധ ആകർഷിച്ചവർ അവൻെറ സ്മരണ പല പ്രകാരത്തിലും നിലനിർത്തിയിട്ടുണ്ട്. യേശു ഒരു ചരിത്ര പുരുഷനാണെന്നുള്ളതിലേയ്ക്കു സർവ്വപ്രധാനമായ രേഖ പുതിയനിയമമാണ്. ആ ഗ്രന്ഥത്തിൻെറ എഴുത്തുകാർ എല്ലാവരും യേശുവിൻെറ ശിഷ്യപദം സ്വീകരിച്ചവരായിരുന്നു. അതുകൊണ്ടുമാത്രം അവൻ ചരിത്രപുരുഷനായിരുന്നു എന്നുള്ള വസ്തുതയെ നിഷേധിക്കേണ്ട ആവശ്യമില്ലല്ലൊ.

പുതിയനിയമത്തിനു പുറമേ ഏതാനും സൂചനകൾ ക്രിസ്ത്വേതര എഴുത്തുകാരുടെ ഗ്രന്ഥങ്ങളിൽ യേശുക്രിസ്തുവിനെപ്പററി കാണുന്നുണ്ട്. അവയിൽ ഒന്നാണ് ക്രിസ്തുവർഷം ഒന്നാംനൂററാണ്ടിൽ ജീവിച്ചിരുന്ന യെഹൂദനായ യോസീഫസ്സിൻെറ ANTIQUITIES എന്ന ഗ്രന്ഥത്തിൽ ഉള്ളത്. ഇതു യോസീഫസ് തന്നെ എഴുതിയിരിക്കുമോ എന്നുള്ള സംശയം ഇതിനെപ്പററി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈദൃശമായ സംശയം ആരും പുറപ്പെടുവിച്ചിട്ടില്ലാത്തവയാണ് രണ്ടാം നൂററാണ്ടിൻെറ ആദ്യഘട്ടത്തിൽ ജീവിച്ചിരുന്ന പ്ളിനി, ററാസിററസ്, സ്യൂട്ടോണിയസ് എന്നീ ലത്തീൻ എഴുത്തുകാരുടെ പ്രസ്താവനകൾ. ANNALS എന്ന ഗ്രന്ഥത്തിൽ ററാസിററസ് ഇപ്രകാരം പറയുന്നു. 'തങ്ങളുടെ സംജ്ഞ ആരിൽനിന്നു (ക്രിസ്ത്യാനികൾ) പ്രാപിച്ചിരിക്കുന്നുവോ ആ ആൾ തിബെറിയോസിൻെറ വാഴ്ചക്കാലത്തു ഗവർണരായിരുന്ന പൊന്തിയോസ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു.'

യേശു ഒരു ചരിത്രപുരുഷനായിരുന്നു എന്നുള്ളതു സഭയുടെ വിശ്വാസത്തിൽ ഉൾപ്പെട്ട ആശയമാണ്. അതിനെ ചോദ്യം ചെയ്യുന്നതിനു പര്യാപ്തമായ ഒരു തെളിവും ഇല്ലെന്നുള്ള പരമാർത്ഥം ഓർത്തിരിക്കേണ്ടതാണ്. എന്നാൽ അവൻ ചരിത്രപുരുഷനായിരുന്നു എന്നുള്ളതിനു പുതിയനിയമം, ക്രൈസ്തവസഭയുടെ സാക്ഷ്യം, മേൽ ചൂണ്ടിക്കാണിച്ച ക്രിസ്തേതര എഴുത്തുകാരുടെ പ്രസ്താവനകൾ, ഇവ മതിയായ തെളിവുകളത്രേ.

www.malankaralibrary.com

യേശുവിനെ, പഴയനിയമത്തിൽ വിവരിക്കുന്ന പ്രവാചകന്മാരുടെ പാരമ്പര്യത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കത്തക്ക സൂചനകൾ സുവിശേഷഗ്രന്ഥങ്ങളിൽ ഉണ്ടെങ്കിലും, വാസ്തവത്തിൽ അവനെ ഒരു പ്രവാചകനോ, പരിശുദ്ധനോ, രക്തസാക്ഷിയോ, ആയിട്ടല്ല പുതിയനിയമം ചിത്രീകരിക്കുന്നത്.

ഈ ആശയം, നമുക്കു രേഖയുള്ള ആദ്യത്തെ സുവിശേഷഘോഷണ റിപ്പോർട്ടിൽനിന്നു വ്യക്തമാകുന്നതാണ്. യേശുക്രിസ്തുവിൻെറ ക്രൂശു മരണാനന്തരം, ക്രൈസ്തവസഭ ചരിത്രപരമായി സമാരംഭിച്ച യെഹൂദന്മാരുടെ പെന്തിക്കൊസ്തി ദിനത്തിൽ പങ്കുകൊള്ളുവാൻവേണ്ടി ഒരു വലിയ ജനക്കൂട്ടം നാനാദേശങ്ങളിൽനിന്നുമായി യെരൂശലേമിൽ സമ്മേളിച്ചിരുന്നു. അന്നു അവിടെ കൂടിയിരുന്ന യേശുവിൻെറ ശിഷ്യന്മാരുടെ ഒരു ചെറിയ സമൂഹത്തിനു പരിശുദ്ധാത്മദാനം അന്നേദിവസം നൽകപ്പെട്ടു. ആ അനുഭവത്തെത്തുടർന്നു്, ഉത്സവത്തിൽ പങ്കുകൊള്ളുവാൻ സന്നിഹിതരായിരുന്ന യെഹൂദജനാവലിയെ അഭിമുഖീകരിച്ചുകൊണ്ടു, അപ്പൊസ്തലന്മാരുടെ പ്രതിനിധിയായി വി. പത്രൊസ് പ്രസംഗിച്ചു. അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ ആ പ്രസംഗത്തിൻെറ ഒരു സംക്ഷേപം ചേർത്തിട്ടുണ്ടു്.

അതു് ഇങ്ങനെ സംഗ്രഹിക്കാം. 'ദൈവം തൻെറ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും' നസ്രായനായ യേശുവിനെ നമ്മുടെയിടയിൽ അയച്ചു. അവനെക്കൊണ്ടു നമ്മുടെ നടുവിൽ 'ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും' ചെയ്യിച്ചു. എന്നാൽ യെഹൂദജനങ്ങൾ 'അവനെ അധർമ്മികളുടെ കൈയാൽ തറപ്പിച്ചു കൊന്നു; ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു'. ഈ സംഭവങ്ങൾക്കു് വി. പത്രൊസും സഹശിഷ്യന്മാരും സാക്ഷികളാകുന്നു. അതിനാൽ യെഹൂദന്മാർ ക്രൂശിച്ച 'ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കിവച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും അറിഞ്ഞുകൊള്ളട്ടെ. യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുക മാത്രമല്ല ചെയ്തതു്. 'അവൻ ദൈവത്തിൻെറ വലത്തുഭാഗത്തേക്കു് ആരോഹണം ചെയ്തു പരിശുദ്ധാത്മാവു് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി ശിഷ്യന്മാർക്കു പകർന്നുകൊടുക്കുകയും ചെയ്തു.

ഇവിടെ നാലു കാര്യങ്ങൾ ഊന്നിപ്പറഞ്ഞിരിക്കുന്നു. (1) നസ്രായനായ യേശു ദൈവത്താൽ പ്രത്യേകം നിയോഗിതനായ ചരിത്രപുരുഷനാണ്. അവൻ ലോകത്തിൽ ജീവിച്ചു 'ശക്തികളും അത്ഭുതങ്ങളും, അടയാളങ്ങളും' പ്രവർത്തിച്ചു. (2) യെഹൂദ

www.malankaralibrary.com

സമുദായത്തിന്റെ നേതാക്കന്മാർ അവനെ യഥാർത്ഥമായും ക്രൂശിൽ തറപ്പിച്ചു കൊന്നു. (3) എന്നാൽ ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. അതിനാൽ അവൻ സജീവമായി ദൈവവുമായുള്ള അഭേദ്യബന്ധത്തിൽ നിത്യം സ്ഥിതി ചെയ്യുന്നു. (4) ഈ യേശു തന്റെ ശിഷ്യസമൂഹത്തിനു ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വാസ്തവമായി അയച്ചുകൊടുത്തു.

യേശുക്രിസ്തു ഒരു ചരിത്രപുരുഷനാണ്. ലോകത്തിൽ ജീവിക്കുന്ന മനുഷ്യരുമായി അവനു യഥാർത്ഥമായ സാമ്യം ഉണ്ട് എന്നു വരികിലും, അവൻ അവരിൽനിന്നു വ്യത്യസ്തനുമത്രെ. ഒരു ചരിത്രപുരുഷനായി അവൻ ലോകത്തിൽ ജനിച്ചു ജീവിതവ്യാപാരമനുഷ്ഠിച്ചതു് അതിശ്രേഷ്ഠമായ ദൈവോദ്ദേശ്യനിവൃഹണത്തിനുവേണ്ടി ദൈവത്താൽ പ്രത്യേകം നിയോഗിതനായിട്ടായിരുന്നു. യെഹൂദ ജാതിത്തലവന്മാർ അവനെ തിരസ്കരിക്കുകയും ക്രൂശിൽ തറപ്പിച്ചു കൊല്ലുകയും ചെയ്തതുമൂലം ആ ദൈവോദ്ദേശ്യം നിഷ്ഫലമായിത്തീർന്നുപോയില്ല. ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. തന്നോടുള്ള നിത്യബന്ധത്തിൽ ചേർത്തു. മാത്രവുമല്ല, ഈ യേശുക്രിസ്തു മുഖാന്തരം ദൈവം പരിശുദ്ധാത്മാവിനെ അവന്റെ ശിഷ്യസമൂഹത്തിനു നൽകുന്നു.

## 2. ഉയിർത്തെഴുന്നേററവനായ യേശുക്രിസ്തു[1]

മേൽവിവരിച്ച വിധത്തിൽ യേശുക്രിസ്തുവിനെ മനസ്സിലാക്കുവാൻ ശിഷ്യന്മാരെ സഹായിച്ച പല കാര്യങ്ങളിൽ സർവപ്രധാനം അവൻ ഉയിർത്തെഴുന്നേററു എന്നുള്ള വസ്തുതയാണ്. അവൻ ഉയിർത്തെഴുന്നേററു എന്നതു സുവിശേഷ ഗ്രന്ഥങ്ങളിൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. അവയിലെല്ലാംതന്നെ യേശുവിന്റെ ലോകജീവിതം മകുടം പ്രാപിക്കുന്നതു് അവന്റെ പീഡാനുഭവവും ക്രൂശുമരണവും കഴിഞ്ഞുള്ള പുനരുത്ഥാനത്തിൽ ആണെന്നു വ്യക്തമായി പ്രഖ്യാപിക്കുന്നു. മാത്രവുമല്ല, ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും, ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്നു പ്രസംഗിക്കുകയും, ആ അനുഭവബോധ്യം മനുഷ്യജീവിതത്തിൽ സംസ്ഥാപിതമാകുവാൻവേണ്ടി നിരന്തരം പ്രവർത്തി

---

1. 'ക്രിസ്തു' ഒരു സർവനാമമല്ല; സ്ഥാനപ്പേരാണ്. യേശുവിനെ 'ക്രിസ്തു' എന്നുകൂടെ ചേർത്തുവിളിക്കുന്ന പാരമ്പര്യം വി. പൗലൊസിന്റെ ലേഖനങ്ങൾ എഴുതപ്പെട്ട കാലം മുതൽക്കുതന്നെ എങ്കിലും സഭയിലുണ്ടായിട്ടുള്ളതാണ്. 'ക്രിസ്തു' എന്ന പദത്തെക്കുറിച്ചുള്ള പരാമർശം തുടർന്നു 22 മുതൽ വശങ്ങളിൽ കൊടുത്തിരിക്കുന്നു.

www.malankaralibrary.com

ക്കുകയും ചെയ്ത നസ്രായനായ യേശുവിനെ ഒരു ഉപദ്രവകാരിയായി മുദ്രയടിച്ചു, യെഹൂദമത നേതാക്കന്മാർ മരണത്തിന്നേല്പിച്ചതായും, എന്നാൽ അവൻ മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേററതായും വിവരിക്കുന്നു. വി. യോഹന്നാൻെറ സുവിശേഷമനുസരിച്ചു യേശുക്രിസ്തു, തന്നിൽ വിശ്വസിക്കുന്ന യാതൊരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ വഴിയും സത്യവും ജീവനുമായി ലോകത്തിൽ അവതരിച്ച ദൈവത്തിൻെറ നിത്യേകപുത്രനാണ്. എന്നാൽ യെഹൂദ നേതാക്കന്മാർ അവനെ അസൂയമൂലം നിരാകരിക്കയും ക്രൂശിൽ തൂക്കിക്കൊല്ലുകയും ചെയ്തു. അവൻ മരണത്തെ എന്നേക്കുമായി ജയിച്ചു പുനരുത്ഥാനം പ്രാപിച്ചു.

യേശുവിൻെറ മരണം ശിഷ്യന്മാരെ അത്യന്തം ഭഗ്നാശരാക്കിത്തീർത്തു എന്നു നാലു സുവിശേഷങ്ങളും വ്യക്തമാക്കുന്നു. ഈ വിധത്തിൽ നിരാശാഗർത്തത്തിൽ പതിച്ചുപോയ ശിഷ്യഗണത്തെ ഒരുമിച്ചുചേർത്തു സുവിശേഷപ്രചരണത്തിനു തയാറാകുവാൻ പര്യാപ്തമായിത്തീർന്ന ഒന്നാമത്തെ സംഭവം യേശുവിൻെറ പുനരുത്ഥാനമായിരുന്നു. ഈ ആശയമാണു വി. പത്രൊസിൻെറ പെന്തിക്കൊസ്തി പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത്. യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേററു എന്നതിനു ശിഷ്യന്മാർ ദൃക്സാക്ഷികളാകുന്നു എന്ന് അവിടെ പ്രഖ്യാപിച്ചിരിക്കുന്നു.

നസ്രായനായ യേശു മരണാനന്തരം ഉയിർത്തെഴുന്നേററു എന്നു പറയുന്നതു ശിഷ്യന്മാർക്ക് അത്ര എളുപ്പത്തിൽ ബോധ്യമാകാവുന്ന ഒരു വസ്തുത അല്ലായിരുന്നു. അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു യേശു തന്നെ ശിഷ്യന്മാരെ നേരത്തെ അറിയിച്ചിരുന്നതായി സുവിശേഷഗ്രന്ഥങ്ങളിൽ സൂചന ഉണ്ടെന്നുവരികിലും,1 ആ സംഗതിയുടെ അർത്ഥവ്യാപ്തി അവർക്കു സൂക്ഷ്മമായി മനസ്സിലായിരുന്നില്ല2. ലോകത്തിൽ ജീവിച്ചു മൃതിയടഞ്ഞ ഒരു വ്യക്തി തനിച്ച് ഉയിർത്തെഴുന്നേൽക്കും എന്നുള്ള വിശ്വാസംതന്നെ യെഹൂദമതത്തിൽ ഉണ്ടായിരുന്നില്ല. പോരെങ്കിൽ, യിസ്രായേൽ ജാതിയുടെ ചരിത്രത്തിൽ നീതിക്കുവേണ്ടി ജീവിച്ചു മരണമടഞ്ഞ പ്രവാചകന്മാരും പരിശുദ്ധന്മാരും ഉണ്ടായിരുന്നു. അതു

---

1. മർക്കൊസ് 8:31;9:31; 10:32–34. ഈ മൂന്നു സൂചനകളും മത്തായി 16:21;17:9;20:17; ലൂക്കൊസ് 9:22;18:33-ലും കാണാവുന്നതാണ്.
2. ലൂക്കൊസ് 24:13–35; യോഹന്നാൻ 20:26–29.

www.malankaralibrary.com

പോലെ മതവിശ്വാസത്തെപ്രതി വധിക്കപ്പെട്ട രക്തസാക്ഷികളും യിസ്രായേൽ ജാതിയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവരിൽ ആരും ഉയിർത്തെഴുന്നേററതായി ഒരു പാരമ്പര്യം ഉണ്ടായിരുന്നില്ല. ലോകാവസാനം മനുഷ്യജാതിക്ക പൊതുവായി ഒരു പുനരുത്ഥാനം ഉണ്ടാകുമെന്നു മാത്രം യെഹൂദന്മാരിൽ ഒരു പങ്കാളകൾ വിശ്വസിച്ചിരുന്നു. അതിനാൽ യെഹൂദന്മാരുടെയിടയിൽ അംഗീകരിക്കപ്പെട്ടിരുന്ന സവ്വ പാരമ്പര്യത്തിനും ഉപരിയായിട്ടാണു യേശു ഉയിർത്തെഴുന്നേററു എന്നുള്ള ബോധ്യം ശിഷ്യന്മാക്കുണ്ടാകുകയും, അതിനെ തുടർന്നു യേശുക്രിസ്തുവിനെ കത്താവായി അവർ ഉദ്ഘോഷിക്കുകയും ചെയ്തതു്.

ക്രിസ്തീയ സുവിശേഷത്തിൻെറ അടിസ്ഥാനമായി പുതിയ നിയമം ഉദ്ഘോഷിക്കുന്നതു്, യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്ന വസ്തുത ആണെന്നു് അതിൽ ഉൾപ്പെടുന്ന എല്ലാ ഗ്രന്ഥങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്നുണ്ടു്. അവയിൽ വി. പൗലൊസിൻെറ നിലപാടു മാത്രം 1 കൊരിന്ത്യർ 15–ാം അദ്ധ്യായത്തിൻെറ വെളിച്ചത്തിൽ ഇവിടെ എടുത്തു കാണിക്കാം. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു; തിരുവെഴുത്തുകളനുസരിച്ചു് അവൻ ഉയിർത്തെഴുന്നേററു; വി. പത്രൊസിനും, മററു് അപ്പൊസ്തലന്മാർക്കും, അഞ്ഞൂറിലധികം സഹോദരങ്ങൾക്കും അവൻ പ്രത്യക്ഷപ്പെട്ടു; ആ അഞ്ഞൂറിൽ ചിലർ മരിച്ചുപോയി എങ്കിലും, പലരും ലേഖനം എഴുതുന്ന കാലത്തു ജീവിച്ചിരുന്നു; മാത്രവുമല്ല, പൗലൊസിനു തന്നെയും യേശുക്രിസ്തു പ്രത്യക്ഷനായി അവൻ ഉയിർത്തെഴുന്നേററു എന്നുള്ള വസ്തുത വ്യക്തമാക്കി. ഇത്രയും സംഗതികൾ വിവരിച്ചശേഷം പൗലൊസ് തുടരുന്നു. 'ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യത്ഥം'. പോരെങ്കിൽ ദൈവം ഉയിർത്തെഴുന്നേല്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിനു വിരോധമായി സാക്ഷ്യം പറയുകയാൽ ഞങ്ങൾ ദൈവത്തിനു കള്ളസാക്ഷികൾ എന്നുവരും.[1] ഈ ദൃഢമായ പ്രസ്താവനകളിൽനിന്നു യേശുക്രിസ്തുവിൻെറ മരണത്തെയും പുനരുത്ഥാനത്തെയും ക്രിസ്തീയ സുവിശേഷത്തിൽ എത്രമാത്രം അടിയുറച്ച സംഭവങ്ങളായി വി. പൌലൊസ് കരുതുന്നു എന്നു് ഊഹിക്കാമല്ലൊ.

ലോകത്തിൽ ജീവിച്ചിരുന്നകാലത്തു യേശുക്രിസ്തുവിൻെറ ഉപദേശവും ജീവിതമാതൃകയും അവൻെറ ശിഷ്യന്മാരിലും

---

1. 1കൊരിന്ത്യർ 15:3–15 വരെയുള്ള ഭാഗം കാണുക.

www.malankaralibrary.com

അവനെ നേരിട്ടറിഞ്ഞ മററനേകരിലും അവനേപ്പററി സമുന്നതമായ അഭിപ്രായങ്ങൾ ഉളവാക്കുവാൻ ഇടയാക്കി എന്നതിനു സംശയമില്ല. എന്നാൽ അതു മാത്രം കൊണ്ടല്ല അവനെ ക്രിസ്തുമതത്തിൻെറ സാക്ഷാൽ കേന്ദ്രമായി അവൻെറ ശിഷ്യന്മാർ ഉദ്ഘോഷിച്ചത്. പിന്നെയോ, അവൻ ഉയിർത്തെഴുന്നേററു നിത്യം ജീവിക്കുന്നു എന്നുള്ള പരമബോധ്യത്തിൻെറ ഫലമായിട്ടായിരുന്നു. ഈ ബോധ്യം അവർക്കുണ്ടായതോടെ; അവർ അവൻെറ ആളത്തത്തേയും ലോകജീവിതത്തേയും ഉയിർത്തെഴുന്നേൽപ്പിൻെറ വെളിച്ചത്തിൽ മനസ്സിലാക്കുവാൻ ശ്രമിച്ചു. ശരീരപ്രകാരം അവനെ കാണുവാൻ അവർക്കു കഴിഞ്ഞില്ലെങ്കിലും, അവനുമായി ആദ്ധ്യാത്മിക വേഴ്ച പുലർത്തുവാൻ അവക്കു സാധിച്ചു. തന്മൂലം ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാനുള്ള മനോധൈര്യവും, പാപത്തിന്മേലുള്ള വിജയവും അവർക്കു ലഭ്യമായതായി അനുഭവപ്പെട്ടു. ഇപ്രകാരം യേശുക്രിസ്തുവിനെപ്പററി അവർ ഗ്രഹിച്ച പരമസത്യങ്ങൾ ശക്തിപൂർവം ഉദ്ഘോഷിക്കുവാനുള്ള ആത്മബലവും അവർ പ്രാപിച്ചു.

ഈ വിധത്തിൽ യേശുക്രിസ്തുവിൻെറ ആളത്തത്തേയും ഐഹിക ജീവിതവ്യാപാരങ്ങളേയും ശിഷ്യന്മാർ മനസ്സിലാക്കുകയും, അതു ഉദ്ഘോഷിക്കുവാൻ യത്നിക്കുകയും ചെയ്തതിൻെറ ഒരു ചിത്രമാണു പുതിയനിയമത്തിൽ കാണുന്നത്.

## 3. യേശുക്രിസ്തുവിൻെറ ജീവചരിത്രം

പുതിയനിയമത്തിലെ ഒരു ഗ്രന്ഥത്തിലും യേശുക്രിസ്തുവിൻെറ സമ്പൂർണ്ണമായ ജീവചരിത്രം നൽകിയിട്ടില്ല. അതിൻെറ കാരണം യേശുവിൻെറ സംഭവബഹുലമായ ജീവചരിത്രം സർവ വിശദാംശങ്ങളുംചേർത്തു ലോകത്തിനു പ്രദാനം ചെയ്യുക എന്നുള്ളതു തങ്ങളുടെ ലക്ഷ്യമായി ശിഷ്യന്മാർ സ്വീകരിച്ചില്ല എന്നതത്രേ. അവരുടെ ഉദ്ദേശ്യം, അവൻ ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു അവനുമായുള്ള സമ്പർക്കംമൂലം അവർക്കുണ്ടായതും, ഉയിർത്തെഴുന്നേല്പിനുശേഷം കൂടുതൽ വ്യക്തമായി അവർക്കു ബോധ്യപ്പെട്ടതുമായ ജീവിതാനുഭവം മററുള്ളവർക്കും ലഭിക്കത്തക്കവണ്ണം അവനെ വെളിപ്പെടുത്തിക്കൊടുക്കുക എന്നതു മാത്രമായിരുന്നു. ഇതിലേക്കു ആവശ്യമെന്നു തോന്നിയ കാര്യങ്ങൾ മാത്രമേ അവർ സുവിശേഷഗ്രന്ഥങ്ങളിൽ ചേർത്തിട്ടുള്ളു. ഈ വാസ്തവം വി. യോഹന്നാൻ തൻെറ സുവിശേഷത്തിൽ സ്പഷ്ടമായി പ്രസ്താവിക്കുന്നു. 'ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മററു അനേകം അടയാളങ്ങളും യേശു തൻെറ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ

www.malankaralibrary.com

ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും; വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതെഴുതിയിരിക്കുന്നു.'1

മേൽ വിവരിച്ച ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ യേശു ക്രിസ്തു ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു ചെയ്തതായി പാരമ്പര്യത്തിൽ ഉണ്ടായിരുന്ന അനേക സംഭവങ്ങൾ നാലു സുവിശേഷങ്ങളിലുമായി വിവരിച്ചിരിക്കുന്നു. അവയിൽ സർവ്വപ്രധാനമായി പരിഗണിക്കപ്പെടേണ്ട ചില സംഗതികൾ മാത്രം ഇവിടെ സംക്ഷിപ്തമായി പരാമർശിക്കുന്നു.

### (a) *യേശുക്രിസ്തുവിന്റെ ജനനം*

പുതിയനിയമത്തിൽ വി. മത്തായിയുടെയും വി. ലൂക്കൊസിന്റെയും സുവിശേഷങ്ങളിൽ മാത്രമാണ് യേശുക്രിസ്തുവിന്റെ ജനനം വിവരിക്കുന്നത്. അവ രണ്ടിലും, അവൻ ഒരു കന്യകയിൽനിന്നു പുരുഷബന്ധം കൂടാതെ, പരിശുദ്ധാത്മ വ്യാപാരത്താൽ, ജനിച്ചതായിപ്പറയുന്നു. ചരിത്രപരമായി യേശു എങ്ങനെയാണു ജനിച്ചതു എന്നു സൂക്ഷ്മമായി പറയുവാൻ കഴിയുന്ന ഏക വ്യക്തി അവന്റെ മാതാവാണ്. അവൾ കഴിഞ്ഞാൽ ഈ വിഷയത്തെപ്പററി ഒരു സാക്ഷ്യം നൽകുവാൻ വി. യോസേപ്പിനു അവകാശമുണ്ട്. മേൽചൂണ്ടിക്കാണിച്ചതിൽ വി. മത്തായിയുടെ പരാമർശനം വി. യോസേഫിന്റെ വശത്തുനിന്നും, വി. ലൂക്കൊസിന്റെ പ്രതിപാദനം വി. മറിയാമിന്റെ ഭാഗത്തുനിന്നും ലഭ്യമായ പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്നു അനുമാനിക്കത്തക്ക സൂചനകൾ ആ സുവിശേഷങ്ങളിൽ തന്നെയുണ്ട്.2

എന്നാൽ ഈ രണ്ടു സുവിശേഷങ്ങളും വി. മർക്കൊസിന്റെ സുവിശേഷത്തിനുശേഷം, അതിലടങ്ങുന്ന വസ്തുതകൾ മിക്കവാറും എല്ലാംതന്നെ ചേർത്തു രചിക്കപ്പെട്ടവയാണെന്നത്രേ ആധുനിക പണ്ഡിതന്മാരുടെ ഏകകണ്ഠമായ നിഗമനം. നാലു സുവിശേഷങ്ങൾക്കും മുമ്പ് എഴുതപ്പെട്ടതാണ് വി. പൌലൊസിന്റെ ലേഖനങ്ങൾ എന്നുള്ളവസ്തുതയും പണ്ഡിതന്മാർ കണക്കിലെടുക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ സമാരംഭിക്കുന്ന വി. മർക്കൊസിന്റെ സുവിശേഷത്തിൽ അവന്റെ ജനനം വിവരിക്കുന്നതേയില്ല. ജഡം സംബന്ധിച്ച യേശുക്രിസ്തു

1. യോഹ. 20:31. 2. മത്താ. 1:18–25, ലൂക്കൊ. 1:26-56.

www.malankaralibrary.com

ദാവീദുവംശജനായിരുന്നു എന്നു് വി. പൗലൊസ് പ്രസ്താവിക്കുന്നുണ്ടെങ്കിലും,1 അവൻ ജനിച്ചതു് ഒരു കന്യകയിൽ നിന്നായിരുന്നു എന്നു് എടുത്തു പറയുന്നില്ല. ഈദൃശ കാരണങ്ങളാൽ, യേശുവിന്റെ കന്യകാജനനം ക്രിസ്തീയ സുവിശേഷത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടേണ്ടതില്ലെന്നു വാദിക്കുന്ന ചില ആധുനിക പണ്ഡിതന്മാർ ഉണ്ടു്.

ഈ വിവാദത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കാതെ തന്നെ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാം. യേശുക്രിസ്തുവിന്റെ കന്യകാജനനവും അവന്റെ പുനരുത്ഥാനവും തമ്മിൽ യഥാർത്ഥമായ ബന്ധമുണ്ടു്. ഒരു ചരിത്രപുരുഷനായി അവൻ ലോകത്തിൽ ജീവിച്ചു എങ്കിലും അവൻ ചരിത്രാതീതനും ആയിരുന്നു എന്നുള്ള വാസ്തവമാണു് ഉയിർത്തെഴുന്നേററ ക്രിസ്തുവിനെപ്പററി ആദിമസഭ ഗ്രഹിച്ചതു്. അതുമൂലം പുതിയനിയമ എഴുത്തുകാർ—പ്രത്യേകിച്ചും വി. യോഹന്നാനും വി. പൗലൊസും—ദൈവവുമായി തുല്യനിലയിൽ സ്ഥിതിചെയ്തിരുന്ന അവസ്ഥയിൽനിന്നു് അവൻ ചരിത്രത്തിനുള്ളിൽ പ്രവേശിച്ചു എന്നു പ്രഖ്യാപിച്ചിരിക്കുന്നു.2 അഥവാ, ചരിത്രത്തിനുള്ളിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ നിത്യതയിൽ ജീവിച്ചിരുന്നവനാണു് യേശുക്രിസ്തു ആയി ലോകത്തിൽ അവതരിച്ചതു്. ഈ ആശയം യേശുവിന്റെ മാനുഷിക ജനനത്തെയും ലോകജീവിത വ്യാപാരത്തെയും യഥാർത്ഥമായി പരിഗണിക്കാതെ കേവലം മായക്കാഴ്ചയായി മാത്രം കരുതുന്ന ഒരു ചിന്താഗതി നിലനിർത്തുവാൻ പ്രേരിപ്പിക്കാവുന്നതാണല്ലോ. അതു് ഉണ്ടാകാതെ, ചരിത്രപുരുഷനായ യേശു വാസ്തവത്തിൽ ചരിത്രാതീതനാണെന്നുള്ള സത്യം ഉദ്ഘോഷിക്കുവാൻ കന്യകാജനന വൃത്താന്തം സഹായകമായിത്തീർന്നു. അതിനാൽ യേശുക്രിസ്തുവിന്റെ കന്യകാജനനം അപ്രധാനമായി കരുതാവുന്ന ഒന്നല്ല. മരിച്ചുയിർത്തവനായ യേശുവിനെ ഒരുവശത്തു ചരിത്രപുരുഷനായും, മറുവശത്തു ചരിത്രാതീതനായും പ്രഖ്യാപിക്കുവാൻ അതു് ആധാരമായിത്തീർന്നു. ഒരു മനുഷ്യമാതാവിൽനിന്നു് അവൻ യഥാർത്ഥമായി ഭൂജാതം ചെയ്തു ലോകജീവിതത്തിൽ പ്രവേശിക്കുകയും, ക്രൂശിൽ മരിച്ചു ഐഹിക ലോകരംഗത്തുനിന്നു വിരമിക്കുകയും

---

1. റോമർ 1:3. കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി നിയോഗിച്ചയച്ചു എന്നു ഗലാത്യർ 4:4 ൽ പൗലൊസ് പറയുന്നു.

2. യോഹ. 1:1,3:13-15; ഫിലി. 2:6-7.

www.malankaralibrary.com

ചെയ്തതിനാൽ അവൻ ഒരു ചരിത്ര പുരുഷനാണെന്നുള്ള വസ്തുത വെളിവാക്കുന്നു. എന്നാൽ കന്യകയിൽനിന്നു മനുഷ്യനായി ജനിക്കുകയും, ലോകവാസക്കാലത്തു പാരത്രികമായ ജീവിതാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്തു. മരണാനന്തരം ഉയിർത്തെഴുന്നേൽക്കുകയാൽ അവൻ ചരിത്രാതീതനും ആണെന്നു വ്യക്തമാക്കുന്നു.

### (b) യേശുവിന്റെ പരസ്യശുശ്രൂഷ[1]

വി. മത്തായിയുടെയും വി. ലൂക്കൊസിന്റെയും സുവിശേഷങ്ങൾ യേശുക്രിസ്തുവിന്റെ ജനനം വിവരിച്ചശേഷം, അവന്റെ ബാല്യം, കൗമാരം ആദിയായ ദശകളിലെ ഒരു സംഭവവും എടുത്തുകാണിക്കാതെ, നേരെ അവന്റെ പരസ്യശുശ്രൂഷയിലേക്ക പ്രവേശിക്കുന്നു. വി. മർക്കൊസ് പരസ്യശുശ്രൂഷയിലാണ് സുവിശേഷം ആരംഭിക്കുന്നത്. ഈ മൂന്നു സുവിശേഷങ്ങളിലെയും പ്രതിപാദനത്തിൽ വളരെ സാമ്യമുണ്ട്. വി. യോഹന്നാന്റെ സുവിശേഷം പല വിധത്തിലും അവയിൽനിന്നു വ്യത്യസ്തമാണ്. അവിടെയും ഒരു മുഖവുരയ്ക്കുശേഷം യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയാണ് പരാമർശിക്കുന്നത്.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത് ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്ന് അവൻ ചെയ്ത പ്രഖ്യാപനത്തോടെയായിരുന്നു.[2] പുതിയനിയമ പണ്ഡിതന്മാരെ വളരെ ആകർഷിച്ചിട്ടുള്ള 'ദൈവരാജ്യം' എന്ന പദംകൊണ്ട് ഒരു രാഷ്ട്രീയ സംഘടന

---

1. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ എത്രനാൾ നീണ്ടുനിന്നു എന്നതിനെപ്പററി ഭിന്നാഭിപ്രായങ്ങൾ ഉണ്ട്. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ പരസ്യശുശ്രൂഷക്കാലത്ത് ഒരു പെസഹാപ്പെരുന്നാൾ മാത്രമേ എടുത്തുപറഞ്ഞു കാണുന്നുള്ളു. എന്നാൽ വി. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നു പെസഹാപെരുനാളുകളെപ്പററി രേഖയുണ്ട്. (യോഹന്നാൻ 2:13;6:4;1 :55). ഈ രേഖകളിൽനിന്നു യേശുവിന്റെ പരസ്യശുശ്രൂഷയുടെ കാലദൈർഘ്യം വ്യക്തമല്ല.

2. മത്തായി 4:17; മർക്കൊസ് 1:15; ലൂക്കൊസ് 4:16–21; ലൂക്കൊസ് 3:23–ൽ യേശു മുപ്പതാമത്തെ വയസ്സിൽ സ്നാനമേററതായി പറയുന്നു. ഇവിടെക്കാണുന്ന 'മുപ്പതു' വയസ്സ് ചരിത്രപരമായി ശരിയായിരിക്കയില്ലെന്നും, ഉപവാസകാലം സൂക്ഷ്മമായി നാൽപതു ദിവസങ്ങളായിരിക്കണമെന്നില്ലെന്നും ആധുനിക വേദപുസ്തക പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com

യേയോ ലോകരംഗത്തു വ്യാപരിക്കുന്ന ഒരു സാമ്രാജ്യ വ്യവസ്ഥിതിയേയോ അല്ല ഉദ്ദേശിക്കുന്നതു് എന്നു് അവർ ഏകകണ്ഠമായി സമ്മതിക്കുന്നുണ്ടു്. പിന്നെയോ ദൈവവുമായി സമ്പൂർണ്ണബന്ധം പുലർത്തി, ജീവിതത്തിൻെറ നാനാവശങ്ങളെയും അവൻെറ ഹിതാനുസരണം മാത്രം നയിക്കുന്ന ശ്രേഷ്ഠാനുഭൂതിയാണു് 'ദൈവരാജ്യം'. അപ്രകാരമുള്ള ഒരു ജീവിതം അവൻ നയിച്ചു. അവനിൽനിന്നു ലഭിക്കുന്ന ശക്തിയാൽ ആ അനുഭവം മററുള്ളവർക്കും ഉണ്ടായി അവരും ജീവിതസാഫല്യം പ്രാപിക്കണം എന്നുള്ളതായിരുന്നു അവൻ നൽകിയ ഉപദേശം.

നിത്യമായി ദൈവത്തോടുകൂടെ സ്ഥിതിചെയ്യുന്ന ദൈവമായ വചനം ജഡധാരണം ചെയ്ത ദേഹമാണു് യേശുക്രിസ്തു എന്നു വി. യോഹന്നാൻെറ സുവിശേഷം അതിൻെറ മുഖവുരയിൽ തന്നെ, പ്രസ്താവിച്ചിരിക്കുന്നു. യോഹ. 1:14. ദൈവത്തെ വെളിപ്പെടുത്തി സമൃദ്ധിയായ നിത്യജീവൻ മനുഷ്യനു നല്കുവാൻവേണ്ടി കൃപയും സത്യവും നിറഞ്ഞവനായി അവൻ ലോകത്തിൽ ജീവിച്ചു. അവനിൽ വിശ്വസിക്കുന്ന യാതൊരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കത്തക്കവണ്ണം അനന്തമായ സ്നേഹത്താൽ പ്രേരിതമായി ദൈവം അവനെ ലോകത്തിൽ അയച്ചു എന്നുള്ളതാണു് നാലാം സുവിശേഷത്തിൻെറ ദൂതു്.

മനുഷ്യരെ ദൈവരാജ്യാനുഭവത്തിൽ വരുത്തി നിത്യജീവനു് അവകാശികളാക്കുവാൻ വേണ്ടി യേശുക്രിസ്തു സർവപ്രധാനമായി രണ്ടു കാര്യങ്ങൾ ചെയ്തു. ഒന്നാമതു്, അവൻെറ ആളത്തത്തിൽ ദൈവം അനുസ്യൂതം ഭരണം ചെയ്യുന്ന ജീവിതാനുഭവം ലോകത്തിൽ പ്രകടമാക്കി. അതിൽ പാപത്തിന്മേലുള്ള വിജയം ഒരു വശത്തും കഷ്ടത, രോഗം, മരണം ആദിയായവയിന്മേലുള്ള അധികാരം മറുവശത്തും സദാ വിളങ്ങിയിരുന്നു. അതിനാൽ പാപരഹിതനായി യേശു ലോകത്തിൽ ജീവിച്ചു. തന്നെ സമീപിച്ചവർക്കു രോഗശാന്തിയും മറെറല്ലാവിധ ആശ്വാസവും യേശു നിരന്തരം നൽകി. ഇവയ്ക്കുംപുറമേ, പ്രകൃതിയുടെമേലും അധികാരമുള്ളവനായി അവൻ സദാ പ്രവർത്തിച്ചു. ക്ലേശവും, പീഡയും, മരണവും അവൻ യഥാർത്ഥമായി അനുഭവിച്ചു എന്നു വരികിലും, അവയുടെമേൽ അവൻ സദാ വിജയം വരിച്ചു. ഈ വിധത്തിൽ യേശുക്രിസ്തു തൻെറ ആളത്തത്തിൽ സമൃദ്ധിയായ നിത്യജീവനും ദൈവരാജ്യാനുഭൂതിയും അനവരതം പ്രകാശിപ്പിച്ചുകൊണ്ടു് ഈ ലോകത്തിൽ യഥാർത്ഥമായി ജീവിച്ചു. രണ്ടാമതു്, യേശുക്രിസ്തുവിൽ പ്രകടമായ ജീവിതയാഥാർത്ഥ്യം അവനുമായുള്ള സമ്പർക്കംമൂലം അനുഭവിച്ചു്, അതിനെ അവനു

www.malankaralibrary.com

വേണ്ടി ലോകത്തിൽ ഉദ്ഘോഷിക്കുവാനായി താൻ ഒരു ശിഷ്യസമൂഹത്തെ തെരഞ്ഞെടുത്തു നിയമിച്ചു. അവനുമായുള്ള ആത്മീയബന്ധത്തിനനുസരണമായി എല്ലാവർക്കും പാപത്തിന്മേലുള്ള വിജയം സംസിദ്ധമാക്കുവാനും, ജീവിതത്തിൽ പ്രകൃത്യാ ഉണ്ടാകാവുന്ന കഷ്ടത, രോഗം, മരണം ആദിയായവയെ ഭയപ്പെടാതെ ധൈര്യപൂർവ്വം ഈ ലോകത്തിൽ ജീവിക്കുവാൻ സാധിക്കേണ്ടതിനും, ആവശ്യമായ മാർഗം അവൻ ഈ വിധത്തിൽ ആവിഷ്കരിച്ചു. അഥവാ ദൈവരാജ്യത്തിലധിഷ്ഠിതമായ നിത്യജീവൻ സർവ്വർക്കും ലഭ്യമാകുവാൻ വേണ്ട ക്രമീകരണം അവൻ തന്നെ ചെയ്തു.

## (c) *പീഡാനുഭവവും ക്രൂശുമരണവും*

യേശുവിൻെറ ജീവിതവ്യാപാരത്തിനു മറെറാരു വശമുണ്ടായിരുന്നു. ദൈവരാജ്യാനുഭവം കേന്ദ്രമാക്കി അവൻ ഉദ്ഘോഷിച്ച സുവിശേഷം വ്യക്തികളെ ബഹുമാനിക്കുന്നതും സ്നേഹത്തിലും നീതിയിലും അധിഷ്ഠിതവുമായിരുന്നു എങ്കിലും അത് പരമ്പരാഗതമായി സമുദായത്തിൽ രൂപം പ്രാപിച്ചിരുന്ന പല ജീവിത മാനദണ്ഡങ്ങളേയും നിശിതമായി ചോദ്യം ചെയ്യുകയും അലംഘനീയമായി മനുഷ്യർ കരുതിവന്ന അനേക ആചാരമര്യാദകൾക്കും അപ്പുറമായി ചിന്തിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഇതിലടങ്ങുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ തത്വങ്ങളെ മനസ്സിലാക്കുവാൻ പോലും യത്നിക്കാതെ യെഹൂദ മതനേതാക്കന്മാർ അവനെ എതിർക്കുവാൻ മുതിർന്നു. അവർ തങ്ങളുടെ സാമുദായികവും മതപരവുമായ പാരമ്പര്യങ്ങളെ അന്യൂനം നിലനിർത്തുവാൻ അവനെ ഒരു സമുദായ ദ്രോഹിയായി പ്രഖ്യാപിച്ച് ക്രൂശുമരണത്തിനു വിധേയനാക്കി. ഇങ്ങനെ അജ്ഞതയും ധാർമ്മിക മൂല്യാവഗണനയും മൂലം യേശുക്രിസ്തുവിനെ അവർ പരിത്യജിച്ചു.

എന്നാൽ യേശുക്രിസ്തു മനുഷ്യവർഗത്തെ അത്യധികം സ്നേഹിച്ചു. അവനെ നിഷ്ക്കരുണം വധിച്ച യെഹൂദമതനേതാക്കന്മാരെപ്പോലും നിത്യജീവന് അവകാശികളാക്കിത്തീർക്കുവാൻ അവൻ ഏററം ആഗ്രഹിച്ചു. പാപരഹിതനായ അവൻ മരിച്ചതു് നന്മയുടെയും സ്നേഹത്തിൻെറയും നിത്യ പ്രതീകമായിട്ടായിരുന്നു.

പീഡാനുഭവം മൂലം യേശുക്രിസ്തു ശാരീരിക വേദനയും മനസ്സിൻെറ ക്ലേശവും, അവനെ ക്രൂശിച്ചവരുടെ അജ്ഞത

www.malankaralibrary.com

യേയും ധാർമ്മികമായ അധഃപതനത്തേയും പററിയുള്ള തീരാ ദുഃഖവും സഹിച്ചു. ഇങ്ങനെ അവൻ അവരുടെ പാപഭാരത്തെ ചുമന്നു. അവൻെറ കൊലയാളികളെപ്പോലും സ്നേഹിച്ചും, അനുതപിക്കുന്ന പക്ഷം അവർക്കുകൂടെ ക്ഷമയുടെ അനുഭവം നൽകിയും മരിച്ച അവൻെറ മരണത്തിന് രക്ഷണ്യമായ വില ഉണ്ടെന്നു പുതിയനിയമം പ്രഖ്യാപിക്കുന്നു.

## (d) പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും

യേശുക്രിസ്തു യഥാർത്ഥമായും പീഡയും മരണവേദനയും അനുഭവിച്ചു മരിച്ചു. എന്നാൽ ഐഹിക ജീവിത വ്യാപാരത്തിൻെറ അന്ത്യം ക്രൂശുമരണമല്ലായിരുന്നു. പിന്നെയോ, അവൻ മരിച്ചവരുടെയിടയിൽനിന്നു് ഉയിർത്തെഴുന്നേററു. മനുഷ്യവർഗത്തിന് ദൈവരാജ്യാനുഭവത്തിൽ അധിഷ്ഠിതമായ നവജീവൻ നൽകുവാൻ ദൈവത്താൽ പ്രത്യേകം നിയോഗിതനായി വന്ന അവൻ, ഏതുദ്ദേശ്യനിർവഹണത്തിനായി ലോകത്തിൽ വന്നുവോ, അതു് മനുഷ്യൻെറ അജ്ഞതയും ധാർമ്മിക മൂല്യാവഗണനയും മൂലം നിഷ്ഫലമായിത്തീർന്നുപോയില്ല. ഈ സത്യമാണ് പുനരുത്ഥാനം വെളിവാക്കുന്നതു്. യേശുക്രിസ്തു തൻെറ ആളത്തത്തിൽ പ്രകടമാക്കിയ നവജീവാനുഭവം സർവ്വ പ്രതിബന്ധങ്ങളേയും നേരിട്ടും, മരണത്തെ അതിജീവിച്ചും കൊണ്ടു് നിത്യമായി നിലനിൽക്കുന്നു. ഇതു് സാധ്യമായതു് യേശുക്രിസ്തുവിൻെറ ലോകജീവിതം, ക്രൂശുമരണം, പുനരുത്ഥാനം ഇവ ചേർന്നുള്ള അവൻെറ ഐഹിക ജീവിത വ്യാപാരം വഴിയായിരുന്നു.

യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിനു് ആധാരമായി, ശിഷ്യന്മാർക്കു് വെളിപ്പെട്ട സംഭവങ്ങളാണ് വി. പൗലൊസ് ചൂണ്ടിക്കാണിക്കുന്നതു് എന്നു മുകളിൽ കണ്ടു വല്ലൊ. എന്നാൽ സുവിശേഷങ്ങൾ അവയ്ക്കും പുറമേ അവൻെറ ശരീരം സംസ്ക്കരിച്ചിരുന്ന കല്ലറ ഒഴിഞ്ഞുകിടന്നിരുന്നു എന്നുള്ള വസ്തുതയും എടുത്തു പറയുന്നുണ്ടു്. മാത്രവുമല്ല, സുവിശേഷങ്ങളിലെ പ്രതിപാദനങ്ങൾ തമ്മിലും വിശദാംശങ്ങൾ സംബന്ധിച്ചും ചില വ്യത്യാസങ്ങൾ കാണാവുന്നതാണ്. ഈ വിഷയം ഇവിടെ സവിസ്തരം പരാമർശിക്കുക സാദ്ധ്യമല്ല. ഒരു സംഗതി മാത്രം എടുത്തുപറയട്ടെ. ചില ആധുനിക പണ്ഡിതന്മാർ ഒഴിഞ്ഞ കല്ലറയുടെ കാര്യം സാരമായി കരുതേണ്ടതില്ലെന്നു വാദിക്കുന്നു. അതി

www.malankaralibrary.com

നാൽ ഇതു സംബന്ധിച്ച് ഒരു വാക്ക് പ്രസ്താവിക്കേണ്ടതാണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്നുള്ള പ്രസ്താവനകൊണ്ടു് ഉദ്ദേശിക്കുന്നത്, അവൻ ക്രൂശുമരണാനന്തരം ആത്മീയമായി ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു എന്നുള്ളതല്ല. അങ്ങനെയുള്ള സംഭവങ്ങളെ ഉയിർത്തെഴുന്നേല്പിനു മതിയായ ആധാരമായി യെഹൂദമത പാരമ്പര്യത്തിൽ വളർന്ന ശിഷ്യന്മാർ പരിഗണിക്കുകയില്ലായിരുന്നു. നേരേമറിച്ച്, യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്നുള്ള പ്രസ്താവനകൊണ്ടു് അവർ ഉദ്ദേശിച്ചതു് ക്ലേശം അനുഭവിച്ചു് മരിച്ചവനായ അവന്റെ ശരീരത്തിനു തന്നേ നിത്യമായി നിലനിൽക്കുന്ന ഒരു പരിവർത്തനം ഉണ്ടായി എന്നുള്ള സത്യമാണ്. അതിനാൽ യേശുക്രിസ്തു ഉയിർത്തെഴുന്നേററതു് അവന്റെ ശരീരവുമായിട്ടായിരുന്നു. ഈ ആശയമത്രേ ഒഴിഞ്ഞ കല്ലറ വ്യക്തമാക്കുന്നതു്. നിസ്സാരമായി കരുതിക്കളയാവുന്ന ഒരു പാരമ്പര്യമല്ല അതു്.

ലോകാവസാനത്തെപ്പററിയുള്ള ക്രിസ്തീയ പ്രത്യാശ യേശുക്രിസ്തുവിന്റെ പുനരുത്ഥാനവുമായി ബന്ധമുള്ളതാണ്. ലോകാന്ത്യത്തിൽ, ഐഹിക ജീവിതമണ്ഡലത്തിലെ ഭൗതികവും ആത്മീയവുമായ ഇരുവശങ്ങൾക്കും നിത്യമായ രൂപാന്തരം ഉണ്ടാകുമെന്നു പുതിയനിയമം ഉദ്ഘോഷിക്കുന്നുണ്ടു്. 1 ഈ പ്രത്യാശയ്ക്കു ക്രിസ്ത്യാനി കാണുന്ന നിദാനം മരിച്ചവരുടെ ഇടയിൽ നിന്നു ശരീരത്തിൽ ഉയിർത്തെഴുന്നേററവനായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനം അത്രേ.

യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്നു മാത്രമല്ല ക്രിസ്തീയ പാരമ്പര്യം പറയുന്നതു്. അവൻ സ്വർഗാരോഹണം ചെയ്തു എന്നും പ്രഖ്യാപിക്കുന്നു2. ഉയിർത്തെഴുന്നേൽപ്പും സ്വർഗാരോഹണവും ഒരു സംഭവത്തെ മാത്രമേ കുറിക്കുന്നുള്ളു എന്നു ചില ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു എന്നാവരികിലും അവ രണ്ടും രണ്ടാശയങ്ങളെയാണ് ഊന്നിപ്പറയുന്നതു്. ക്ലേശവും മരണവും അനുഭവിച്ചു യഥാർത്ഥമായി ഐഹികവാസം വെടിഞ്ഞവനായ യേശുക്രിസ്തുവിന്റെ ക്ഷയവിധേയവും മർത്ത്യവുമായ

---

1. വെളിപാടു് 21:1. 2. യേശുക്രിസ്തുവിന്റെ സ്വർഗാരോഹണത്തെ ഒരു പ്രത്യേക സംഭവമായി ചൂണ്ടിക്കാണിക്കുന്നതു് അ.പ്ര. 1:6–1 വരെയുള്ള ഭാഗത്താണ്. ഇതിനോടു ചേർത്ത് ലൂക്കൊസ് 24:50–53 കാണുക. സ്വർഗാരോഹണത്തെ പരോക്ഷമായി സൂചിപ്പിക്കുന്ന പല ഭാഗങ്ങളും പുതിയ നിയമത്തിലുണ്ടു്. ലൂക്കോസ് 9:31, 51; യോഹന്നാൻ 6:62;20:17; അ.പ്ര. 2:32; റോമർ 8:34; എഫെ. 2:20; കൊലൊ. 3:1; എബ്രായർ 1:3;4:14; 6:20 ആദിയായവ നോക്കുക.

www.malankaralibrary.com

മനുഷ്യശരീരം ക്ലേശവും മരണവും എന്നേക്കുമായി കൈവെടിഞ്ഞ് നിത്യം ജീവിക്കത്തക്ക രൂപാന്തരം പ്രാപിച്ചു എന്നുള്ള സത്യത്തെ പുനരുത്ഥാനം സൂചിപ്പിക്കുന്നു. സ്വർഗാരോഹണം ആകട്ടെ, ഇപ്രകാരം രൂപാന്തരം പ്രാപിച്ച ശരീരവുമായി സംയോജിച്ച് അവൻ സ്വീകരിച്ച മനുഷ്യത്വത്തെതന്നെ യേശുക്രിസ്തു ദൈവവുമായുള്ള നിത്യബന്ധത്തിലേക്ക് ഉയർത്തി എന്നു പ്രഖ്യാപിക്കുന്നു.

മേൽവിവരിച്ച തരത്തിൽ നിത്യമായ വിജയവും മഹത്ത്വീകരണവും പ്രാപിച്ചവനായ യേശുക്രിസ്തു തന്റെ മനുഷ്യത്വംകൊണ്ടു സാധിച്ച രക്ഷയുടെ ശ്രേഷ്ഠാനുഭവങ്ങൾ മനുഷ്യജാതി മുഴുവനും മാത്രമല്ല സർവസൃഷ്ടിക്കും സമ്പൂർണമായി ലഭിക്കുവാനുള്ളതാണ്. ലോകചരിത്രത്തിൽ ഇന്നെയോളം നിവർത്തിക്കപ്പെടാത്തതും ഒരുപക്ഷേ ചരിത്രവലയത്തിനുള്ളിൽ ഒരിക്കലും സാധിക്കപ്പെടുവാൻ ഇടയില്ലാത്തതും ആയ ഈ അനുഭവപ്രാപ്തിയാണ് ലോകാന്ത്യത്തെപ്പററിയുള്ള ക്രിസ്തീയ പ്രതീക്ഷ. അതു സംസിദ്ധമാകുമെന്നുള്ള സുശക്തമായ പ്രത്യാശയാണ് യേശുക്രിസ്തുവിന്റെ പുനരാഗമനം എന്ന വിവക്ഷകൊണ്ടു ക്രിസ്ത്യാനി ഉദ്ദേശിക്കുന്നത്.

ഒരു മനുഷ്യനായി ലോകത്തിൽ ജനിച്ചു ചരിത്രത്തിനുള്ളിൽ ജീവിച്ചു മരിച്ചുയിർത്തെഴുന്നേററവനായ യേശുക്രിസ്തുവിനെ കേവലം ഒരു പ്രവാചകനോ, പരിശുദ്ധനോ രക്തസാക്ഷിയോ ആയിട്ടല്ല പുതിയനിയമം ചിത്രീകരിക്കുന്നത് എന്നു മുകളിൽ കണ്ട പരാമർശത്തിൽനിന്നു വ്യക്തമാണ്. പിന്നെയോ സർവ്വസൃഷ്ടിക്കും ദൈവവുമായുള്ള ബന്ധം മൂലമുണ്ടാകേണ്ട ജീവിതസാഫല്യം നൽകുവാൻ തക്കവണ്ണം ലോകത്തിൽ അവതരിച്ചു വ്യാപരിച്ച ദേഹമാണു യേശുക്രിസ്തുവെന്നത്രെ അവിടെ കാണുന്നത്.

## 4. യേശുക്രിസ്തുവിന്റെ ആളത്തത്തിനു പുതിയ നിയമം നൽകുന്ന സുപ്രധാനമായ വ്യാഖ്യാനങ്ങൾ

മേൽ വിവരിച്ച വിധത്തിൽ യേശുവിന്റെ ഐഹികജീവിതം, ക്രൂശുമരണം, പുനരുത്ഥാനം ആദിയായവ മനസ്സിലാക്കിയ ശിഷ്യന്മാർ അവന്റെ ആളത്തത്തെ വ്യാഖ്യാനിക്കുവാനായി പല പ്രകാരത്തിൽ ശ്രമിച്ചിട്ടുണ്ട്. അവയിൽ സുപ്രധാനമായ ചിലതിനെ ആസ്പദമാക്കി ഓരോ ലഘുപരാമർശം ഇവിടെ ചേർത്തുകൊള്ളട്ടെ.

www.malankaralibrary.com

(a) *നസ്രായനായ യേശു, ദൈവത്തിന്റെ ക്രിസ്തു*

പുതിയനിയമത്തിൽ യേശുവിനെപ്പററി ചെയ്തിരിക്കുന്ന സർവപ്രധാനമായ പ്രസ്താവന അവൻ ക്രിസ്തുവാകുന്നു എന്നുള്ളതാണ്. മുകളിൽ ചൂണ്ടിക്കാണിച്ച, പത്രോസ് അപ്പൊസ്തലന്റെ പെന്തിക്കൊസ്തി പ്രസംഗത്തിൽ 'നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കിവച്ചു' എന്നു പറഞ്ഞിരിക്കുന്നു. വി. പൗലൊസിന്റെ ലേഖനങ്ങളിലും മററു പുതിയനിയമഗ്രന്ഥങ്ങളിലും ഈ വസ്തുത അനവരതം കാണാം.

'ക്രിസ്തു' അഥവാ 'മശിഹാ' എന്ന പദത്തിനു യെഹൂദമത ചരിത്രത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. യെഹൂദന്മാരായിരുന്ന യേശുവിന്റെ ശിഷ്യന്മാർക്ക് അവനെ സംബന്ധിച്ച ഈ പദം ഉപയോഗിക്കുവാൻ പ്രയാസമില്ലായിരുന്നു.

യെഹൂദമതത്തെക്കുറിച്ചു പറഞ്ഞാൽ, ജീവിത ക്രമീകരണത്തിനാവശ്യമായ നിയമവിധികൾ ഉൾക്കൊള്ളുന്ന ഒരു ന്യായപ്രമാണവും ആരാധനസ്ഥലമായ യെരൂശലേം ദേവാലയവും മററും അതിലെ സർവപ്രധാനമായ ഘടകങ്ങളായിരുന്നു. ഇവയ്ക്കു പുറമേ, യരൂശലേം നഗരം കേന്ദ്രമാക്കിയുള്ള ഒരു രാഷ്ട്രീയ ഘടനയായും യഹൂദജാതി വളർന്നുവന്നു. മതപരവും രാഷ്ട്രീയവും ആയ ജീവിത യാഥാർത്ഥ്യങ്ങളെ അവർ രണ്ടു ചേരികളായി തിരിച്ചു ചിന്തിച്ചുവന്നിരുന്നില്ല. പ്രപഞ്ചത്തിൽ ദൈവം അനസ്യൂതം പ്രവർത്തിക്കുന്നുണ്ടെന്നും, മതപരവും രാഷ്ട്രീയവുമായ രണ്ടു വശങ്ങളേയും ചേർത്തിണക്കിയുള്ള തങ്ങളുടെ സംഘടന ദൈവത്തിന്റെ പ്രവൃത്തി വെളിപ്പെടുത്തുവാൻ നിയോഗിതമാണെന്നും യെഹൂദന്മാർ വിശ്വസിച്ചുവന്നിരുന്നു. യേശു ക്രിസ്തുവിന്റെ കാലത്തു യെഹൂദന്മാരുടെ രാഷ്ട്രീയ പ്രാധാന്യത്തിനുടവുതട്ടിയിരുന്നു എങ്കിലും, ആ സ്ഥിതി മാറി തങ്ങളുടെ പൂർവനിലയിൽ പുനഃസ്ഥാപിക്കപ്പെടുമെന്ന് അവർക്കു പ്രത്യാശയുണ്ടായിരുന്നു. ഈ ഉദ്ദേശ്യം സാധിപ്പാൻവേണ്ടി ദൈവത്താൽ പ്രത്യേകം അയയ്ക്കപ്പെടുന്ന ഒരു രാജാവ് ഉദയംചെയ്യുമെന്നും, അവൻ യെരൂശലേം കേന്ദ്രമാക്കി ലോകത്തിലെ സർവ ജാതികളേയും ചേർത്തു നീതിയും സമാധാനവും സൗഭാഗ്യവും സുഭദ്രതയും അനവരതം നടമാടുന്ന ഒരു ലോകൈക സാമ്രാജ്യം സ്ഥാപിക്കുമെന്നും ആയിരുന്നു യെഹൂദന്മാരുടെ ചിരപ്രതീക്ഷ.

യഹൂദജാതിയുടെ ചരിത്രത്തിൽ രാജാക്കന്മാരെ വാഴിച്ചുവന്നത് അഭിഷേകതൈലം പൂശിയുള്ള മതപരമായ ഒരു കർമ്മം

www.malankaralibrary.com

വഴിയായിരുന്നു.1 ദൈവത്താൽ പ്രത്യേകം നിയോഗിതനായി വരുവാനിരിക്കുന്ന ഈ രാജാവും തങ്ങളുടെ പാരമ്പര്യമനുസരിച്ച് അഭിഷേകം പ്രാപിച്ചവനായിരിക്കും എന്നു കരുതുവാൻ യെഹൂദന്മാർക്കു സാധിക്കുമായിരുന്നു. വരുവാനിരിക്കുന്ന രാജാവ് 'ക്രിസ്തു' ആയിരിക്കും2 എന്നുള്ള വിശ്വാസം ഇതിൽനിന്നു യെഹൂദന്മാർക്കു ലഭിച്ചു എന്നു പറയാം.

ഈദൃശമായ പ്രതീക്ഷയിൽ ജീവിച്ചിരുന്ന യെഹൂദ ജാതിയിലാണു നസ്രായനായ യേശു ഭൂജാതം ചെയ്തു ജീവിച്ചു മരിച്ചത്. ആ ജാതിയിൽപ്പെട്ടവരോടായിരുന്നു യേശുവിനെ ദൈവം 'ക്രിസ്തുവും കർത്താവും ആക്കിവച്ചു' എന്നു വി. പത്രൊസ് തന്റെ പെന്തക്കൊസ്തി പ്രസംഗത്തിൽ പറഞ്ഞത്. പുതിയനിയമത്തിലെ മററ് എഴുത്തുകാരും യേശു ഉയിർത്തെഴുന്നേററു എന്നു ആദ്യമായി പ്രഖ്യാപിച്ചതും ആ ജാതിയിൽ ഉൾപ്പെട്ട മനുഷ്യരോടായിരുന്നു. അതുകൊണ്ടു ക്രിസ്തു എന്ന പദം അവർക്കു സുപരിചിതമായ ഒന്നായിരുന്നു.

എന്നാൽ യേശുവിനെ ക്രിസ്തു ആയി ഉദ്ഘോഷിക്കുന്ന ശിഷ്യന്മാർ തങ്ങളുടെ മതപരമായ പാരമ്പര്യത്തിലെ ഒരു പദം ഉപയോഗിച്ചു എങ്കിലും, ആ പാരമ്പര്യത്തിൽനിന്ന് നേരെ ലഭ്യമല്ലാത്ത ഒരു അർത്ഥമാണ് 'ക്രിസ്തു' എന്ന വാക്കുകൊണ്ടു ദ്യോതിപ്പിച്ചത്. ക്രിസ്തു ദൈവത്താൽ നിയോഗിതനായി ലോകത്തിൽ വന്നു മനുഷ്യജാതിയെ മുഴുവനും ഉൾപ്പെടുത്തി ഒരു മഹാസാമ്രാജ്യം സ്ഥാപിക്കും എന്നുള്ളതായിരുന്നു യെഹൂദന്മാരുടെ പ്രതീക്ഷ. നസ്രായനായ യേശു ആകട്ടെ ലോകദൃഷ്ടിയിൽ ഹീനമായ ക്രൂശിൽ മൃതിയടഞ്ഞ ഒരു വ്യക്തി ആയിരുന്നു. ഇവിടെ അന്തർലീനമായ അർത്ഥവ്യത്യാസം എങ്ങനെ വ്യാഖ്യാനിക്കാം?

യേശു ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു താൻ ക്രിസ്തു ആകുന്നു എന്നു അവൻ തന്നേ സ്വയം വിവക്ഷിച്ചിരുന്നില്ല എന്നു സുവിശേഷങ്ങളിൽനിന്നു മനസ്സിലാക്കാം. എന്നാൽ താൻ ക്രിസ്തുവോ എന്ന ചോദ്യത്തിനു നിഷേധാത്മകമായ ഉത്തരം

---

1. 1 ശമൂ. 9:16; 10:1; 16:1-13.

2. ഗ്രീക്കു ഭാഷയിൽനിന്ന് എടുത്തതാണു ക്രിസ്തു എന്ന പദം. അതിനുപകരമായി എബ്രായ ഭാഷയിൽ മ്ശിയാഹ് എന്നും സുറിയാനിയിൽ മ്ശിഹൊ എന്നും ആണുള്ളത്. അവയുടെ എല്ലാം അർത്ഥം അഭിഷേകം പ്രാപിച്ചവൻ എന്നത്രെ.

www.malankaralibrary.com

പല വിഷമസന്ധികളേയും കടത്തിവിടാമായിരുന്നിട്ടും അത് അവൻ ചെയ്തില്ല[1] എന്നുള്ളതും വാസ്തവമാണ്. യേശു തന്നെ കുറിച്ചു പറഞ്ഞിരുന്നത് 'മനുഷ്യപുത്രൻ' എന്നായിരുന്നു. ശിഷ്യന്മാരും ഉയിർത്തെഴുന്നേല്പിനുശേഷം ആദിമ സഭയും അവനെപ്പറ്റി 'മനുഷ്യപുത്രൻ' എന്ന പ്രയോഗം ഉപയോഗിക്കുന്നില്ല. അതുകൊണ്ടു 'മനുഷ്യപുത്രൻ' എന്ന പദംകൊണ്ടു യേശു ഉദ്ദേശിച്ചിരിക്കാവുന്ന അർത്ഥം എന്തായിരിക്കും എന്ന ചോദ്യം ഇവിടെ വളരെ സംഗതമാണ്.

## 'മനുഷ്യപുത്രൻ'

പഴയനിയമത്തിൽ, സങ്കീർത്തനങ്ങളിലും യെഹെസ്കേൽ ദീർഘദർശിയുടെ പ്രവചനഗ്രന്ഥത്തിലും, ഈ പദം ധാരാളം ഉപയോഗിച്ചിട്ടുണ്ടു്. അവയിൽ സങ്കീർത്തനങ്ങളിലെ അത്ഥം 'മനുഷ്യൻ' എന്നു മാത്രമാണ്.[2] യെഹെസ്കേൽ പ്രവാചകൻ തന്നെക്കുറിച്ചു തന്നെയാണ് 'മനുഷ്യപുത്രൻ' എന്നു പറഞ്ഞിരിക്കുന്നത്. അതിനാൽ ഈ രണ്ടു ഗ്രന്ഥങ്ങളിലും 'മനുഷ്യപുത്രൻ' എന്നു പറഞ്ഞിരിക്കുന്നത് കേവലം 'മനുഷ്യൻ' എന്ന അർത്ഥത്തിലോ, 'ഞാൻ' എന്ന ആശയം എടുത്തുകാണിക്കുവാനോ ആണ്.

എന്നാൽ മററു രണ്ടു് അർത്ഥങ്ങളിൽ ഈ പദം പുതിയനിയമ കാലത്തിനു മുമ്പുള്ള യഹൂദ ചരിത്രത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. അവയിൽ ഒന്നു ദാനീയേലിന്റെ ഗ്രന്ഥം 7:13-ലും മറേറത് ഈനോക് 37:71 വരെയുള്ള ഭാഗത്തും കാണുന്നു. ദാനീയേലിന്റെ പുസ്തകത്തിൽ 'മനുഷ്യപുത്രൻ' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ഏതർത്ഥത്തിലാണെന്ന് ആ അദ്ധ്യായത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. 'രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരു

1. മർക്കൊ. 14:61; ലൂക്കൊ. 22:67.

2. ഈ പദത്തിന്റെ സുറിയാനി രൂപം 'ബാർനോശാ' എന്നാണ്. 'ബാർ' എന്നതിനു 'പുത്രൻ' എന്നു അർത്ഥം ഉള്ളതിനാൽ, 'ബാർനോശോ' യ്ക്കു മനുഷ്യപുത്രൻ എന്ന വിവർത്തനം നൽകിവരുന്നുണ്ടു്. എന്നാൽ സുറിയാനി ആദിയായ ശേമിക ഭാഷകളിൽ ബാർ എന്നതിന് മറെറാരർത്ഥം കൂടെയുണ്ടു്. അതാണ് 'ഒരു വർഗത്തിൽ ഉൾപ്പെട്ടവൻ' എന്നുള്ളത്. അതിനാൽ 'ബാർനോശോ' എന്നു പറഞ്ഞാൽ, 'നോശോ'യുടെ അഥവാ 'മനുഷ്യന്റെ' വർഗത്തിൽപ്പെട്ടവൻ എന്ന അർത്ഥം ഉണ്ടാകാവുന്നതാണ്. ഇതനുസരിച്ചു് 'ബാർനോശോ'യ്ക്കു കേവലം 'മനുഷ്യൻ' എന്ന അർത്ഥം നേരെ ഉണ്ടാകുന്നതത്രെ.

www.malankaralibrary.com

ന്നതു കണ്ടു; അവൻ വയോധികന്റെ അടുത്തു ചെന്നു: അവർ അവനെ അവന്റെ അടുത്തു വരുമാറാക്കി' (ദാനീയേൽ 7:13) എന്നു പ്രസ്താവിച്ചശേഷം മനുഷ്യപുത്രനു സദൃശനായ ആ ജീവിക്കു നിത്യരാജത്വവും ആധിപത്യവും ലഭിച്ചു എന്നു 14-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. ദാനീയേലിനുണ്ടായ ദർശനത്തിന്റെ വ്യാഖ്യാനം 17-ാം വാക്യം മുതൽ നൽകിയിരിക്കുന്നിടത്തു നിത്യരാജത്വം പ്രാപിച്ചതു് ഒരു വ്യക്തിയല്ല; 'അത്യുന്നതനായവന്റെ വിശുദ്ധന്മാർ' ആകുന്നു എന്നു വെളിവാക്കിയിരിക്കുന്നു (ദാനീയേൽ 7:18,25 കാണുക). 'മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ' എന്ന പദപ്രയോഗംകൊണ്ടു ദാനീയേലിന്റെ പ്രവചനത്തിൽ ഉദ്ദേശിക്കുന്നതു് ദൈവത്തിന്റെ പരിശുദ്ധന്മാരുടെ സമൂഹത്തെ അത്രേ എന്നു ന്യായമായി അനുമാനിക്കാം.

ഈനോക്കിന്റെ ഗ്രന്ഥത്തിൽ[1] എടുത്തു പറയുന്ന 'മനുഷ്യപുത്രൻ' ഒരു വ്യക്തിയാണു്. എന്നാൽ അതു പ്രകൃതിക്കതീതനും ആകാശമേഘങ്ങൾവഴി ലോകത്തിൽ വെളിപ്പെടുന്നവനും ആകുന്നു. ഈ മനുഷ്യപുത്രനെ ക്രിസ്തുവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന പാരമ്പര്യം യെഹൂദമതത്തിൽ നിലവിൽ വന്നിരുന്നു.

മേൽ വിവരിച്ച ആശയങ്ങളിൽ ഒന്നും ആയിരുന്നില്ല 'മനുഷ്യപുത്രൻ' എന്നു സ്വയം വിവക്ഷിച്ചതിൽ യേശു ഉദ്ദേശിച്ചതു്. എന്നാൽ ഈ ആശയങ്ങൾ എല്ലാംതന്നെയും യേശു അറിഞ്ഞിരുന്നു എന്നതു് തീർച്ചയാണു്. മാത്രവുമല്ല, ചില ചുററുപാടുകളിൽ ആ പദംകൊണ്ടു കേവലം 'ഞാൻ' എന്ന സർവ്വനാമത്തിന്റെ അർത്ഥമേ യേശു ഉദ്ദേശിച്ചിരിക്കയുള്ളൂ. മററു ചില അവസരങ്ങളിൽ ദാനീയേൽ പ്രവാചകന്റെ ഗ്രന്ഥത്തിൽ കണ്ട ആശയം അവൻ സൂചിപ്പിച്ചിരുന്നു എന്നു് അനുമാനിക്കുവാൻ ന്യായമുണ്ടു്. ഈ അർത്ഥമനുസരിച്ചു് യേശു സ്വയം ദൈവത്തിന്റെ ജനത്തെ പ്രതിനിധാനം ചെയ്യുന്നതായി കരുതിയിരുന്നു എന്നു് അനുമാനിക്കാവുന്നതാണു്. എന്നാൽ ഇവയെല്ലാം അപ്പുറമായ ഒരാശയം യേശുവിന്റെ ചിന്താഗതിക്കു രൂപം നല്കുവാൻ

---

1. ഈനോക്കിന്റെ ഗ്രന്ഥം ഉത്പത്തി 5:18-ൽ പറയുന്ന ഈനോക്കിന്റെ (ഹാനോക്കു്) പേരിൽ ക്രിസ്തുവിനു മുമ്പ് ഒന്നാം നൂററാണ്ടിൽ വിരചിതമായതാണു്. ഇതു സാധാരണ ഉപയോഗത്തിലിരിക്കുന്ന നമ്മുടെ വേദപുസ്തകത്തിൽ കാണുന്നില്ലെങ്കിലും, പൗരസ്ത്യസഭകൾ വിലമതിക്കുന്ന ഒരു ഗ്രന്ഥമാണു്. യൂദായുടെ ലേഖനം 14-ാം വാക്യത്തിൽ ഇതിനെപ്പററി ഒരു സൂചനയുണ്ടു്.

www.malankaralibrary.com

സഹായകമായി പഴയനിയമത്തിൽ ഉണ്ടായിരുന്നു. അതിനെയായിരുന്നു അവൻ സർവപ്രധാനമായി ഊന്നിപ്പറഞ്ഞത്.

## ക്ലേശമനുഭവിക്കുന്ന ദാസൻ

ഈ ആശയം, മനുഷ്യപുത്രൻ കഷ്ടതയനുഭവിച്ചു മരിക്കും എന്നുള്ള പ്രസ്താവനമൂലം യേശു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതു ഫിലിപ്പിന്റെ കൈസര്യായിൽവച്ചു നടന്ന സംഭവം വെളിവാക്കുന്നു.1 മനുഷ്യർ, താൻ ആരെന്നു പറയുന്നു എന്നു യേശു അവിടെവച്ചു ശിഷ്യന്മാരോടു ചോദിച്ചു. അവരുടെ പ്രതിനിധിയായി വി. പത്രോസ് നല്കിയ ഉത്തരം തുടർന്ന്, താൻ ആരെന്ന് അവർ പറയുന്നു എന്ന് യേശു വീണ്ടും ചോദിച്ചു. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ് എന്നു പത്രോസ് മറുപടി നൽകിയ ഉടനെ, ക്രിസ്തു ആണ് താൻ എന്നുള്ള അറിവു രഹസ്യമായി സൂക്ഷിക്കണം എന്ന് അവൻ അവരെ ഉദ്ബോധിപ്പിച്ചു. അതിനു കാരണമായി, യെഹൂദ ജാതിത്തലവന്മാർ തന്നെ തിരസ്കരിച്ചു കൊല്ലുകയും, മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് അവൻ അവരെ അറിയിച്ചു. ക്രിസ്തു ആണ് താൻ എന്നുള്ള വസ്തുതയെ നിഷേധിക്കാതെ, യേശു തന്റെ സേവനലക്ഷ്യം വെളിപ്പെടുത്തുന്നു എന്നു ഈ സംഭവത്തിൽനിന്നു മനസ്സിലാക്കാം.

ഇങ്ങനെ യേശു കണ്ട സേവനലക്ഷ്യത്തിന് സഹായകമായിത്തീരത്തക്ക ഒരു പശ്ചാത്തലം യെഹൂദമത2 ചരിത്രത്തിൽ ഉണ്ടായിരുന്നു. ക്രിസ്തുവിനുമുമ്പ് 597-ലും 586-ലുമായി യെഹൂദന്മാരെ ബാബിലോന്യർ തോല്പിക്കുകയും, അവരിൽ കൊള്ളാവുന്ന അനേകരേയും അടിമകളായി പിടിച്ചുകൊണ്ടുപോകുകയും, യെരുശലേം ദേവാലയത്തെത്തന്നെ നശിപ്പിക്കുകയും ചെയ്തു. അതിനുശേഷം ഒരു മുക്കാൽ ശതാബ്ദത്തോളം നീണ്ടു നിന്നിരുന്ന ബാബേൽ പ്രവാസകാലത്തു യെഹൂദന്മാരുടെ മതപരമായ ചിന്തകൾ അത്ഭുതാവഹമായ വികസനമുണ്ടായി. അതിൽ കഷ്ടതകൾ രക്ഷണ്യമായ അർത്ഥവും വിലയും ഉണ്ടെന്നുള്ള

---

1. മത്താ. 16:13-20; മർക്കൊ. 8:27-33; ലൂക്കൊ. 9:18-22.

2. 'യെഹൂദ്യനാട്ടുകാർ' എന്നർത്ഥമുള്ള ഈ പദം യേശുക്രിസ്തുവിനു മുമ്പ് ഒരു എട്ടാം നൂറ്റാണ്ടു മുതൽ എബ്രായ ജാതിക്കാരെ ഉദ്ദേശിച്ച് അപൂർവമായി ഉപയോഗിച്ചു വന്നിരുന്നു. നമ്മുടെ കർത്താവിന്റെ കാലത്ത് അത് 'എബ്രായ' എന്ന പദത്തിനു പകരം സർവസാധാരണമായി ഉപയോഗത്തിൽ വരികയും ചെയ്തു.

www.malankaralibrary.com

ആശയം ഉൾപ്പെടുന്നു. യെശയ്യാപ്രവാചകന്റെ പുസ്തകം[1] 52, 53 എന്നീ അദ്ധ്യായങ്ങളിൽ ഈ ആശയമാണു വിവരിക്കുന്നത്. യാതനയ്ക്കു വിധേയനായ ദാസനെപ്പററി പരാമർശിക്കുന്ന ഈ ഭാഗത്തു്, യാതൊരു പിഴയും ചെയ്യാതെയിരുന്ന യഹോവയുടെ ദാസൻ മററുള്ളവരുടെ കുററങ്ങളെ വഹിച്ചുകൊണ്ടു ക്ലേശമനുഭവിക്കുകയും, അതുമൂലം അനേകർക്കും രക്ഷാമാർഗമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു എന്നു പ്രസ്താവിച്ചിരുന്നു.

ഇവിടെ എടുത്തു പറയുന്ന യഹോവയുടെ ദാസന്റെ പാരമ്പര്യമാണു് യേശു തന്റെ ജീവിതലക്ഷ്യമായി സ്വീകരിച്ചതു് എന്നുള്ളതു നിസ്തർക്കമത്രെ. ഈ യഹോവയുടെ ദാസൻ ക്രിസ്തുവിന്റെ ഒരു മുൻകുറി ആയിരുന്നു എന്നു് ക്രിസ്തീയ പാരമ്പര്യം ഊന്നിപ്പറയുന്നുണ്ടെങ്കിലും, യേശു ജീവിച്ചിരുന്ന കാലത്തിനു മുമ്പ് യെഹൂദന്മാർ ഈ വിധത്തിൽ ആ ഭാഗത്തെ മനസ്സിലാക്കിയിരുന്നില്ല. ആധുനിക വേദപണ്ഡിതന്മാർ, ഇവിടെ പറയുന്ന യഹോവയുടെ ദാസൻ ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചിരുന്നില്ല എന്നു് അഭിപ്രായപ്പെടുന്നു. പിന്നെയോ യെഹൂദന്മാരുടെ ജാതീയമായ നിലനിൽപ്പുതന്നെ നാമാവശേഷമായിരുന്ന ഒരു കാലത്തു് അവർക്കു് ഉറപ്പും ധൈര്യവും നൽകി അവരെ ആദ്ധ്യാത്മികമായി നയിക്കുവാൻവേണ്ടി യെഹൂദജാതിക്കു് ആളത്തം കല്പിച്ചു് 'യഹോവയുടെ ദാസൻ' എന്നു സംബോധന ചെയ്യുകയായിരുന്നു എന്നു് അവർ വ്യാഖ്യാനിക്കുന്നു. ബാബേൽ പ്രവാസത്തിൽ കഴിയുന്ന യഹൂദജാതിയെ ദൈവം ഉദ്ധരിക്കും എന്നു മാത്രമല്ല പ്രവാചകൻ ഊന്നിപ്പറയുന്നതു്. ആ ജാതിയുടെ യാതനാനുഭവം അവരുടേയും ലോകത്തിലുള്ള മററു ജാതികളുടേയും വീണ്ടെടുപ്പിനു മുഖാന്തരമായിത്തീരും എന്നും പറയുന്നുണ്ടു്.

കഷ്ടതയ്ക്കു രക്ഷണ്യമായ വില ഉണ്ടെന്നുള്ള ആശയം ബാബേൽ പ്രവാസകാലത്തിനു മുമ്പ് യിസ്രായേൽ ജാതിയിൽ

---

1. നമ്മുടെ വേദപുസ്തകത്തിൽ ചേർത്തിരിക്കുന്ന യെശയ്യാ പ്രവാചകന്റെ ഗ്രന്ഥം മുഴുവനും ഒരാളോ ഒരു കാലഘട്ടത്തിലോ എഴുതിയതല്ല എന്നുള്ളതിനു് അതിൽത്തന്നെ തെളിവുകളുണ്ടു്. ഈ കാരണത്താൽ, ആന്തരീയ തെളിവുകൾ വച്ചുകൊണ്ടു് 1 മുതൽ 39 വരെയുള്ള അദ്ധ്യായങ്ങൾ മിക്കവാറും ക്രി. മു. എട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന യെശയ്യാ പ്രവാചകനും, 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങൾ ബാബേൽ പ്രവാസകാലത്തു ജീവിച്ചിരുന്ന അജ്ഞാതനാമാവായ മറെറാരു പ്രവാചകനും, പിന്നീടുള്ള അദ്ധ്യായങ്ങൾ ക്രിസ്തുവിനു മുമ്പു് 520-നു് ശേഷം ജീവിച്ചിരുന്ന മൂന്നാമതൊരു പ്രവാചകനും രചിച്ചതാണു് എന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

www.malankaralibrary.com

പ്പെട്ടവർ ഗ്രഹിച്ചിരുന്നതല്ല. അതുപോലെതന്നെ ക്ലേശാനുഭവം മൂലം ദൈവത്താൽ നിയോഗിതനായ ലോകൈകരാജാവു രക്ഷ പ്രവർത്തിക്കുമെന്നുള്ള ചിന്തയും, യെശയ്യാപ്രവാചകൻ എടുത്തു പറയുന്ന യഹോവയുടെ ദാസനെ ക്രിസ്തുവിനു മുൻകുറിയായി പരിഗണിക്കുന്ന പാരമ്പര്യവും യേശുവിനു മുമ്പു നിലവിൽ വന്നിരുന്നതല്ല.[1] എന്നാൽ യേശു ഈ ആശയം, തന്റെ ജീവിത ലക്ഷ്യമായി സ്വീകരിക്കുകയും, അതിന്റെ വെളിച്ചത്തിൽ ലോകത്തിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഈ വിധത്തിൽ പരിപൂർണമായും നൂതനമായ ഒരു ജീവിതലക്ഷ്യം യേശു അവലംബിച്ചു. അതിന്റെ വിജയം പുനരുത്ഥാനം മൂലം പ്രഖ്യാപിക്കപ്പെട്ടു.

ക്രിസ്തു ആയി യേശു ലോകത്തിൽ ഉദ്ഘോഷിക്കപ്പെട്ടു. എന്നാൽ അതു യെഹൂദന്മാരുടെ സാധാരണ പ്രതീക്ഷയിൽ കവിഞ്ഞ ഒരർത്ഥത്തിലായിരുന്നു.

## (b) *യേശുക്രിസ്തു കർത്താവ്*

യേശുവിനെ ക്രിസ്തുവായി പ്രഖ്യാപിച്ച ശിഷ്യന്മാർക്ക് അവനെ 'കർത്താവ്' എന്നു വിവക്ഷിക്കുവാൻ വൈഷമ്യമില്ലായിരുന്നു. സാധാരണ ഉപയോഗത്തിൽ 'ഭരണകർത്താവ്' 'രാജാവ്' 'ദാസന്റെ യജമാനൻ' ആദിയായവ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിരുന്നു. ഒരാളിനെ ബഹുമാനസൂചകമായി സംബോധന ചെയ്യുവാനും ഇത് ഉപയോഗിച്ചിരുന്നു. എന്നാൽ യവന മതങ്ങളിൽ ദേവന്മാരെ ഉദ്ദേശിച്ച് ഈ പദംതന്നെ പ്രയോഗത്തിൽ വന്നിരുന്നു. അതുകൊണ്ട് ക്രിസ്തുമതം സമാരംഭിച്ച കാലത്ത് 'കർത്താവ്' എന്നു പറഞ്ഞാൽ ദൈവത്തെയോ ദേവന്മാരെയോ ഉദ്ദേശിക്കുന്നതായി മദ്ധ്യപൂർവദേശങ്ങളിൽ പൊതുവെ മനസ്സിലാകുമായിരുന്നു.

---

1. യേശുവിന്റെ ശിഷ്യന്മാർക്കുപോലും ഈ ധാരണ ഉണ്ടായിരുന്നില്ലെന്നു കാണിപ്പാൻ തെളിവുകളുണ്ട്. ഉദാഹരണമായി ഫിലിപ്പിന്റെ കൈസര്യായിൽ വച്ചു യേശുവിനെ ക്രിസ്തു ആയി പത്രൊസ് ഏറ്റുപറഞ്ഞശേഷം, താൻ മരിക്കേണ്ടതായി വരുമെന്ന് യേശു ചെയ്ത പ്രസ്താവനയെ പത്രൊസ് ശക്തിയായി പ്രതിഷേധിക്കുന്നു (മർക്കൊ. 8:32). കഷ്ടത അനുഭവിച്ചു മരിക്കുന്ന ഒരു ക്രിസ്തുവിനെപ്പററി പത്രൊസ് അതിനകം കേട്ടിരുന്നില്ല എന്നു ഈ സംഭവം വെളിവാക്കുന്നു. അതുപോലെതന്നെ സെബദിപുത്രന്മാരുടെ അമ്മ മക്കളുമായി യേശുവിന്റെ അടുക്കൽ വന്ന് ഒരു അപേക്ഷ കഴിക്കുന്നു. (മത്താ. 20:21-23). അവിടെയും തനിക്കു യാതന അനുഭവിക്കുവാനുണ്ട് എന്നത്രേ യേശു ഊന്നിപ്പറയുന്നതു്.

www.malankaralibrary.com

പഴയനിയമത്തിൽ ഏകക ദൈവത്തെ ഉദ്ദേശിച്ച് ഉപയോഗിച്ചിരുന്നത് ഈ പദമാണ്. അതിനാൽ കേവലം ബഹുമാന ദ്യോതകമായി മാത്രം യേശുക്രിസ്തുവിനെപ്പററി ഈ പദം അന്നത്തെ മനുഷ്യർ പ്രയോഗിക്കുക അല്ലായിരുന്നു. ഈ വസ്തുത വെളിവാക്കുവാൻ പുതിയനിയമത്തിൽ ധാരാളം തെളിവുകളുണ്ട്. ഉദാഹരണമായി ക്രിസ്ത്യാനികൾക്ക് 'പിതാവായ ഏകദൈവവും' 'യേശുക്രിസ്തു എന്ന ഏക കർത്താവും' മാത്രമാണുള്ളത് എന്നു വി. പൌലൊസ് പ്രസ്താവിക്കുന്നു.1 യേശു കർത്താവാകുന്നു' എന്ന പ്രസ്താവന ആദിമസഭയുടെ വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുന്നതായി പല പുതിയനിയമ ഭാഗങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്.2 ഇതിനെല്ലാം ഉപരിയായി, യേശുവിനോടു നേരിട്ടോ, യേശുവിൻെറ നാമത്തിൽ ദൈവത്തോടോ, പ്രാർത്ഥന കഴിക്കുന്ന പതിവ് ആരംഭകാലം മുതൽക്കു തന്നെ ക്രൈസ്തവസഭ സ്വീകരിച്ചിരുന്നു.3

യേശുവിനെ 'കർത്താവു്' എന്നു സംബോധന ചെയ്യുന്നതിൽ അടങ്ങുന്ന അർത്ഥം, അവനെ നാഥനായി സ്വീകരിച്ച് ദൈവത്തിനു നൽകേണ്ട അനുസരണം അവൻെറ നേരെ പ്രകടിപ്പിക്കുക എന്നുള്ളതാണ്. അത് ആദിമസഭ ചെയ്തതായി പുതിയ നിയമത്തിൽ ധാരാളം തെളിവുകൾ ഉണ്ട്.

### (c) *യേശുക്രിസ്തു ദൈവപുത്രൻ*

യേശുവിനെപ്പററി 'മനുഷ്യപുത്രൻ' എന്ന പദം ശിഷ്യന്മാരും ആദിമസഭയും ഉപയോഗിക്കുന്നില്ലെങ്കിലും 'ദൈവപുത്രൻ' എന്നതു് അവർ സാധാരണയായി പ്പറയുന്നുണ്ട്. യവനലോകത്തിൽ 'ദൈവപുത്രൻ' എന്നു പറഞ്ഞാൽ, 'ഒരു നല്ല മനുഷ്യൻ' എന്ന അർത്ഥമേ ധരിച്ചിരുന്നുള്ളു. യേശുക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിവക്ഷിച്ചത് ആ അർത്ഥത്തിലല്ലായിരുന്നു എന്നു തീർച്ചയാണ്. പഴയനിയമത്തിൽ ഈ പദപ്രയോഗത്തിനു വളരെ അർത്ഥവ്യാപ്തി കൊടുത്തിട്ടുണ്ട്. 'ദൈവദൂതന്മാർ' 'നീതിമാന്മാരായ മനുഷ്യർ,' 'ദൈവഹിതമനുസരിച്ച യിസ്രായേൽ രാജാക്കന്മാർ,' 'പ്രവാചകന്മാർ', 'യിസ്രായേൽ ജാതി' ആദിയായ പല അർത്ഥങ്ങൾ ഈ പദത്തിനു പഴയനിയമത്തിൽ ഉദ്ദേശിച്ചിരിക്കുന്നതായിക്കാണാം.

---

1. 1 കൊരി. 8:6; എഫെ. 4:4
2. റോമ. 10:9; ഫിലി. 2:11; 1 കൊരി. 13:3.
3. അ. പ്ര. 7:59; 9 :14; 22:16; റോമ. 10:13; 1 കൊരി. 1:2.

www.malankaralibrary.com

എന്നാൽ ഇവയിൽ എല്ലാററിലും ഉപരിയായ അർത്ഥം യേശുവിനെ ദൈവപുത്രൻ എന്നു പുതിയനിയമം ഉദ്ഘോഷിക്കുന്നതിലടങ്ങുന്നുണ്ട്. യേശു ദൈവത്തെ 'പിതാവ്' എന്നു പറഞ്ഞു വന്നിരുന്നതായി സുവിശേഷങ്ങൾ സാക്ഷീകരിക്കുന്നു. ഇവിടെ പഴയനിയമത്തിൽ കാണാത്ത ഒരു നൂതനാശയം ദർശിക്കാവുന്നതത്രേ. യഹോവ യിസ്രായേൽ ജാതിയുടെ പിതാവായിരുന്നു എന്നു പഴയനിയമം ഊന്നിപ്പറയുന്നുണ്ടെങ്കിലും, ഓരോ മനുഷ്യവ്യക്തിയുടെയും പിതാവായി ദൈവത്തെ കരുതുന്ന പാരമ്പര്യം അവിടെ കാണുന്നില്ല. യേശു ആകട്ടെ, ദൈവത്തെ പിതാവായി കരുതുന്നു എന്നു മാത്രമല്ല, തന്റെ ശിഷ്യന്മാർപോലും ദൈവത്തെ 'അബ്ബാ!, പിതാവേ!' എന്നു സംബോധന ചെയ്യുന്ന അവകാശത്തിനു അവരെ യോഗ്യരാക്കിത്തീർക്കുന്നു.[1]

സുവിശേഷങ്ങളിലെ പ്രതിപാദനം നോക്കിയാൽ, യേശുവിന്റെ പന്ത്രണ്ടാമത്തെ വയസ്സിലുണ്ടായ അനുഭവം, സ്നാനസമയത്തുണ്ടായ സംഭവം, മറുരൂപമലയിലെ ദിവ്യവചനം, ഗത്സമേന തോട്ടത്തിൽവച്ച് അവൻ ചെയ്ത ആത്മസമർപ്പണം, ഇവയിലെല്ലാം അവൻ ദൈവത്തിന്റെ പുത്രത്വം യഥാർത്ഥമായി അനുഭവിക്കുന്നതു കാണാം. പുത്രത്വത്തിന്റെ ലക്ഷണം യേശു ദർശിക്കുന്നത് അനുസരണത്തിലാണ് എന്ന വസ്തുത ഈ ഭാഗങ്ങളിൽ മാത്രമല്ല അവന്റെ ജീവിതം മുഴുവനിലും തന്നെ വ്യക്തമാകിയിരിക്കുന്നു. യേശുവിന്റെ ഈ അനുഭവം എബ്രായ ലേഖനത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു—'പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.'

യേശുക്രിസ്തു ദൈവപുത്രനാകുന്നു എന്ന ആശയത്തിനു വേദശാസ്ത്രപരമായി സുപ്രധാനമായ ഒരർത്ഥം വി. യോഹന്നാന്റെ സുവിശേഷത്തിൽ നൽകിയിട്ടുണ്ട്. ആ സുവിശേഷം എഴുതിയതു തന്നെ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനായിട്ടാകുന്നു എന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നു. യേശുവും ദൈവവുമായുള്ള ബന്ധത്തെ പിതാവും പുത്രനുമായുള്ള ബന്ധമായിട്ടത്രെ അവിടെ വിവരിച്ചിരിക്കുന്നതു്. ഇതിനെല്ലാം ഉപരിയായി യേശുവിനെക്കുറിച്ചു ദൈവത്തിന്റെ 'ഏകജാതനായ' പുത്രൻ എന്ന് വി. യോഹന്നാൻ

1. എബ്രായർ 5:8.

www.malankaralibrary.com

പറഞ്ഞിരിക്കുന്നു.[1] ഈ പദപ്രയോഗത്തിന് പകരമായി 'ദൈവം പ്രസാദിച്ചിരിക്കുന്നവൻ' എന്നു മറ്റു സുവിശേഷങ്ങളിൽ കാണുന്നു. ഏകജാതനായ പുത്രന് ദൈവവുമായുള്ള ബന്ധം സ്നേഹത്തിൽ സ്ഥിതിചെയ്യുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിലും, പുതിയനിയമത്തിലെ മറ്റു ഗ്രന്ഥങ്ങളിലും, ദൈവത്തിന്റെ അനേക പുത്രന്മാരിൽ ഒരാൾ എന്നുള്ള അർത്ഥത്തിലല്ല യേശുക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിവക്ഷിച്ചിരിക്കുന്നത്. അവിടെ ഊന്നിപ്പറയുന്ന ആശയം, ദൈവത്തിന് ഒരു പുത്രൻ മാത്രമേയുള്ളു; ആ പുത്രനാണ് യേശുക്രിസ്തു എന്നുള്ളതാണ്. മറ്റുള്ളവർക്ക് ദൈവത്തിന്റെ പുത്രത്വം സ്വകീയമായുള്ളതല്ല. അത് അവർക്ക് ഒരു ദാനമായി ലഭിക്കുന്നതത്രേ. യേശുക്രിസ്തുവിൽകൂടെ അവർക്ക് അതു ലഭിക്കുന്നു എന്നുള്ളതും പുതിയനിയമം സഗൗരവം പ്രതിപാദിക്കുന്നു.

അതിനാൽ പുതിയനിയമം അനുസരിച്ച് യേശുക്രിസ്തു ദൈവത്തിന്റെ നിത്യേകപുത്രനാണ്. മനുഷ്യനു ദൈവത്തെ വെളിപ്പെടുത്തി, പാപത്തിൽനിന്ന് അവനെ ഉദ്ധരിച്ച് നിത്യജീവന് അവനെ അവകാശിയാക്കി ദൈവത്തിന്റെ പുത്രത്വം എന്നേക്കുമായി നൽകുവാൻവേണ്ടി അവൻ ലോകത്തിൽ വന്നു. അവനിൽ വിശ്വസിച്ച് അവന്റെ ശിഷ്യന്മാരായിത്തീരുന്ന ഒരുത്തനും നശിച്ചുപോകാതെ ദൈവത്തിന്റെ പുത്രത്വം അനുഭവിക്കുകയും ചെയ്യും.

---

1. ഗ്രീക്ക മൂലത്തിൽ 'മോണോഗെനീസ്' എന്ന് ഉപയോഗിച്ചിരിക്കുന്ന പദം ഇംഗ്ലീഷിൽ 'Only begotten' എന്നും, മലയാളത്തിൽ 'ഏകജാതൻ' എന്നും വിവർത്തനം ചെയ്തിരിക്കുന്നു. സുറിയാനിയിൽ 'ഈഹീദോയോ'. വാസ്തവത്തിൽ 'ഏകജാതൻ' എന്നത് ഇംഗ്ലീഷിന്റെ തർജ്ജമയായിക്കരുതാമെന്നുവരികിലും, അതു ഗ്രീക്ക പദത്തിന്റെയോ സുറിയാനി പദത്തിന്റെയോ ശരിയായ പരാവർത്തനം അല്ല. 'ഏകൻ മാത്രമുൾക്കൊള്ളുന്ന വർഗത്തിലെ ആ ഏകൻ' എന്നാണ് ഗ്രീക്കപദത്തിന്റെ അർത്ഥം. അദ്വിതീയൻ' എന്നു സാരം. സുറിയാനി പദത്തിന്റെയും അർത്ഥം ഇതാണ്. അതുകൊണ്ട് യേശുക്രിസ്തു ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞാൽ, അതിന്റെ അർത്ഥം മറ്റാർക്കും ഇല്ലാത്തവിധത്തിൽ ദൈവത്തിന്റെ പുത്രത്വം അവനുണ്ട് എന്നത്രേ. ദൈവം നമ്മുടെയും പിതാവാണ്. എന്നാൽ അതു യേശുക്രിസ്തുവിന്റെ പിതാവായിരിക്കുന്ന അർത്ഥത്തിലല്ല. (യോഹ. 20:17).

www.malankaralibrary.com

### (d) യേശുക്രിസ്തു ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥൻ.

ഈ ആശയം സർവപ്രധാനമായി എബ്രായലേഖനത്തിൽ[1] കാണാം. മുൻ കാലങ്ങളിൽ ഭാഗീയമായും പലതരത്തിലുള്ള ഉപാധികൾ ഉപയോഗിച്ചും പ്രവാചകന്മാർ മുഖാന്തരം പൂർവന്മാരോടു സംസാരിച്ചവനായ ദൈവം ഈ കാലാന്ത്യത്തിൽ പുത്രൻമൂലം നമ്മോടു സംസാരിക്കുന്നു എന്നു പ്രസ്താവിച്ചുകൊണ്ടത്രേ ആ ഗ്രന്ഥം ആരംഭിക്കുന്നതു തന്നെ. ഈ പുത്രൻ വഴിയായിരുന്നു ദൈവം ലോകത്തെ സൃഷ്ടിച്ചതും സർവകാര്യങ്ങളും നിർവഹിച്ചതും. ദൈവത്തിന്റെ പ്രവൃത്തികളെ മാത്രമല്ല, ആളത്തത്തെപ്പോലും പ്രതിബിംബിപ്പിക്കുന്നവനാണ് പുത്രൻ.

അനുസരണക്കേടുമൂലം ദൈവത്തിൽനിന്നു അകന്നുപോയിരുന്ന മനുഷ്യനെ വീണ അവസ്ഥയിൽ പുത്രൻ ദർശിക്കുകയും അവനെ വീണ്ടെടുക്കുവാൻ വേണ്ടി മരണം ആസ്വദിക്കുകയും ചെയ്തു. ഇപ്രകാരം മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായി വന്ന പുത്രനായ ക്രിസ്തു ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായ നിത്യമഹാ പുരോഹിതനാണ്. മനുഷ്യൻ ജഡരക്തങ്ങളുള്ളവനായതുകൊണ്ട് അവനും ജഡരക്തങ്ങളുള്ളവനായി ലോകത്തിൽ അവതരിച്ചു. എന്നാൽ അവൻ പഴയനിയമത്തിലെ ശ്രേഷ്ഠ മഹാപുരോഹിതനായ മോശയെക്കാളും ഉയർന്നവനും പഴയനിയമ ബലികളെയും പൗരോഹിത്യത്തെയും സമ്പൂർത്തിയിൽ വരുത്തിയവനും ആയിരുന്നു.

അവൻ യഥാർത്ഥമായും മരിച്ചു. എന്നാൽ സ്വന്തമരണത്താൽ അവൻ മരണത്തിന്റെ അംഗീകാരത്തെ നിർമൂലമാക്കി.

---

1. എബ്രായലേഖനം വി. പൗലൊസ് എഴുതിയതാണെന്നുള്ള പാരമ്പര്യം വളരെ വ്യാപകമാണ് ക്രൈസ്തവസഭയിൽ. ആദിമനൂറ്റാണ്ടുകളിൽതന്നെ അത് വി. പൗലൊസ് രചിച്ചതാണെന്നുള്ള ആശയഗതി പൗരസ്ത്യ സഭയിൽ പ്രചരിച്ചിരുന്നു എന്നു വരികിലും, പാശ്ചാത്യ സഭ ആ കാലങ്ങളിൽ ഈ പാരമ്പര്യം സ്വീകരിച്ചിരുന്നില്ല. (യൂസിബിയസ്: സഭാചരിത്രം, Loeb Classical Library edition. Vol I (1957) p. 193). പൗരസ്ത്യ സഭയിൽ തന്നെയും സുപ്രസിദ്ധ പണ്ഡിതനായിരുന്ന അലക്സാന്ത്ര്യയിലെ ഓറിജൻ ഈ ലേഖനം പൗലൊസ് എഴുതിയതല്ല എന്നു മൂന്നാം നൂറ്റാണ്ടിൽ ഖണ്ഡിതമായിപ്പറയുന്നു. യൂസിബിയസ്; (സഭാചരിത്രം, ടി Vol II 1959), pp. 77–79). ഭാഷ, ആശയം, ആദിയായവയുടെ അടിസ്ഥാനത്തിൽ ഈ ലേഖനം പൗലൊസിന്റെ കൃതി അല്ല, എന്ന് ഇന്നത്തെ വേദപുസ്തകപണ്ഡിതന്മാർ ആകമാനം അഭിപ്രായപ്പെടുന്നു.

www.malankaralibrary.com

അവൻ തന്റെ ശരീരത്തിൽ അനുഭവിച്ച മരണം പഴയനിയമ ബലികളുടെ സമാപ്തിയും പൂർത്തീകരണവുമായ ഒരു പരമ യാഗമായിരുന്നു. പഴയനിയമ ബലികൾക്ക് മൃഗവും പുരോഹിതനും ആവശ്യമായിരുന്നു. യേശുവിന്റെ യാഗത്തിൽ ഇവ രണ്ടും താൻ തന്നെ. മനുഷ്യനു ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചു എന്നുള്ളതിന്റെ പ്രതീകങ്ങളായിരുന്നു പഴയനിയമ ബലികൾ. എന്നാൽ യേശുക്രിസ്തു ക്രൂശുമരണമാകുന്ന തന്റെ യാഗംമൂലം പഴയനിയമ ബലികളെ പൂർത്തീകരിക്കുകയും അവന്റെ സ്വന്ത ആളത്തത്തിൽ മനുഷ്യവർഗത്തിനു സ്വർഗത്തിലേക്കുള്ള പ്രവേശനം തുറന്നുകൊടുക്കുകയും ചെയ്തു. ഇന്നലെയും, ഇന്നും, എന്നേക്കും യഥാവാനായി അനന്യം സ്ഥിതി ചെയ്തുകൊണ്ട് അവൻ ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി നിത്യം നിലകൊള്ളുന്നു.

### (c) *യേശുക്രിസ്തു ജഡം ധരിച്ച ദൈവത്തിന്റെ വചനം*

യേശുക്രിസ്തുവിന്റെ ആളത്തത്തെക്കുറിച്ച്, ദൈവത്തിന്റെ ജ്ഞാനം, അഥവാ വചനം, മനുഷ്യനായി അവതരിച്ച ദേഹമാണ് എന്നുള്ള ആശയം പുതിയനിയമത്തിൽ, വി. യോഹന്നാന്റെ എഴുത്തുകളിൽ കാണുന്നുണ്ട്. ഇതിനെ സഹായിക്കത്തക്ക ഒരു പശ്ചാത്തലം യെഹൂദമത ചരിത്രത്തിൽ ഉണ്ടായിരുന്നു. അത് ഈയ്യോബിന്റെ പുസ്തകം 28:21–27 വരെ വാക്യങ്ങളിലും സദൃശ്യവാക്യങ്ങൾ 8:22–31 വരെ ഭാഗത്തും ചേർത്തിരിക്കുന്ന ദൈവത്തിന്റെ ജ്ഞാനത്തെ ആസ്പദമാക്കിയുള്ള പ്രതിപാദനത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. ഇവയിൽ ജ്ഞാനത്തിനു വ്യക്തമായ ആളത്തം കല്പിക്കുന്നുണ്ട്. ഈ ആശയം എക്ളിസിയാസ്റ്റിക്കസ് 24-ാം അദ്ധ്യായത്തിൽ കൂടുതൽ വികസിപ്പിച്ചിരിക്കുന്നു. ജ്ഞാനവും വചനവും ഒന്നുമാത്രമാണെന്നു യേശുക്രിസ്തുവിന്റെ കാലത്തിനു മുമ്പു തന്നേ യെഹൂദന്മാർ സമ്മതിച്ചിരുന്നു.

യവന തത്ത്വശാസ്ത്രചരിത്രത്തിലും വചനം എന്ന പദത്തിനു സുപ്രധാനമായ സ്ഥാനം ഉണ്ടായിരുന്നു. അതിനെ യേശുക്രിസ്തുവിന്റെ കാലത്തിനു മുമ്പുതന്നേ സ്റ്റോയിക്യർ[1] പ്രത്യേകം

---

1. യോഹന്നാന്റെ സുവിശേഷം എഴുതിയ ഗ്രീക്ക് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന 'ലോഗോസ്' എന്ന പദത്തിന്റെ (അതിനു തുല്യമായ സുറിയാനിപദം 'മെൽത്തൊ' എന്നാണ്) വിവർത്തനമായി ഉപയോഗിച്ചിരിക്കുന്നതാണ് വചനം. ഗ്രീക്കു തത്ത്വചിന്തയിലും അതിനെ അനുകരിച്ചുണ്ടായ യെഹൂദ തത്ത്വചിന്തയിലും 'ലോഗോസിനു' സുപ്രധാനമായ സ്ഥാനമുണ്ട്. ബുദ്ധിപൂർവകമായ ക്രമീകരണങ്ങളോടു

www.malankaralibrary.com

വികസിപ്പിച്ചിരുന്നു. ഇവയ്ക്കും പുറമേ, ക്രിസ്തുവിനുമുമ്പ് ഒന്നാം നൂററാണ്ടിലും ക്രിസ്തുവിനുശേഷം ഒന്നാം നൂററാണ്ടിലുമായി ജീവിച്ചിരുന്നയാളും ഒരു യെഹൂദ തത്ത്വചിന്തകനുമായിരുന്ന അലക്സാന്ത്രിയായിലെ ഫൈലോ ഈ പദം ആസ്പദമാക്കി, ദൈവത്തിനും ലോകത്തിനും മദ്ധ്യസ്ഥനായി വചനത്തെ ചിത്രീകരിക്കുന്നുണ്ട്.

ഈദൃശമായ ചിന്താപശ്ചാത്തലത്തിൽ വേണം വി. യോഹന്നാന്റെ സുവിശേഷം 1:1–18 വരെ ഭാഗത്തു കാണുന്ന 'വചനം' അടിസ്ഥാനമാക്കിയുള്ള വേദശാസ്ത്രപരമായ പ്രതിപാദനം ചർച്ച ചെയ്യുവാൻ. അവിടെ ഉപയോഗിച്ചിരിക്കുന്ന 'വചനം' എന്ന വാക്കിന്റെ പശ്ചാത്തലം പഴയനിയമമോ, യവനതത്ത്വചിന്തയോ, ഫൈലോയുടെ വ്യാഖ്യാനമോ, ഏതാണ് എന്നുള്ളത് പണ്ഡിതന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ഏതായാലും ആ 'വചനം' 'പഴയനിയമത്തിൽ ആളത്തം നൽകിയിരിക്കുന്ന 'ജ്ഞാനം' ആണെന്നുള്ളതു തീർച്ചയാണ്.

ദൈവം തന്റെ വചനത്താൽ ലോകത്തെ സൃഷ്ടിച്ചു എന്നു സങ്കീർത്തനങ്ങളിൽ കാണുന്നു. അവിടെ വചനത്തിന് ആളത്തം നൽകിയിട്ടില്ലെന്നുവരികിലും, ഈ പാരമ്പര്യം വചനത്തെ യേശുക്രിസ്തുവുമായി ഐകരൂപ്യപ്പെടുത്തി ചിന്തിക്കുവാൻ പുതിയനിയമ എഴുത്തുകാരെ സഹായിച്ചിരിക്കണം. ഇതുതന്നെയും ശ്രദ്ധേയമായ ഒരു ആശയവികസനത്തിന്റെ ഫലമായിരുന്നു. 'വചനം' എന്ന വാക്കു പുതിയനിയമത്തിൽ പലയിടങ്ങളിലും ഉപയോഗിച്ചിരിക്കുന്നതു്, യേശു ഉദ്ഘോഷിച്ചതും ക്രിസ്തുവിനെപ്പററി അപ്പൊസ്തലന്മാർ പ്രഖ്യാപിച്ചതും ആയ സുവിശേഷദൂതിനെ ഉദ്ദേശിച്ചാണ്. സഭ പ്രസംഗിക്കുന്ന സുവിശേഷം ക്രിസ്തുവിന്റെ ആളത്തത്തിൽ അധിഷ്ഠിതമായതുകൊണ്ടു വചനത്തെ ക്രിസ്തുവായി വിവരിക്കുവാൻ യോഹന്നാനു സാധിച്ചു എന്നു് അനുമാനിക്കാം.

---

കൂടിയതാണ് ഈ പ്രപഞ്ചം എന്നു ഗ്രീക്ക തത്ത്വചിന്തകൻമാർ ഊന്നിപ്പറഞ്ഞിരുന്നു. ആ ക്രമീകരണം സാധിതമാക്കുന്ന ശക്തിയാണു ലോഗോസ് എന്ന പദംകൊണ്ട് അവർ വിവക്ഷിച്ചത്. അഥവാ പ്രപഞ്ചം നിലനിൽക്കുന്നതും പുരോഗമിക്കുന്നതും ലോഗോസ് മൂലമാണ്. ഈദൃശചിന്തയുടെ ഫലമായി യെഹൂദ ചിന്തകൻമാർ പഴയനിയമത്തിൽ 'രേഖയുള്ള ദൈവത്തിന്റെ വചനം' എന്ന പ്രയോഗത്തെ ദൈവത്തിന്റെ ലോഗോസായി വ്യാഖ്യാനിച്ചു. സുറിയാനിയിലെ മെൽത്തൊയ്ക്ക് സംസാരിക്കപ്പെടുന്ന വചനം; സംസാരിക്കപ്പെടാതെ ബുദ്ധിയിൽ സ്ഥിതിചെയ്യുന്ന ആന്തരീയ ശക്തി എന്നെല്ലാം അർത്ഥമുണ്ട്.

www.malankaralibrary.com

വി. യോഹന്നാന്റെ സുവിശേഷം തുടങ്ങുന്നത് 'ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു' എന്നു പ്രസ്താവിച്ചുകൊണ്ടാണ്. ഇവിടെ വചനത്തെ ദൈവവുമായി തുല്യ നിത്യത്വമുള്ള ഒരു ആളത്തമായി പ്രഖ്യാപിച്ചിരിക്കുന്നു.

യോഹന്നാൻ ചെയ്യുന്ന സുപ്രധാനമായ പ്രസ്താവന 'വചനം ജഡമായിത്തീർന്നു' എന്നുള്ളതാണ്.1 യെഹൂദമത പാരമ്പര്യത്തിലോ യവനതത്വശാസ്ത്രചരിത്രത്തിലോ ഇതിനു തുല്യമായ ഒരാശയം ഉണ്ടായിരുന്നില്ല. ദൈവത്തിന്റെ നിത്യേകപുത്രനായ ഈ വചനം തന്നിൽ വിശ്വസിക്കുന്ന യാതൊരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ലോകത്തിൽ മനുഷ്യനായി അവതരിച്ചു. ആ ദേഹമാണ് യേശുക്രിസ്തു. അതിനാൽ അവൻ 'ദൈവത്തിന്റെ അനന്തവും അപ്രമേയവും ആയ സ്നേഹം' മനുഷ്യവർഗത്തിനു നൽകിയ അതിമഹത്തായ ദാനമാണ്.

ഇപ്രകാരം യേശുക്രിസ്തുവിനെ ദൈവവചനത്തിന്റെ അവതാരമായി ശിഷ്യന്മാർ ഗ്രഹിച്ചത് മാനുഷിക ബുദ്ധിയുടെ വ്യാപാരത്താലല്ല, പിന്നെയോ അവനെ കാണുകയും, കേൾക്കുകയും, കൈകൾകൊണ്ടു സ്പർശിക്കുകയും ചെയ്തതുമൂലമായിരുന്നു. നാമും അവനെ അറിയുന്നതു പരിശുദ്ധാത്മ പ്രചോദനത്താൽ അവനെ നേരിട്ടു അനുഭവിക്കുന്നതുമൂലമത്രെ. വചനം ജഡമായിത്തീർന്നതിനാൽ 'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ' അവൻ അധികാരം നൽകി. ജഡരക്തങ്ങൾ വഴി മാതാപിതാക്കളുടെ ഇഷ്ടത്താലുള്ള ജനനം മുഖാന്തരമല്ല നാം ദൈവമക്കളാകുന്നത്. പിന്നെയോ വഴിയും സത്യവും ജീവനും ആയ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ഉള്ള പുനർജനനം വഴിയത്രെ. ദൈവമക്കളായിത്തീരുന്നവർക്ക് ആത്മീയ ഭക്ഷണമായി യേശുക്രിസ്തു സ്വർഗ്ഗീയ അപ്പമായ തന്നെ സ്വയം നൽകുന്നു. അതു ഭക്ഷിച്ച് ആദ്ധ്യാത്മിക ജീവൻ പ്രാപിച്ചുകൊണ്ട് ഒരു മുന്തിരിവള്ളിയുടെ കൊമ്പ് എങ്ങനെ തായ്ത്തടിയുമായിച്ചേർന്നു കഴിയുന്നുവോ അതുപോലെ യേശു

1. 'ജഡം' എന്ന വാക്കിന് വളരെ വ്യാപകമായ അർത്ഥം വേദപുസ്തകത്തിലുണ്ട്. 'വചനം ജഡം ആയിത്തീർന്നു' (യോഹന്നാൻ 1:14) എന്നുള്ള പ്രസ്താവനയിൽ 'പൂർണ മനുഷ്യത്വം' എന്ന അർത്ഥത്തിലാണ് 'ജഡം' ഉപയോഗിച്ചിരിക്കുന്നത്.

www.malankaralibrary.com

ക്രിസ്തുവുമായി നേരിട്ടുള്ള ബന്ധം പുലർത്തി ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് അവൻെറ ശിഷ്യന്മാർ.

മനുഷ്യർ യേശുക്രിസ്തുവിൻെറ ശിഷ്യപദം സ്വീകരിച്ച് ദൈവമക്കളായിത്തീരുവാനുള്ള സാദ്ധ്യത കേവലം ഒരു പ്രത്യേക കാലത്തേക്കോ സ്ഥലത്തേക്കോ മാത്രമുള്ളതല്ല. അതു സ്ഥല കാലങ്ങൾക്കതീതമായി നിലനിൽക്കുന്നു എന്നുള്ള സത്യമാണ് യേശുക്രിസ്തുവിൻെറ പുനരുത്ഥാനവും തേജസ്കരണവും വെളിവാക്കുന്നത്. മാത്രവുമല്ല, ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ അവൻ ഒരു ശിഷ്യസമൂഹത്തെ സംഘടിപ്പിച്ചിരുന്നു. അവരോടുകൂടെ എന്നേക്കും ഇരുന്നു വ്യാപരിപ്പാനായി, തൻെറ പുനരുത്ഥാനശേഷം അവൻ അവർക്കു പരിശുദ്ധാത്മാവിനെ നൽകി. ഈ വിധത്തിൽ ഓരോ കാലത്തും ദേശത്തും ഉള്ള സർവമനുഷ്യരും ദൈവമക്കളായിത്തീരുവാൻവേണ്ടി സുവിശേഷദൂതു പ്രദാനം ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ അവൻ തന്നെ ചെയ്തു.

മേൽ വിവരിച്ച വിധത്തിൽ വചനം ജഡധാരണം ചെയ്ത ദേഹമായി വി. പൗലൊസ് യേശുക്രിസ്തുവിനെപ്പററി പ്രസ്താവിക്കുന്നില്ല. എന്നാൽ അവനെപ്പററി സമുന്നതമായ ആശയങ്ങൾ പൗലൊസിൻെറ ലേഖനങ്ങളിൽ ദർശിക്കാവുന്നതാണ്. അവയിൽ സർവപ്രധാനമായ രണ്ടു ഭാഗങ്ങൾ എടുത്തു കാണിക്കാം. ഫിലിപ്പ്യർക്ക് എഴുതിയ ലേഖനത്തിൽ (2:6–8) വി. പൗലൊസ് ഇപ്രകാരം എഴുതുന്നു: 'ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ' യേശുക്രിസ്തു 'ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി'ത്തീർന്നു. അഥവാ, ദൈവത്തോടുള്ള സമത്വത്തിലും ദൈവരൂപത്തിലും നിത്യതയിൽ സ്ഥിതിചെയ്തിരുന്ന അവസ്ഥയിൽ നിന്നു താണിറങ്ങി ദാസവേഷം അവലംബിച്ചവനാണ് യേശുക്രിസ്തു. കൊലൊസ്യർക്കെഴുതിയ ലേഖനത്തിൽ വി. പൗലൊസു ചെയ്യുന്ന പ്രസ്താവനയും ഇവിടെ പ്രത്യേകം സംഗതമാണ്. നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പ് പുത്രൻ മുഖാന്തരമാണു ലഭ്യമാകുന്നത്. ആ പുത്രൻ 'അദൃശ്യനായ ദൈവത്തിൻെറ പ്രതിമയും സർവ സൃഷ്ടിക്കും ആദ്യജാതനും ആകുന്നു.' അവൻ മുഖാന്തരം 'സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ സർവവും' സൃഷ്ടിക്കപ്പെട്ടു. മാത്രമല്ല സർവവും നിർമ്മിക്കപ്പെട്ടതുതന്നെ അവനുവേണ്ടിയാണ്. 'അവൻ സർവത്തിനും മുമ്പേയുള്ള'വനും, സർവ്വത്തിനും

www.malankaralibrary.com

ആധാര'മായിരിക്കുന്നവനും ആകുന്നു. 'ദൈവത്തിന്റെ സർവ്വ സമ്പൂർണതയും ദേഹരൂപമായി' യേശുക്രിസ്തുവിൽ വസിക്കുന്നു. അവൻ 'എല്ലാ വാഴ്ചകൾക്കും അധികാരത്തിനും' അതീതനായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. (കൊലൊ. 1:15–20) വി. പൗലൊസിന്റെ ദൃഷ്ടിയിൽ യേശുക്രിസ്തു സർവ്വ സൃഷ്ടിയുടെയും ആരംഭകർത്താവും, അടിസ്ഥാനവും ലക്ഷ്യവും ആയ ദൈവത്തിന്റെ നിത്യേക പുത്രൻ മനുഷ്യനായി അവതരിച്ച ദേഹമാണ്.

(f) *യേശുക്രിസ്തു ലോകരക്ഷിതാവ്*

യേശുക്രിസ്തു തന്റെ സേവനലക്ഷ്യമായി യെശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽ എടുത്തുപറയുന്ന യഹോവയുടെ ദാസന്റെ പാരമ്പര്യം സ്വീകരിച്ചു എന്നു മുകളിൽ കണ്ടുവല്ലൊ. ഇതുമൂലം അവന്റെ ക്ലേശാനുഭവത്തിനും മരണത്തിനും രക്ഷണ്യമായ വില കല്പിക്കുവാൻ ആദിമസഭയ്ക്കു കഴിഞ്ഞു. യാതൊരു അധർമവും ചെയ്യാതെ അവൻ പീഡയും ക്രൂശുമരണവും സഹിക്കുകയും, അതുമൂലം യെശയ്യാപ്രവാചകൻ, യഹോവയുടെ ദാസനെപ്പററി ചെയ്തിരുന്ന ദീർഘദർശനം യേശുക്രിസ്തു നിവർത്തിക്കുകയും ചെയ്തു എന്നുള്ളതായിരുന്നു അവന്റെ ശിഷ്യന്മാർ പ്രസംഗിച്ച സുവിശേഷം.

എന്നാൽ ഇവിടെ, പീഡാനുഭവത്തിൽ യേശു നല്കിയത് ആർക്കാണ് എന്ന ചോദ്യം സംഗതമാണ്. അത് യെഹൂദമതത്തിൽപ്പെട്ടവർക്കു മാത്രമോ? യഹൂദേതരരും ആ രക്ഷയ്ക്ക് അർഹരോ? ഈ പ്രശ്നം സഭയുടെ ആരംഭകാലത്തുതന്നേ ഉന്നയിക്കപ്പെട്ടു എന്ന് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം സാക്ഷിക്കുന്നു. വി. പൗലൊസിന്റെ ലേഖനങ്ങളിൽ പലയിടങ്ങളിലും അതിന്റെ സൂചനകൾ കാണുവാനുമുണ്ട്.

ക്രിസ്തീയ പ്രസ്ഥാനത്തെ യെഹൂദമതത്തിലെ ഒരു അവാന്തര വിഭാഗമായിക്കരുതി പ്രവർത്തിച്ചാൽ മതിയെന്നു വാദിക്കുന്ന ഒരു കൂട്ടം ആളുകൾ ആദിമസഭയിലുണ്ടായിരുന്നു എങ്കിലും, ക്രമേണ ആ നിലപാടിനെ സഭ പരിത്യജിച്ചു. അതിന്റെ ഫലമായി, യേശുക്രിസ്തു മനുഷ്യവർഗം മുഴുവന്റേയും രക്ഷകനാണെന്നുള്ള ആശയം പുതിയനിയമ എഴുത്തുകാർ എല്ലാവരും തന്നെ സ്വീകരിച്ചു.

ഈ വസ്തുത ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു വ്യക്തമാക്കാം. സുവിശേഷഗ്രന്ഥങ്ങളിൽ അതു പ്രത്യേകം ഊന്നിപ്പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ രക്ഷ സർവ്വസൃഷ്ടിക്കും വേണ്ടിയുള്ളതാണെന്നുള്ള വസ്തുത യേശുതന്നെ ശിഷ്യന്മാരോടു

www.malankaralibrary.com

പറഞ്ഞിരുന്ന എന്നു വി. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നു. ഉയിർത്തെഴുന്നേററ ക്രിസ്തു അവരോടു സ്വർഗത്തിലും ഭൂമിയിലും ഉള്ള സർവ അധികാരവും തനിക്കു നൽകപ്പെട്ടിരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം നൽകിയും തൻെറ കല്പനാനുസരണം ജീവിക്കുവാൻ ഉപദേശിച്ചും 'സർവജാതികളേയും ശിഷ്യരാക്കിക്കൊള്ളുവിൻ' എന്നു കല്പിച്ചു. വി. മർക്കൊസിൻെറ സുവിശേഷം 16:9 മുതലുള്ള ഭാഗത്താണു് സർവ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്നുള്ള ആജ്ഞ കാണുന്നതു്. ആ ഭാഗം മററാരോ എഴുതി സുവിശേഷത്തോടു ചേർത്തതായിരിക്കാമെങ്കിലും, അതിൽ പറയുന്ന ആശയങ്ങൾ അതിപുരാതനമായ സുവിശേഷപാരമ്പര്യത്തിൽ ഉൾപ്പെട്ടവയാണു്. മാത്രമല്ല, വി. മർക്കൊസിൻെറ സുവിശേഷഗ്രന്ഥം തന്നെ യെഹൂദേതരരിൽനിന്നു സഭയിൽ ചേർന്നവരെ പ്രത്യേകം ഉദ്ദേശിച്ചു അവർക്കു് യേശുവിൻെറ ലോകവ്യാപാരം വ്യാഖ്യാനിച്ചുകൊടുക്കുവാൻവേണ്ടി എഴുതിയിട്ടുള്ളതത്രേ. വി. ലൂക്കൊസിൻെറ സുവിശേഷം ഉയിർത്തെഴുന്നേററ ക്രിസ്തു, ശിഷ്യന്മാൎക്കു പ്രത്യക്ഷപ്പെട്ട ചില സംഭവങ്ങൾ വിവരിച്ചുകൊണ്ടു് ഉപസംഹരിക്കുന്നു. 'ക്രിസ്തു കഷ്ടത അനുഭവിക്കുകയും, മൂന്നാംനാൾ മരിച്ചവരിൽനിന്നു് ഉയിർത്തെഴുന്നേൽക്കുകയും, അവൻെറ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സർവ ജാതികളിലും പ്രസംഗിക്കുകയും വേണം എന്നുള്ളതാണു പഴയനിയമത്തിൻെറ സാക്ഷാൽ സാരം എന്നു് യേശുക്രിസ്തു ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചതായി അവിടെ കാണുന്നു. വി. യോഹന്നാൻെറ സുവിശേഷത്തിൽ യേശുക്രിസ്തുവിൽകൂടെ മാത്രമേ യാതൊരുത്തനും പിതാവിൻെറ അടുക്കൽ എത്തുവാൻ സാധിക്കയുള്ളു എന്ന ആശയം നിസ്സന്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

യേശുക്രിസ്തു ലോകൈക രക്ഷകനാകുന്നു എന്നുള്ളതാണു് വി. പൗലൊസു് വിരാമംവിനാ ചെയ്യുന്ന പ്രഖ്യാപനം. അവൻ ഒരു ഐതിഹ്യപുരുഷനോ സങ്കല്പ ആളത്തമോ അല്ലെന്നും, യഥാർത്ഥമായും ചരിത്രപുരുഷനും, അവൻെറ മനുഷ്യത്വം തികച്ചും പരിപൂർണവും ആണെന്നും വി. പൗലൊസു് ഉറപ്പായിപ്പറയുന്നു. യെഹൂദജാതിയിൽ ദാവീദുരാജാവിൻെറ വംശത്തിൽപ്പെട്ട ഒരു സ്ത്രീയിൽനിന്നു് അവൻ ഭൂജാതം ചെയ്തു. എന്നാൽ അവൻ ജനിച്ചതും ജീവിച്ചു മരിച്ചുയിർത്തെഴുന്നേററതും കേവലം യെഹൂദനുവേണ്ടി മാത്രമായിരുന്നില്ല. പിന്നെയോ, ന്യായപ്രമാണത്തിലും മതപരമായ അനുഷ്ഠാനങ്ങളിലും പ്രശംസിച്ചു

www.malankaralibrary.com

കൊണ്ടിരുന്ന യെഹൂദനോട്ടം, ന്യായപ്രമാണമില്ലാതെയിരുന്നിട്ടും മനസ്സാക്ഷിയുടെ പ്രചോദനത്താൽ മാത്രം നയിക്കപ്പെട്ടുവന്ന യെഹൂദേതരനോട്ടം—ഒരുപോലെ-രക്ഷയുടെ അനുഭവം അറിയിക്കുവാനാണ് യേശു വന്നതു്.

യേശുക്രിസ്തു തന്റെ ലോകജീവിത വ്യാപാരംമൂലം ദൈവത്തിന്റെ അപ്രമേയമായ ഉദ്ദേശ്യം നിർവഹിച്ചു. വി. പൗലൊസ് ആ ദൈവോദ്ദേശ്യത്തെ മൂന്നു വിധത്തിൽ വിവരിക്കുന്നു.

**ഒന്ന്:** യെഹൂദനെന്നോ യെഹൂദേതരനെന്നോ ഉള്ള വ്യത്യാസം കൂടാതെ മനുഷ്യവർഗം മുഴുവനും ദൈവിക ജീവനിൽ നിന്ന് അകന്നു തിന്മയ്ക്കു അധീനരായി ജീവിച്ചുവന്നു. മനുഷ്യനു തന്റെ സ്വന്തം യത്നത്താലൊ പുണ്യപ്രവൃത്തികളാലൊ ഈ വീഴ്ചയിൽനിന്നു വിടുതൽ പ്രാപിക്കുക സാധ്യമല്ലായിരുന്നു. ഈ നിസ്സഹായാവസ്ഥയിൽനിന്ന് അവനെ ഉദ്ധരിക്കുക യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വ്യാപാരത്തിനു നിദാനമായ ദൈവോദ്ദേശ്യമത്രേ. അഥവാ, പാപത്തിനധീനനായി ദൈവത്തോടുള്ള ബന്ധത്തിൽനിന്നു വീണുപോയ മനുഷ്യനെ ദൈവവുമായി സംയോജിപ്പിക്കുക എന്നതു യേശുക്രിസ്തു ലോകത്തിൽ നിർവഹിച്ച വ്യാപാരത്തിന്റെ ശ്രേഷ്ഠ ഉദ്ദേശ്യങ്ങളിൽ ഒന്നായിരുന്നു.

**രണ്ട്:** ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യർ അന്യോന്യവും അകന്നുപോയിരുന്നു. തൽഫലമായി യെഹൂദനും, പുറജാതിക്കാരനും, യവനനും, ബർബരനും എന്നുവേണ്ട മനുഷ്യർ എല്ലാവരുംതന്നെ പരസ്പരം വേർതിരിവും അകൽച്ചയും പുലർത്തി ജീവിക്കുന്ന ഒരു പരിതഃസ്ഥിതി ലോകത്തിൽ ആവിർഭവിച്ചു. അതിനെ ഇല്ലാതെയാക്കി മനുഷ്യരെ ഒരുമിച്ചു ചേർത്തു്, ദൈവികജീവനിൽ വളർന്നുവരുന്ന ഒരു മനുഷ്യജാതിയാക്കിത്തീർക്കുവാൻ യേശുക്രിസ്തു ലോകത്തിൽ അവതരിച്ചു. ഇങ്ങനെ മനുഷ്യനെ മനുഷ്യനുമായി ദൈവം കേന്ദ്രമായിട്ടുള്ള സംയോജിപ്പിൽ വരുത്തുവാൻ ആവശ്യമായ ആദ്ധ്യാത്മികാടിസ്ഥാനം നൽകുക യേശുക്രിസ്തുവിന്റെ വ്യാപാരത്തിനു നിദാനമായ മറെറാരു ശ്രേഷ്ഠോദ്ദേശ്യം ആയിരുന്നു.

**മൂന്ന്:** പാപംമൂലം മനുഷ്യജാതിക്കു മാത്രമല്ല, സൃഷ്ടിക്കു മുഴുവനുംതന്നെ വൈകല്യം ഭവിച്ചിരുന്നു. യേശുക്രിസ്തു ലോകത്തിൽവന്നതു സൃഷ്ടിയെ സമൂലം യഥാസ്ഥാനപ്പെടുത്തുവാൻ വേണ്ടിയായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ വി. പൗലൊസിന്റെ ദൃഷ്ടിയിൽ ആദ്യമനുഷ്യനിൽ തുടങ്ങിയതും പാപത്താൽ അധഃപതന

www.malankaralibrary.com

വിധേയമായിത്തീർന്നുപോയതുമായ മനുഷ്യവർഗ്ഗത്തിനും, തന്മൂലം സൃഷ്ടികൾക്കുമുഴുവനും, വിജയപൂർവമായ ഒരു നവാരംഭം യേശുക്രിസ്തുവിലുണ്ടായി. യെഹൂദനും യെഹൂദേതരനും ഒരുപോലെ അവൻ പാപമോചനം നൽകി, ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള അവകാശം അവർക്കു ദാനം ചെയ്തു. മനുഷ്യന്റെ പാപം മൂലം അവൻ മരിച്ചു എങ്കിലും പാപരഹിതനായ അവനെ കീഴടക്കുവാൻ മരണത്തിനു കഴിഞ്ഞില്ല. തന്മൂലം അവൻ മരണത്തെ വിജയിച്ചു ഉയിർത്തെഴുന്നേററു സ്വർഗാരോഹണം ചെയ്തു പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുകയും, തന്നിൽ വിശ്വസിക്കുന്ന സർവരേയും തത്ത്വത്തിൽ തന്നോടുകൂടെ ഇരുത്തുകയും ചെയ്തു. ഇപ്രകാരം ക്രിസ്തുവിൽ തുടങ്ങി രൂപം പ്രാപിക്കുന്ന പുതിയ മനുഷ്യജാതിയിൽ യെഹൂദനെന്നോ പുറജാതിക്കാരനെന്നോ ഉള്ള വ്യത്യാസം കൂടാതെ പുരുഷനും സ്ത്രീക്കും ഒരുപോലെ പ്രവേശനം ഉണ്ട്. മനുഷ്യജാതിക്കു മുഴുവനും വേണ്ടി എന്നേക്കുമായി നൽകപ്പെട്ട ഈ നവജീവാനുഭവം യേശുക്രിസ്തുവിൽ കേന്ദ്രമായി നിത്യജീവനിലേക്കു നയിക്കുന്നതാകുന്നു.

പ്രപഞ്ചത്തിനാകമാനമുള്ള വീണ്ടെടുപ്പ് ഇപ്രകാരം എന്നേക്കുമായി നിർവഹിക്കുവാൻ ദൈവത്തിന്റെ വശത്തുനിന്നു വന്നവനായ ഈ യേശുക്രിസ്തുവിനെ ദൈവതുല്യം ആരാധിക്കുവാനും അവന്റെ കൃപയും സഹായവും അഭ്യർത്ഥിക്കുവാനും പൗലൊസ് മടിക്കുന്നില്ല. മാത്രമല്ല, ജീവിക്കുന്നതു ക്രിസ്തുവിനുവേണ്ടിയും അവന്റെ ശക്തിയിലും ആണെന്നു അപ്പൊസ്തലൻ ഉറപ്പിച്ചു പറയുന്നു.

## 5. ഉപസംഹാരം

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായി പുതിയനിയമം ഊന്നിപ്പറയുന്നത് യേശുക്രിസ്തുവിന്റെ ഉപദേശമഹിമയോ, ദൃഷ്ടാന്തമോ, ജീവിതമാതൃകയോ ഒന്നുമല്ല, പിന്നെയോ, ലോകജീവിതം, മരണം, പുനരുത്ഥാനം, മഹത്ത്വീകരണം ആദിയായവ മൂലം അവൻ ലോകത്തിനു മുഴുവനും രക്ഷ വരുത്തി എന്നും, ആ രക്ഷ അവനിലുള്ള വിശ്വാസവും സമർപ്പണജീവിതവും വഴി അനുഭവമാക്കുവാൻ കഴിയും എന്നുമുള്ള സുവിശേഷമാണ്. അഥവാ, പുതിയനിയമം യേശുക്രിസ്തുവിന്റെ ആളത്തത്തെയും അവൻ എന്നേക്കുമായി നിർവഹിച്ച രക്ഷയേയും ആണ് ഉദ്ഘോഷിക്കുന്നത്. യേശുക്രിസ്തു ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി സ്ഥിതി ചെയ്യുന്നു. അവൻ മനുഷ്യന് ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുകയും ദൈവത്തിങ്കലേക്കു മനുഷ്യനെ ഉയർത്തുകയും ചെയ്യുന്നു.

www.malankaralibrary.com

# 2

# രണ്ടും, മൂന്നും, നാലും നൂററാണ്ടുകളിലെ വേദശാസ്ത്ര വ്യാഖ്യാനങ്ങൾ

പുതിയനിയമകാലം കഴിഞ്ഞു രണ്ടാം നൂററാണ്ടിലേയ്ക്കു പ്രവേശിച്ച സഭയുടെ ചരിത്രം സർവ വിശദാംശങ്ങളും ചേർത്തു എഴുതുവാൻ പര്യാപ്തമായ രേഖകൾ നമുക്കു ലഭിച്ചിട്ടില്ല. 'അപ്പൊസ്തലിക പിതാക്കന്മാർ' എന്നറിയപ്പെടുന്ന അപ്പൊസ്തല ശിഷ്യന്മാരുടെ ചില ഗ്രന്ഥശാലകളാണ് രണ്ടാം ശതകത്തിന്റെ പൂർവാർദ്ധത്തിലെ ക്രൈസ്തവ സഭാചരിത്രവും ചിന്താഗതികളും ഗ്രഹിക്കുവാൻ നമ്മെ സഹായിക്കുന്ന രേഖകൾ. അന്ത്യോക്യയിലെ ഇഗ്നാത്യോസ്, റോമായിലെ ക്ളെമന്റ്, സ്മുന്നായിലെ പോളിക്കാർപ്പ്, ഹൈറോപ്പോലിസിലെ പാപ്പിയിസ് ആദിയായവരെ ആണ് അപ്പൊസ്തലിക പിതാക്കന്മാർ എന്നു പറഞ്ഞുവരുന്നതു്.1 ഇവരിൽ യേശുക്രിസ്തുവിനെപ്പററി എല്ലാവരേക്കാൾ കൂടുതലായി പ്രതിപാദിക്കുന്നത് അന്ത്യോക്യയിി ഇഗ്നാത്യോസാണ്.2

## 1. അപ്പൊസ്തലിക പിതാക്കന്മാർ— അന്ത്യോക്യയിലെ വി. ഇഗ്നാത്യോസ്

യേശുക്രിസ്തുവിനെപ്പററി പല ആശയങ്ങളും, പുതിയനിയമത്തിൽ കാണുന്നുണ്ടെങ്കിലും പിൽക്കാലത്തെ സഭ അവയിൽ ഏററം പ്രധാനമായിക്കരുതിയത് വചനമായ ദൈവം മനുഷ്യനായി അവതരിച്ച ദേഹമായിരുന്നു അവൻ എന്നുള്ള വസ്തുതയത്രേ. ഇതിന്റെ ഫലമായി ആദിമുതൽക്കെ രണ്ടാശയങ്ങൾ വേദശാസ്ത്രജ്ഞന്മാർ ഊന്നിപ്പറഞ്ഞുവന്നു. ഒന്നാമത്, യേശു

---

1. ബർന്നബാസിന്റെ ലേഖനം, ഹെർമ്മാസിന്റെ ഇടയൻ (Shepherd of Hermas) ഈ രണ്ടു ഗ്രന്ഥങ്ങളും അപ്പൊസ്തലിക പിതാക്കൻമാരുടെ കാലത്തു രചിക്കപ്പെട്ടവയാണ്. എന്നാൽ അവയുടെ എഴുത്തുകാരെപ്പററി നമുക്കു കാര്യമായ അറിവ് ഒന്നും ലഭിച്ചിട്ടില്ല.

2. വി. പത്രൊസിനുശേഷം രണ്ടാം അനന്തരഗാമിയായി അന്ത്യോക്യയിലെ സഭാദ്ധ്യക്ഷനായിരുന്ന ഇഗ്നാത്യോസ്. ട്രാജൻ ചക്രവർത്തിയുടെ കാലത്ത് (98-117) റോമായിലെ നാടകശാലയിൽ വച്ചു വന്യമൃഗങ്ങളുടെ ഇടയിൽ ഇട്ട് ഇഗ്നാത്യോസ് വധിക്കപ്പെട്ടു. അന്ത്യോക്യയിൽ നിന്നു റോമായിലേക്കുപോകുന്നവഴി പലർക്കായി ഇഗ്നാത്യോസ് എഴുതിയ ലേഖനങ്ങളാണ് ഈസഭാപിതാവിന്റെ ഗ്രന്ഥങ്ങളായി അവശേഷിക്കുന്നത്.

www.malankaralibrary.com

ക്രിസ്തു ദൈവത്തിൻെറ വചനം ജഡമായിത്തീർന്ന ദേഹമാകയാൽ അവൻ ദൈവവും മനുഷ്യനും ആയിരുന്നു. രണ്ടാമത്, ദൈവവും മനുഷ്യനും ആയ യേശുക്രിസ്തു ഏക ആളത്തമായിരുന്നു. ഈ രണ്ടു് ആശയങ്ങളും ശരിയായി പുലത്തി സഭയുടെ വിശ്വാസം എങ്ങനെ നിലനിർത്തുവാൻ കഴിയും എന്നതായിരുന്നു പുരാതന സഭയുടെ വേദശാസ്ത്രപരമായ യത്നത്തിൻെറ പിന്നിൽ കിടന്ന യഥാൎത്ഥ ലക്ഷ്യം.

അപ്പൊസ്തലിക പിതാക്കന്മാരിൽ യേശുക്രിസ്തുവിൻെറ ആളത്തം അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാനം സംബന്ധിച്ചു ഏററം പ്രാധാന്യം അർഹിക്കുന്ന അന്ത്യോക്യയിലെ ഇഗ്നാത്യോസ് യേശുക്രിസ്തുവിനെപ്പററി ചെയ്തിരിക്കുന്ന ചില പ്രസ്താവനകൾ ഈ ചുററുപാടിൽ ശ്രദ്ധേയങ്ങളത്രെ. രണ്ടു് അഭിപ്രായഗതികളെ ഇഗ്നാത്യോസ് ശക്തിപൂർവം എതിർത്തു. ഒന്നാമത്, യേശുക്രിസ്തു പ്രവാചകന്മാരിൽ ഒരാൾ മാത്രമായിരുന്നു എന്നുള്ള ചിന്താഗതി. അതിനെതിരായി യേശുക്രിസ്തുവിനെ ദൈവം എന്നു് ഇഗ്നാത്യോസ് വിളിക്കുന്നു.1 'നമ്മുടെ ദൈവമായ യേശുക്രിസ്തു ദൈവത്തിൻെറ ഉദ്ദേശ്യാനുസരണം ദാവീദിൻെറ സന്തതിയിൽനിന്നു് ഉൽപാദിതനായി മറിയാമിൽ ഗർഭസ്ഥിതനായി' എന്നു പ്രസ്താവിച്ചിരിക്കുന്നു. രണ്ടാമത്, യേശുക്രിസ്തുവിൻെറ മനുഷ്യാവതാരം, പീഡാനുഭവം, പുനരുത്ഥാനം ഇവ ബാഹ്യമായി മനുഷ്യർ ദർശിച്ചു എങ്കിലും, അവ വാസ്തവത്തിൽ നടന്ന ചരിത്രസംഭവങ്ങളല്ലായിരുന്നു എന്നുള്ള ചിന്താഗതി2. മറിയാമിൽനിന്നു ജനിച്ച ദാവീദിൻ സന്താനമായ യേശുക്രിസ്തുവിനെ അവഗണിക്കുന്ന യാതൊരു സംസാരവും നിങ്ങൾ കൈക്കൊള്ളരുതു്'' എന്നു് ഇഗ്നാത്യോസ് നിഷ്കർഷിക്കുന്നു. 'അവൻ യഥാർത്ഥമായി ജനിക്കുകയും, ഭക്ഷിച്ചു കുടിക്കുകയും, പൊന്തിയോസ് പീലാത്തോസിൻെറ ആജ്ഞയാൽ യഥാൎത്ഥമായും പീഡിപ്പിക്കപ്പെടുകയും, വാസ്തവമായും ക്രൂശിതനായി മരിക്കുകയും ചെയ്തതിനെ സ്വർഗത്തിലും ഭൂമിയിലും അധോലോകത്തിലും ഉള്ളവർ ദർശിച്ചിട്ടുള്ളതാണ്; മരിച്ചവരുടെ ഇടയിൽനിന്ന് അവൻ യഥാർത്ഥമായും ഉയിർത്തെഴുന്നേററു: തൻെറ പിതാവ് അവനെ ഉയിർപ്പിച്ചു.

യേശുക്രിസ്തു ദൈവവും മനുഷ്യനുമാണെന്നുള്ള ആശയം ഇഗ്നാത്യോസ് സദാ ഉറപ്പിച്ചു പറയുന്നുണ്ടു്. ഒരു ദൈവമേ

---

1. ഇഗ്നാത്യോസ് എഫേസ്യർക്കെഴുതിയ ലേഖനം 18.
2. ടി ട്രല്ലർക്ക് എഴുതിയ ലേഖനം 9.

www.malankaralibrary.com

ഉള്ള; ആ ദൈവം തന്റെ ഏക പുത്രനായ യേശുക്രിസ്തുവിൽ കൂടെ സ്വയം വെളിപ്പെടുത്തി. നിത്യമായ നിശ്ശബ്ദതയിൽ നിന്നും സംസാരിക്കപ്പെടുന്ന ദൈവത്തിന്റെ വചനമാകുന്നു യേശുക്രിസ്തു. അതുകൊണ്ട് അവൻ പിതാവായ ദൈവത്തിന്റെ ചിന്ത ആകുന്നു.

പിതാവായ ദൈവത്തിന്റെ വചനവും ചിന്തയും ആയി നിത്യമായ നിശ്ശബ്ദതയിൽ സ്ഥിതിചെയ്തിരുന്ന നിലയിൽ നിന്ന് അവൻ ശരീരധാരണം ചെയ്ത് മനുഷ്യനായി ലോകത്തിൽ അവതരിച്ചു.[1] അങ്ങനെ വെളിപ്പെട്ടത് പരിശുദ്ധാത്മ വ്യാപാരത്താൽ കന്യകമറിയാമിൽ നിന്ന് ആയിരുന്നു. അതുമൂലം സ്ഥലകാലങ്ങൾക്കും വൈകാരികാനുഭവങ്ങൾക്കും അതീതനായ അദൃശ്യൻ നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്ഥലകാലപരിമിതികൾക്കുള്ളിൽ കഷ്ടതയ്ക്കും വേദനയ്ക്കും വിധേയനായ അദൃശ്യനായി അവതരിച്ചു. നമ്മുടെ വൈദ്യനായി അവൻ വന്നു. യേശുക്രിസ്തുവിന്റെ ആളത്ത ഐക്യവും ഇഗ്നാത്യോസ് ഊന്നിപ്പറയുന്നതു് പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ രക്തത്തെ ദൈവത്തിന്റെ രക്തം എന്നും, പീഡാനുഭവത്തെ 'എന്റെ ദൈവത്തിന്റെ പീഡാനുഭവം' എന്നും, മററും അവൻ വിവരിക്കുന്നു.[2] അഥവാ യേശുക്രിസ്തുവിന്റെ മാനുഷികമായ അനുഭവങ്ങൾ ദൈവത്തിന്റെ അനുഭവങ്ങളായി വ്യാഖ്യാനിക്കുന്നു.

യേശുക്രിസ്തു ദൈവവും മനുഷ്യനും ആണെന്നും, അവന്റെ ആളത്തം ഒന്നാണെന്നും ഉള്ള രണ്ടാശയങ്ങളും ഇഗ്നാത്യോസ് ഊന്നിപ്പറയുന്നു.

## 2. വിശ്വാസ സംസ്ഥാപകർ

രണ്ടാം ശതാബ്ദത്തിൽ ക്രൈസ്തവസഭയ്ക്ക് ഏററം ഗുരുതരമായ രണ്ടു പ്രാതികൂല്യങ്ങൾ തരണം ചെയ്യേണ്ടതായി വന്നുകൂടി. അവയിൽ ഒന്നു റോമാസാമ്രാജ്യത്തിൽ നടമാടിക്കൊണ്ടിരുന്ന ക്രൈസ്തവപീഡനവും മറേറത് ഗ്രീക്കുതത്ത്വചിന്തയുടെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന ആദ്ധ്യാത്മിക പ്രതിരോധവും ആയിരുന്നു. ഇവ രണ്ടിനേയും കണക്കിലെടുത്തുകൊണ്ടു സഭയുടെ വിശ്വാസം സംരക്ഷിക്കുവാൻ ക്രൈസ്തവ ചിന്തകന്മാരിൽ പലരും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ

---

1. മഗ്നീഷ്യർക്കു് എഴുതിയ ലേഖനം 8.
2. എഫെസ്യർക്കു് എഴുതിയ ലേഖനം 6.

www.malankaralibrary.com

മിക്കതിലും യേശുക്രിസ്തുവിന്റെ ആളത്തത്തെപ്പററി ആ എഴുത്തുകാരുടെ ചിന്താഗതി വിവരിക്കുന്നു. ക്രിസ്തേതരരായ ചക്രവർത്തിമാരുടെയും മററു നേതാക്കന്മാരുടെയും ദൃഷ്ടിയിൽ ക്രിസ്തീയ വിശ്വാസം ആകർഷകമായി ചിത്രീകരിച്ചു കാണിക്കുക എന്നതായിരുന്നു ആ എഴുത്തുകാരുടെ ലക്ഷ്യം. അതിനായി സഭയുടെ വിശ്വാസം ഗ്രീക്കു തത്വചിന്തയുമായി പൊരുത്തമുള്ളതും ബുദ്ധിപരമായി പരിപൂർണമായും അംഗീകാരയോഗ്യവും ആണെന്ന് അവർ വാദിച്ചു.

അവർ നൽകിയ വ്യാഖ്യാനം പൊതുവെ ഏതാണ്ടിപ്രകാരം ആയിരുന്നു: ദൈവം ഏകനാണ്. എന്നാൽ ആ ഏക ദൈവത്തിനു ചിന്തയും മനസ്സും ഉണ്ട്. ദൈവത്തിന്റെ ചിന്തയും മനസ്സുമാണ സൃഷ്ടിയിലും ദൈവിക വെളിപാടിലും പ്രകടിതമാകുന്നത്. യേശുക്രിസ്തുവിൽ അത് ഒരിക്കലായി സമ്പൂർണമായ വിധത്തിൽ വെളിപ്പെട്ടു. അതിനാൽ യേശുക്രിസ്തു ദൈവത്തിന്റെ ചിന്തയും മനസ്സും മനുഷ്യനായി അവതരിച്ച ദേഹമാണ്.

ഈദൃശ വ്യാഖ്യാനത്തിനു യവന തത്വചിന്തയിൽ കേന്ദ്രീകൃതമായിരുന്ന 'ലോഗോസ്'' അവർക്കു സഹായകമായിത്തീർന്നു. ഈ പദം യെഹൂദ തത്വചിന്തകന്മാർ ഉപയോഗത്തിലെടുക്കുകയും പഴയനിയമത്തിലെ ചില ഭാഗങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്തു എന്നും, വി. യോഹന്നാന്റെ സുവിശേഷം ഈ പദം അംഗീകരിച്ചു എന്നും മുകളിൽ കണ്ടുവല്ലൊ. ഈ ദൃഷ്ടാന്തം ക്രിസ്തീയ സുവിശേഷത്തിന്റെ സത്യതയെ യവനതത്വചിന്തകന്മാരുടെയും റോമാ സാമ്രാജ്യാധിപതികളുടെയും മുമ്പിൽ ഘോഷിക്കുവാൻ അവർക്കു മാർഗദർശിതം നൽകി എന്നു പറയാം.

ഈ എഴുത്തുകാർ യേശുക്രിസ്തുവിന്റെ ആളത്തത്തെപ്പററി സുദീർഘമായ പ്രതിപാദനം നടത്തിയിട്ടില്ലെന്നു വരികിലും, അവൻ ദൈവവും മനുഷ്യനും ആണെന്നുള്ള ആശയവും അവന്റെ ആളത്തൈക്യവും നിലനിർത്തിവന്നു എന്നു പറയാം.

## 3. ഐറേനിയോസ്

ഏഷ്യാമൈനർ ദേശക്കാരനായിരുന്ന ഐറേനിയോസ് പ്രായപൂർത്തി ആയശേഷം ഗോളിലെ[1] (Gaul) ലിയോൺസ് (Loyns) എന്ന പ്രദേശത്തു കുടിയേറിപ്പാർക്കുകയും, അവിടെവച്ചു

1. ആധുനിക ഫ്രാൻസിന്റെ പടിഞ്ഞാറുഭാഗം ഗോൾ എന്ന് അറിയപ്പെട്ടിരുന്നു.

www.malankaralibrary.com

കശ്ശീശായും ബിഷോപ്പും ആയി ഉയർത്തപ്പെടുകയും ചെയ്തു. സമാദരണീയമായ വിധത്തിൽ സഭയുടെ വിശ്വാസം പുലർത്തുകയും ക്രിസ്തീയ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്ത ഐറേനിയോസ് രചിച്ച 'The Refutation and Overthrow of the Knowledge Falsely Called' എന്ന സുപ്രസിദ്ധ ഗ്രന്ഥം ഇന്നു നമുക്കു ലഭ്യമാണ്. ആ ഗ്രന്ഥത്തിൽ ജ്ഞാനത്തെപ്പററി സുദീർഘമായി പ്രതിവാദിക്കുകയും, അതിനെ വിമർശിക്കുന്നതിനോടുകൂടി സഭയുടെ വിശ്വാസം പരാമർശിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തു ദൈവവും മനുഷ്യനും ആണ് എന്നുള്ള ആശയം ഐറേനിയോസ് ഊന്നിപ്പറയുന്നു. ദൈവം എന്ന നിലയിൽ അവൻ പിതാവിൽനിന്നു് അവർണനീയമായ വിധത്തിൽ ജനിച്ച ദൈവപുത്രനാണ്. പിതാവായ ദൈവവും പുത്രനായ ദൈവവും തമ്മിലുള്ള ബന്ധം എന്തെന്നു വ്യാഖ്യാനിക്കുവാനായി ഐറേനിയോസ് 'ലോഗോസ്' എന്ന പദം ഉപയോഗിക്കുന്നു. പുത്രനായ ദൈവം പിതാവായ ദൈവത്തിൻെറ ലോഗോസ് (വചനം) ആണ്. ദൈവം ഏകനാണ്. ആ ദൈവത്തിൻെറ വചനമാണു പുത്രൻ.

ദൈവത്തിൻെറ വചനം ദൈവത്തെ വെളിപ്പെടുത്തുന്നു. പഴയനിയമകാലത്തു നടന്നിട്ടുള്ള ദൈവിക വെളിപ്പാടുകളിൽ വ്യാപരിച്ചതു് ഈ വചനം ആയിരുന്നു. 'സർവത്തേയും ഭരിക്കുകയും സർവത്തിനും സ്ഥിതിത്വം നൽകുകയും ചെയ്യുന്ന പിതാവായ ഏക ദൈവം ഉണ്ടെന്നുള്ള വസ്തുത വചനംമൂലമാണു് സൃഷ്ടികൾ അറിയുന്നതു്.[1] മാത്രവുമല്ല, 'ഏക ദൈവം സർവത്തേയും നിർമിച്ചു ക്രമീകരിക്കുന്നതു തൻെറ വചനത്താലും ജ്ഞാനത്താലുമത്രേ.[2]'

ഈ വചനം മനുഷ്യനെ ദൈവവുമായി സംയോജിപ്പിക്കുവാൻവേണ്ടി കാലത്തികവിങ്കൽ മനുഷ്യനായിത്തീർന്നു. മനുഷ്യനായി അവതരിക്കുന്നതിനു മുമ്പ് വചനമായ ദൈവം നിത്യമായി സ്ഥിതി ചെയ്തിരുന്നു. അവൻ മനുഷ്യനായി അവതരിച്ചതു് പരിശുദ്ധാത്മ വ്യാപാരത്തിൽ കന്യകമറിയാമിൽനിന്നു് ആയിരുന്നു. മനുഷ്യാവതാരവും യേശുക്രിസ്തുവിൻെറ പീഡാനുഭവവും ജീവിത വ്യാപാരങ്ങളും പരിപൂർണമായും

1. Refutation, book IV, 20:6. 2. Ibid 20:4.

www.malankaralibrary.com

യഥാർഥമായിരുന്നു. അതിനാൽ യേശുക്രിസ്തു വാസ്തവമായും ദൈവവും മനുഷ്യനും ആയിരുന്നു എന്ന് ഐറേനിയോസ് ഉറപ്പിച്ചു പറഞ്ഞു.

യേശുക്രിസ്തുവിന്റെ ആളത്ത ഐക്യവും ഐറേനിയോസ് ഊന്നിപ്പറയുന്നുണ്ട്. 'പരീക്ഷിതനാകുവാൻവേണ്ടി അവൻ മനുഷ്യനായിരുന്നതുപോലെ, മഹത്വീകരണം പ്രാപിക്കുവാൻവേണ്ടി അവൻ വചനവും ആയിരുന്നു. പരീക്ഷയും അപമാനവും ക്രൂശുമരണവും അനുഭവിപ്പാൻ അവനു സാധ്യത ഉണ്ടാകുവാൻവേണ്ടി വചനം മൗനം അവലംബിച്ചു: ദൈവത്വവുമായുള്ള സംയോജ്യതയിൽ മനുഷ്യത്വമോ, വിജയവും സഹിഷ്ണുതയും പുനരുത്ഥാനവും സ്വർഗാരോഹണവും പ്രാപിക്കയും ചെയ്തു.'[1]

ഈ മനുഷ്യാവതാരോദ്ദേശ്യം ഐറേനിയോസ് ഇപ്രകാരം വിവരിക്കുന്നു. 'ദൈവത്തിന്റെ വചനമായ നമ്മുടെ കർത്താവായ യേശുക്രിസ്തു, തന്റെ സീമാതീതമായ സ്നേഹംമൂലം താൻ ആയിരിക്കുന്ന അവസ്ഥ നമുക്കു നൽകുവാൻവേണ്ടി, നാം ആയിരിക്കുന്ന അവസ്ഥ സ്വയം സ്വീകരിച്ചു"[2] ദൈവം മനുഷ്യനായിത്തീർന്നത് ദൈവം തന്നെ നമ്മുടെ രക്ഷകനാണെന്നുള്ള സത്യം വെളിപ്പെടുത്തുവാനാണ്. പാപത്തിൽ വീണുപോയ മനുഷ്യന് ഒരു മാർഗമേ മരണത്തിനധീനമായ ജന്മത്തിൽനിന്നും വിടുതൽ പ്രാപിക്കുവാനുള്ളു എന്ന് ഐറേനിയോസ് വാദിക്കുന്നു. ആ മാർഗം ദൈവംതന്നെ ദാനം ചെയ്ത പുതിയ ജനനമത്രേ. ആ പുതിയ ജനനം കന്യകയിൽനിന്നുണ്ടായ യേശുക്രിസ്തുവിന്റെ ജനനംവഴി പ്രകടിതമായി. വിശ്വാസത്താൽ പുനർജന്മം മൂലം അതു നമുക്ക് അനുഭവമാകുകയും ചെയ്യുന്നു.[3]

യേശുക്രിസ്തു പ്രവർത്തിച്ച രക്ഷയെ ആസ്പദമാക്കി ഐറേനിയോസ് ഊന്നിപ്പറയുന്ന മറെറാരു ആശയം പ്രത്യേകം ശ്രദ്ധാർഹമാണ്. വചനമായ ദൈവം സദാ മനുഷ്യവർഗത്തോടുകൂടെ സ്ഥിതി ചെയ്യുന്നു. മനുഷ്യാവതാരംമൂലം അവൻ തന്നിൽ ഒരു പുതിയ മനുഷ്യവർഗത്തിനാരംഭമിട്ടു. ഒന്നാം ആദാം പാപത്തിനു വിധേയമായി വീഴ്ചയിൽ പതിച്ചു. യേശുക്രിസ്തു രണ്ടാമതായി വന്നു വീഴ്ചയിൽപ്പെട്ട ഒന്നാം ആദാം കടന്നു

1. Ibid book III, 19:3. 2. Ibid book V. Preface.
3. Ibid, book IV 33:4

www.malankaralibrary.com

പോയ ഓരോ ജീവിതയളവിലും പ്രവേശിക്കുകയും അതിനെ വീണ്ടെടുക്കുകയും ചെയ്തു. മനുഷ്യൻ, എല്ലാ പ്രകാരേണയും ദൈവത്തിൻെറ കൈപ്പണി ആകുന്നു. അതിനാൽ അവൻ തന്നിൽ ത്തന്നേ മനുഷ്യനെ ആകമാനം സമ്പൂർണ്ണതയിൽ എത്തിച്ചു. അദൃശ്യനായിരിക്കവേ അവൻ ദൃശ്യനായിത്തീർന്നു. ഗ്രാഹ്യ ശക്തിക്കതീതനായിരിക്കവേ അവൻ ഗ്രഹിക്കാവുന്ന നിലയിൽ സ്വയം ആക്കിത്തീർത്തു. കഷ്ടതയ്ക്കതീതനായിരിക്കവേ അവൻ കഷ്ടതയ്ക്കു വിധേയനായിത്തീർന്നു. വചനമായിരിക്കവെ അവൻ മനുഷ്യനായി അവതരിച്ചു. ഈ വിധത്തിൽ സർവ ത്തേയും അവൻ തന്നിൽ ഒരുമിച്ചുചേർത്തു.[1] അതിനാൽ യേശു ക്രിസ്തു സർവലോകത്തിൻെറയും നിത്യേക രക്ഷകനാകുന്നു.

## 4. തെർത്തുല്യൻ

ഐറേനിയോസിൻെറ സമകാലീനനായി രണ്ടാം ശതാബ്ദ ത്തിൻെറ ഉത്തരാർദ്ധത്തിലും മൂന്നാം നൂററാണ്ടിൻെറ പൂർവാർദ്ധ ത്തിലുമായി വടക്കേ ആഫ്രിക്കയിൽ ജീവിച്ച വേദശാസ്ത്രപര മായി വ്യക്തമായ സംഭാവനകൾ നൽകിയ ഒരു ക്രൈസ്തവ നേതാ വാണ് തെർത്തുല്യൻ. ഐറേനിയോസിനെപ്പോലെ ഇദ്ദേഹ വും ജ്ഞാനവാദികൾ ആദിയായ അന്നത്തെ വേദവിപരീതി കളുടെ ആശയഗതികളെ ശക്തിയുക്തം വിമർശിച്ചിട്ടുണ്ട്. തെർ ത്തുല്യൻെറ വേദശാസ്ത്രപരമായ പല കൃതികളും ഇന്നു നമുക്കു ലഭ്യമാണ്. എന്നാൽ തൻെറ ജീവിതാവസാനത്തോടടുത്തു് തെർ ത്തുല്യൻ അക്കാലത്തു പ്രചാരത്തിൽവന്ന 'മോണ്ടാനിസം'[2] എന്ന ഉണർവു പ്രസ്ഥാനത്തിൽ ചേർന്നതിനാൽ സഭ അദ്ദേഹത്തെ പരിശുദ്ധനായിക്കരുതുന്നില്ല.

തെർത്തുല്യൻ യേശുക്രിസ്തുവിനെ ദൈവവും മനുഷ്യനും ആയി ഏററുപറയുകയും, അവൻെറ ആളത്ത ഐക്യം ഊന്നിപ്പറ യുകയും ചെയ്യുന്നു. വചനമായ ദൈവത്തിൻെറ മനുഷ്യാവതാര മാകയാൽ അത്രേ അവൻ ദൈവമായിരിക്കുന്നതു്. സർവ വസ്തു ക്കളും ഉളവാകുന്നതിനു മുമ്പു ദൈവം മാത്രം സ്ഥിതി ചെയ്തി രുന്നപ്പോഴും ദൈവത്തിനു ബുദ്ധി (Reason) ഉണ്ടായിരുന്നു. ആ ബുദ്ധി പ്രകടിതമാകുമ്പോഴാണു വചനമായി വെളി പ്പെടുന്നത്. ദൈവത്തിൻെറ ബുദ്ധിയും വചനവും തമ്മിൽ യഥാർത്ഥമായ വ്യത്യാസം ഒന്നും ഇല്ലെന്നു തെർത്തുല്യൻ വാദി ക്കുന്നു.[3] ദൈവവും തൻെറ വചനവും രണ്ടു് ആളത്തങ്ങളാണ്.

---

1. Ibid, book III, 16:6. 2. Montanism.
3. തെർത്തുല്യൻ പ്രക്സിയാസിനെതിരായി രചിച്ച ഗ്രന്ഥം 5–7.

www.malankaralibrary.com

അവരേയാണ് പിതാവും പുത്രനും എന്ന വേദപുസ്തകം വിവക്ഷിക്കുന്നത്. ഈ വചനമായ ദൈവം മനുഷ്യനായി അവതരിച്ച ദേഹമാണ് യേശുക്രിസ്തു. അതിനാൽ അവൻ ദൈവവുമാണ്.

വചനമായ ദൈവം മനുഷ്യനായി അവതരിച്ച യേശുക്രിസ്തു ശരീരവും ആത്മാവും ആയിരുന്നു. മനുഷ്യൻ എന്ന നിലയിൽ ശരീരം. ദൈവം എന്ന നിലയിൽ ആത്മാവും. അതുകൊണ്ട് യേശുക്രിസ്തുവിൽ ദൈവികവും മാനുഷികവും ആയ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ മാനുഷിക സ്വഭാവവും ഈ ലോകവാസവും, അതിനോടനുബന്ധിച്ചുള്ള വ്യാപാരങ്ങളും പരിപൂർണമായും യഥാർത്ഥങ്ങളായിരുന്നു. മാത്രവുമല്ല, യേശുക്രിസ്തുവിന്റെ മരണം അവന്റെ ഐഹിക വ്യാപാരത്തിന് അത്യന്താപേക്ഷിതവുമായിരുന്നു.

## 5. സഭ പരിത്യജിച്ച ചില വ്യാഖ്യാന ഗതികൾ

ഇതിനകം കണ്ട വ്യാഖ്യാന ഗതികൾ സഭയുടെ പാരമ്പര്യത്തിനു വിധേയമായി സ്ഥിതി ചെയ്യുന്നവയാണ്. എന്നാൽ ഇവയ്ക്കു പുറമേ പല ആശയഗതികളും ആദ്യ നൂററാണ്ടുകളിൽ പ്രചരിച്ചുവന്നിരുന്നു. അവയിൽ മൂന്നു ചിന്താഗതികൾ മാത്രം ഇവിടെ ചുരുക്കമായി പരാമർശിക്കാം.

### (a) *ജ്ഞാനവാദം*[1]

പല അവാന്തര വിഭാഗങ്ങളുള്ളതും ക്രൈസ്തവം എന്ന പേരിനു പ്രത്യേകിച്ചു അർഹതയില്ലാത്തതുമായ ഒന്നാണു ജ്ഞാനവാദം എന്ന പേരിൽ അറിയപ്പെടുന്ന സിദ്ധാന്തം. ആദിമ ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, സഭയിൽ ഇന്നേയോളം തന്നെ പല പ്രകാരേണയും ഈ ചിന്താഗതിയുടെ പ്രേരണകൾ പ്രവേശിച്ചിട്ടുണ്ട്. തന്മൂലം ജ്ഞാനവാദസിദ്ധാന്തത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് യേശുക്രിസ്തുവിന്റെ ആളത്തത്തെ വ്യാഖ്യാനിക്കുവാൻ ചിലർ ശ്രമിച്ചുവന്നു.

ഈ ശ്രമത്തിന്റെ യഥാർത്ഥമായ സ്വഭാവം ഗ്രഹിക്കുവാൻ വേണ്ടി ജ്ഞാനവാദികളുടെ ചിന്താഗതി എന്തെന്ന് ചുരുക്ക

1. Gnosticism

www.malankaralibrary.com

മായി ഇവിടെ പ്രസ്താവിക്കാം. നന്മയുടെ സ്രഷ്ടാവും തിന്മയുടെ സ്രഷ്ടാവും ആയി രണ്ടു ദൈവങ്ങൾ അഥവാ യാഥാർത്ഥ്യങ്ങളുണ്ടെന്നുള്ളത് ജ്ഞാനവാദികൾ പൊതുവെ ശഠിച്ചിരുന്നു. ഭൗതിക ലോകവും ഭൗതികമായ സർവവുംതന്നെ തിന്മയാണെന്നു മാത്രമല്ല, തിന്മയുടെ സ്രഷ്ടാവു നിർമ്മിച്ചതാണെന്നും അവർ ഉപദേശിച്ചു. എന്നാൽ ഈ ഭൗതിക ലോകത്തിൽ നന്മയുടെ സ്രഷ്ടാവ് ഉളവാക്കിയ ആത്മാക്കൾ കുടികൊള്ളുന്ന മനുഷ്യർ സ്ഥിതിചെയ്യുന്നുണ്ട്. അവർ ഭൗതിക ലോകത്തിൽ ജീവിക്കുന്നതിനാൽ അവരിൽ സ്ഥിതിചെയ്യുന്ന ആത്മാക്കൾക്കു തങ്ങളുടെ യഥാർത്ഥ സ്വഭാവം എന്താണെന്ന് അറിയാതെ അവർ അജ്ഞാനത്തിനു വിധേയരായിട്ടാണു കഴിയുന്നതു്. അവയ്ക്കു ശരിയായ ജ്ഞാനം നൽകി ഭൗതികലോകത്തിൽനിന്നു അവയെ വിമുക്തരാക്കുവാൻ നന്മയുടെ സ്രഷ്ടാവായ ദൈവം ലോകത്തിലേക്ക് അയച്ച ആളാണ് യേശുക്രിസ്തു എന്നു ജ്ഞാനവാദികൾ പഠിപ്പിച്ചുവന്നു.

ജ്ഞാനവാദികൾ യേശുക്രിസ്തുവിനെ പരിപൂർണ മനുഷ്യനായി പരിഗണിച്ചിരുന്നില്ല. രക്ഷാർഹരായ മനുഷ്യരുടെ ആത്മാക്കൾക്കു പാരത്രികമായ ജ്ഞാനം നൽകുവാൻവേണ്ടി അവൻ മനുഷ്യവേഷത്തിൽ ലോകമദ്ധ്യേ വെളിപ്പെട്ടു എന്നു മാത്രമായിരുന്നു അവരുടെ ഉപദേശം. ഈ വിധത്തിൽ മനുഷ്യവേഷത്തിൽ കാണപ്പെട്ടതിനാൽ, അവനെ ലോകത്തിൽ ജീവിച്ചവർക്കു കാണാമായിരുന്നു. എന്നാൽ നന്മയുടെ സ്രഷ്ടാവ് അയച്ച ഒരു ആദ്ധ്യാത്മികദേഹം ആയിരുന്നതിനാൽ, അവനു മാനുഷിക പരിമിതികൾ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽ യേശുക്രിസ്തു യഥാർത്ഥ മനുഷ്യനും ആയിരുന്നില്ല. മാത്രവുമല്ല, യേശുക്രിസ്തു യാതൊരു പീഡയും ക്ലേശവും അനുഭവിക്കുകയോ ക്രൂശിൽ മരിക്കുകയോ ചെയ്തുമില്ല. കഷ്ടതയും മരണവും അവൻ അനുഭവിച്ചതായി മനുഷ്യർ കാണുകമാത്രമായിരുന്നു.

ഈ ഉപദേശം അനുസരിച്ചു യേശുക്രിസ്തുവിന്റെ ക്ലേശാനുഭവത്തിനും ക്രൂശുമരണത്തിനും രക്ഷണ്യമായി വില ഇല്ല. അവ രണ്ടും ആവശ്യമില്ലായിരുന്നുതാനും. ജ്ഞാനവാദപ്രകാരം മനുഷ്യനു വേണ്ടതു രക്ഷയല്ല, അവന്റെ യഥാർത്ഥ സ്വഭാവത്തെയും അവൻ ജീവിക്കുന്ന ലോകത്തെയും പററിയുള്ള ശരിയായ അറിവു മാത്രമാണ്. ആ അറിവ് യേശുക്രിസ്തു നൽകി എന്നതാണു ജ്ഞാനവാദികളുടെ അഭിമതം.

പുതിയനിയമം പഠിപ്പിക്കുന്നത് പാപത്തിൽ പതിച്ചുപോയ മനുഷ്യന് യേശുക്രിസ്തുവിന്റെ പീഡാനുഭവവും

www.malankaralibrary.com

ക്രൂശുമരണവുംമൂലം സമ്പാദിച്ച രക്ഷയാണ് ആവശ്യം എന്നുള്ള പരമാർത്ഥമത്രേ. അഥവാ, പുതിയനിയമ ദൃഷ്ടിയിൽ യേശു ക്രിസ്തുവിന്റെ ക്ലേശാനുഭവവും മരണവും ക്രിസ്തീയ സുവിശേഷത്തിൽ കേന്ദ്രസ്ഥിതങ്ങളാണ്. അതിനാൽ ജ്ഞാന വാദികളുടെ ഉപദേശം പുതിയനിയമവുമായി ബന്ധപ്പെടുത്താവുന്നതല്ല. ഈ കാരണത്താലായിരുന്നു ഐറേനിയോസ്, തെർത്തുല്യൻ ആദിയായി പല ക്രൈസ്തവ നേതാക്കന്മാരും അതിനെ എതിർക്കുവാൻ മുതിർന്നത്.

## (b) *സബേല്യൻ വാദം*

ജ്ഞാനവാദവും ക്രിസ്തീയ വിശ്വാസവും തമ്മിൽ സുപ്രധാനമായ പല അന്തരങ്ങളുമുണ്ടായിരുന്നു എന്നു മുകളിൽ കണ്ടുവല്ലോ. എന്നാൽ സബേല്യൻ വാദം അങ്ങനെ അല്ലായിരുന്നു. ഈ ഉപദേശത്തിന്റെ ജനയിതാവായി അറിയപ്പെടുന്ന സബേല്യോസിനെപ്പറ്റി കാര്യമായ അറിവൊന്നും ലഭിച്ചിട്ടില്ല, എന്നാൽ അതു സ്വീകരിച്ചിരുന്ന മറ്റു പലരേയും പറ്റി ചില വസ്തുതകൾ നമുക്കറിവുണ്ട്. യേശുക്രിസ്തുവിനെ ആസ്പദമാക്കി അവൻ ദൈവവും മനുഷ്യനും ആണെന്നും; അവന്റെ ആളത്തം ഏകമാണെന്നും മറ്റുമുള്ള ആശയങ്ങളെക്കുറിച്ച് അവർ പ്രതിപാദിച്ചിരുന്നുവോ എന്നു നിശ്ചയമില്ല.

മനുഷ്യാവതാരം ചെയ്ത പുത്രനായ ദൈവവും പിതാവായ ദൈവവും തമ്മിലുള്ള ബന്ധം എന്ത് എന്നുള്ള വിഷയമാണ് അവർ പരാമർശിച്ചത്. അഥവാ പുതിയനിയമത്തിൽ കാണുന്ന ത്രിത്വോപദേശത്തെ എങ്ങനെ മനസ്സിലാക്കണം എന്നുള്ളതായിരുന്നു അവരുടെ ഉപദേശ ലക്ഷ്യം. ദൈവം ഏകനാണ് എന്നുള്ള സത്യം അവർ അടിസ്ഥാനപരമായി നിഷ്കർഷിച്ചു. ഏക ദൈവത്തിന് ഏക ആളത്തം മാത്രമാണുള്ളതെന്നും അവർ അഭിപ്രായപ്പെട്ടു.

പുതിയനിയമത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തെപ്പറ്റി ചെയ്തിരിക്കുന്ന പ്രസ്താവനകളെ എടുത്ത് അവയ്ക്ക് അവർ ഒരു വ്യാഖ്യാനം നൽകി. ദൈവം ഏക ആളത്തം മാത്രമാണ്. ആ ഏക ആളത്തം പഴയനിയമകാലത്തു പിതാവായും, യേശുക്രിസ്തുവിൽ പുത്രനായും, സഭയിൽ പരിശുദ്ധാത്മാവായും വെളിപ്പെട്ടു. അതിനാൽ ഏക നിത്യ ആളത്തമായ ദൈവം മൂന്നു കാലങ്ങളിലായി സ്വയം വെളിപ്പെടുത്തിയ മൂന്നു നിലപാടുകളാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു പദങ്ങൾ സൂചിപ്പിക്കുന്നത്.

www.malankaralibrary.com

ദൈവത്തെ ത്രിത്വമായി പുതിയനിയമവും സഭയും പ്രഖ്യാപിക്കുന്ന അടിസ്ഥാനതത്ത്വം യേശുക്രിസ്തു പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരമാണെന്നുള്ളതാണ്. പുത്രനായ ദൈവത്തിന്റെ നിത്യത്വം ഈ പ്രഖ്യാപനത്തിന് അനുപേക്ഷണീയമായി പരിഗണിക്കപ്പെട്ടു. എന്നാൽ സബേല്യൻ വാദം അത് പരിരക്ഷിക്കുന്നില്ല. അതിനാൽ ക്രൈസ്തവ സഭ ആ നിലപാടിനെ തിരസ്കരിച്ചു. മൂന്നും നാലും നൂററാണ്ടുകളിലെ പല ക്രൈസ്തവ നേതാക്കന്മാരും സബേല്യൻ വാദത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. 'പിതാവായ ദൈവത്തെ ക്രൂശിലേറ്റുന്നവർ', 'പിതാവിനെ പീഡ അനുഭവിപ്പിക്കുന്നവർ' എന്നെല്ലാമാണ് അവർ സബേല്യൻ വാദികളെ അപലപിച്ചു വിളിച്ചുവന്നത്.1

(c) *സമോസട്ടായിലെ പൗലൊ* (Paul of Samsoata)

മൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ അന്ത്യോക്യയിലെ മേലദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന ഒരാളായിരുന്നു സമോസട്ടായിലെ പൌലേ. 268-ൽ അന്ത്യോക്യയിൽവച്ചു നടന്ന ഒരു സുന്നഹദോസ് അയാളെ വിശ്വാസവിപരീതിയായി പ്രഖ്യാപിച്ചു സഭാസമ്പർക്കത്തിൽനിന്നു നിന്നു നിഷ്ക്കാസനം ചെയ്തു.

ഈ നിശ്ചയത്തിനു നിദാനമായത്തീർന്ന പൗലേയുടെ ഉപദേശത്തിൽ ഊന്നിപ്പറഞ്ഞ രണ്ടു് ആശയങ്ങളാണ് ഇവിടെ സ്മർത്തവ്യങ്ങളാണ്. (1) ദൈവം ഏകനാണ്. ആ ദൈവം സംസാരിക്കുന്ന വാക്കുകളത്രേ ദൈവത്തിന്റെ വചനം. അതിനാൽ ദൈവത്തിന്റെ വചനം ഒരു ആളത്തമല്ല; ദൈവത്തിൽ നിത്യമായി സ്ഥിതിചെയ്യുന്ന ഒരു ശക്തി മാത്രമാണ്. ഈ വചനത്താൽ ദൈവം ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്നു. ദൈവത്തിന്റെ വചനം പ്രത്യേകം വ്യാപരിച്ചതിന്റെ ഫലമായി യേശുക്രിസ്തു ലോകത്തിൽ അവതരിച്ചു. തന്മൂലം വചനം ആളത്തം പ്രാപിക്കുകയും, 'പുത്രൻ' എന്ന പേരു് അവലംബിക്കുകയും ചെയ്തു. ഇപ്രകാരം യേശുക്രിസ്തുവിൽ ആളത്തം പ്രാപി

---

1. സബേല്യൻ വാദഗതി സ്വീകരിച്ചിരുന്ന പ്രാക്സിയാസിനെതിരായി തെർത്തുല്യൻ പറയുന്നതു്: 'അയാൾ പ്രവചനത്തെ പരിത്യജിച്ചു വിശ്വാസവിപരീതം പ്രചരിപ്പിച്ചു; പരിശുദ്ധാത്മാവിനെ ഓടിച്ചു പിതാവിനെ ക്രൂശിൽ തറപ്പിച്ചു' എന്നത്രേ. സബേല്യോസിനെ ഉദ്ദേശിച്ചു് പിതാവിനെ പീഡ അനുഭവിപ്പിക്കുന്നവൻ (Patri passian) എന്നു പറഞ്ഞുവരുന്നു.

www.malankaralibrary.com

ക്കുന്നതിനു മുമ്പ് വചനത്തിനു 'പുത്രൻ' എന്ന പേരു് ഉണ്ടായിരുന്നില്ല. അതിനാൽ 'പിതാവ്', 'പുത്രൻ' എന്ന പേരുകൾ ദൈവത്തെ സംബന്ധിച്ച നിത്യമല്ല. (2) യേശുക്രിസ്തു സ്വഭാവമനുസരിച്ച് ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു. കന്യകയിൽ ഉൽപാദിതനായി ജനനം സ്വീകരിച്ചതു് ദൈവത്തിൻെറ വചനം ആയിരുന്നില്ല. അതു കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നു. എന്നാൽ യേശുക്രിസ്തുവിൻെറ ജനനത്തിലും ലോകജീവിതത്തിലും ദൈവത്തിൻെറ വചനം സമ്പൂർണമായി വ്യാപരിച്ചിരുന്നു.[1]

മുകളിൽ പ്രതിപാദിച്ച മൂന്നു നിലപാടുകളും സഭ തിരസ്കരിച്ചു. അതുമൂലം യേശുക്രിസ്തുവിൻെറ പീഡാനുഭവവും ക്രൂശുമരണവും സുപ്രധാനമായി സഭ കരുതുകയും, പുത്രൻ എന്ന നിലയിൽ അവൻ ഒരു നിത്യ ആളത്തമായി നിലനിൽക്കുന്നു എന്ന് ഉദ്ഘോഷിക്കുകയും ചെയ്തു. അഥവാ, യേശുക്രിസ്തു ദൈവവും മനുഷ്യനും ആണെന്നുള്ള ആശയവും, അവൻെറ ആളത്തം ഏകമാണെന്നുള്ള പ്രഖ്യാപനവും, അവയെ നിരാകരിക്കുവാൻ സഭയെ പ്രേരിപ്പിച്ചിട്ടുണ്ട്.

## 6. അലക്സന്ത്ര്യായിലെ ഓറിജൻ

യേശുക്രിസ്തു ദൈവത്തിൻെറ നിത്യേക പുത്രൻ മനുഷ്യനായി അവതരിച്ച ദേഹമാണെന്നുള്ള ആശയം നിലനിർത്തുവാനാണ സഭ ആദിമുതൽക്കേ യത്നിച്ചത് എന്നു മുകളിൽ കണ്ട ലഘുപ്രതിപാദനത്തിൽനിന്നു വ്യക്തമാണല്ലോ. ഈ ആശയം സ്ഥാപിക്കുവാനായിരുന്നു നാലും അഞ്ചും നൂററാണ്ടുകളിൽ സഭ പ്രത്യേകം ശ്രമിച്ചത്. ഇതിലേക്കു വഴി തെളിച്ച പൗരസ്ത്യ ക്രൈസ്തവ ചിന്തകരിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ദേഹമാണ് അലക്സന്ത്ര്യായിലെ ഓറിജൻ.

254–ൽ നിര്യാതനായ ഓറിജൻ ക്രൈസ്തവലോകത്തിൽ അതുവരെയും ഉണ്ടായിട്ടുള്ള പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും കൂട്ടത്തിൽ അഗ്രഗണ്യനെന്ന വിശേഷണത്തിനു തികച്ചും

---

1. സമോസട്ടായിലെ പൗലേയുടെ കൃതികൾ ഒന്നും തന്നെ നമുക്കു ലഭിച്ചിട്ടില്ല. ക്രിസ്തീയ പാരമ്പര്യമനുസരിച്ച്, അയാൾ ത്രിത്വോപദേശത്തെ വിഗണിക്കുകയും മനുഷ്യാവതാര വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്തു. മററുള്ളവർ അയാളെപ്പററിപ്പറഞ്ഞ ആശയങ്ങൾ J. Stevenson A NEW EUSEBIUS, S. P. C. K. 1957, 274–280 വരെ വശങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്.

www.malankaralibrary.com

അർഹനായിരുന്നു. എന്നാൽ ഒരു അഗാധ ചിന്തകൻ എന്ന നിലയിൽ ചില വിഷയങ്ങൾ സംബന്ധിച്ച സഭയുടെ വിശ്വാസത്തിനനുവദിക്കാവുന്ന പരിമിതികൾക്കപ്പുറം അവൻ പോയിട്ടുണ്ട്. അതിനാൽ ഓറിജനെ ഒരു പരിശുദ്ധനായി സഭ കരുതുന്നില്ല എന്നുവരികിലും, പ്രത്യക്ഷമായോ പരോക്ഷമായോ പൗരസ്ത്യ വേദശാസ്ത്രത്തിനു അവൻ ചെയ്തിട്ടുള്ള സംഭാവനകൾ അവിസ്മരണീയങ്ങളത്രെ. ഓറിജൻ എഴുതിയ നിരവധി ഗ്രന്ഥങ്ങളിൽ ചിലത് ഇന്നും നമുക്കു ലഭ്യങ്ങളാണ്.

മനുഷ്യാവതാരോപദേശം ആസ്പദമാക്കി ഓറിജൻ ചെയ്ത ഒരു പ്രസ്താവന പ്രത്യേകം സ്മർത്തവ്യമാണ്. 'ദൈവത്തിന്റെ ജ്ഞാനമായ പിതാവിന്റെ യഥാർത്ഥ വചനം യെഹൂദ്യയിൽ വെളിപ്പെട്ട ആ മനുഷ്യന്റെ പരിമിതികൾക്കുള്ളിൽ ഉണ്ടായിരുന്നു എന്നു നാം വിശ്വസിക്കുന്നു. മാത്രമല്ല, ദൈവത്തിന്റെ ജ്ഞാനം ഒരു സ്ത്രീയുടെ ഗർഭത്തിൽ പ്രവേശിച്ച് ഒരു ശിശുവായി ജനിക്കുകയും ഒരു പൈതൽ എന്നവണ്ണം കരയുകയും ചെയ്തു.'[1] ഈദൃശമായ അവതാരം എങ്ങനെ സാധിതമാകുമെന്ന ചോദ്യത്തിനു ഓറിജൻ നൽകിയ ഉത്തരം സഭ തിരസ്കരിക്കുകയാണു ചെയ്തത്.

ആ ഉത്തരം ലഭിക്കുവാൻവേണ്ടി യവനതത്വചിന്തയിൽ നിന്നു് ഓറിജൻ കടംവാങ്ങിയ ഒരു ആശയം വ്യക്തമാക്കേണ്ടതുണ്ട്. മനുഷ്യനിൽ നശ്വരമായ ഒരു ശരീരവും അനശ്വരമായ ഒരു ആത്മാവും ഉണ്ട് എന്നുള്ള അഭിപ്രായഗതി ഗ്രീക്ക തത്വചിന്തകന്മാർ പുലർത്തിവന്നിരുന്നു. അനശ്വരമായ ആത്മാവിനു ആരംഭമോ അവസാനമോ ഇല്ലെന്നുള്ള നിലപാടും അവർ അവലംബിച്ചിരുന്നു. അതിനാൽ നശ്വരമായ ശരീരവുമായി ബന്ധപ്പെട്ട മനുഷ്യനായി ജനിക്കുന്ന ആത്മാവിനു്, ആ ജനനത്തിനു മുമ്പ്, ആരംഭരഹിതമായ ഒരു നിത്യത്വം ഉണ്ട് എന്നു് അവർ അനുമാനിച്ചുവന്നു. മരണംമൂലം ശരീരത്തിൽനിന്നു വേർപെട്ടതിനുശേഷം ആത്മാവ് അനന്തമായി സ്ഥിതിചെയ്യുന്നു എന്നും അവർ ഊന്നിപ്പറഞ്ഞിരുന്നു. ഇപ്രകാരമുള്ള ആത്മാവ് ഒരു ശരീരത്തിൽനിന്നു വേർപെട്ടു് മറ്റൊരു ശരീരവുമായി ബന്ധപ്പെടുകയും, പുനർജന്മം അനുഭവിച്ചു നിലനില്ക്കുകയും ചെയ്യുന്നു എന്നുള്ളതായിരുന്നു യവനചിന്തകന്മാരുടെ അഭിപ്രായം.

പുനർജന്മവാദം ഓറിജൻ സ്വീകരിച്ചില്ല എങ്കിലും, ലോകത്തിൽ മനുഷ്യരായി ജനിക്കുന്നതിനുമുമ്പുതന്നെ ആത്മാ

1. J. N. D. Kelly, Early Christian Doctrines, op. cit, p. 154.

www.malankaralibrary.com

www.malankaralibrary.com



ക്കും സ്ഥിതിചെയ്തിരുന്നു എന്നുള്ള ആശയം അംഗീകരിച്ചിരുന്നു. ഈ വിധത്തിൽ സ്ഥിതിചെയ്യുന്ന സംഖ്യാതീതങ്ങളായ ആത്മാക്കളുണ്ടെന്നും, അവ ശരീരവുമായി യോജിക്കുന്നതിനു മുമ്പുതന്നെ ദൈവവുമായുള്ള യഥാർത്ഥ സംസർഗത്തിൽ നിന്നു വീണുപോയിട്ടുണ്ടെന്നും ഓറിജൻ അഭിപ്രായപ്പെട്ടു. ഈദൃശമായ വീഴ്ചയിൽപ്പെട്ടുപോയ മനുഷ്യാത്മാക്കളെ ഉദ്ധരിക്കുക എന്നതാണു മനുഷ്യാവതാരോദ്ദേശ്യം എന്നു ഓറിജൻ ഊന്നിപ്പറഞ്ഞു. അതിനാൽ മനുഷ്യാവതാരം ചെയ്യുന്നതു ദൈവത്തിൻെറ പ്രത്യേകമായ മുൻകരുതലിൻെറ ഫലമായിട്ടാണ്.

ദൈവത്തിൻെറ ആ മുൻകരുതലിനെ ഓറിജൻ ഇപ്രകാരം പ്രകടമാക്കുന്നു. സംഖ്യാതീതങ്ങളായ ആത്മാക്കൾ എല്ലാംതന്നെ വീഴ്ചയിൽപ്പെട്ടവരാണെന്നു വരികിലും, അവരെ വീണ്ടെടുക്കണമെന്നുള്ള പ്രത്യേക ലാക്കോടെ, ഒരു ആത്മാവിനെ വീഴ്ചയിൽ പതിക്കാതെ ദൈവം പ്രത്യേകം വിശുദ്ധിയിൽ പരിപാലിച്ചു. ദൈവത്തിൻെറ നിത്യവചനം മനുഷ്യനായി അവതരിച്ചപ്പോൾ, ആത്മാവ് കന്യകയിൽനിന്നുമെടുത്ത ശരീരവുമായി സംയോജിക്കയും, തദ്വാരാ രൂപമെടുത്ത മനുഷ്യത്വത്തെ ദൈവത്തിൻെറ വചനം സ്വന്തമായി അവലംബിക്കുകയും ചെയ്തു.

ഇന്നു നമുക്കു കേവലം ബാലിശമായിത്തോന്നിയേക്കാവുന്ന ഓറിജൻെറ മേൽ വിവരിച്ച വ്യാഖ്യാനം സഭ തിരസ്കരിച്ചു. എന്നാൽ യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും എങ്ങനെ യോജിച്ചു സ്ഥിതിചെയ്യുന്നു എന്നതിനെ ആസ്പദമാക്കി അവൻ ഊന്നിപ്പറഞ്ഞ ആശയങ്ങൾ നാം ഓർത്തിരിക്കേണ്ടതാണ്. ആ യോജിപ്പു പരിപൂർണമായിരുന്നു എന്ന് ഓറിജൻ ഉറപ്പിച്ചു പറഞ്ഞു. പരിശുദ്ധന്മാരുടേയും പ്രവാചകന്മാരുടേയും ആത്മാക്കളും ദൈവവുമായി ഒരു ബന്ധമുണ്ട്. എന്നാൽ അതിനേക്കാൾ മികച്ച ബന്ധവും യോജ്യതയും ആയിരുന്നു മനുഷ്യത്വവും ദൈവത്വവും തമ്മിൽ യേശുക്രിസ്തുവിലുണ്ടായിരുന്നത്. ആ ആശയം വ്യക്തമാക്കുവാൻ തീയിൽ പഴുപ്പിച്ച ഇരുമ്പുകഷണത്തിൻെറ ഉദാഹരണം ഓറിജൻ ഉപയോഗിച്ചു. ഇരുമ്പും തീയും ഒരുപോലെ അതിൽ സ്ഥിതിചെയ്യുന്നുണ്ട്. അവ രണ്ടു വസ്തുക്കളാണല്ലൊ. എന്നാൽ അവയിൽ ഒന്നിനേയും മറ്റൊന്നിൽനിന്നു വേർപെടുത്തുക സാദ്ധ്യമല്ല. ദൈവത്വവും മനുഷ്യത്വവും തമ്മിൽ യേശുക്രിസ്തുവിലുള്ള യോജ്യതയും അന്യോന്യം വേർപെടുത്തപ്പെടാവുന്നതല്ല.

യേശുക്രിസ്തു ദൈവവും മനുഷ്യനുമാണെന്നുള്ള ഉപദേശവും, അവൻെറ ആളത്തം പരിപൂർണമായും ഏകമാണെന്നുള്ള ആശയവും ഓറിജൻ സദാ ഊന്നിപ്പറഞ്ഞു. എന്നാൽ വചനമായ ദൈവത്തിനു ആളത്തമുള്ളതുപോലെ മനുഷ്യത്വത്തിനും ആളത്തമുണ്ട്. ഈ ആളത്തങ്ങളിൽ ഒന്നും യോജ്യതമൂലം ഇല്ലാതെ വന്നിട്ടും ഇല്ല. യേശുക്രിസ്തുവിൻെറ ഐക്യത്തിനു നിദാനം അവൻ സ്വീകരിച്ച മനുഷ്യാത്മാവു പരിപൂർണമായും വചനമായ ദൈവത്തിനു കീഴ്പ്പെട്ടിരുന്നു എന്നുള്ളതാണ്.

ഓറിജൻെറ ത്രിത്വോപദേശ വ്യാഖ്യാനം പൗരസ്ത്യ സഭയിൽ അതിവ്യാപകമായ പ്രേരണ ചെലുത്തി. എന്നാൽ അതിനെ രണ്ടു വിധത്തിൽ ഓറിജൻെറ ശിഷ്യന്മാർ മനസ്സിലാക്കുവാൻ ഇടയായി എന്നു പറയാം. ഇരുകൂട്ടരും ഒരു ആശയം സമ്മതിച്ചിരുന്നു. അതായത്, പുതിയനിയമത്തിൽ കാണുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഈ മൂന്നു പേരുകൾ ആദ്യന്തവിഹീനമായ മൂന്ന് ആളത്തങ്ങളെ കുറിക്കുന്നു. ഈ മൂന്ന് ആളത്തങ്ങളിൽ പിതാവ്, പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും താത്വികമായ ആത്യന്തിക ഉത്ഭവസ്ഥാനമാകുന്നു. പൗരസ്ത്യ സഭകൾ ഇന്നേയോളം മുറുകെപ്പിടിക്കുന്ന ഒരു ആശയമത്രെ ഇത്. മാത്രവുമല്ല, പിതാവും, പുത്രനും, പരിശുദ്ധാത്മാവും സമ നിത്യതയും നിത്യ സമത്വവും ഉള്ള ത്രിയേക ദൈവം ആകുന്നു എന്നു പറയുന്നതിനോടൊപ്പം, പിതാവിനില്ലാത്ത ഒരു ആശ്രിതാവസ്ഥ[1] പുത്രനും പരിശുദ്ധാത്മാവിനും ഉണ്ടെന്നും ഇരുകൂട്ടരും സമ്മതിച്ചുവന്നു.

എന്നാൽ ഓറിജൻ ഊന്നിപ്പറഞ്ഞ ഈ ആശയത്തെ അവൻെറ ശിഷ്യന്മാരിൽ ഒരു കൂട്ടർ മുറുകെപ്പിടിക്കുകയും, പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ആശ്രിതാവസ്ഥ ആവശ്യത്തിലധികം ഊന്നിപ്പറയുകയും ചെയ്തു. മറെറക്കൂട്ടരാകട്ടെ ഈ ആശയം അത്രകണ്ടു നിഷ്ക്കർഷിക്കാതെ, പിതാവും, പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ അനാദ്യന്തരാണെന്ന് ഉദ്ഘോഷിച്ചുവന്നു. സമോസട്ടായിലെ പൗലേയെ സഭാഭ്രംശം ചെയ്ത അന്ത്യോക്യൻ സുന്നഹദോസിൽ സംബന്ധിച്ച വൈദികർ ഓറിജൻെറ വേദശാസ്ത്രപരമായ ഉപദേശപശ്ചാത്തലത്തിൽ വളർന്നവരായിരുന്നു.

---

1. Subordination

www.malankaralibrary.com

## 7. നാലാം ശതാബ്ദത്തിലെ ചില വാദഗതികളും വേദശാസ്ത്രപരമായ സഭാനിശ്ചയങ്ങളും

അത്യുഗ്രമായ ഒരു പീഡയോടെ നാലാം നൂററാണ്ടിൽ പ്രവേശിച്ച സഭ വേഗത്തിൽ ആ ക്ലേശാനുഭവത്തെ വിജയപൂർവ്വം അതിജീവിച്ചു എങ്കിലും, സമ്പൂർണമായ സമാധാനം പ്രാപിച്ചില്ല. യേശുക്രിസ്തുവിൻെറ ആളത്തത്തെ ആസ്പദമാക്കിയുള്ള സംവാദങ്ങളും മററു അന്തഃഛിദ്രങ്ങളും സഭയെ അലട്ടിക്കൊണ്ടിരുന്നു. ഇവയിൽ യേശുക്രിസ്തുവിനെപ്പററിയുള്ള വിവാദങ്ങളിൽ സഭ തിരസ്ക്കരിച്ച രണ്ടു പ്രധാന ചിന്താഗതികളെക്കുറിച്ചു ഒരു ചുരുങ്ങിയ വിവരണം ഈ അദ്ധ്യായത്തിൽ നൽകേണ്ടതുണ്ട്. അവയിൽ ഒന്ന് അറിയോസ്യസിദ്ധാന്തവും, മററതു് അപ്പോലിനാറിയൻ വാദവുമാണ്.

### അറിയോസ്യ സിദ്ധാന്തം

318–ൽ അലക്സന്ത്ര്യായിൽ വച്ചു നടന്ന ഒരു സംഭവമാണ് അതിനുശേഷം അരശതാബ്ദക്കാലത്തോളം സഭയിൽ അതിവ്യാപകമായ കോളിളക്കം സൃഷ്ടിച്ച അറിയോസ്യ വിപ്ളവത്തിൻെറ ആരംഭം. അലക്സന്ത്ര്യായിലെ വൈദിക മേലദ്ധ്യക്ഷനായിരുന്ന അലക്സാന്തർ ത്രിത്വോപദേശം അടിസ്ഥാനമാക്കിച്ചെയ്ത ഒരു പ്രഭാഷണത്തെ അവിടെ സന്നിഹിതനായിരുന്ന ഒരു പ്രെസ്ബിററർ (കശ്ശീശ) ചോദ്യം ചെയ്തു. ബിഷോപ്പിൻെറ പ്രഭാഷണത്തിൽ അവലംബിച്ചിരുന്ന വ്യാഖ്യാനം സബേല്യൻ വാദഗതിയാണ് സമർത്ഥിക്കുന്നതെന്നാണ് ആ പ്രെസ്ബിററർ വാദിച്ചത്. അറിയോസ് എന്നു പേരുകാരനായ ആ വൈദികൻ തൻെറ വൈദിക മേലദ്ധ്യക്ഷൻെറ ഉപദേശത്തെ ഇപ്രകാരം വിമർശിച്ചതിൻെറ പിമ്പിൽ അയാ‍ാം സ്വീകരിച്ചിരുന്ന വേദശാസ്ത്രപരമായ ഒരു ചിന്താഗതി കിടപ്പുണ്ടായിരുന്നു. അതിനെയാണ് അറിയോസ്യസിദ്ധാന്തം എന്ന് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്.

ദൈവം ഏകനാണെന്നുള്ള ആശയം അറിയോസ് ഏററുപറഞ്ഞു. ആ ഏകദൈവം പിതാവല്ലാതെയിരുന്ന അവസ്ഥ ഉണ്ടായിരുന്നു.[1] നിത്യമായ ഏകതയിൽ ഇരിക്കവേ ലോകത്തെ

---

1. അറിയോസിൻെറ ഉപദേശം എന്തെന്നു ഗ്രഹിക്കുവാൻ അതിനെ വിമർശിച്ച ഓർത്തഡോക്സ് നേതാക്കന്മാരുടെ ഗ്രന്ഥങ്ങളിലുള്ള സൂചനകളാണു നമുക്കു ആധാരം. ആ സൂചനകളാം J. Stevenson, A New Eusebius op. cit. 340–376. അറിയോസ്യസിദ്ധാന്തത്തിൻെറ ഉത്ഭവത്തെപ്പററി

www.malankaralibrary.com

സൃഷ്ടിക്കുവാൻ ദൈവം തീരുമാനിച്ചു. എന്നാൽ സർവ പരിമിതിക്കും അതീതനും സമ്പൂർണനുമായ ദൈവം പരിമിതിക്കു വിധേയമായ ലോകത്തെ സൃഷ്ടിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു ലോകനിർമ്മാണം നിർവഹിപ്പാൻവേണ്ടി ദൈവം സർവ്വത്തിനും മുമ്പെ ഒരു പരിപൂർണ സൃഷ്ടിയെ ഉളവാക്കി. അതാണു പുത്രൻ.

ഇല്ലാതെയിരുന്ന സ്ഥിതി പുത്രനുണ്ടായിരുന്നു. എന്നാൽ ദൈവം നേരിട്ടു നിർമിച്ച ഏക സൃഷ്ടി എന്ന നിലയിൽ പുത്രൻ സമ്പൂർണ സൃഷ്ടിയാകുന്നു. ലോകത്തെ സൃഷ്ടിക്കുവാൻ ദൈവം പുത്രനെ നിയോഗിച്ചു. പരിമിതിക്കു വിധേയവും അപൂർണവും ആയ ലോകത്തിൽ പാപവും തിന്മയും പ്രവേശിക്കുകയും തദ്വാരാ അതു വീഴ്ചയിൽ പതിക്കുകയും ചെയ്തു. ഈ അവസ്ഥയിൽനിന്നു ലോകത്തെ ഉദ്ധരിക്കുവാൻ വേണ്ടി പുത്രൻതന്നെ ലോകത്തിൽ മനുഷ്യനായി അവതരിച്ചു. അങ്ങനെ അവതരിച്ചതു ഒരു മനുഷ്യശരീരത്തിൽ, മനുഷ്യാത്മാവിന്റെ സ്ഥാനം വഹിച്ചുകൊണ്ടു്, നസ്രായനായ യേശുവായി ജനിച്ചു ജീവിച്ചതുമൂലമായിരുന്നു.

സബേല്യൻ വാദമാണു തന്റെ വൈദിക മേലദ്ധ്യക്ഷൻ പ്രചരിപ്പിക്കുന്നതു് എന്നു നിഷ്കരുണം മുദ്രയടിച്ചു മല്ലിടുവാൻ മുതിർന്ന അറിയോസ് സ്വീകരിച്ചിരുന്നത് മേൽ വിവരിച്ച ആശയഗതി ആയിരുന്നു. ഇതിന്റെ ഫലമായി അലക്സന്ത്ര്യയിലെ സുന്നഹദോസ് അറിയോസിനെ സഭാഭ്രംശം ചെയ്യുകയും, അയാളുടെ ഉപദേശം വിശ്വാസവിപരീതമായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൊണ്ടു് അറിയോസ് മൗനം അവലംബിക്കുക അല്ല ചെയ്തതു്. അതിനു കാരണം അറിയോസിനു പൗരസ്ത്യസഭയിലെ പല ഇടങ്ങളിൽനിന്നും സുശക്തമായ പിന്തുണ ലഭിച്ചു എന്നുള്ളതത്രേ.

ഇതിനുതന്നെയും ഒരു കാരണം ഉണ്ടായിരുന്നു. അത് അറിയോസ് ആ കാല തന്റെ സ്നേഹിതന്മാർക്കു് എഴുതിയ ചില

---

രണ്ടു് അഭിപ്രായങ്ങൾ പണ്ഡിതന്മാർ പുറപ്പെടുവിച്ചിട്ടുണ്ടു്. (1) അറിയോസ്യ സിദ്ധാന്തം സമോസട്ടായിലെ പൗലേയുടെ ഉപദേശത്തിൽ നിന്നു് ഉളവായതാണ്, ദൈവത്തെ ആസ്പദമാക്കി 'പുത്രൻ' എന്ന പേരു് നിത്യം അല്ല എന്നു പൌലേ ഉപദേശിച്ചിരുന്നു എന്നു മുകളിൽ കണ്ടുവല്ലോ. (2) ഓറിജന്റെ ശിഷ്യന്മാരിൽ ഇടതുവശം അവലംബിച്ചിരുന്നവരുടെ ആശയഗതികളിൽനിന്നു വ്യാഖ്യാനിച്ചെടുത്തതാണ് അറിയോസ്യ സിദ്ധാന്തം.

www.malankaralibrary.com

കത്തുകളിൽനിന്നു ഗ്രഹിക്കാം.[1] 310-ൽ രക്തസാക്ഷിമരണം അടഞ്ഞ അന്ത്യോക്യയിലെ ലൂഷ്യൻ (Lucian of Antioch) ജീവിച്ചിരുന്ന കാലത്ത് അവന്റെ ശിഷ്യപദം അവലംബിച്ച പലരിൽ ഒരാളായിരുന്നു അറിയോസ്. ലൂഷ്യൻ അറിയോസുസിദ്ധാന്തത്തിന്റെ ജനയിതാവായിരുന്നു എന്നുള്ള അഭിപ്രായഗതിയെ ആധുനിക പണ്ഡിതന്മാരിൽ പലരും ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും, ലൂഷ്യന്റെ ശിഷ്യന്മാരായി പൗരസ്ത്യസഭയിൽ പല സ്ഥലങ്ങളിലും നേതൃസ്ഥാനത്തു വന്ന ആളുകളായിരുന്നു അറിയോസിനു പിന്തുണ നൽകിയത്. അവരുടെ പിൻബലം മൂലം അറിയോസ് തന്റെ ഉപദേശത്തെ നിവൃത്തിയുള്ള സ്ഥലങ്ങളിൽ എല്ലാംതന്നെയും പ്രചരിപ്പിക്കുവാൻ ഉദ്യമിച്ചു. 318 മുതൽ ഇപ്രകാരം നിലവിൽവന്ന ഭിന്നതകൾ നീക്കി സഭയിൽ സമാധാനം സ്ഥാപിക്കുവാൻ അനേക യത്നങ്ങൾ നടന്നു എങ്കിലും, അതുകൊണ്ടൊന്നും അറിയോസും തന്റെ വൈദിക മേലദ്ധ്യക്ഷനും തമ്മിൽ രമ്യത പുനഃസ്ഥാപിക്കുവാൻ സാധിച്ചില്ല. ഒടുവിൽ 325-ൽ നിഖ്യായിൽവച്ചു നടന്ന ചരിത്രപ്രസിദ്ധമായ സുന്നഹദോസ്[2] അറിയോസ്യ സിദ്ധാന്തം വിശ്വാസവിപരീതമായി പ്രഖ്യാപിക്കുകയും അറിയോസിനെയും പാർശ്വവർത്തികളെയും സഭാഭ്രംശം ചെയ്യുകയും ചെയ്തു.

എന്നാൽ നിഖ്യാസുന്നഹദോസ് നിശ്ചയം മൂലം അറിയോസ്യസിദ്ധാന്തം നിരാകരിക്കപ്പെട്ടില്ല. സുന്നഹദോസിനുശേഷം ഏതാണ്ട് അരശതാബ്ദക്കാലത്തോളം അറിയോസ്യ വിപ്ലവം നീണ്ടു നിൽക്കുകയും, സഭയെ ആകമാനം അറിയോസ്യോപദേശത്തിൽ ഉറപ്പിക്കുവാൻവേണ്ടി ഭഗീരഥയത്നം നടത്തുകയും ചെയ്തു. ആ വിപ്ലവചരിത്രം ഇവിടെ വിവരിക്കുക സാദ്ധ്യമല്ല.

---

1. J. Stevenson, op.cit, 344-345 വശങ്ങളിൽ ഇങ്ങനെ എഴുതിയ ഒരു കത്തു ചേർത്തിട്ടുണ്ട്. അറിയോസും ആ കത്തിന്റെ മേൽവിലാസക്കാരനായ നിക്കോമേഡിയായിലെ (Nicomedia) യൂസീബിയസും ലൂഷ്യന്റെ ശിഷ്യന്മാരായിരുന്നു എന്ന് അതിൽനിന്നും തെളിയുന്നു. ഈ ലൂഷ്യൻ സമോസട്ടായിലെ പൗലേയുടെ അഭിപ്രായഗതിയായിരുന്നു പുലർത്തിവന്നതെന്നു നാലാം നൂററാണ്ടു മുതൽ കരുതിവന്നിരുന്നു. എന്നാൽ അതിനെ ചോദ്യം ചെയ്തുകൊണ്ട് ലൂഷ്യൻ ഓറിജന്റെ ശിഷ്യന്മാരിൽ ഇടത്തുപക്ഷം അവലംബിച്ച ഒരാൾ മാത്രമായിരുന്നു എന്നും അറിയോസ്യ സിദ്ധാന്തം അങ്ങനെ വികസിപ്പിക്കപ്പെട്ടതായിരുന്നു എന്നും ആധുനിക കാലത്തു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങളിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല.

2. ഇതിനെയാണ് ഒന്നാമത്തെ സാർവത്രിക സുന്നഹദോസായി പരിഗണിക്കപ്പെടുന്നത്.

www.malankaralibrary.com

അറിയോസ്യ സിദ്ധാന്തത്തിനെതിരായി നിഖ്യാ സുന്നഹദോസു ചെയ്ത നിശ്ചയവും, ആ നിശ്ചയം ഉറപ്പിച്ചുകൊണ്ടു സഭയുടെ വേദശാസ്ത്രജ്ഞന്മാർ നൽകിയ രണ്ടു വ്യാഖ്യാനങ്ങളും മാത്രം ഇവിടെ ചുരുക്കമായി പരാമർശിക്കാം.

## നിഖ്യാസുന്നഹദോസു നിശ്ചയവും അതിൻെറ വ്യാഖ്യാനങ്ങളും

### (a) *നിഖ്യാസുന്നഹദോസ് നിശ്ചയം*

യേശുക്രിസ്തുവിൽ മനുഷ്യനായി അവതരിച്ച പുത്രനായ ദൈവം ഒരു സൃഷ്ടി ആണെന്നായിരുന്നുവല്ലോ അറിയോസിൻെറ ഉപദേശം. സുന്നഹദോസിൽവച്ചു തന്നെയും അതു തൻെറ വിശ്വാസമാണെന്ന് അയാൾ സമ്മതിച്ചു. അറിയോസിൻെറ ഈ സമ്മതം കേട്ട ഉടനെ സുന്നഹദോസിൽ പങ്കുകൊണ്ട ബഹുഭൂരിപക്ഷം അംഗങ്ങളും അതിനെ വിശ്വാസ വിപരീതമായി പരിഗണിച്ചു നിരാകരിച്ചു. സ്വർലോകത്തിൽ സ്ഥിതിചെയ്യുന്ന ഒരു പരിപൂർണ സൃഷ്ടിയുടെ അവതാരമായിരുന്നു യേശുക്രിസ്തു എന്നു സമ്മതിക്കുവാൻ അന്നത്തെ സഭാപിതാക്കന്മാർക്കു സാധ്യമല്ലായിരുന്നു. എന്നാൽ പുത്രൻ ആരാണെന്നുള്ള ചോദ്യത്തിനു വ്യക്തമായ ഭാഷയിൽ ഉത്തരം നൽകുവാൻ സുന്നഹദോസു വളരെ ബദ്ധപ്പെട്ടു. പല നിർദേശങ്ങളും അവതരിപ്പിക്കപ്പെട്ടു എങ്കിലും അവ ഓരോന്നും തന്നെ അറിയോസും അനുയായികളും സ്വീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഒടുവിൽ 'പുത്രൻ പിതാവിൻെറ തത്വം തന്നെയുള്ളവനാകുന്നു'[1] എന്നുള്ള വിവരണം സുന്നഹദോസ് അംഗീകരിച്ചു. അതു ചേർത്തുള്ള ഒരു വിശ്വാസ പ്രസ്താവന ഔദ്യോഗികമായി സ്വീകരിക്കുകയും ചെയ്തു.

---

1. നിഖ്യാസുന്നഹദോസിലും മററു പുരാതന സുന്നഹദോസുകളിൽ എല്ലാംതന്നെയും ഉപയോഗിച്ച ഭാഷ ഗ്രീക്ക് ആയിരുന്നു. ആ ഭാഷയിൽ ഉപയോഗിച്ച പദപ്രയോഗം homoousion to patri എന്നായിരുന്നു. 'of the same substance with the Father എന്നു അതിനെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിരിക്കുന്നു. സുറിയാനിയിൽ 'ശേബൂസിയാ ലാബോ' എന്ന് ഉപയോഗിച്ചിരിക്കുന്നു; 'പിതാവിൻെറ തത്വംതന്നെയുള്ളവൻ' എന്നാണ് ഇതിൻെറ അർത്ഥം. ഈ പദപ്രയോഗം സാബേല്യൻ വാദഗതിയാണെന്നു അറിയോസ്യർ വാദിക്കുകയും പൗരസ്ത്യ സഭയിൽ അനേകരെയും നിഖ്യാവിശ്വാസം സ്വീകരിക്കുന്നതിന് എതിരായി പ്രേരിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

ഈ പദങ്ങൾകൊണ്ട് ഊന്നിപ്പറയുവാൻ സുന്നഹദോസ് ഉദ്ദേശിച്ച ആശയം എന്ത് എന്നു ഗ്രഹിക്കുവാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'തത്വം' എന്ന പദത്തിന്റെ അർത്ഥം ആരായേണ്ടതുണ്ട്. ഗ്രീക്ക തത്വചിന്തയിൽ പ്രാധാന്യം ആർജിച്ച ഒരു പദം ആണ് ഇത്. ക്രിസ്തുവിനുമുമ്പ് നാലാം ശതകത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ യവനചിന്തകനായ അറിസ്റ്റോട്ടിൽ ഈ പദം വ്യാഖ്യാനിച്ചിട്ടും ഉണ്ട്. അദ്ദേഹം 'പ്രാഥമിക തത്വം' (Primary ousia) എന്നും 'ദ്വിതീയതത്വം' (Secondary ousia) എന്നും ഒരു വിഭജനം നൽകിയാണ് ഈ വിഷയം പരാമർശിച്ചത്. പ്രാഥമിക തത്വം എന്നു പറഞ്ഞാൽ, വ്യക്തമായ (Concrete) ഒരു വസ്തു എന്നാണ് ഉദ്ദേശിക്കുന്നത് എന്നു അറിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടു. ഉദാഹരണമായി എന്റെ മുമ്പിൽ ഇരിക്കുന്ന മേശ ഒരു വസ്തു ആണല്ലൊ. ഈ മേശ ഒരു പ്രാഥമിക തത്വം ആണ്. ഇതുപോലെ വ്യക്തമായ സർവ വസ്തുക്കളും പ്രാഥമിക തത്വങ്ങളത്രേ. എന്നാൽ വസ്തുക്കളെ സംബന്ധിച്ച് അതു മാത്രമല്ല പറയാവുന്നത്. എന്റെ മുമ്പിലിരിക്കുന്ന വസ്തുവിനെ 'മേശ' എന്നു പറയുന്നതുപോലെ, രൂപം, വലിപ്പം, നിറം, ആദിയായ ലക്ഷണങ്ങളിൽ വ്യത്യാസമുള്ള മററു ചില വസ്തുക്കളേയും നാം 'മേശ' എന്നു പറയും. എന്നാൽ വേറെ അനേക വസ്തുക്കളെ 'മേശ' എന്നു നാം വിവക്ഷിക്കുകയും ഇല്ല. ഇങ്ങനെ വസ്തുക്കൾ തമ്മിൽ വ്യത്യാസം ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ, മേശ എന്ന വസ്തുവിനുള്ളതായി നാം പ്രതീക്ഷിക്കുന്ന പ്രത്യേക സ്വഭാവവിശേഷമുള്ള ഏതു വസ്തുവിനേയും നാം മേശ എന്നു പറയും. ആ പ്രത്യേക സ്വഭാവവിശേഷത്തെയാണ 'ദ്വിതീയ തത്വം' എന്നു അറിസ്ററോട്ടിൽ ഉദ്ദേശിച്ചതു്. അതിനാൽ 'പ്രാഥമികതത്വം' ഒരു പ്രത്യേക വസ്തുവിനെയും, 'ദ്വിതീയ തത്വം' ആ വസ്തുവിന്റേയും അതിന്റെ വർഗത്തിൽപ്പെട്ട മററു വസ്തുക്കളുടേയും പൊതുവായ സ്വഭാവവിശേഷത്തെയും കുറിക്കുന്നു.

നിഖ്യാസുന്നഹദോസു നിശ്ചയം പറയുന്നതു് പിതാവായ ദൈവത്തിന്റെ തത്വം തന്നെ പുത്രനായ ദൈവത്തിനുണ്ട് എന്നാണ്. ഇവിടെ 'തത്വം' എന്ന പദം ഏതർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന ചോദ്യം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അത് അറിസ്റ്റോട്ടിലിന്റെ ദ്വിതീയ തത്വം ആയിരിക്കുവാൻ വഴിയില്ല. കാരണം ആ അത്ഥത്തിൽ പിതാവും പുത്രനും രണ്ടു ദൈവങ്ങളാണ് എന്നു മാത്രമേ വരികയുള്ളു. മാത്രവുമല്ല, വ്യക്തമായി സ്ഥിതിചെയ്യുന്ന സർവവസ്തുക്കളിൽനിന്നും അന്യമായി അവ്യക്തമായ ചിന്താലോകത്തിൽ സ്ഥിതിചെയ്യുന്ന അവസ്ഥയാണ ദ്വിതീയ തത്വത്തിനുള്ളതു്.

www.malankaralibrary.com

ആ അർത്ഥത്തിൽ പിതാവിനും പുത്രനും ഏക തത്വം ആണ്. എന്നു പറഞ്ഞാൽ, ദൈവത്തിന്റെ തത്വം പിതാവിൽനിന്നും പുത്രനിൽനിന്നും അന്യമായി ഏതോ അവ്യക്ത ലോകത്തിൽ സ്ഥിതിചെയ്യുന്നു എന്നായിരിക്കും വന്നുകൂടുന്നതു്. ബഹു ദൈവ വിശ്വാസവും, ദൈവത്തിൽനിന്നും അന്യമായി ദൈവത്വം സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള ആശയവും ക്രൈസ്തവസഭ എല്ലാ കാലത്തും തിരസ്ക്കരിച്ചിട്ടുള്ളതാണ്.

അതിനാൽ നിഖ്യാസുന്നഹദോസ് പാസ്സാക്കിയ വിശ്വാസ പ്രഖ്യാപനത്തിൽ ഉപയോഗിച്ചിരിക്കുന്ന 'തത്വം' എന്ന പദം അറിസ്റ്റോട്ടലിന്റെ പ്രാഥമിക തത്വം എന്ന അർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ. ആ അർത്ഥത്തിൽ നിഖ്യാനിശ്ചയത്തിലുദ്ദേശിക്കുന്ന ആശയം ഏതാണ്ടീ പ്രകാരമാണ്: ദൈവത്തിന്റെ തത്വം പിതാവായ ദൈവമാണ്. പിതാവിൽനിന്നും അന്യമായി അവ്യക്തമായ നിലയിൽ ദൈവികതത്വം സ്ഥിതി ചെയ്യുന്നില്ല. പരിപൂർണ്ണമായും വ്യക്തമായും ആ തത്വം തന്നെയാണ് പുത്രൻ: പിതാവും പുത്രനും ഏക തത്വത്തിൽ സ്ഥിതി ചെയ്യുന്നു, അഥവാ ദൈവം എന്ന വർഗത്തിൽപ്പെട്ട, രണ്ട് ആളത്തങ്ങളല്ല. നേരെമറിച്ച്, പിതാവിന്റെ തത്വം തന്നെ പുത്രനിൽ സ്ഥിതിചെയ്യുന്നു. അതുകൊണ്ടു പിതാവ് അനാദ്യന്തനും, നിത്യനും പരിപൂർണ്ണനും, അപ്രമേയനും, ആയിരിക്കുന്നതുപോലെ പുത്രനും, അനാദ്യന്തനും, നിത്യനും, പരിപൂർണ്ണനും, അപ്രമേയനും ആകുന്നു. ഈ പുത്രൻ സ്വർഗത്തിൽനിന്നു ഇറങ്ങി പരിശുദ്ധാത്മാവുമൂലം വിശുദ്ധ കന്യകമറിയാമിൽനിന്നു മനുഷ്യനായി അവതരിച്ചു. അവൻ കഷ്ടത അനുഭവിച്ചു മരിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും സ്വർഗാരോഹണം ചെയ്യുകയും ചെയ്തു. അഥവാ ദൈവത്തിന്റെ നിത്യേക പുത്രൻ മനുഷ്യനായി അവതരിച്ച ദേഹമാണ് യേശുക്രിസ്തു. അവന്റെ മനുഷ്യാവതാരവും, പീഡാനുഭവം, പുനരുത്ഥാനം, സ്വർഗാരോഹണം, ആദിയായവയുംമൂലം ആണ് യേശുക്രിസ്തു ലോകത്തിനു എന്നേക്കുമുള്ള രക്ഷ ഉളവാക്കിയതു്. ഈ ആശയങ്ങളെല്ലാം നിഖ്യാ വിശ്വാസപ്രമാണത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

## (b) *അലക്സന്ത്ര്യായിലെ അത്താനാസ്യോസ്*[1]

നിഖ്യാസുന്നഹദോസു നിശ്ചയം സഭയിൽ അംഗീകൃതമാകുവാൻവേണ്ടി അക്ഷീണയത്നം ചെയ്ത സഭാപിതാക്കന്മാരിൽ

---

1. വി. അത്താനാസ്യോസിന്റെ പല കൃതികളും ഇന്നു നമുക്കു ലഭ്യങ്ങളാണ്. Nicene and Post Fathers, Second series Vol. IV-ൽ ആ കൃതികളിൽ പലതിന്റെയും ഇംഗ്ലീഷ് വിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്

www.malankaralibrary.com

അഗ്രഗണ്യൻ അലക്സാന്ത്ര്യായിലെ അത്താനാസ്യോസ് ആയിരുന്നു. 325-ൽ നടന്ന നിഖ്യാസുന്നഹദോസിൽ അലക്സന്ത്ര്യായിലെ അലക്സാണ്ടറിന്റെ കൂടെ ഒരു ശെമ്മാശ്ശനായി സംബന്ധിച്ചശേഷം, അലക്സാണ്ടറിന്റെ മരണാനന്തരം, 328-ൽ ഈജിപ്റ്റിലെ വൈദികമേലദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടു. 373-നോടടുത്തു നിര്യാതനാകുന്നതിനകമായി, നിഖ്യാവിശ്വാസസംസ്ഥാപനത്തിനുവേണ്ടി നടത്തിയ തീവ്രയത്നം മൂലം, അനേക യാതനകൾ അനുഭവിച്ചിട്ടുണ്ട്. ആ കാലങ്ങളിൽ നിഖ്യാവിശ്വാസത്തിനെതിരായി പ്രവർത്തിച്ചുവന്ന ചക്രവർത്തിമാർ അത്താനാസ്യോസിനെ അഞ്ചു പ്രാവശ്യം പല സമയങ്ങളിലായി, നാടുകടത്തിയിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ ആളത്തത്തെപ്പററിയുള്ള അത്താനാസ്യോസിന്റെ വിശ്വാസനില ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം. 'വചനം ജഡമായിത്തീർന്നു' (യോഹ. 1:14) എന്നുള്ള സുവിശേഷ പ്രസ്താവനയാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ഈ പ്രസ്താവനകൊണ്ടു മനസ്സിലാക്കേണ്ടതു് 'വചനം മനുഷ്യനായിത്തീർന്നു: ഒരു മനുഷ്യനിൽ പ്രവേശിച്ചു വസിക്കുക അല്ലായിരുന്നു' എന്നാണ്. നാം പാപാന്ധകാരത്തിൽ പതിച്ചിരിക്കവേ, അപ്രമേയമായ തന്റെ സ്നേഹംമൂലം, നമ്മെ ഉദ്ധരിക്കുവാൻ ദൈവത്തിന്റെ വചനം മനുഷ്യനായിത്തീർന്നു.

ദൈവത്തിന്റെ വചനം ദൈവം ആണ്. മനുഷ്യനായി അവതരിച്ചപ്പോൾ അവന്റെ അപ്രമേയമായ അവസ്ഥയ്ക്കു യാതൊരു വ്യതിയാനവും സംഭവിച്ചില്ല. എന്നാൽ അവൻ തന്നെ കന്യകയുടെ ഉദരത്തിൽനിന്നു് ഒരു ശരീരത്തെ ഉളവാക്കി അതിനെ തന്നോടു സംയോജിപ്പിച്ചു. ഈ ശരീരം അഥവാ വചനമായ ദൈവം സ്വീകരിച്ച മനുഷ്യത്വം, യാദൃച്ഛികമായി ഉണ്ടായി കടന്നുപോകുന്ന ഒന്നല്ല. പിന്നെയോ ലോകത്തെ രക്ഷിക്കുന്നതിനുപകരണമായി വചനമായ ദൈവം യഥാർത്ഥമായി പ്രാപിച്ച പരിപൂർണ മനുഷ്യത്വം ആണ്. കന്യകയുടെ ഉദരത്തിൽനിന്ന് ഉളവാക്കിയ ആ ശരീരത്തെ വചനമായ ദൈവം തന്റെ സ്വന്ത ശരീരമാക്കിത്തീർത്തു. അതുകൊണ്ട് 'വചനം ജഡമായിത്തീർന്നു' എന്നു പറഞ്ഞാൽ, വചനം ജഡമായി രൂപാന്തരപ്പെട്ടു എന്നല്ല അതിന്റെ അർത്ഥം. നമുക്കുവേണ്ടി വചനമായ ദൈവം സജീവമായ ജഡം അവലംബിച്ച് അതുവഴയായി ഒരു യഥാർത്ഥ മനുഷ്യജീവിതം ലോകത്തിൽ നയിച്ചു എന്നാണ്.

www.malankaralibrary.com

വചനം ദൈവം ആണ് എന്നു പറയുന്നതുകൊണ്ടു വചനമായ ദൈവം പിതാവായ ദൈവം തന്നെ ആയിരുന്നു എന്നു മനസ്സിലാക്കരുത്. വചനമായ ദൈവവും പിതാവായ ദൈവവും തമ്മിൽ ആളത്തപരമായ വ്യത്യാസം ഉണ്ട്. എന്നാൽ വചനമായ ദൈവം തത്വം സംബന്ധിച്ചു പിതാവായ ദൈവവുമായി ഏകതവം ഉള്ളവനത്രെ. അതിനാൽ യേശുക്രിസ്തുവിൽ കേന്ദ്രവർത്തിയായി വ്യാപരിച്ചതു മനുഷ്യാവതാരം ചെയ്ത– പിതാവായ ദൈവവുമായി ഏക തത്വാവലംബിയായ– ദൈവത്തിന്റെ നിത്യവചനം ആയിരുന്നു. ഈ വിധത്തിൽ യേശുക്രിസ്തു ദൈവവും മനുഷ്യനും ആണെന്നും, അവന് ആളത്ത ഐക്യം ഉണ്ടെന്നും അത്താനാസ്യോസ് ഉറപ്പിച്ചു പറഞ്ഞു.

യേശുക്രിസ്തുവിന്റെ ആളത്തഐക്യത്തെപ്പററി അത്താനാസ്യോസ് ഊന്നിപ്പറഞ്ഞ ഒരു ആശയം ഇവിടെ പ്രത്യേകം ശ്രദ്ധാർഹമാണ്. ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു യേശുക്രിസ്തു ഒരുവശത്തു് അത്ഭുതങ്ങരം പ്രവർത്തിച്ചതായും മറുവശത്തു മാനുഷിക പരിമിതികരംക്കു് വിധേയനായിക്കഴിഞ്ഞതായും സുവിശേഷത്തിൽ വ്യക്തമായ രേഖയുണ്ടല്ലോ. അവ രണ്ടുംതന്നെ യേശുക്രിസ്തുവിൽ കേന്ദ്രവർത്തിയായി വ്യാപരിച്ച– മനുഷ്യാവതാരം ചെയ്ത വചനമായ ദൈവം നിർവഹിച്ച–പ്രവർത്തനങ്ങളായിരുന്നു എന്നു അത്താനാസ്യോസ് ഉപദേശിച്ചു. അതുകൊണ്ടു് ആ വ്യാപാരങ്ങളെ വേർതിരിച്ചു്, അവയിൽ ചിലതു മനുഷ്യത്വത്തിന്റെ പ്രവൃത്തികരം എന്നും, മററു ചിലത് ദൈവത്വത്തിന്റെ പ്രവൃത്തികരം എന്നും പറഞ്ഞുകൂടാ എന്നു അത്താനാസ്യോസ് നിഷ്ക്കർഷിച്ചു.

എന്നാൽ ഒരു കാര്യം അത്താനാസ്യോസ് സമ്മതിച്ചു. യേശുക്രിസ്തുവിന്റെ ചില പ്രവൃത്തികളെയും വാക്കുകളെയും വചനമായ ദൈവത്തിന്റേതെന്നും, മററു ചിലതു മനുഷ്യനായ യേശുവിന്റേതെന്നുമുള്ള വിഭജനം അനുവദനീയം അല്ലെന്നു വരികിലും, വേറൊരു അടിസ്ഥാനത്തിൽ ഒരു വിഭജനം സാധ്യമാണ്; അതായതു മനുഷ്യാവതാരത്തിന് അതീതമായി വചനം ആയ ദൈവം നിർവഹിക്കുന്ന കാര്യങ്ങരം– മനുഷ്യാവതാരത്തിന് വിധേയമായി ചെയ്യുന്ന സംഗതികരം– ഇങ്ങനെ ഒരു വിഭജനം ചെയ്യാവുന്നതാണ്. എന്നാൽ യേശുക്രിസ്തു ചെയ്ത പ്രവൃത്തികളെയും സംസാരിച്ച വചനങ്ങളെയും തമ്മിൽ വേർതിരിച്ചു ചിലതു ദൈവത്വം ചെയ്തതെന്നും ചിലതു മനുഷ്യത്വം ചെയ്തതെന്നും പറയുന്നതു അനുവദനീയം അല്ലെന്നു അത്താനാസ്യോസ് വ്യക്തമാക്കി.

www.malankaralibrary.com

ലോകത്തിന്റെ എന്നേക്കുമുള്ള രക്ഷകനാണ യേശുക്രിസ്തു എന്നുള്ളതാണ് അത്താനാസ്യോസിന്റെ ഉപദേശം. കേവലം സൃഷ്ടിയായ മനുഷ്യന ലോകത്തെ രക്ഷിക്കുക സാധ്യമല്ല. പാപത്തിൽ വീണുപോയതിനാൽ മനുഷ്യന സ്വയം രക്ഷിക്കുവാൻ പോലും കഴിവില്ല. ലോകത്തെ രക്ഷിക്കുവാൻ കഴിയുന്നതു ദൈവത്തിന മാത്രമാണ്: യേശുക്രിസ്തുവിൽക്കൂടെ ആ രക്ഷ നിർവഹിക്കപ്പെട്ടു. അവൻ ദൈവവും മനുഷ്യനും ആണ്. ദൈവം എന്ന നിലയിൽ അവൻ പിതാവായ ദൈവത്തിന്റെ തത്വം സമ്പൂർണമായും ഉള്ള നിത്യനാണ്. മനുഷ്യൻ എന്ന നിലയിൽ അവൻ കന്യകമറിയാമിൽനിന്നു യഥാർത്ഥമായി ജനിച്ചു ലോകത്തിൽ ജീവിച്ചു മരിച്ചുയിർത്തവനാണ്.

## (c) *കപ്പദോക്യൻ പിതാക്കന്മാർ*

ഏകദേശം 360 വരെയും അറിയോസ്യകക്ഷി ശക്തിപ്രാപിച്ചു നിഖ്യാവിശ്വാസത്തെ ഉന്മൂലനം ചെയ്യുവാൻ അക്ഷീണയത്നം ചെയ്തു. എന്നാൽ അതിനുശേഷം ക്രമേണയായി നിഖ്യാവിശ്വാസംതന്നെ പ്രാബല്യത്തിൽ വന്നു. അതിനു നിദാനമായി ചൂണ്ടിക്കാണിക്കാവുന്ന പല കാരണങ്ങളിൽ സർവപ്രധാനമായതു നിഖ്യാവിശ്വാസത്തെപ്പററി അറിയോസ്യർ പ്രചരിപ്പിച്ചുവന്ന ആശയഗതികൾ അടിസ്ഥാനരഹിതമെന്നു വ്യക്തമാക്കുവാൻ സാധിച്ചതാണ്. ഇതിലേക്കു വഴിതെളിച്ചതു കൈസറിയായിലെ ബസ്സേലിയോസ്, അദ്ദേഹത്തിന്റെ സഹോദരൻ നൂസ്സായിലെ ഗ്രിഗോറിയോസ്, അവരുടെ സ്നേഹിതൻ നാസ്സിയാൻസൂസിലെ ഗ്രിഗോറിയോസ് ഇവരുടെ നേതൃത്വത്തിൽ രൂപമെടുത്ത ദൈവശാസ്ത്രപരമായ ഒരു വികസനമാണ്. പുരാതന ഏഷ്യാമൈനറിലെ കപ്പദോക്യാ പ്രദേശത്തു സുപ്രസിദ്ധി ആർജ്ജിച്ചവരായിരുന്നതിനാൽ, അവരെ കപ്പദോക്യൻ പിതാക്കന്മാരെന്നു പറഞ്ഞുവരുന്നു.

അവരുടെ ദൈവശാസ്ത്രപരമായ വ്യാഖ്യാനം പ്രധാനമായി ത്രിത്വവിശ്വാസം ആസ്പദമാക്കി ആയിരുന്നു. അത് ഇവിടെ സവിസ്തരം പരാമർശിക്കുക സംഗതമല്ലല്ലോ. എന്നാൽ അവർ ഊന്നിപ്പറഞ്ഞ ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ദൈവത്തെക്കുറിച്ച് 'ഏകതത്വം' മൂന്ന് 'ആളത്തങ്ങൾ' എന്നു തെർത്തുല്യൻ ചെയ്തിരുന്ന പ്രസ്താവന പാശ്ചാത്യസഭയിൽ പ്രചരിച്ചിരുന്നതാണ്.[1] എന്നാൽ അതിനു തുല്യമായ ഒരു പ്രസ്താവന ഗ്രീക്കുഭാഷ ഉപയോഗിച്ചുവന്ന പൗരസ്ത്യ സഭാപാരമ്പര്യത്തിൽ അന്നുവരെയും പ്രയോഗത്തിൽ വന്നിരുന്നില്ല. ഇതു

1. Una substantia et tres personae എന്നു തെർത്തുല്യൻ നിർദേശിച്ചു.

www.malankaralibrary.com

മൂലമായിരുന്നു പുത്രന് പിതാവുമായി തത്വപരമായ ഐക്യം ഉണ്ടെന്നുള്ള നിഖ്യായിലെ പ്രസ്താവന സബെല്യൻ ചിന്താഗതിയിലേക്കു നയിക്കും എന്നു പൗരസ്ത്യസഭയിൽ പലരും വാദിക്കുവാൻ ഇടയായതു്. ഈ പ്രശ്നത്തിനു കപ്പദോക്യൻ പിതാക്കന്മാർ പരിഹാരം നിർദേശിക്കുകയുണ്ടായി.

ദൈവം 'ഏകതത്വ'വും 'മൂന്നു് ആളത്ത'ങ്ങളും എന്നു പ്രസ്താവിച്ചതു ലത്തീൻഭാഷയിലായിരുന്നു. അതിനു തുല്യമായ ഒരു പദപ്രയോഗം ഗ്രീക്കുഭാഷയിൽ പരിശീലിതരായ പൗരസ്ത്യസഭയ്ക്കു കപ്പദോക്യൻ പിതാക്കന്മാർ സംഭാവന ചെയ്തു.[1] ഇതിലേക്കു ഗ്രീക്കുഭാഷയിൽ പ്രയോഗത്തിലിരുന്ന രണ്ടു പദങ്ങൾക്ക് അവർ വ്യക്തമായ നിർവചനം നൽകി നിർദേശിച്ചു. ദൈവം ഒരു 'ഉസിയാ'യും, മൂന്നു് 'ഹിപ്പോസ്റ്റാസിസു'കളും ആണെന്നു അവർ പ്രസ്താവിച്ചു. ഈ പദങ്ങൾ രണ്ടും ഏതാണ്ട് പര്യായപദങ്ങളായി ഗ്രീക്കു തത്വചിന്തകന്മാരും സഭാപിതാക്കന്മാരും ഉപയോഗിച്ചിരുന്നതാണ്. കപ്പദോക്യൻ പിതാക്കന്മാർ ഈ പദങ്ങളെ തമ്മിൽ വേർതിരിക്കുകയും ദൈവത്വം അഥവാ 'ദൈവിക തത്വം' എന്നതിനെക്കുറിക്കുവാൻ ദൈവത്തിന്റെ 'ഊസിയാ' എന്നും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവരെ ഉദ്ദേശിച്ചു ദൈവിക 'ഹിപ്പോസ്റ്റാസിസു'കളെന്നും പ്രസ്താവിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. ഈ വിധത്തിൽ തെർത്തുല്യൻ ലത്തീനിൽ ചെയ്തിരുന്ന പ്രസ്താവനയ്ക്കു തുല്യമായി ഗ്രീക്കു ഭാഷയിൽ ദൈവം 'ഏകത്വം' മൂന്നു് ആളത്തങ്ങൾ എന്ന പദപ്രയോഗം കപ്പദോക്യൻ പിതാക്കന്മാർ സഭയ്ക്കു ദാനം ചെയ്തു. ദൈവം ഏകനാണ് എന്നുള്ളതു സഭയുടെ വിശ്വാസത്തിൽ അടിസ്ഥാനപരമാണ്. എന്നാൽ അതു മാത്രമല്ല സഭയുടെ വിശ്വാസം. ദൈവം പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആണ് എന്നുള്ള ആശയവും സഭയുടെ വിശ്വാസത്തിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ ആശയം വ്യക്തമാക്കുവാൻ പര്യാപ്തമായ പദപ്രയോഗം ഗ്രീക്കുഭാഷയിൽ നിർദേശിച്ചതു കപ്പദോക്യൻ പിതാക്കന്മാരായിരുന്നു.

നാലാം ശതാബ്ദത്തിന്റെ അന്ത്യമായപ്പോഴേക്കും അറിയോസ്യ സിദ്ധാന്തത്തിന്റെ പ്രസക്തിയും പ്രാബല്യവും പൗരസ്ത്യസഭയിൽ വളരെ കുറഞ്ഞിരുന്നു. 381–ൽ കൂടിയ കുസ്തന്തിനോപ്പോലീസ് സുന്നഹദോസ് നിഖ്യാവിശ്വാസം ശരിവയ്ക്കുകയും ചെയ്തു. അതിനെ തുടർന്നു കപ്പദോക്യൻ പിതാക്കന്മാരുടെ ദൈവശാസ്ത്ര വ്യാഖ്യാനം പൗരസ്ത്യസഭയിൽ ആകമാനം

---

1. Mia oucia kai treis hypostasei അഥവാ One ousia and three hypostases എന്ന് അവർ ഉപദേശിച്ചു.

www.malankaralibrary.com

അംഗീകരിക്കപ്പെടുകയും ഉണ്ടായി. ആ സുന്നഹദോസിലെ നേതാക്കന്മാർ ഈ പിതാക്കന്മാരായിരുന്നു. അവരുടെ നേതൃത്വത്തിൽ, പിതാവും പുത്രനും മാത്രമല്ല, പരിശുദ്ധാത്മാവും ഏകതത്വാവലംബികളായി പ്രഖ്യാപിക്കപ്പെട്ടു.

ഈ വിധത്തിൽ യേശുക്രിസ്തു ത്രിയേക ദൈവത്തിൽ രണ്ടാമൻ മനുഷ്യനായി അവതരിച്ച ദേഹമാണ് എന്നുള്ള പ്രഖ്യാപനം ചോദ്യം ചെയ്തു കൂടാത്തതായി നിർവചിക്കപ്പെട്ടു. ഈ നിർവചനത്തിന് അടിസ്ഥാനമായി വേദപുസ്തകത്തിലെ ഉപദേശവും അതിൽ ഉപയോഗിച്ചിരിക്കുന്ന പ്രത്യേക ഭാഷാപ്രയോഗവും സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വസ്തുത ഓർത്തിരിക്കണം. ലോകത്തിന്റെ എന്നേക്കുമുള്ള രക്ഷ ദൈവം ഒരിക്കലായി യേശുക്രിസ്തുവിൽകൂടെ നിർവഹിച്ചു എന്നുള്ള സുവിശേഷമർമത്തെയാണ് ത്രിത്വോപദേശനിർവചനം മൂലം സഭ എന്നേക്കുമായി പരിരക്ഷിക്കുന്നത്.

## 8. അപ്പോലിനാറിയൻ വാദം

യേശുക്രിസ്തുവിനെ ആസ്പദമാക്കി സഭ നാലാം നൂററാണ്ടിൽ നിരാകരിച്ച രണ്ടു് അഭിപ്രായഗതികളിൽ അറിയോസ്യസിദ്ധാന്തം എന്തെന്നു മുകളിൽ വിവരിച്ചുവല്ലൊ. അതിനെ പരിത്യജിച്ച സഭ ത്രിത്വോപദേശം വ്യക്തമാക്കി എന്നും നാം കണ്ടു. ഇനിയും അപ്പോലിനാറിയൻ വാദത്തെപ്പററി ചില കാര്യങ്ങൾ പറയേണ്ടതുണ്ടു്.

സ്ഥലകാലങ്ങൾക്കും ഐഹിക പരിമിതികൾക്കും അതീതനായ ത്രിയേക ദൈവത്തിൽ രണ്ടാമൻ സ്ഥലകാലങ്ങൾക്കും ഐഹികജീവിതമണ്ഡലത്തിലെ പരിമിതികൾക്കും വിധേയനായി മനുഷ്യാവതാരം ചെയ്തു എന്നു പറയുന്നതിലടങ്ങുന്ന ബുദ്ധിപരമായ വൈഷമ്യങ്ങളെ നേരിടുകയായിരുന്നു അപ്പോലിനാറിയൻ വാദം ചെയ്തത്. അലക്സന്ത്ര്യായിലെ അത്താനാസ്യോസിനെക്കാൾ പ്രായംകുറഞ്ഞ ഒരു സമകാലീനനായിരുന്നു ലവോദിക്യയിലെ അപ്പോലിനാറിയോസ്. അറിയോസ്യർക്കെതിരായി നിഖ്യാവിശ്വാസ സംസ്ഥാപനത്തിനുവേണ്ടി വളരെ യത്നിച്ച ഈ അപ്പോലിനറിയോസ് 'വചനം ജഡമായി തീർന്നു; ഒരു മനുഷ്യനിൽ പ്രവേശിച്ചു വസിക്കുക അല്ലായിരുന്നു' എന്നു് അലക്സന്ത്ര്യായിലെ അത്താനാസ്യോസ് ഊന്നിപ്പറഞ്ഞിരുന്ന ആശയം സർവപ്രധാനമായി പരിഗണിച്ചു. ഈ അടിസ്ഥാനം അംഗീകരിച്ചുകൊണ്ടു് അയാൾ രണ്ടു കാര്യങ്ങൾ ഉറപ്പിച്ചു പറഞ്ഞു. ഒന്നാമതു്, ലോകരക്ഷകൻ ദൈവം തന്നെ

www.malankaralibrary.com

ആണെന്നു നിഷ്ക്കർഷിച്ചു. രണ്ടാമത്തു്, യേശുക്രിസ്തുവിൻെറ ആളത്തം പരിപൂർണമായും ഏകമാണെന്നു് ഉപദേശിച്ചു.

ഇവയിൽ ഒന്നാമത്തേതിനെ ആസ്പദമാക്കി, ത്രിയേക ദൈവത്തിൽ രണ്ടാമനായ നിത്യ ആത്മം മനുഷ്യനായിത്തീർന്നു. എന്നു പറഞ്ഞാൽ, സ്ഥലകാലാതീതമായ സത്തയുള്ള ദൈവിക ആളത്തം സ്വസ്ഥിതിയിൽനിന്നു വ്യത്യാസപ്പെട്ടു് ഒരു മനുഷ്യനായി രൂപാന്തരം പ്രാപിക്കുകയല്ലായിരുന്നു എന്നു് അപ്പോലിനാറിയോസ്സു് വ്യക്തമാക്കി. ദൈവം വ്യതിയാനാതീതനാകയാൽ അങ്ങനെ സംഭവിക്കാവുന്നതല്ല. അതിനാൽ തത്വം സംബന്ധിച്ചോ ആളത്തം സംബന്ധിച്ചോ ദൈവം വ്യത്യാസം പ്രാപിച്ചു എന്നു പറയാവുന്നതല്ല. എന്നാൽ ദൈവത്തിൻെറ നിത്യവചനം യഥാർത്ഥമായും മനുഷ്യനായിത്തീർന്നു എന്നുള്ള വിശ്വാസമർമ്മം വ്യക്തമാക്കുവാൻ അദ്ദേഹം യത്നിച്ചു.

ഇതിലേക്കു കൈക്കൊണ്ട മാർഗം പ്രത്യേകം സ്മർത്തവ്യമത്രേ. യേശുക്രിസ്തുവിൻെറ ആളത്തം വചനമായ ദൈവത്തിൻെറ ദൈവത്വവും അവൻ കന്യകയിൽനിന്നു സ്വീകരിച്ച മനുഷ്യത്വവും ചേർന്നുണ്ടായ ഏക ആളത്തം ആയിരുന്നു എന്നു അപ്പോലിനാറിയോസ് ഊന്നിപ്പറഞ്ഞു. വചനമായ ദൈവം ഒരു നിത്യ ആളത്തമാണ്. മനുഷ്യനും ആളത്തമത്രേ. അതിനാൽ വചനമായ ദൈവവും മനുഷ്യത്വവും തമ്മിൽ യോജിച്ചപ്പോൾ ഒരു ആളത്തം ഉണ്ടാകുന്നതെങ്ങനെ! ഈ ചോദ്യത്തിനു് ഉത്തരം നൽകുവാനാണു് അപ്പോലിനാറിയോസ് യത്നിച്ചതു്. അതിലേക്കു മനുഷ്യനെ ഒരു ഉദാഹരണമായി കരുതാമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ആത്മാവും ശരീരവും തമ്മിൽ യോജിച്ചുണ്ടായ ഒരു ജീവിയാണല്ലോ മനുഷ്യൻ എന്നു വ്യക്തമാക്കിക്കൊണ്ടു് മനുഷ്യൻെറ ഐക്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. ആത്മാവും ശരീരവും ചേർന്നുള്ള ഒരു ജീവി എന്നു മാത്രമല്ല മനുഷ്യനെക്കുറിച്ചു പറയാവുന്നതു്. പിന്നെയോ മനുഷ്യൻെറ ശാരീരികമായ അനുഭവങ്ങളെ ഓരോന്നിനെയും നിയന്ത്രിക്കുന്നതു് അവൻെറ ആത്മാവാണ്. ഇതുപോലെ യേശുക്രിസ്തു ത്രിയേകദൈവത്തിലെ രണ്ടാമനായ വചനമായ ദൈവം മനുഷ്യനായി അവതരിച്ച ദേഹം ആണ്. മനുഷ്യാവതാരംമൂലം ദൈവത്വവും മനുഷ്യത്വവും ചേർന്ന ഒരു ഏക ആളത്തം ക്രിസ്തുവിനുണ്ടായി. മാത്രവുമല്ല, ക്രിസ്തുവിൻെറ മനുഷ്യത്വത്തെ സർവദാ നിയന്ത്രിച്ചതു് ദൈവത്വമായിരുന്നു.

യേശുക്രിസ്തുവിൽ മനുഷ്യത്വത്തെ ദൈവത്വം സർവദാ നിയന്ത്രിക്കുക മാത്രമല്ല ചെയ്തതു്. പിന്നെയോ ക്രിസ്തുവിൻെറ

www.malankaralibrary.com

ആളത്ത കേന്ദ്രംതന്നെ വചനമായ ദൈവം ആയിരുന്നു. ഈ അപ്പോലിനാറിയൻ വ്യാഖ്യാനത്തിൻെറ പശ്ചാത്തലം മനുഷ്യനിൽ മൂന്നു ഭാഗങ്ങളം—അതായതു ശരീരം, ജീവാത്മാവ്, ബോധാത്മാവ് (body, animal soul, and rational soul) ഉണ്ടെന്നു അക്കാലങ്ങളിൽ നിഷ്ക്കർഷിച്ചുവന്ന മനഃശാസ്ത്രപരമായ ചിന്താഗതി ആയിരുന്നു. ദൈവത്തിൻെറ നിത്യവചനം മനുഷ്യനായി അവതരിച്ചപ്പോൾ, മനുഷ്യത്വത്തിനു സഹജമായ ശരീരവും ജീവാത്മാവും മാത്രം അവൻ പ്രാപിക്കുകയും ബോധാത്മാവിനെ പ്രത്യേകം സ്വീകരിക്കാതെ അതിൻെറ സ്ഥാനത്തു വചനമായ ദൈവംതന്നെ വ്യാപരിക്കുകയും ചെയ്തു എന്നു് അപ്പോലിനാറിയോസു പഠിപ്പിച്ചതായിട്ടാണു മററുള്ളവർ മനസ്സിലാക്കിയതു്. ഏതായാലും അപ്പോലിനാറിയോസ് യേശുക്രിസ്തുവിൻെറ ആളത്ത ഐക്യം ഊന്നിപ്പറഞ്ഞു എങ്കിലും, മനുഷ്യത്വപൂർണത വ്യക്തമാക്കിയില്ല എന്നു പറയാം.

നാലാം നൂററാണ്ടിൻെറ പൂർവാർദ്ധത്തിൽ നൽകപ്പെട്ട ഈ വ്യാഖ്യാനത്തെ പല സുന്നഹദോസുകൾ തിരസ്ക്കരിച്ചിട്ടുണ്ടു്. അതിനുംപുറമേ, അലക്സന്ത്ര്യായിലെ അത്താനാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാർ ആദിയായി പല സഭാപിതാക്കന്മാരും 381–ൽ നടന്ന കുസ്തന്തീനോപ്പൊലീസു സുന്നഹദോസും വിമർശിക്കുകയും നിരാകരിക്കുകയും ചെയ്തു.

യേശുക്രിസ്തുവിൻെറ മനുഷ്യത്വയാഥാർത്ഥ്യത്തെ അല്ല അപ്പോലിനാറിയോസ് ചോദ്യം ചെയ്തതു്. മാനുഷികമായി യേശുക്രിസ്തുവിനു് വിശപ്പു്, ദാഹം ആദിയായ പരിമിതികൾ ഉണ്ടായിരുന്നു എന്നുള്ള വസ്തുത അയാൾ സമ്മതിക്കുമായിരുന്നു. എന്നാൽ യേശുക്രിസ്തുവിൻെറ മനുഷ്യത്വം അപൂർണമായിരുന്നു എന്നു് അയാൾ ശഠിച്ചു. അതാണ് അപ്പോലിനാറിയൻ സിദ്ധാന്തത്തിൻെറ വൈകല്യം. മൃഗങ്ങൾക്കില്ലാത്ത ബോധാത്മാവ് മനുഷ്യനുണ്ടു്. അതുകൊണ്ടാണു മനുഷ്യനു ബുദ്ധിശക്തിയും ആദ്ധ്യാത്മികാസക്തിയും ഉള്ളതു്. അഥവാ ബോധാത്മാവുള്ളതുകൊണ്ടാണ് അവൻ മനുഷ്യൻ ആയിരിക്കുന്നതു്. ഈ മാനുഷിക ബോധാത്മാവിൻെറ സ്ഥാനത്തു ദൈവത്തിൻെറ നിത്യവചനം സർവത്ര വ്യാപരിക്കുന്ന ഒരാളായി മാത്രമേ അപ്പോലിനാറിയൻ വാദം യേശുക്രിസ്തുവിനെപ്പററി ഉപദേശിച്ചിരുന്നുള്ളു. കപ്പദോക്യൻ പിതാക്കന്മാർ ഈ ആശയഗതിയെ വിമർശിച്ചുകൊണ്ടു ചെയ്ത ഒരു റിമാർക്ക് പ്രത്യേകം ശ്രദ്ധാർഹമാണു്. പാപം ചെയ്യുവാനുള്ള മനുഷ്യൻെറ ലാഞ്ഛന സ്ഥിതിചെയ്യുന്നതു് ഇച്ഛയിലാണു്. ഇച്ഛയുടെ ഇരിപ്പിടം ബോധാത്മാവ് അത്രേ. അതിനാൽ ബോധാത്മാവിനെ കൂടാതെയുള്ള മനുഷ്യത്വം ആണ് ദൈവം മനുഷ്യാവതാരത്തിൽ അവലംബി

www.malankaralibrary.com

ച്ചതെങ്കിൽ, രക്ഷയ്ക്കു് ഏററം ആവശ്യമുള്ള ഭാഗം അരക്ഷിതമായി കിടക്കുന്നു എന്നു വന്നുകൂടും.

ആധുനിക മനഃശാസ്ത്രമനുസരിച്ചു്, ബുദ്ധി, ഇച്ഛ, വികാരം ഈ മൂന്നു ശക്തികളുള്ള ജീവിയാണ് മനുഷ്യൻ. ഇവ മൂന്നിനെയും ഭരിക്കുന്നതു മനുഷ്യൻെറ ആളത്ത കേന്ദ്രമാണ്. എന്നാൽ അപ്പോലിനാറിയൻ വാദം ശഠിച്ചതു് യേശുക്രിസ്തുവിൻെറ ആളത്ത കേന്ദ്രം ദൈവത്തിൻെറ നിത്യവചനം മാത്രമായിരുന്നു എന്നത്രേ. ഈ ആശയഗതിയെയാണ് സഭ ഉപേക്ഷിച്ചതു്.

## 9. ഉപസംഹാരം

ദൈവത്തിൻെറ നിത്യേക വചനം—അഥവാ ത്രിയേക ദൈവത്തിൽ രണ്ടാമൻ—മനുഷ്യനായി അവതരിച്ച ദേഹമാണ് യേശുക്രിസ്തു. മനുഷ്യാവതാരംമൂലം ദൈവത്തിൻെറ വചനത്തിനു യാതൊരു വ്യതിയാനവും ഭവിച്ചില്ല. അവൻ അവലംബിച്ച മനുഷ്യത്വം പരിപൂർണമായിരുന്നു. യേശുക്രിസ്തുവിൽ ആ മനുഷ്യത്വത്തിനു സമ്പൂർണമായ സ്ഥാനവും ഉണ്ടായിരുന്നു. ഈ ആശയങ്ങളാണ് നാലാം നൂററാണ്ടിൻെറ അവസാനഘട്ടമായപ്പോഴേക്കും സഭ ആകമാനം അംഗീകരിച്ചിരുന്നതു്.

www.malankaralibrary.com

# 3

# അഞ്ചും, ആറും, ഏഴും നൂററാണ്ടുകളിലെ വിശ്വാസ പ്രസ്താവനകൾ

ത്രീയേക ദൈവത്തിലെ രണ്ടാമൻ—അഥവാ, ദൈവത്തിന്റെ നിത്യേകപുത്രൻ—പൂർണമനുഷ്യത്വം പ്രാപിച്ച് മനുഷ്യൻ ആയി അവതരിച്ച ദേഹമാണ് യേശുക്രിസ്തു എന്നു പറഞ്ഞാൽ മനുഷ്യത്വത്തിനു യേശുക്രിസ്തുവിലുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നു എന്നു വ്യക്തമാക്കേണ്ടതാണ്. ഈ പ്രശ്നത്തിന്റെ പ്രാധാന്യം നാം പ്രത്യേകം ഗ്രഹിച്ചിരിക്കണം. നസ്രായനായ യേശു ഒരു പിഞ്ചു പൈതലായി ലോകത്തിൽ ജനിച്ച് ക്രമേണ വളർച്ച പ്രാപിക്കുകയും പ്രായപക്വതയിൽ എത്തിച്ചേരുകയും ചെയ്തു.1 അവൻ ഐഹിക മണ്ഡലത്തിൽ ജീവിച്ച് ക്രൂശുമരണം അനുഭവിച്ചു. ലോകത്തിൽ ജീവിച്ച കാലത്ത് അവനു വിശപ്പ്, ദാഹം, ശാരീരികമായ മററു പരിമിതികൾ, ക്ലേശാനുഭവങ്ങൾ, ആദിയായവ എല്ലാംതന്നെ ഇതര മനുഷ്യരെപ്പോലെയുണ്ടായിരുന്നു. ഈ വസ്തുതകൾ സർവവും സുവിശേഷങ്ങളിൽനിന്നു വ്യക്തമാണ്. എന്നാൽ ഈ മാനുഷികാനുഭവങ്ങളും, ദൈവം ആയിരിക്കവേ മനുഷ്യനായി അവതരിച്ച അവസ്ഥയും തമ്മിലുള്ള ബന്ധം എന്ത്? ഈ ചോദ്യമാണ് അഞ്ചാം നൂററാണ്ടിൽ ഉന്നയിക്കപ്പെട്ടത്.

ആ നൂററാണ്ടിൽ ഈ പ്രശ്നത്തിനു നൽകപ്പെട്ട ഉത്തരം പരാമർശിക്കുന്നതിനു മുമ്പായി സഭ എക്കാലവും വർജ്ജിച്ച രണ്ടു അന്യോന്യവിരുദ്ധങ്ങളായ ആശയഗതികളേപ്പററി ഏതാനും വാക്കുകൾ പ്രസ്താവിച്ചുകൊള്ളട്ടെ. ഇവയിൽ ഒന്ന്, യേശുക്രിസ്തുവിനെ കേവലം ഒരു മനുഷ്യനായി മാത്രം പരിഗണിച്ചു.2 എന്നാൽ ആ മനുഷ്യൻ ആദിമുതല്ക്കേ ദൈവവുമായുള്ള ബന്ധം അഭേദ്യം പുലർത്തി ജീവിച്ചുവന്നതിനാൽ, ദൈവം അവനെ ഉയർത്തുകയും, ലോകരക്ഷ നിവർത്തിക്കുന്നതിനുള്ള ഉപകരണമായി സ്വീകരിക്കുകയും ചെയ്തു. രണ്ടാമത്തേത്, യേശുക്രിസ്തുവിനെ ദൈവമായി കരുതി.3 മനുഷ്യനായി അവൻ ലോകത്തിൽ കാണ

1. ലൂക്കൊ. 2:52. 2. ഈ അഭിപ്രായഗതിയെ Psilanthropism അഥവാ Ebronitism എന്നു പറയുന്നു.

3. ഇതിനെയാണ് Docetism എന്നു പറയുന്നത്.

www.malankaralibrary.com

പ്പെടുക മാത്രമേ ചെയ്തുള്ളു എന്നായിരുന്നു ഈ അഭിപ്രായ ഗതി അംഗീകരിച്ചിരുന്നവർ ശഠിച്ചത്. അതിനാൽ ഇവരുടെ ദൃഷ്ടിയിൽ മനുഷ്യത്വത്തിനുള്ള സ്ഥാനം ദൈവം ലോകത്തിൽ പ്രവേശിക്കുവാൻ ആവശ്യമായ ഒരു ഉപാധി നൽകി എന്നുള്ളതു മാത്രമാണ്. ഇതിനകം കണ്ട സമോസട്ടായിലെ പൗലേയുടെ ഉപദേശം ഇവയിൽ ഒന്നാമത്തേതും, അപ്പോലിനാറിയൻ വാദം രണ്ടാമത്തേതും ഏറെക്കുറെ ശരിവയ്ക്കുന്ന രണ്ടു സിദ്ധാന്തങ്ങളായിരുന്നു എന്നു പറയാം.

ഈ രണ്ട് ആശയഗതികളെയും പരിത്യജിച്ച് സഭയുടെ വിശ്വാസം നിഖ്യാനിശ്ചയത്തിന്റെ വെളിച്ചത്തിൽ വ്യക്തമാക്കുവാനാണ് അഞ്ചാം നൂററാണ്ടു മുതൽ സഭ യത്നിച്ചത്. ഈ യത്നത്തിനു പിമ്പിലായി രണ്ടു വേദശാസ്ത്രപരമായ പാരമ്പര്യങ്ങൾ കടന്നിരുന്നു. അവയെപ്പററിയും അവ നിലനിർത്തിവന്ന ഉപദേശങ്ങളേപ്പററിയും ഒരു ചെറിയ വിവരണം ഇവിടെ ചേർക്കേണ്ടതുണ്ട്.

## 1. അലക്സാന്ത്ര്യൻ ചിന്താഗതി

രണ്ടാം നൂററാണ്ടിന്റെ ഏതാണ്ടു മദ്ധ്യഘട്ടം മുതൽ അലക്സന്ത്ര്യായിൽ ഒരുദൈവശാസ്ത്ര വിദ്യാലയം ഉണ്ടായിരുന്നു. അവിടെ നേതൃത്വം വഹിച്ച പലരും ദൈവശാസ്ത്രപരമായി മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. അവരിൽ ഓറിജൻ, അത്താനാസ്യോസ്, ഇവരുടെ പേരുകളും ഉപദേശസംഗ്രഹവും മുകളിൽ ചേർത്തിട്ടുണ്ടല്ലോ.

അലക്സാന്ത്ര്യൻ ചിന്താഗതി എന്നു പറയുന്നതിനാൽ അതു അലക്സന്ത്ര്യയിൽ മാത്രം പ്രചരിച്ചിരുന്നതായി മനസ്സിലാക്കരുത്. നേരെമറിച്ച്, അത് അലക്സാന്ത്ര്യൻ ദൈവശാസ്ത്രപണ്ഡിതന്മാരുടെ നേതൃത്വത്തിൽ വികസിച്ചതും പൗരസ്ത്യദേശം ആകമാനം തന്നെ പ്രചരിച്ചിരുന്നതും ആയ ക്രൈസ്തവ ചിന്താഗതി ആയിരുന്നു. മാത്രവുമല്ല; പൂർവകാലങ്ങളിൽ ഈ ചിന്താഗതി സ്വീകരിച്ചിരുന്നവർ അതിനെ സഭയുടെ ഉപദേശം എന്നു മാത്രമേ കരുതിയിരുന്നുള്ളു. കപ്പദോക്യൻ പിതാക്കന്മാർ ആദിയായി സഭയിൽ പേരെടുത്ത അലക്സന്ത്ര്യക്കാരല്ലാത്ത പലരും ആ ചിന്താഗതി അംഗീകരിച്ചിരുന്നവരും ആയിരുന്നു.

'വചനം ജഡമായിത്തീർന്നു' (യോഹ. 1:14) എന്നുള്ളതാണ് അലക്സാന്ത്ര്യൻ ചിന്താഗതിയുടെ ആരംഭം എന്നു അത്താനാസ്യോസിന്റെ ഉപദേശം പരാമർശിച്ചപ്പോൾ പ്രസ്താവിച്ച

www.malankaralibrary.com

വല്ലോ. 'വചനം ജഡമായിത്തീർന്നു; ഒരു മനുഷ്യനിൽ പ്രവേശിച്ചു വസിക്കുക അല്ലായിരുന്നു' എന്നു് അത്താനാസ്യോസ് ഊന്നിപ്പറഞ്ഞ ആശയം അലക്സാന്ത്ര്യൻ വേദശാസ്ത്രം സദാ നിഷ്ക്കർഷിച്ചുവന്നു.

ഈ അടിസ്ഥാനത്തിൽ രണ്ടു കാര്യങ്ങൾ അലക്സാന്ത്ര്യൻ വേദശാസ്ത്രജ്ഞന്മാർ ഉറപ്പിച്ചു പറഞ്ഞു. ഒന്നാമതു്, വചനം മനുഷ്യനായിത്തീർന്നപ്പോൾ, വചനത്തിന്റെ ദൈവിക തത്വത്തിനോ ആളത്തത്തിനോ യാതൊരു വ്യതിയാനവും വന്നില്ല. അഥവാ മനുഷ്യാവതാരംമൂലം ദൈവത്വം മനുഷ്യത്വമായി രൂപാന്തരപ്പെടുക അല്ലായിരുന്നു. രണ്ടാമതു, മനുഷ്യനായി തീർന്നപ്പോൾ വചനം പരിശുദ്ധ കന്യകയിൽനിന്നു യഥാർത്ഥമായി മനുഷ്യത്വം അവലംബിച്ചു. യേശുക്രിസ്തു ഒരു മനുഷ്യരൂപത്തിൽ കാണപ്പെടുകമാത്രമല്ലായിരുന്നു. പിന്നെയോ, ദൈവത്തിന്റെ നിത്യവചനം വാസ്തവമായി സാക്ഷാൽ മനുഷ്യത്വം സ്വീകരിച്ചു് ലോകജീവിതത്തിൽ പ്രവേശിക്കുക ആയിരുന്നു. ആ മനുഷ്യത്വം പരിപൂർണമായിരുന്നു. ഈ വിധത്തിൽ അപ്പോലിനാറിയൻ വാദത്തിനെതിരായി അലക്സാന്ത്ര്യൻ ദൈവശാസ്ത്രജ്ഞന്മാർ തങ്ങളുടെ നില വ്യക്തമാക്കി.

അലക്സാന്ത്ര്യൻ ദൈവശാസ്ത്രം ബഹുമുഖങ്ങളായി വികസിപ്പിക്കപ്പെട്ട ഒന്നായിരുന്നു. അതിൽ സർവത്ര സ്മരണീയമായ സംഭാവന നൽകിയതു 444–ൽ നിര്യാതനായ അലക്സാന്ത്ര്യയിലെ കൂറിലോസായിരുന്നു. അനേകം വാല്യങ്ങളിലായി കൂറിലോസിന്റെ ഗ്രന്ഥങ്ങൾ അവയുടെ ഗ്രീക്കുമൂലത്തിൽ ഇന്നും ലഭ്യങ്ങളാണ്. അവയിൽ ഊന്നിപ്പറയുന്ന ഏതാനും ആശയങ്ങൾ മാത്രം ഇവിടെ സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കാം.

ത്രിയേക ദൈവത്തിൽ രണ്ടാമനായ–ദൈവത്തിന്റെ നിത്യവചനം–കാലത്തികവിങ്കൽ പരിശുദ്ധ കന്യകമറിയാമിൽനിന്നു പരിപൂർണ മനുഷ്യത്വം അവലംബിച്ചു് മനുഷ്യനായി ലോകത്തിൽ അവതരിച്ചു. ഈ അവതാരംമൂലം ദൈവത്വം മനുഷ്യത്വം ആയിട്ടോ, മനുഷ്യത്വം ദൈവത്വം ആയിട്ടോ രൂപാന്തരം പ്രാപിച്ചില്ല. ഒരു മനുഷ്യനിൽ ദൈവം പ്രവേശിച്ചു വസിച്ചു എന്നുള്ളതും അല്ലായിരുന്നു ഈ അവതാരം. നേരേ മറിച്ചു്, ദൈവത്വവും മനുഷ്യത്വവും, അതതിന്റെ സ്വഭാവവിശേഷങ്ങൾ പരിരക്ഷിച്ചുകൊണ്ടു്, അന്യോന്യം യോജിക്കുക ആയിരുന്നു. അഥവാ, സ്ഥലകാലങ്ങൾക്കു് അതീതനും അവയുടെ സ്രഷ്ടാവും ആയ ദൈവത്തിന്റെ വചനം ഒരു വശത്തുനിന്നും, സ്ഥലകാലങ്ങൾക്കു് വിധേയനും സ്രഷ്ടാവും ആയ മനുഷ്യത്വം മറുവശത്തു

www.malankaralibrary.com

നിന്നും, അന്യോന്യം വേർപെട്ടുപോകാത്തവണ്ണം എന്നേക്കുമായി സംയോജിച്ചു.

കൂറിലോസ് ഊന്നിപ്പറഞ്ഞ ഈ ആശയം വിശദമാക്കുവാൻ ആ കാലത്തെ ചിന്താപാരമ്പര്യം അനുകരിച്ച് ഉപയോഗിച്ച ഏതാനും സാങ്കേതികപദങ്ങളുണ്ട്. അവ പ്രധാനമായി 'ഊസിയാ', 'ഹിപ്പോസ്റ്റാസിസ്', 'ഫീസിസ്', 'പ്രോസോപ്പോൺ' ഇവയാണ്.1 ഇവയിൽ ആദ്യത്തേതു രണ്ടും മുകളിൽ എടുത്തു കാണിച്ചിട്ടുണ്ട്. ദൈവിക 'ഹിപ്പോസ്റ്റാസിസ്' പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവരുടെ ആളത്തങ്ങളെ കുറിക്കുന്നു. 'പ്രോസോപ്പോൺ' എന്നത് 'ആളത്തം' എന്നു വിവർത്തനം ചെയ്യാറുണ്ട് എന്നുവരികിലും അതിന് 'ഹിപ്പോസ്റ്റാസീസ്'മായി വ്യത്യാസം ഉണ്ടായിരുന്നു. ആളത്തത്തിന് ഒരു ആന്തരികവശവും ഒരു ബാഹ്യവശവും ഉണ്ട്. അവയിൽ ആന്തരികവശത്തെ 'ഹിപ്പോസ്റ്റാസീസ്' കുറിക്കുന്നു. 'പ്രോസോപ്പോൺ' ബാഹ്യവശത്തേയും ഉദ്ദേശിക്കുന്നു. ഈ വ്യത്യാസം ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കുവാൻ ശ്രമിക്കാം. ഒരു മനുഷ്യനു മാനുഷിക വ്യക്തിത്വം ഉണ്ട്. അതിൽ മനുഷ്യനു പ്രത്യേകമായുള്ള സ്വഭാവവിശേഷങ്ങൾ വ്യക്തമായ നിലയിൽ ഉൾക്കൊള്ളുന്നു. അതിനെ 'ഹിപ്പോസ്റ്റാസീസ്' എന്നു പറയാം. എന്നാൽ ഒരു മനുഷ്യനെ മറ്റൊരു മനുഷ്യനിൽനിന്നു നാം വേർതിരിച്ചറിയുന്നതു ഓരോ മനുഷ്യനു പ്രത്യേകമായുള്ള ലക്ഷണങ്ങൾ വഴിയാണ്. ഈദൃശമായ പ്രത്യേക ലക്ഷണങ്ങളെ ഒന്നായി വിവക്ഷിക്കുവാനുള്ള പദമാണ് 'പ്രോസോപ്പോൺ'. 'ഫീസിസ്' എന്ന പദത്തെ സാധാരണയായി 'സ്വഭാവം'2 എന്നു തർജ്ജമ ചെയ്യാറുണ്ട്. എന്നാൽ ഈ പദത്തിനു മലയാളത്തിൽ സാധാരണ ഉപയോഗത്തിലുള്ള സ്വഭാവവുമായി കാര്യമായ അർത്ഥസാമ്യമൊന്നുമില്ല; 'ഊസിയാ', ഹിപ്പോസ്റ്റാസിസ്' ഈ പദങ്ങളെ രണ്ടിനേയും സാന്ദർഭികമായി ഉദ്ദേശിച്ച പൊതുവായി ഉപയോഗിച്ചുവന്നതായിരുന്നു 'ഫീസിസ്'. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ അവിഭാജ്യമായി സംയോജിച്ചു എന്നു പറയുവാൻവേണ്ടി ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങൾ അഥവാ 'ഫീസിസു'കൾ തമ്മിൽ യോജിച്ചു എന്നു പുരാതന വേദശാസ്ത്രജ്ഞന്മാർ പറഞ്ഞുവന്നിരുന്നു.

---

1. Ousia, Hypostasis, Physis and Prosopon ഇവയാണ് ആ ഗ്രീക്കുപദങ്ങൾ. 'ഊസിയാ' അഥവാ 'ഈതൂതാ' 'ക്നൂമൊ', ക്യോനോ', ഹർസൂപ്പോ' ഇവയാണു സുറിയാനിയിൽ ഈ പദങ്ങൾ.

2. ഇംഗ്ലീഷിൽ ഈ പദത്തെ Nature എന്നാണു തർജമ ചെയ്തിരിക്കുന്നതു്.

www.malankaralibrary.com

പദങ്ങളുടെ മേൽവിവരിച്ച അർത്ഥം മനസ്സിൽ വച്ചുകൊണ്ടു് കൂറിലോസ് ഊന്നിപ്പറഞ്ഞ ആശയം ഏതാണ്ടിപ്രകാരം വ്യക്തമാക്കാം. ദൈവത്തിന്റെ വചനം നിത്യമായ ദൈവിക സ്വഭാവം ആണു്. പരിശുദ്ധ കന്യകയിൽനിന്നു് അവൻ അവലംബിച്ച മനുഷ്യത്വം മാനുഷിക സ്വഭാവവും അത്രേ. മനുഷ്യാവതാരത്തിൽ ഈ രണ്ടു സ്വഭാവങ്ങൾ പരസ്പരം സംയോജിച്ചു. ഈ യോജ്യത ഉണ്ടായതു പരിശുദ്ധ കന്യകയുടെ ഉദരത്തിൽ ശിശു ഉത്പാദിതനായ ആദ്യ നിമിഷത്തിൽതന്നെ ആയിരുന്നു.[1] അതിനാൽ കന്യക പ്രസവിച്ചതു ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ യോജിച്ചുണ്ടായ ഏക ക്രിസ്തുവിനെ ആണു്. ഈ കാരണത്താൽ കന്യക ദൈവജനനിയും[2] ആകുന്നു.

ദൈവിക സ്വഭാവമായ ദൈവത്തിന്റെ നിത്യവചനവും ഒരു മനുഷ്യസ്ത്രീയായ കന്യകയിൽനിന്നും എടുത്ത മനുഷ്യസ്വഭാവവും തമ്മിൽ സംയോജിച്ചു് യേശുക്രിസ്തു ലോകത്തിൽ അവതാരം ചെയ്തു. അതിനാൽ അവൻ രണ്ടു സ്വഭാവങ്ങളിൽ നിന്നും ഉള്ളവനാണു്.[3] ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ യോജിച്ചതു വിസ്മയനീയമായ ദിവ്യ വ്യാപാരത്താലത്രേ. അതുമൂലം ഒരു വശത്തു ദൈവിക സ്വഭാവം സ്വയ പരിമിതീകരണം പ്രാപിച്ചു. മറുവശത്തു പാപരഹിതമായി മനുഷ്യസ്വഭാവത്തെ ദൈവം ഉയർത്തി. ഈ വിധത്തിൽ ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ, അതതിന്റെ സമ്പൂർണതയിലും സ്വഭാവവിശേഷങ്ങളോടുകൂടെയും, യേശുക്രിസ്തുവിൽ ഒരുമിക്കുകയും, അതിന്റെ ഫലമായി അവൻ ഏക ആളത്തമായി ലോകത്തിൽ ജനിക്കുകയും ചെയ്തു. ആ ഏക ആളത്തമാണു് യേശുക്രിസ്തുവിന്റെ സർവ വ്യാപാരങ്ങളേയും സർവദാ നയിച്ചതു്. ഉദാഹരണമായി, മനുഷ്യസ്വഭാവം സമ്പൂർണ്ണമായി അവനിൽ ഉണ്ടായിരുന്നതിനാൽ, യേശുക്രിസ്തുവിനു യഥാർത്ഥമായും വിശപ്പു്, ദാഹം, ശാരീരികമായ മററു പരിമിതികൾ, ക്ലേശാനുഭവങ്ങൾ, ആദിയായവ ഉണ്ടായിരുന്നു.

---

1. ലൂക്കൊസ് 1:35.

2. മലയാളത്തിൽ 'ദൈവമാതാവു്' എന്നും ഇംഗ്ളീഷിൽ Mother of God എന്നും ഉള്ള പദപ്രയോഗം തെററിദ്ധാരണ ഉളവാക്കാവുന്നത്രെ. ഗ്രീക്കിൽ Theotokos എന്നും സുറിയാനിയിൽ 'യോൽദാത് ആലോഹോ' എന്നും ആണു് ഉപയോഗിച്ചിരിക്കുന്നതു്. അതിന്റെ അർത്ഥം 'ദൈവത്തെ പ്രസവിക്കുന്നവൾ'എന്നാണു്. 'ദൈവപ്രസവിത്രി' ഒരു നല്ല വിവർത്തനമാണു്

3. ഗ്രീക്കിൽ ek duo Physon എന്നാണു് ഈ പദപ്രയോഗം. അതിനെ From, അഥവാ of two natures' എന്നു് ഇംഗ്ളീഷിൽ തർജ്ജമ ചെയ്തു കാണുന്നു

www.malankaralibrary.com

എന്നാൽ ആ അനുഭവങ്ങൾ അവനിലുണ്ടായിരുന്ന മനുഷ്യസ്വഭാവത്തിന്റേതു മാത്രമായി വേർപ്പെട്ടു സ്ഥിതി ചെയ്യുക അല്ലായിരുന്നു.1 പിന്നെയോ, മനുഷ്യസ്വഭാവത്തെ തന്റേതായി സ്വീകരിച്ചു തന്നോടു സംയോജിപ്പിച്ച ദൈവിക സ്വഭാവം ആ അനുഭവങ്ങളിൽനിന്നു ഒഴിഞ്ഞുമാറാതെ അവയേയും തന്റെ സ്വന്ത അനുഭവങ്ങൾപോലെ പരിഗണിച്ചിരുന്നു. അതുപോലെ തന്നെ ദൈവിക സ്വഭാവത്തിനനുയോജ്യമായി യേശുക്രിസ്തു ചെയ്ത പ്രവൃത്തികൾ മനുഷ്യസ്വഭാവത്തോടു യോജിച്ചുള്ള ഏക ആളത്തം തന്നെയാണു നിർവഹിച്ചതു്.

യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിൽനിന്നും(From two Natures) ഉള്ള ഏക ആളത്തമായി ലോകത്തിൽ അവതരിച്ചു. സ്വഭാവങ്ങൾ തമ്മിലുള്ള ഈ യോജ്യത ആളത്തപരവും ആന്തരീയവും ആയിരുന്നു.2 സ്വഭാവങ്ങൾ തമ്മിൽ യോജ്യതമൂലം പരിപൂർണ്ണമായ ഐക്യത്തിൽ എത്തിച്ചേർന്നു. അതുകൊണ്ടു് യേശുക്രിസ്തു 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിന്റെ ഒന്നായിരിക്കുന്ന സ്വഭാവം' അത്രേ.

യേശുക്രിസ്തുവിൽ ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ യോജിച്ചു സ്ഥിതി ചെയ്യുന്നുണ്ടു്. എന്നാൽ അവനെക്കുറിച്ചു 'രണ്ടു സ്വഭാവങ്ങൾ'3 എന്നു പറഞ്ഞുകൂടാ എന്നു കൂറിലോസു ശഠിച്ചു. കാരണം യേശുക്രിസ്തുവിൽ വ്യാപരിച്ചതു ദൈവിക സ്വഭാവമോ മാനുഷിക സ്വഭാവമോ പരസ്പരം വേർപിരിഞ്ഞല്ല. പിന്നെയോ ഈ സ്വഭാവങ്ങൾ വ്യത്യാസപ്പെടാതെയും അതതിന്റെ പ്രത്യേകതകൾ പരിരക്ഷിച്ചും ഏക ആളത്തത്തിൽ ഒരുമിക്കുകയാണു ചെയ്തതു്.

യേശുക്രിസ്തു പരിപൂർണമായും ദൈവവും മനുഷ്യനും ആണ്. അവൻ ഏക ആളത്തവും അത്രേ. ഈ ആശയങ്ങളായിരുന്നു അലക്സാന്ത്ര്യൻ വേദശാസ്ത്രം ഊന്നിപ്പറഞ്ഞതു്. വി. കൂറിലോസ് സർവത്ര പ്രഖ്യാപിച്ചതും ഈ ആശയങ്ങൾ ആയിരുന്നു.

---

1. ഈ ആശയത്തേയാണു് Communicatio idiomatum അഥവാ Communication of Properties എന്നു പറയുന്നതു്.

2. സ്വഭാവങ്ങൾ തമ്മിലുള്ള യോജ്യത 'according to hypostasis എന്നു കൂറിലോസു സദാ ഊന്നിപ്പറഞ്ഞിരുന്നു. യോജ്യത according to prosopon മാത്രമല്ലായിരുന്നു എന്നുള്ളതു കൂറിലോസിന്റെ ഒരു സുപ്രധാന വാദമായിരുന്നു.

3. Jesus Christ is 'one incarnate nature of God the Word' എന്ന പ്രസ്താവനയെ കൂറിലോസു ശരിവയ്ക്കുകയും സർവദാ ഊന്നിപ്പറയുകയും ചെയ്തുവന്നു.

www.malankaralibrary.com

## 2. അന്ത്യോക്യൻ ചിന്താഗതി

പുരാതന റോമാ സാമ്രാജ്യത്തിലെ പൗരസ്ത്യ വിഭാഗത്തിന്റെ തലസ്ഥാനനഗരമായിരുന്ന അന്ത്യോക്യാ കേന്ദ്രമാക്കി മറെറാരു വേദശാസ്ത്രവികസനം പൗരസ്ത്യദേശത്തു നിലവിൽ വന്നു. അതിനെയാണ് അന്ത്യോക്യൻ ചിന്താഗതി എന്നു ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. സമോസട്ടായിലെ പൗലോയെ ഈ ചിന്താഗതിയുടെ മൂന്നാം നൂററാണ്ടിലെ ഒരു പ്രതിനിധിയായി കരുതാമെന്നുവരികിലും, ഇതിന്റെ വിശദാംശങ്ങൾ വികസിപ്പിച്ച് ഒരു വേദശാസ്ത്ര പാരമ്പര്യം പൗരസ്ത്യസഭയിൽ സൃഷ്ടിച്ചതു മററാളുകളായിരുന്നു. നാലാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലും അഞ്ചാം നൂററാണ്ടിന്റെ ആദ്യത്തെ മൂന്നു ദശവത്സരങ്ങളിലും ആയി ജീവിച്ച വേദശാസ്ത്രവ്യാഖ്യാനം നിർവഹിച്ച തർശീശിലെ ദീയോദോർ, മൊഫ്സെസ്ത്യായിലെ തീയോദോർ[1] ഇവരായിരുന്നു അതിന്റെ നേതാക്കന്മാർ.

428–ൽ നിര്യാതനായ–ഒരു വേദശാസ്ത്രപണ്ഡിതൻ എന്ന നിലയിൽ വിഖ്യാതനായിത്തീർന്ന–തിയോദോർ അന്ത്യോക്യൻ ചിന്താഗതി ഗഹനമായി പ്രതിപാദിച്ചിട്ടുണ്ട്.[2] നിഖ്യാവിശ്വാസം സ്വീകരിച്ചിരുന്ന ആളായിരുന്നതിനാൽ യേശുക്രിസ്തുവിൽ മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ വചനം നിത്യനായ ഒരു ആളത്തം ആണെന്നുള്ള ആശയം തീയോദോർ അംഗീകരിച്ചിരുന്നു. ഈ നിലയിൽ തീയോദോർ, സമോസട്ടായിലെ പൗലോയുടെ ഉപദേശപാരമ്പര്യം അല്ല സ്വീകരിച്ചിരുന്നതു് എന്നു ഓർത്തിരിക്കണം. യേശുക്രിസ്തുവിൽ ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ അവിഭാജ്യമായ സംയോജനം ഉണ്ടായി എന്നും തീയോദോർ ഉൽഘോഷിച്ചിരുന്നു. എന്നാൽ ആ സംയോജനത്തെ അയാൾ വ്യാഖ്യാനിച്ചതു് അലക്സാന്ത്ര്യർ ചെയ്തുവന്നതിൽനിന്നു വ്യത്യസ്തമായ വിധത്തിലായിരുന്നു.

'വചനം ജഡമായിത്തീർന്നു' എന്നുള്ള പ്രസ്താവന തങ്ങളുടെ വേദശാസ്ത്ര വ്യാഖ്യാനത്തിനു് അടിസ്ഥാനമായി അലക്സാന്ത്ര്യൻ ചിന്തകന്മാർ കരുതി എന്നു വരികിൽ, ദൈവവും മനുഷ്യനും തമ്മിൽ നികത്തുവാനാവാത്ത അകൽച്ച ഉണ്ടെന്നുള്ള ആശയമായിരുന്നു അന്ത്യോക്യൻ ചിന്താഗതിയുടെ യഥാർത്ഥ പശ്ചാത്തലം. സ്രഷ്ടാവും സർവസമ്പൂർണ്ണനും പ്രപഞ്ചത്തിനതീതനും

---

1. Diodore of Tarsus and Theodore of Mopsuestia

2. മൊഫ്സെസ്ത്യായിലെ തീയോദോറിന്റെ ചില ഗ്രന്ഥങ്ങൾ സുറിയാനിയിൽ ഇന്നും ലഭ്യങ്ങളാണ്. അദ്ദേഹത്തെപ്പററി ചില ആധുനിക ഗ്രന്ഥകാരന്മാർ എഴുതിയിട്ടുമുണ്ട്.

www.malankaralibrary.com

ആണ് ദൈവം. മനുഷ്യനാകട്ടെ സൃഷ്ടിയും അപൂർണ്ണനും പ്രപഞ്ചത്തിനുള്ളിൽ സ്ഥിതിചെയ്യുന്നവനും മാത്രമാണ്. അതു കൊണ്ടു ദൈവം മനുഷ്യനായിത്തീർന്നു എന്നുള്ള പ്രസ്താവന അലങ്കാര രൂപത്തിൽ മാത്രമാണ് എടുക്കേണ്ടതു് എന്നു തീയോദോർ നിഷ്ക്കർഷിച്ചു. മനുഷ്യവർഗത്തിനുവേണ്ടി ദൈവത്തിന്റെ നിർണായകമായ വെളിപാടും രക്ഷണ്യവ്യാപാരവും യേശുക്രിസ്തുവിൽകൂടെ ഉണ്ടായി എന്നു തീയോദോർ സമ്മതിച്ചു.

ലോകസ്ഥാപനത്തിനു മുമ്പുതന്നെ നസ്രായനായ യേശുവിനെ ദൈവം തന്റെ മുൻനിർണയത്താൽ തിരഞ്ഞെടുത്തിരുന്നു. ആ തിരഞ്ഞെടുപ്പിനു വിധേയമായിട്ടായിരുന്നു അവൻ ലോകത്തിൽ ജനിച്ചതു്. അതിനാൽ ആദിമുതൽക്കേ ദൈവത്തിന് അവനോടു—മററു മനുഷ്യരോട് ഇല്ലാത്തതരത്തിലുള്ള—ഒരു ബന്ധം ഉണ്ടായിരുന്നു. ഒരു മനുഷ്യനായി മാത്രമാണ്. യേശുക്രിസ്തു കന്യകയുടെ ഉദരത്തിൽ ഉത്പാദിതനായി ലോകത്തിൽ ജനിച്ചതെന്നു വരികിലും, അവൻ വളർന്നുവന്നതു ദൈവത്തിനു തന്നോടുണ്ടായിരുന്ന പ്രത്യേക ബന്ധത്തിനു വിധേയമായി മാത്രമായിരുന്നു. ഒരു മനുഷ്യൻ എന്ന നിലയിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പനുസരിച്ചു ശാരീരികം, ബുദ്ധിപരം, ധാമ്മികം, ആത്മീയം, ആദിയായ എല്ലാ സരണികളിലും മററു മനുഷ്യരെപ്പോലെ അവൻ ജീവിച്ചു. ജീവിതത്തിലെ ഓരോ നിമിഷവും തന്റെ മാനുഷിക സ്വാതന്ത്ര്യത്തെ—ദൈവത്തിനു് തന്നോടുണ്ടായിരുന്ന പ്രത്യേക ബന്ധത്തിനനുസരണമായി—അവൻ പ്രയോഗിക്കുകയും, ദൈവിക തിരുഹിതനനുയോജ്യമായി നിത്യവും വളരുകയും ചെയ്തു. ഈ വിധത്തിൽ ദൈവവുമായുള്ള ബന്ധത്തെ അവൻ അനുനിമിഷം തിരഞ്ഞെടുക്കുകയും, ആ ബന്ധത്തിൽ തന്നെ വളർന്നുവരികയും ചെയ്തു.

ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ യേശുക്രിസ്തുവിലുള്ള സംയോജിപ്പ് ആളത്തപരവും ആന്തരീയവും ആണെന്നു് അലക്സാന്ത്ര്യൻ വേദശാസ്ത്രം ഊന്നിപ്പറഞ്ഞു എന്നു മുകളിൽ നാം കണ്ടുവല്ലോ. എന്നാൽ അപ്രകാരമുള്ള ഒരു യോജിപ്പു സാധ്യമല്ല എന്നായിരുന്നു അന്ത്യോക്യരുടെ വാദം. ഈ വാദത്തിനു പിമ്പിലായി ദൈവവും മനുഷ്യനും തമ്മിൽ നികത്തുവാൻ അസാധ്യമായ വിടവുണ്ടെന്നുള്ള ആശയം കിടന്നിരുന്നു എന്നു് ഓർത്തിരിക്കണം. സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പു ബാഹ്യമായി മാത്രം ആളത്തപരമായിരുന്നു എന്നു തീയോദോർ ഉപദേശിച്ചു.1 അതിനാൽ യേശുക്രിസ്തുവിന്റെ ആന്തരീയ

1. യോജിപ്പ് 'പ്രോസോപ്പോൺ' അനുസരിച്ചു according to prosopon-ആയിരുന്നു എന്നു തീയോദോർ പഠിപ്പിച്ചു.

www.malankaralibrary.com

മായ ആളത്തം, ദൈവത്തിന്റെ തിരഞ്ഞെടുപ്പിനു വിധേയമായി, മാനുഷികം മാത്രമായിരുന്നു എന്നു തീയോദോർ നിഷ്കർഷിച്ചു.

തീയോദോറിന്റെ ഉപദേശത്തിൽ അടങ്ങുന്ന രണ്ടു് ആശയങ്ങൾ പ്രത്യേകം ശ്രദ്ധാർഹങ്ങളാണു്, ഒന്നു്: കന്യക ഉദരത്തിൽ ഉത്പാദിപ്പിച്ചതും ഒരു ശിശുവായി പ്രസവിപ്പിക്കപ്പെട്ടതും ദൈവം പ്രത്യേകം തിരഞ്ഞെടുത്തിരുന്ന നസ്രായനായ യേശുവിനെയായിരുന്നു. ആ ശിശുവിന്റെ ആളത്തത്തിന്റെ ബാഹ്യവശത്തു് (Prosopon) വചനമായ ദൈവവുമായി അവനു സംയോജിപ്പുണ്ടായിരുന്നു. അതുകൊണ്ടു് ഒരർത്ഥത്തിൽ കന്യകയെ 'ദൈവപ്രസവിത്രി' എന്നു പറയാമെങ്കിലും, വാസ്തവത്തിൽ അവൾ 'മനുഷ്യപ്രസവിത്രി' (Anthropotokos) ആയിരുന്നു. രണ്ടു്: സ്വഭാവങ്ങളുടെ യോജിപ്പു് ആളത്തത്തിന്റെ ബാഹ്യവശത്തു മാത്രം സ്ഥിതിചെയ്തിരുന്നതിനാൽ, യോജിപ്പിനുശേഷവും യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിലായിട്ടായിരുന്നു സ്ഥിതിചെയ്തതു് (Christ was two natures after the union)

ഈ രണ്ടു് ആശയങ്ങളും അലക്സാന്ത്ര്യൻ വേദശാസ്ത്രവ്യാഖ്യാനത്തിനു് വിരുദ്ധങ്ങളായിരുന്നു എന്നു പ്രത്യേകം സ്മർത്തവ്യമത്രേ. അലക്സാന്ത്ര്യൻ ചിന്താഗതിയും അന്ത്യോക്യൻ ചിന്താഗതിയും തമ്മിൽ ഉണ്ടായിരുന്ന വ്യത്യാസങ്ങൾ ഈ വിധത്തിൽ വിവരിക്കാം.

*അലക്സാന്ത്ര്യൻ ചിന്താഗതി*

(1) രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പു് (union of two nature). (2) യോജിപ്പു് ആളത്തപരവും ആന്തരീയവും ആയിരുന്നു (union was hypostatic) (3) രണ്ടു സ്വഭാവങ്ങൾ തമ്മിൽ ആളത്തപരവും ആന്തരീയവും ആയ യോജിപ്പുണ്ടായതിനാൽ, യേശുക്രിസ്തു 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിന്റെ ഏക സ്വഭാവം അഥവാ ഏക ആളത്തം ആകുന്നു' (Jesus Christ is one incarnate nature of God the word). അതുകൊണ്ടു് 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ഏക ക്രിസ്തു' (One Christ in two natures) എന്നു യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ആ പദപ്രയോഗം മൂലം സ്വഭാവങ്ങളുടെ യോജിപ്പിനെ പരിരക്ഷിക്കുക സാധ്യമല്ലാതെ വരുന്നതാണു്.

*അന്ത്യോക്യൻ ചിന്താഗതി*

(1) രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പു് (union of two natures). (2) യോജിപ്പു് ബാഹ്യമായി മാത്രം ആളത്ത

www.malankaralibrary.com

പരം ആയിരുന്നു (union was prosopic), ആന്തരീയമായി ആളത്തപരമായ യോജിപ്പ് ദൈവികസ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ സാധ്യം അല്ലെന്നു ശഠിച്ചു (hypostatic union is not possible). (3) യോജിപ്പിനുശേഷവും ക്രിസ്തു സ്ഥിതിചെയ്യുന്നതു രണ്ടു സ്വഭാവങ്ങളിലത്രേ (in two natures after the union).

428 മുതൽ ഈ ചിന്താഗതികൾ സ്വീകരിച്ചിരുന്നവർ തമ്മിൽ കർശനമായ വാദപ്രതിവാദങ്ങൾ നടന്നു. അന്ത്യോക്യൻ ചിന്താഗതിയെ അലക്സാന്ത്ര്യർ വിമർശിച്ചതു് ഇപ്രകാരമായിരുന്നു. സ്വഭാവങ്ങൾ തമ്മിലുള്ള യോജിപ്പ് ബാഹ്യമായി മാത്രം ആളത്തപരമായിരുന്നു എങ്കിൽ, നസ്രായനായ യേശുവും വചനമായ ദൈവവും തമ്മിൽ ഉള്ളതായി അന്ത്യോക്യർ വാദിക്കുന്ന ബന്ധം ഒരു പ്രവാചകനും ദൈവവുമായിട്ടുള്ള ബന്ധത്തിനു തുല്യമായ ഒന്നുമാത്രമാണ്. അതിനാൽ അന്ത്യോക്യൻ ചിന്താഗതിയുടെ വെളിച്ചത്തിൽ യേശുക്രിസ്തുവിനെ ലോകൈക രക്ഷകനായി പ്രഖ്യാപിക്കുക സാദ്ധ്യമല്ല.1 അന്ത്യോക്യരാകട്ടെ, അലക്സാന്ത്ര്യരുടെ വ്യാഖ്യാനം യേശുക്രിസ്തുവിന്റെ മനുഷ്യത്വയാഥാർത്ഥ്യത്തെ വ്യക്തമാക്കുവാൻ പര്യാപ്തമല്ല എന്നു വാദിച്ചു. ചുരുക്കിപ്പറഞ്ഞാൽ, അന്ത്യോക്യർ യേശുക്രിസ്തുവിനെ കേവലം മനുഷ്യനായി മാത്രം കരുതുന്നു (Psilanthropism) എന്ന് അലക്സാന്ത്ര്യരും, അലക്സാന്ത്ര്യർ അവന്റെ മനുഷ്യത്വത്തെ അവഗണിക്കുന്നു (docetism) എന്ന് അന്ത്യോക്യരും പരാതിപ്പെട്ടു.2 എന്നാൽ യേശുക്രിസ്തു പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനും ആണെന്ന് ഇരുകൂട്ടരും സമ്മതിച്ചുവന്നിരുന്നു എന്നുള്ള വസ്തുത നാം വിസ്മരിച്ചു

---

1. യേശുക്രിസ്തു പരിശുദ്ധന്മാരിലോ പ്രവാചകന്മാരിലോ ഒരുവൻ മാത്രമാണ് എന്നുള്ള ആശയം എല്ലാക്കാലത്തും സഭ ത്യജിച്ചിട്ടുള്ളതാണ്. പരിശുദ്ധന്മാർക്കും പ്രവാചകന്മാർക്കും ദൈവവുമായി ബന്ധമുണ്ട്. അതു സ്ഥിതിചെയ്യുന്നതു ദൈവത്തെ അനുസരിച്ച് അവന്റെ തിരുവിഷ്ടം അനുവർത്തിക്കുന്നതിലാണ്. അതുമൂലം മനുഷ്യന് അവന്റെ മാനുഷികമായ സ്ഥിതിക്കു വ്യത്യാസം ഒന്നും ഭവിക്കാതെ ദൈവവുമായി ഒരു ബന്ധം ഉണ്ട്. അതിൽനിന്നു വ്യത്യസ്തമാണ് യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം എന്നു സാരം.

2. അന്ത്യോക്യൻ വാദത്തിലടങ്ങുന്ന ആശയം ഏതാണ്ടിപ്രകാരം വ്യക്തമാക്കാം. രണ്ടു കാര്യങ്ങളിലാണ് അന്ത്യോക്യർ അലക്സാന്ത്ര്യരെ വിമർശിച്ചത്. (1) സ്വഭാവങ്ങളുടെ യോജിപ്പ് ആന്തരീയമായി ആളത്തപരം (hypostatic) എങ്കിൽ യേശുക്രിസ്തുവിന്റെ ആളത്തകേന്ദ്രത്തിൽ മനുഷ്യത്വത്തെ ദൈവത്വം പരിപൂർണമായി ഭരിച്ചിരിക്കണം. അങ്ങനെയെങ്കിൽ യേശുക്രിസ്തുവിന്റെ മാനുഷികവശം പരിപൂർണമായും യഥാർഥ

www.malankaralibrary.com

കളയരുത്. അലക്സാന്ത്ര്യൻ ചിന്താഗതിയെ അന്ത്യോക്യർ വേണ്ടവണ്ണം മനസ്സിലാക്കിയില്ലെന്നുള്ളത് തീർച്ചയാണ്. അന്ത്യോക്യൻ ചിന്താഗതിയെ അലക്സാന്ത്ര്യൻ വേദശാസ്ത്രജ്ഞൻമാർ മനസ്സിലാക്കിയിരുന്നു എന്നു വരികിലും, അതർഹിക്കുന്ന ബഹുമാനം അതിന് അവർ നൽകിയില്ല എന്നും പറയാവുന്നതത്രേ.

## 3. ചിന്താഗതികളുടെ സംഘട്ടനം

അന്ത്യോക്യൻ ചിന്താഗതിയിൽ പരിശീലിതരായ പലരും പൗരസ്ത്യദേശങ്ങളിൽ പല സ്ഥലങ്ങളിലുണ്ടായിരുന്നു. അവരിലൊരാളായ നെസ്തോറിയോസ് 428-ൽ കുസ്തന്തീനോപ്പോലീസിലെ വൈദിക മേലദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടു. ഏതാനും മാസങ്ങൾക്കുള്ളിൽ അയാൾ സുപ്രസിദ്ധ അലക്സാന്ത്ര്യൻ വേദശാസ്ത്രജ്ഞനായ അലക്സന്ത്ര്യായിലെ കൂറിലോസുമായി വാദപ്രതിവാദത്തിലേർപ്പെടുവാനിടയായി. കന്യകയെ ദൈവപ്രസവിത്രി എന്നു വിളിച്ചുകൂടെന്നുള്ള അഭിപ്രായത്തെ നെസ്തോറിയോസ് ശരിവച്ചതായിരുന്നു ഈ സംഭവത്തിനു കാരണം. ഇതിനെത്തുടർന്ന് അഞ്ചാം നൂററാണ്ടിൽ നടന്ന നിരവധി സംഭവങ്ങളുടെ ചരിത്രം ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. ഏതാനും കാര്യങ്ങൾ മാത്രം ചുരുക്കമായി എടുത്തു കാണിക്കാം.

(a) 431-ൽ അലക്സന്ത്ര്യായിലെ കൂറിലോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന എഫേസോസ് സുന്നഹദോസ് നെസ്തോറിയോസിനെ ഒരു വിശ്വാസ വിപരീതിയായി പ്രഖ്യാപിച്ച് സഭാഭ്രംശം ചെയ്തു. എന്നാൽ അന്ത്യോക്യൻ ചിന്താഗതിയിൽ വേദശാസ്ത്രപരമായി വളർന്നവരായ അന്ത്യോക്യയിലെ യോഹന്നാനും സഹകാരികളും ആ സുന്നഹദോസിനെയും അതിന്റെ നിശ്ചയങ്ങളെയും നിരാകരിച്ചു എന്നുവരികിലും 433-ൽ യോഹന്നാനും കൂറിലോസും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി. അതിന്റെ ഫലമായി യോഹന്നാനും പ്രഭൃതികളും

---

മായിരുന്നില്ല. (2) അലക്സാന്ത്ര്യരുടെ 'ജഡധാരണം ചെയ്ത ദൈവമായ വചനത്തിന്റെ ഒരു സ്വഭാവം' എന്ന പദപ്രയോഗംകൊണ്ട് മാനുഷികവശം അപ്രധാനമായി അവർ കരുതുന്നു എന്ന് അന്ത്യോക്യർ ധരിച്ചു. ഈ വിമർശനങ്ങൾക്ക അലക്സാന്ത്ര്യർ ഉത്തരം നൽകിയിരുന്നു എന്നു ഓർത്തിരിക്കണം.

1. ജെർമ്മനിക്യാ (Germanicia) യിൽ ജനിച്ച നെസ്തോറിയോസ് വിദ്യാഭ്യാസം ചെയ്തതും ഒരു സന്യാസിയായി ജീവിച്ചതും അന്ത്യോക്യായിലായിരുന്നു (B. J. Kidd. A History of the Church to A. D. 461, Oxford, 1922, Vol. III. p. 173).

www.malankaralibrary.com

431–ലെ സുന്നഹദോസിനെയും അതിൻെറ നിശ്ചയങ്ങളെയും നിരുപാധികം സ്വീകരിച്ചു.

ഈ ഒത്തുതീർപ്പിനു സഹായകമായി അലക്സാന്ത്ര്യൻ ചിന്താഗതി യേശുക്രിസ്തുവിൻെറ മനുഷ്യത്വ യാഥാർത്ഥ്യത്തെ വിലമതിക്കുന്നില്ല എന്നുള്ള അന്ത്യോഖ്യൻ ആരോപണം ശരിയല്ലെന്നു കൂറിലോസ് വ്യക്തമാക്കി. അതു യോഹന്നാൻ സമ്മതിക്കുകയും സംതൃപ്തി അടയുകയും ചെയ്തു. ഇതിനും പുറമെ അന്ത്യോഖ്യരുടെ ഭാഗത്തുനിന്നു മൂന്നു കാര്യങ്ങൾ അംഗീകരിച്ചു. (1) 431–ലെ അന്ത്യോഖ്യൻ സുന്നഹദോസിനെ അന്ത്യോഖ്യർ ഔദ്യോഗികമായി സ്വീകരിച്ചു. (2) നെസ്തോറിയോസിൻെറ സഭാഭ്രംശം അവർ ശരിവച്ചു. (3) കന്യകയെ സംബന്ധിച്ചു 'മനുഷ്യ പ്രസവിത്രി' എന്നു പറയാതെ 'ദൈവ പ്രസവിത്രി' എന്നു മാത്രം ഉപയോഗിച്ചുകൊള്ളാമെന്നു അന്ത്യോഖ്യർ സമ്മതിച്ചു.

431–ലെ സുന്നഹദോസു പരിപൂർണമായും അലക്സാന്ത്ര്യൻ വിജയമായിരുന്നു. എന്നാൽ 433–ലെ ഒത്തുതീർപ്പ് ആ വിജയത്തെ ശരിവച്ചു എന്നു വരികിലും, അത് അന്ത്യോഖ്യൻ വേദശാസ്ത്ര പാരമ്പര്യത്തെ മുഴുവനേയും നിരാകരിച്ചുകൊണ്ടുള്ളതല്ലായിരുന്നു.

(b) 448–ൽ കുസ്തന്തീനോപ്പോലീസിൽ വച്ചു നടന്ന ഒരു പ്രാദേശിക സുന്നഹദോസ് എവുത്തീക്കോസിനെ 1 ഒരു വിശ്വാസവിപരീതിയായി പരിഗണിച്ച് സഭാസമ്പർക്കത്തിൽ നിന്നു നിഷ്ക്കാസനം ചെയ്തു, അയാളുടെമേൽ മൂന്നു പരാതികളാണു ചുമത്തിയത്. (1) യേശുക്രിസ്തുവിനെ സംബന്ധിച്ച്, പിതാവായ ദൈവവുമായി ഒരു വശത്തും മനുഷ്യരായ നാമുമായി മറുവശത്തും തത്വപരമായ ഐക്യം ഉണ്ടെന്നു സമ്മതിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചു.2 (2) സ്വഭാവങ്ങളുടെ യോജിപ്പിനുശേഷവും യേശുക്രിസ്തു സ്ഥിതിചെയ്യുന്നത് രണ്ടു സ്വഭാവങ്ങളിലായിട്ടാണെന്നു ഏററുപറയുവാൻ വിസമ്മതിച്ചു.

---

1. അലക്സാന്ത്ര്യൻ ചിന്താഗതി അവലംബിച്ചുവന്നതായി കരുതപ്പെട്ടിരുന്ന ഒരു വൃദ്ധസന്യാസിആയിരുന്നു എവുത്തീക്കോസ്. കുസ്തന്തീനോപ്പോലീസിൽ ഒരു സന്യാസാശ്രമത്തിൻെറ അധിപനായിരുന്നു അയാൾ. കൊട്ടാരത്തിൽ സ്വാധീനമുള്ള ആളായിരുന്നതിനാൽ, അന്ത്യോഖ്യരെ ഉപദ്രവിക്കുന്നതിനു ചില ഒത്താശകൾ ചെയ്തുവന്നിരുന്നു. എന്നാൽ വേദശാസ്ത്രപരമായി കാര്യമായ പാണ്ഡിത്യമോ പ്രാവീണ്യമോ ഉള്ള ആളല്ലായിരുന്നു.

2· 'Jesus Christ is of the same substance with God the Father and of the same substance with us men,' എന്ന പ്രയോഗംകൊണ്ട് യേശുക്രിസ്തു പരിപൂർണമായും ദൈവവും സമ്പൂർണമായും മനുഷ്യനും

www.malankaralibrary.com

(3) മേൽ ചൂണ്ടിക്കാണിച്ച രണ്ടു് ആശയങ്ങളേയും സ്വീകരിക്കുവാൻ മടിക്കുന്നവരെ സഭാഭ്രംശികളായി കരുതിക്കൊള്ളണമെന്നുള്ള സുന്നഹദോസിന്റെ ആജ്ഞയെ നിരാകരിച്ചു.[1]

ഈ മൂന്നു പരാതികളിൽ രണ്ടും മൂന്നും അലക്സാന്ത്ര്യർ നിരാകരിക്കുന്നതും അന്ത്യോക്യർ മുറുകെപ്പിടിക്കുന്നതും ആയിരുന്നു എന്നു മുകളിൽ കണ്ടുവല്ലോ. എന്നാൽ ഒന്നാമത്തേതു് ഇരുകൂട്ടരും സ്വീകരിക്കുന്നതായിരുന്നു. രണ്ടും മൂന്നും പരാതികൾ എവുത്തീക്കോസിന്റെ മേൽ ചുമത്തി അവ ഉൾപ്പെടുന്ന അടിസ്ഥാനത്തിൽ അയാളുടെമേൽ ശിക്ഷാനടപടി എടുത്തതിനെ അലക്സാന്ത്ര്യർ പ്രതിഷേധിച്ചു. 449-ൽ കൂടിയ എപ്പേസോസു് രണ്ടാം സുന്നഹദോസു് ആ മനോഭാവം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ റോമായിലെ വൈദിക മേലദ്ധ്യക്ഷനായിരുന്ന ലീയോ ഒന്നാമൻ എവുത്തീക്കോസിന്റെമേൽ എടുത്ത നടപടി ശരിവയ്ക്കുകയും, സുപ്രസിദ്ധമായ ഒരു ലേഖനം[2] എഴുതി കുസ്തന്തീനോപ്പോലീസിലേക്ക അയയ്ക്കുകയും ചെയ്തു.

(c) ലീയോയുടെ ലേഖനത്തിൽ ഊന്നിപ്പറഞ്ഞ ആശയങ്ങൾ ഈ വിധത്തിൽ സംഗ്രഹിക്കാം.[3] പിതാവായ ദൈവവുമായി ഏകതത്ത്വാവലംബിയും, നിത്യ ആളത്തമായി സ്ഥിതി ചെയ്യുന്നവനും, ആയ പുത്രൻ 'പരിശുദ്ധാത്മാവിനാൽ വിശുദ്ധ കന്യകയിൽനിന്നും' മാനുഷിക ജനനം പ്രാപിച്ചു. ഈ ജനനം മൂലം പുത്രനായ ദൈവത്തിനു യാതൊരു കുറവും ഭവിച്ചില്ല. അവൻ കന്യകയുടെ 'ശരീരത്തിൽനിന്നും' യഥാർത്ഥമായ 'ഒരു ശരീരത്തെ' സ്വീകരിക്കുകയും മനുഷ്യനായി അവതരിക്കുകയും ചെയ്തു. യേശുക്രിസ്തുവിൽ ദൈവിക സ്വഭാവവും, മാനുഷിക സ്വഭാവവും അതതിന്റെ പ്രത്യേകതകൾ പരിരക്ഷിച്ചുകൊണ്ടു്, തമ്മിൽ സംയോജിച്ചു. അതു യേശുക്രിസ്തുവിന്റെ ആളത്തം ഒന്നു മാത്രമായിരുന്നു. ആ ഏക ആളത്തത്തിൽ ക്ലേശം

---

ആണെന്നുള്ള ആശയം ഊന്നിപ്പറഞ്ഞിരുന്നു. ഇരുകൂട്ടരും സ്വീകരിച്ചിരുന്ന ആശയമാണു് ഇതു്. ആരംഭത്തിൽ എവുത്തീക്കോസു് അതു് ഏറ്റുപറയുവാൻ മടിച്ചു എങ്കിലും, പിന്നീടു് അതു സ്വീകരിക്കാമെന്നു സമ്മതിച്ചു.

1. അലക്സാന്ത്ര്യർ ശക്തിപൂർവം എതിർത്തതും അന്ത്യോക്യർ മുറുകെപ്പിടിച്ചതുമായ ഒരു നിലപാടായിരുന്നു ഇതു്. എവുത്തിക്കോസു് എന്താണു് പഠിപ്പിച്ചതു് എന്നു ആർക്കുംതന്നെ നിശ്ചയമില്ല. അയാളുടെ ഉപദേശമായി സാധാരണ പറഞ്ഞുവരുന്ന ആശയങ്ങൾ മററുള്ളവർ നൽകിയ വ്യാഖ്യാനങ്ങൾ മാത്രമാണു്.

2. ഇതിനെയാണു് The Tome of Leo എന്നു പറയുന്നതു്.

3. ഈ സുപ്രധാന രേഖയുടെ ലത്തീൻ മൂലവും ഇംഗ്ലീഷ് വിവർത്തനം The Oecumenical Documents of the Faith, ed by T. H. Bindley യിൽ ചേർത്തിട്ടുണ്ടു്.

www.malankaralibrary.com

അനുഭവിക്കുന്ന മാനുഷിക സ്വഭാവവും അദ്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവിക സ്വഭാവവും ഉണ്ടായിരുന്നു. ഈ സ്വഭാവങ്ങൾ അതതിന്റെ നൈസ്സർഗ്ഗിക വ്യാപാരങ്ങളിൽ സദാ ഏർപ്പെട്ടുമിരുന്നു. അങ്ങനെ ഏർപ്പെട്ടത് ദൈവികസ്വഭാവം മാനുഷികസ്വഭാവവുമായും മാനുഷിക സ്വഭാവം ദൈവികസ്വഭാവവുമായും യോജിച്ചു സ്ഥിതിചെയ്തുകൊണ്ടായിരുന്നു. അതിനാൽ യേശുക്രിസ്തു പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനും ആണ്. അലക്സാന്ത്ര്യൻ വേദശാസ്ത്രവെളിച്ചത്തിൽ ലീയോയുടെ ലേഖനത്തിലെ ഉപദേശത്തിന് സുശക്തതയും ദൗർബല്യവും ഒരുപോലെ കാണാവുന്നതാണ്. സുശക്തത ഏതാണ്ടിപ്രകാരം വിവരിക്കാം. ആരുമുഖാന്തരം ദൈവം ലോകത്തെ നിർമ്മിച്ചു നിലനിറുത്തുകയും, ആരു് അതിന്റെ അന്തിമ ലാക്കായിരിക്കുകയും ചെയ്യുന്നു, ആ വചനമായ ദൈവം മനുഷ്യത്വവുമായി സംയോജിച്ച് യേശുക്രിസ്തുവിൽ ഒരുമിച്ചു സ്ഥിതിചെയ്യുന്നു. ഈ ആശയം അലക്സാന്ത്ര്യൻ വേദശാസ്ത്രത്തിൽ കേന്ദ്രസ്ഥാനം അർഹിക്കുന്നതാണ്.

ലീയോയുടെ ലേഖനത്തിലെ ഉപദേശത്തിന് അലക്സാന്ത്ര്യൻ വേദശാസ്ത്രവെളിച്ചത്തിൽ താഴെ വിവരിക്കുന്ന ദൗർബല്യം ചൂണ്ടിക്കാണിക്കാം. സ്വഭാവങ്ങൾ രണ്ടും യോജിപ്പിനുശേഷവും അതതിന്റെ നൈസർഗിക വ്യാപാരങ്ങളിൽ ഏർപ്പെട്ടു സ്ഥിതിചെയ്യുന്നു എന്നാണ് അവിടെ പറയുന്നത്. അതതിനു പ്രകൃതിസിദ്ധമായ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വഭാവങ്ങൾ ആളത്തങ്ങളത്രെ. അതുകൊണ്ടു് ലീയോ ഊന്നിപ്പറയുന്ന ഏക ആളത്തം ബാഹ്യമായിട്ടുള്ളതു മാത്രമാണ്. അഥവാ സ്വഭാവങ്ങളുടെ യോജിപ്പു നടന്നതു്, ആളത്തത്തിന്റെ ബാഹ്യഭാഗത്തു് (Prosopon) ആയിരുന്നു. ഈ ഉപദേശവും അന്ത്യോക്യൻ ചിന്താഗതിയുമായി സാരമായ വ്യത്യാസം ഒന്നും തന്നെയില്ല.

അന്ത്യോക്യൻ വേദശാസ്ത്രവുമായി ലീയോയുടെ ലേഖനത്തിലെ ആശയങ്ങൾക്കു മറ്റൊരു സാമ്യംകൂടെയുണ്ടു്. യോജിപ്പിനുശേഷവും യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിലായി സ്ഥിതിചെയ്യുന്നു എന്നു് അന്ത്യോക്യർ നിഷ്ക്കർഷിച്ചു വന്നതുപോലെ ലീയോയും ഊന്നിപ്പറയുന്നുണ്ടു്. എന്നാൽ അലക്സാന്ത്ര്യർ ഈ ആശയഗതിയെ സദാ നിരാകരിച്ചുവന്നിരുന്നു. ഈ കാരണത്താൽ ലീയോയുടെ ലേഖനം അലക്സാന്ത്ര്യർക്കു സ്വീകരിക്കുക സാദ്ധ്യമല്ലായിരുന്നു.

(d) എവുത്തിക്കോസിന്റെമേൽ കുസ്തന്തീനോപ്പോലീസിലെ സുന്നഹദോസു ചുമത്തിയ രണ്ടാമത്തേയും മൂന്നാമത്തേയും

www.malankaralibrary.com

കുററങ്ങൾ അലക്സാന്ത്ര്യരെ ക്ഷോഭിപ്പിച്ചു. അതു 449-ൽ കൂടിയ രണ്ടാം എപ്പേസോസ് സുന്നഹദോസ് വ്യക്തമാക്കുകയും ചെയ്യുന്നു. ആ സുന്നഹദോസിനെപ്പററി മൂന്നു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. (1) അന്നത്തെ സാഹചര്യങ്ങളിൽ ആരുതന്നെയും കുററം പറയുവാനിടയില്ലാത്ത ഒരു വിശ്വാസ പ്രസ്താവന[1] സുന്നഹദോസിൽ സമർപ്പിച്ചതിന്റെ ഫലമായി എവുത്തീക്കോസിന്റെ മേൽ 448-ൽ എടുത്തിരുന്ന ശിക്ഷാനടപടി ഇല്ലായ്മ ചെയ്തു. (2) റോമായിലെ ലീയോ സുന്നഹദോസിലേയ്ക്കു നിയോഗിച്ച പ്രതിനിധികൾ വശം അയച്ചിരുന്ന ലേഖനം വായിക്കാതെ വിട്ടു. (3) 448-ലെ സുന്നഹദോസിൽ നേതൃത്വം വഹിച്ചവരും അന്ത്യോക്യൻ ചിന്താഗതി പൗരസ്ത്യനാടുകളിൽ പ്രചരിപ്പിച്ചു വന്നവരും ആയി എട്ടിൽ കുറയാതെ ആളുകളെ സഭാഭ്രംശം ചെയ്തു.

ഈ മൂന്നു നടപടികളുടെയും പിമ്പിൽ 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു' എന്ന പ്രയോഗത്തോടുള്ള അലക്സാന്ത്ര്യൻ വിയോജ്യത വ്യക്തമായിക്കാണാവുന്നതാണ്. ഈ പദപ്രയോഗം മൂലം അന്ത്യോക്യർ ഊന്നിപ്പറഞ്ഞ ആശയത്തിനെതിരായി 431-ൽ പ്രഖ്യാപിതമായ അലക്സാന്ത്ര്യൻ വിജയമാണ് ഈ സുന്നഹദോസു ശരിവച്ചതു്. എന്നാൽ ഒരു കാര്യം സംബന്ധിച്ചു് ഈ സുന്നഹദോസു മൗനം അവലംബിച്ചു എന്നു സമ്മതിക്കണം. നാം മുകളിൽ കണ്ടതുപോലെ എവുത്തിക്കോസിനെതിരായി ഉന്നയിക്കപ്പെട്ട ഒന്നാമത്തെ പരാതി 'തത്വം സംബന്ധിച്ചു് യേശുക്രിസ്തു പിതാവായ ദൈവവുമായി ഒരു വശത്തും മനുഷ്യരായ നാമുമായി മറുവശത്തും ഏകതത്വമുള്ളവനാകുന്നു' (of the same substance with God the Father and of the same substance with us men) എന്ന പ്രസ്താവന അയാൾ അംഗീകരിച്ചില്ല എന്നുള്ളതായിരുന്നു. ഇതിനേപ്പററി 449-ലെ സുന്നഹദോസു യാതൊന്നും തന്നെ പറയാതെ വിടുകയാണു ചെയ്തതു്.

(e) റോമായിലെ ലീയോയേയും അന്ത്യോക്യൻ പാർശ്വവർത്തികളേയും ആകമാനം ക്ഷോഭിപ്പിച്ച ആ സുന്നഹദോസിന്റെ

1. എവുത്തീക്കോസു 448-ൽ കുസ്തന്തിനോപ്പോലീസിൽ വച്ചുതന്നെ ഒരു വിശ്വാസ പ്രസ്താവന സമർപ്പിച്ചിരുന്നതാണ്. എന്നാൽ അവിടെ കൂടിയിരുന്ന സുന്നഹദോസംഗങ്ങൾ അതു് വായിക്കാതെ വിട്ടു. അതു് 449-ലെ സുന്നഹദോസിൽ വായിക്കപ്പെട്ടു.

2. ഈ ആശയം അലക്സാന്ത്ര്യായിലെ കൂറിലോസു മാത്രമല്ല, 449-ലെ സുന്നഹദോസിൽ നേതൃത്വം വഹിച്ചവരിൽ അഗ്രഗണ്യനായിരുന്ന അലക്സാന്ത്ര്യായിലെ ദീയോസ്ക്കോറോസുതന്നെയും ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്.

www.malankaralibrary.com

ഒരു തിരിച്ചടി ആയിരുന്നു 451–ൽ നടന്ന കല്ക്കേദൂൻ സുന്നഹദോസ്. യേശുക്രിസ്തുവിൻെറ ആളത്തത്തെ ആസ്പദമാക്കി അവിടെവച്ചു മൂന്നു തീരുമാനങ്ങൾ ചെയ്തു. (1) എവുത്തിക്കോസിനെതിരായി കുസ്തന്തീനോപ്പോലീസിൽ വച്ചു ചെയ്തിരുന്ന നിശ്ചയം അംഗീകരിച്ചു. (2) റോമായിലെ ലീയോയുടെ ലേഖനം ഔദ്യോഗികമായി സ്വീകരിച്ചു. (3) ഒരു വിശ്വാസ പ്രസ്താവന ഉണ്ടാക്കി അതിനെ അംഗീകരിച്ചു.

ഈ വിശ്വാസ പ്രസ്താവന ഒരു സുപ്രധാന രേഖയാകയാൽ അതിലെ പ്രധാന ആശയങ്ങൾ ഇവിടെ ചുരുക്കമായി വിവരിക്കാം.[1] യേശുക്രിസ്തു പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനും ആണ്. തത്ത്വം സംബന്ധിച്ച് അവൻ പിതാവായ ദൈവവുമായി ഒരു വശത്തും മനുഷ്യരായ നാമുമായി മറുവശത്തും ഏകതത്വമുള്ളവനാകുന്നു. ദൈവം എന്ന നിലയിൽ അവൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ പിതാവിൽനിന്നു ജനിച്ചു. അന്ത്യനാളുകളിൽ അവൻതന്നെ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി ദൈവപ്രസവിത്രിയായ മറിയാമിൽനിന്നു മാനുഷിക ജനനം സ്വീകരിച്ചു. ഈ അവതാരം മൂലം ദൈവിക സ്വഭാവവും മാനുഷിക സ്വഭാവവും തമ്മിൽ അന്യോന്യം കുഴപ്പം, വ്യത്യാസം, വിഭജനം, വേർതിരിവ് ഇവ കൂടാതെ[2] സംയോജിക്കുകയും, യോജിപ്പിനുശേഷം രണ്ടു സ്വഭാവങ്ങളിലായി അറിയപ്പെടുന്ന ഏക ആളത്തമായിതീരുകയും ചെയ്തു.

ഇതാണു കല്ക്കേദൂന്യ വിശ്വാസപ്രസ്താവനയുടെ ഏററം ചുരുങ്ങിയ സംഗ്രഹം. ഇതിൽ അലക്സാന്ത്ര്യൻ ചിന്താഗതിയിലെ രണ്ട് ആശയങ്ങളും അന്ത്യോക്യൻ ചിന്താഗതിയിലെ രണ്ടാശയങ്ങളും ചേർത്തിട്ടുണ്ട്. അവയെ ഇപ്രകാരം ചൂണ്ടിക്കാണിക്കാം. (1) അലക്സാന്ത്ര്യൻ ചിന്താഗതിയിൽനിന്നു –യേശുക്രിസ്തുവിൻെറ ആന്തരീയമായ ആളത്തം (hypostasis) ഒന്നാണെന്നും, ആ ഏക ആളത്തം രണ്ടു സ്വഭാവങ്ങൾ ചേർന്നുണ്ടായതാണെന്നും ഉള്ള ആശയങ്ങൾ ഈ പ്രസ്താവനയിൽ ഉണ്ട്. (2) അന്ത്യോക്യൻ വശത്തുനിന്നു രണ്ടു സ്വഭാവങ്ങൾ തമ്മിൽ യോജിപ്പുണ്ടായി എന്നും ആ യോജിപ്പിനു ശേഷവും യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിലാണെന്നും ഉള്ള ആശയങ്ങൾ അതിൽ ചേർത്തിട്ടുണ്ട്.

---

1. ഈ രേഖയുടെ ഗ്രീക്കു മൂലവും ഇംഗ്ലീഷ് പരാവർത്തനവും T. H. Bindley, op. cit–ൽ–ചേർത്തിട്ടുണ്ട്.

2. Without confusion, change, division and separation എന്നു കൽക്കേദൂൻ വിശ്വാസപ്രസ്താവന പറയുന്നു.

www.malankaralibrary.com

കൽക്കേദൂൻ വിശ്വാസപ്രസ്താവന ഊന്നിപ്പറയുന്നതു യേശുക്രിസ്തുവിൽക്കൂടെ ദൈവം മനുഷ്യവർഗത്തെ എന്നേയ്ക്കുമായി വീണ്ടെടുത്തു എന്നുള്ള ആശയമാണ്. ഈ ആശയംതന്നെ അലക്സാന്ത്ര്യൻ ചിന്താഗതിയുടേയും പിമ്പിൽ കിടപ്പുണ്ട്. എന്നാൽ അവ തമ്മിലുള്ള വ്യത്യാസം സ്ഥിതിചെയ്യുന്നതു മനുഷ്യവർഗത്തിൻെറ രക്ഷയ്ക്കുവേണ്ടി ദൈവം മനുഷ്യത്വത്തെ അവലംബിച്ച വിധത്തെപ്പററി മാത്രമായിരുന്നു എന്നു പറയാം.

കൽക്കേദൂൻ പ്രസ്താവന അന്ത്യോക്യൻ ചിന്താഗതിയേയും അലക്സാന്ത്ര്യൻ ചിന്താഗതിയേയും തമ്മിൽ യോജിപ്പിക്കുവാനുള്ള ഒരു യത്നമായിരുന്നു. എങ്കിലും ഒരു വലിയ പങ്ക് ആളുകൾ അതിനെ നിരാകരിക്കുകയാണു ചെയ്തതു്. സ്വഭാവങ്ങൾ തമ്മിൽ യോജിച്ചു എന്നു പറഞ്ഞതിനുശേഷം 'രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്ന ക്രിസ്തു' (made known in two natures) എന്നു പ്രസ്താവിക്കുന്നത് അന്യോന്യം വിരുദ്ധമാണെന്നായിരുന്നു അവരുടെ വാദം. വാസ്തവത്തിൽ 'രണ്ടു സ്വഭാവങ്ങളിൽ' എന്ന പദപ്രയോഗം സുന്നഹദോസ് അംഗീകരിച്ചതുതന്നെ അലക്സാന്ത്ര്യൻ ചിന്താഗതിയിൽ പരിശീലിതരായ പൗരസ്ത്യരുടെ അഭിലാഷത്തിനെതിരായിട്ടായിരുന്നു. മാത്രവുമല്ല അവർ അതിനെ ശക്തിപൂർവം എതിർക്കുകയും ചെയ്തതായിരുന്നു. സുന്നഹദോസിൻെറ വിശ്വാസപ്രസ്താവനയ്ക്കു രാജകീയ പിൻതുണ ലഭിച്ചതിനാൽ അവർ ആ പ്രസ്താവനയോടു ചേർന്നു നിലകൊള്ളുകയാണുണ്ടായതു്.

എന്നാൽ അലക്സാന്ത്ര്യൻ പാരമ്പര്യത്തിൽ വളർന്ന ഒരു നല്ല ഭാഗം പൗരസ്ത്യരും സുന്നഹദോസിനെ നിരാകരിക്കുവാൻ തീരുമാനിച്ചു[1]. റോമായുടെയും തദ്വാര പാശ്ചാത്യസഭ മുഴുവൻെറയും പൗരസ്ത്യസഭയിൽ ഒരു വിഭാഗത്തിൻെറയും, സർവ്വോപരി സാമ്രാജ്യാധിപതികളുടെയും, അംഗീകരണവും പിൻബലവും ലഭിച്ച ഒരു നിലപാടിനെ ചോദ്യം ചെയ്യുക അത്ര എളുപ്പ

1. ഈ വിഭാഗത്തെ പാശ്ചാത്യ ചരിത്രകാരന്മാർ 'ഏക സ്വഭാവ വാദികൾ' (Monophysites) എന്നു പറഞ്ഞുവരുന്നു. ഈ നാമകരണംകൊണ്ടു ദ്ദേശിക്കുന്നതു യേശുക്രിസ്തുവിൻെറ മനുഷ്യത്വത്തിനു വില കല്പിക്കാത്ത ചിന്താഗതി, അഥവാ എവുത്തിക്കോസ് ഉപദേശിച്ചതായി കൽക്കേദൂൻ സുന്നഹദോസ് ഗ്രഹിച്ച ആശയഗതി, അവർ പുലർത്തുന്നു എന്നാണ്. യേശുക്രിസ്തുവിൻെറ മനുഷ്യത്വത്തിനു വില നൽകാത്ത ഒരു ചിന്താഗതി പൂർവകാലങ്ങളിൽ മാത്രമല്ല ഇപ്പോഴും നിലവിൽ ഉണ്ട്. എന്നാൽ അലക്സാന്ത്ര്യൻ ചിന്താഗതിയിൽ ഉറച്ചുനിന്നുകൊണ്ട് കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിച്ച പൗരസ്ത്യ സഭാവിഭാഗം ആ നിലയാണ് അവലംബിച്ചിരുന്നത് എന്നു കാണിപ്പാൻ യാതൊരു തെളിവും ഇല്ലെന്നുള്ളതാണു പരമാർത്ഥം. ഈ വാസ്തവം ഇന്നു പാശ്ചാത്യപണ്ഡിതന്മാരിൽ പലരും സമ്മതിക്കുന്നുമുണ്ട്.

www.malankaralibrary.com

മല്ലായിരുന്നു. നിരവധി പീഡകരം സഹിച്ചും നാനാതര വൈഷമ്യങ്ങരം തരണം ചെയ്തുംകൊണ്ടു് ഈജിപ്തിലെ സഭ മിക്കവാറും സിറിയ, ഏഷ്യാമൈനർ, പലസ്തീൻ, മെസൊപ്പൊട്ടേമിയ ആദിയായ ഇതര പൗരസ്ത്യദേശങ്ങളിലെ ഒരു ഗണ്യമായ ഭാഗവും സൂന്നഹദോസിനെ സുശക്തമായി എതിർത്തു.

അലക്സാന്ത്ര്യൻ ചിന്താഗതിയും അന്ത്യോക്യൻ ചിന്താഗതിയും തമ്മിൽ 428–ൽ തുടങ്ങിയ സംഘട്ടനത്തിന്റെ ഫലമായി ക്രൈസ്തവസഭ മൂന്നു വിഭാഗങ്ങളായി പിരിഞ്ഞു. അഞ്ചാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അന്ത്യോക്യൻ ചിന്താഗതിക്കു നേതൃത്വം നൽകിക്കൊണ്ടിരുന്ന പലരും, പീഡയെ ഭയന്നു പേർഷ്യയിലെ പുരാതന സഭയിൽ പ്രവേശിക്കുകയും അവരുടെ വേദശാസ്ത്രപരമായ നില പ്രചരിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി പുരാതന പേർഷ്യൻ സഭയുടെ ഒരു ഗണ്യമായ ഭാഗം അന്ത്യോക്യൻ ചിന്താഗതി ഔദ്യോഗികമായി സ്വീകരിക്കുകയും നെസ്തോറിയോസിനെ ഒരു പരിശുദ്ധനായി എണ്ണുവാൻ തുടങ്ങുകയും ചെയ്തു. ഈ സഭാവിഭാഗം ഇന്നെയോളം മദ്ധ്യപൂർവദേശങ്ങളിൽ മാത്രമല്ല, ഇന്ത്യയിലും അമേരിക്കയിലും സ്ഥിതിചെയ്യുന്നുണ്ട്. അലക്സാന്ത്ര്യൻ ചിന്താഗതി പുലർത്തിയ ഒരു വലിയ ഭാഗം കൽക്കേദൂൻ സൂന്നഹദോസിനെ നിരാകരിച്ചുകൊണ്ടു നിലനിന്നു. ആ സഭാവിഭാഗം ഇന്നു രണ്ടു കോടിയിൽ കുറയാതെ അംഗബലമുള്ള ഒന്നായി അഞ്ചു പൗരസ്ത്യ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലായി സ്ഥിതിചെയ്യുന്നു.[1] റോമായുടെയും കുസ്തന്തീനോപ്പോലീസിന്റെയും ദൈവിക നേതൃത്വത്തിൽ കൽക്കേദൂൻ സൂന്നഹദോസിനെ അംഗീകരിച്ച സഭാവിഭാഗവും കഴിഞ്ഞുവന്നു.

ഈ വിധത്തിൽ നിലവിൽ വന്ന മൂന്നു സഭാപാരമ്പര്യങ്ങളും യേശുക്രിസ്തു പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനും ആണെന്നുള്ള ആശയം സ്വീകരിച്ചുവരുന്നു. എന്നാൽ പൂർണ ദൈവവും പൂർണ മനുഷ്യനും യേശുക്രിസ്തുവിൽ സംയോജിച്ചു സ്ഥിതി ചെയ്യുന്ന വിധത്തെപ്പററി മാത്രമാണ് അവ തമ്മിലുള്ള വ്യത്യാസം.

---

1. ഈ വിഭാഗത്തിൽ ഉരംപ്പെട്ടുനിൽക്കുന്നവയാണ് ഈജിപ്തിലെ കോപ്റ്ററിക് ഓർത്തഡോക്സ് സഭ, മദ്ധ്യപൂർവദേശത്തെ സുറിയാനി സഭ, അർമ്മേനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ; ഇന്ത്യയിലെ സിറിയൻ ഓർത്തഡോക്സ് സഭ ഇവ. ഈ സഭകളുടെ ഒരു നേതൃസമ്മേളനം 1965 ജനവരി 15–21 വരെ എത്യോപ്യയുടെ തലസ്ഥാനനഗരമായ ആഡീസ് അബാബയിൽവച്ചു കൂടുകയുണ്ടായി. (See the Report of this Conference, pnblished Addis Ababa, 1965)

www.malankaralibrary.com

## 4. ആറാം നൂററാണ്ടിലെ മൂന്നു വ്യാഖ്യാനങ്ങൾ

യേശുക്രിസ്തുവിന്റെ പൂർണ മനുഷ്യത്വം ആസ്പദമാക്കി ആറാം നൂററാണ്ടിന്റെ പൂർവാർദ്ധത്തിൽ മൂന്നു വ്യാഖ്യാനങ്ങൾ നൽകപ്പെട്ടു: അവയിൽ ഒന്നാമത്തേത് സഭ ആകമാനം ത്യജിച്ചിട്ടുള്ളതും, രണ്ടാമത്തേത് കൽക്കേദൂന്യ വിഭാഗം അംഗീകരിച്ചിട്ടുള്ളതും, മൂന്നാമത്തേത് കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിക്കുന്ന വിഭാഗം സ്വീകരിക്കുന്നതും ആകുന്നു.

### a) *ഹാലിക്കർണസിലെ യൂലിയാനോസ്*[1]

യേശുക്രിസ്തുവിന്റെ മനുഷ്യത്വം വി. കന്യകയിൽ നിന്നു എടുത്തതായിരുന്നു എന്നു യൂലിയാനോസ് ഏററുപറഞ്ഞു. എന്നാൽ ആ മനുഷ്യത്വത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നതായി അയാൾ വാദിച്ചു. അത് ഇപ്രകാരം വിവരിക്കാം. ചരിത്രത്തിൽ നിലനിന്നുവരുന്ന മനുഷ്യജാതി വ്യക്തിപരമായി മാത്രമല്ല ഒരു വർഗമായിത്തന്നെ പാപത്തിൽ ഉൾപ്പെട്ടു കിടക്കുന്നു. യേശുക്രിസ്തു പാപരഹിതനായിരുന്നു എന്നുള്ള സഭയുടെ നിലപാട് യൂലിയാനോസ് ശക്തിയായി ഉൽഘോഷിച്ചു. അതിനാൽ അവന്റെ മനുഷ്യത്വം ചരിത്രത്തിൽ പരമ്പരയാ നിലനിൽക്കുന്ന മനുഷ്യജാതിയുടെ മനുഷ്യത്വമല്ല എന്നുള്ളതാണ് യൂലിയാനോസിന്റെ ഉപദേശം. വചനമായ ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ കന്യകയിൽനിന്നു പ്രാപിച്ചത്, വീഴ്ചയ്ക്കു മുമ്പ് ആദ്യമനുഷ്യനായ ആദാമിൽ സ്ഥിതി ചെയ്തിരുന്ന പാപത്തിൽ ഉൾപ്പെടാത്ത മനുഷ്യത്വം ആയിരുന്നു എന്ന് അയാൾ ശഠിച്ചു. അതുകൊണ്ട് യേശുക്രിസ്തു പാപരഹിതൻ മാത്രമല്ല, അവന്റെ മനുഷ്യത്വം തന്നെ പാപത്തിൽ ഉൾപ്പെടാത്ത നിലയിൽ സ്ഥിതി ചെയ്തിരുന്ന ആദാമിൽ നിന്നു നേരിട്ടു പ്രാപിച്ചതായിരുന്നു എന്നു യൂലിയാനോസ് അഭിപ്രായപ്പെടുന്നു.

---

1: Julian of Halicarnassus. കൽക്കേദൂൻ സുന്നഹദോസിനെ സ്വീകരിക്കാതെയിരുന്ന സഭാവിഭാഗത്തിൽപെട്ട ഒരാളായിരുന്നു യൂലിയാനോസ്. ഈ കാരണത്താൽ യൂലിയാനോസിന്റെ ഉപദേശത്തെ ആ സഭാവിഭാഗത്തിന്റെ വേദശാസ്ത്രപരമായ ന്യൂനതയായി ചില പാശ്ചാത്യപണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ അവർ കണക്കിലെടുക്കാത്ത രണ്ടു വസ്തുതകളുണ്ട്. (1) യൂലിയാനോസിന്റെ ഉപദേശത്തെ നിരാകരിച്ചു കൊണ്ടുള്ള നില ആദ്യമായി വിശദീകരിച്ചതു കൽക്കേദൂൻ സുന്നഹദോസിനെ നിശിതമായി വിമർശിച്ച അന്ത്യോക്യയിലെ സേവേറിയോസ് ആയിരുന്നു. ഈ ആളിനെപ്പററി 88-89 വശങ്ങൾ കാണുക. (2) യൂലിയാനോസിന്റെ ഉപദേശം സ്വീകരിച്ചിരുന്ന പലരും കൽക്കേദൂന്യ സഭാവിഭാഗത്തിൽതന്നെയുണ്ടായിരുന്നു.

www.malankaralibrary.com

ചരിത്രത്തിൽ സ്ഥിതിചെയ്തിരുന്ന മനുഷ്യജാതി നാശം, ക്ഷയം, മൃത്യു ഇവയ്ക്കെല്ലാം വിധേയമാണ്. അങ്ങനെ വന്നതു പാപത്തിൻെറ ഫലമായിട്ടായിരുന്നു എന്ന് അക്കാലങ്ങളിൽ മാത്രമല്ല പിന്നീടും ക്രൈസ്തവ ചിന്തകന്മാർ ഉപദേശിച്ചിട്ടുണ്ട്. പാപരഹിതമായ മനുഷ്യത്വം അവലംബിച്ചുകൊണ്ട് യേശുക്രിസ് പ്രകൃത്യാതന്നെ നാശം, ക്ഷയം, മൃത്യു ഇവയ്ക്ക് അതീതനായിരുന്നു എന്നതാണ് യൂലിയാനോസിൻെറ ഉപദേശം. എന്നാൽ ഇവയ്ക്കധീനരായി കിടന്നിരുന്ന മനുഷ്യവർഗത്തെ ഉദ്ധരിക്കുവാൻ വേണ്ടി അവൻ ക്ലേശവും മരണവും സ്വയം തിരഞ്ഞെടുത്ത് അവയെ സഹിച്ചു എന്നു യൂലിയാനോസ് സമ്മതിച്ചു. അതേ അവസരത്തിൽതന്നെ യേശുക്രിസ്തുവിൻെറ മനുഷ്യശരീരം സ്വാഭാവികമായി നാശം, ക്ഷയം, മരണം ഇവയ്ക്കു അതീതമായിരുന്നു എന്ന് അയാരം ശക്തീകരിച്ചു പറഞ്ഞു.

യൂലിയാനോസിൻെറ ഉപദേശത്തെ തിരസ്ക്കരിച്ചതുമൂലം രണ്ടു കാര്യങ്ങരം സഭ വ്യക്തമാക്കി. (1) യേശുക്രിസ്തു പാപരഹിതനായിരുന്നു എങ്കിലും, അവൻ അവലംബിച്ച മനുഷ്യത്വം ആദാമ്യ വീഴ്ചയ്ക്കു ശേഷമുള്ളതായിരുന്നു. അതുകൊണ്ട് യേശുക്രിസ്തു യാതൊരു വ്യത്യാസവും കൂടാതെ നമ്മെപ്പോലെ മനുഷ്യനായിരുന്നു. (2) യേശുക്രിസ്തുവിൻെറ മനുഷ്യശരീരം നമ്മുടേതുപോലെ നാശത്തിനും ക്ഷയത്തിനും വിധേയമായിരുന്നു.

(b) *ബുസന്തിയായിലെ ലീയോൻഷ്യസ്*[1]

അലക്സാന്ത്ര്യൻ ചിന്താഗതിയിൽ പരിശീലിതരായ പൗരസ്ത്യരിൽ ഒരു നല്ല ഭാഗം കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിച്ചു എന്നു മുകളിൽ കണ്ടുവല്ലോ. ആ നില അവലംബിച്ചവരുടെ വിഭാഗത്തിൽപെട്ട വേദശാസ്ത്രജ്ഞന്മാർ സുന്നഹദോസിൻെറ വിശ്വാസപ്രസ്താവനയേയും വിശിഷ്യാ ലീയോയുടെ ലേഖനത്തെയും, അനസ്യൂതം വിമർശിച്ചു വന്നു. 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ഏക ക്രിസ്തു'[2] എന്നുള്ള പദപ്രയോഗമായിരുന്നു അവരുടെ വിമർശനത്തിനു പ്രത്യേകം വിഷയമായിതീർന്നത്. ഈ ചുററുപാടിൽ ഈ പദപ്രയോഗത്തെ സാധൂകരിക്കുവാനുള്ള ആവശ്യം കൽക്കേദൂന്യ വിഭാഗത്തിനുണ്ടായി. ആ പ്രസ്ഥാനത്തിനു വേദശാസ്ത്രപരമായി ആറാം നൂററാണ്ടിൽ നേതൃത്വം നൽകിയവരിൽ പ്രാധാന്യം അർഹിക്കുന്ന ഒരാരം ആയിരുന്നു ബുസന്തിയായിലെ ലീയോൻഷ്യസ്.

ലീയോൻഷ്യസിൻെറ വ്യാഖ്യാനം ഗ്രഹിക്കുവാൻ പശ്ചാത്തലപരമായ രണ്ടു കാര്യങ്ങരം എടുത്തുപറയേണ്ടതായിട്ടുണ്ട്. (1) അലക്സാന്ത്ര്യൻ വേദശാസ്ത്രത്തിൽ കേന്ദ്രസ്ഥാനത്തു നിന്നിരുന്ന 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിൻെറ

1. Leontius of Byzanthium. 2. One Christ in two natures.

www.malankaralibrary.com

ഒരുസ്വഭാവം' (One incarnate nature of God the Word) എന്ന പ്രയോഗത്തെപ്പററി കൽക്കേദൂൻ സുന്നഹദോസ് മൗനമവലംബിച്ചു എന്നു മുകളിൽ കണ്ടുവല്ലോ. എന്നാൽ ഈ പദപ്രയോഗം തങ്ങൾക്ക സ്വീകാര്യമാണെന്നു് ആറാം നൂററാണ്ടിലെ കൽക്കേദൂന്യ വേദശാസ്ത്രജ്ഞന്മാർ വ്യക്തമാക്കിയിരുന്നു. അവരുടെ വാദം ഈ പദപ്രയോഗത്തോടുകൂടെ 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു' എന്നുകൂടെ ചേർത്തു് ഉപയോഗിക്കണം എന്നായിരുന്നു. (2) ഇതിനും പുറമേ കല്ക്കേദൂൻ വിശ്വാസ പ്രസ്താവനയെ അലക്സാന്ത്ര്യൻ വേദശാസ്ത്ര വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ അവർ യത്നിച്ചു. അതിനായി 'സ്വഭാവം' (nature) എന്ന പദത്തിനു് അവർ ഒരു നിർവചനം നൽകി. ഈ പദത്തിനു 'തത്വം' എന്നും 'ആളത്തം' എന്നും അർത്ഥമുണ്ടായിരുന്നു എന്നു മുകളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ആറാം നൂററാണ്ടിലെ കൽക്കേദൂന്യ ചിന്തകന്മാർ യേശുക്രിസ്തുവിന്റെ സ്വഭാവം ഒന്നു് എന്നുള്ള പ്രയോഗത്തിൽ 'സ്വഭാവം' എന്ന വാക്കിനു് 'ആളത്തം' എന്ന അർത്ഥവും 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതി ചെയ്യുന്ന ക്രിസ്തു' എന്ന പ്രയോഗത്തിലെ 'സ്വഭാവം' എന്ന വാക്കിനു് 'തത്വം' എന്നർത്ഥവും ആണ് ഉദ്ദേശിക്കുന്നതെന്നു വാദിച്ചു. അരിസ്റേറാട്ടിലിന്റെ പ്രാഥമിക തത്വം എന്ന അർത്ഥത്തിൽ ഈ പദത്തിനു വ്യക്തമായ (concrete) ഒരു വസ്തുത എന്ന ആശയം ഉണ്ടെന്നു വരികിലും, ആറാം നൂററാണ്ടിലെ സംവാദങ്ങളിൽ അതിനു ഇരുകൂട്ടരും കൊടുത്തുവന്ന അർത്ഥം ഇതായിരുന്നില്ല. നേരെമറിച്ചു വ്യക്തമായ വസ്തുക്കളെ വ്യക്തതയിലേക്കു വരുത്തുന്ന സത്തയെ ആണ് 'തത്വം' എന്ന പദംകൊണ്ടു് അവർ വിവക്ഷിച്ചതു്. ഉദാഹരണമായി 'മനുഷ്യത്വം' എന്ന അവ്യക്തമായ സത്ത ഓരോ മനുഷ്യവ്യക്തിയിലും വ്യക്തത പ്രാപിച്ചിരുന്നതുകൊണ്ടാണ് അവർ മനുഷ്യവ്യക്തികളായി സ്ഥിതിചെയ്യുന്നത് എന്ന് അവർ ശഠിച്ചു. ആ അവ്യക്തമായ സത്തയെ 'തത്വം' എന്നും മനുഷ്യവ്യക്തികളെ 'ആളത്തങ്ങൾ' എന്നും അവർ പറയുമായിരുന്നു.

യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്നു പറഞ്ഞാൽ ദൈവത്വം, മനുഷ്യത്വം, ഈ രണ്ടു തത്വങ്ങൾ യോജിച്ചിട്ട് അവൻ ഏക ആളത്തമായി സ്ഥിതിചെയ്യുന്നു എന്നും, ആ ഏക ആളത്തത്തിൽ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ഉണ്ടെന്നും ആണുദ്ദേശിക്കുന്നതെന്ന് ആറാം നൂററാണ്ടിലെ പൗരസ്ത്യ കൽക്കേദൂന്യ പണ്ഡിതന്മാർ നിഷ്ക്കർഷിച്ചു. അഥവാ യേശുക്രിസ്തുവിന്റെ മനുഷ്യത്വം മാനുഷികതത്വം ആണെന്ന് അവർ ശഠിച്ചു. എന്നാൽ ഈ ആശയത്തെ കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിച്ചുവന്ന സഭാവിഭാഗത്തിലെ

www.malankaralibrary.com

വേദശാസ്ത്രജ്ഞന്മാർ, പ്രത്യേകിച്ച് അന്ത്യോക്യയിലെ സേവേറിയോസ് നിശിതമായി വിമർശിച്ചു. യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവം മാനുഷികതത്വം ആണ് എന്നുവരികിൽ, അവൻ ഒരു മനുഷ്യനായി സ്ഥലകാല പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ലോകത്തിൽ ജീവിക്കുക സാദ്ധ്യമല്ല എന്നായിരുന്നു സേവേറിയോസിന്റെ വാദം.

മേൽ വിവരിച്ച പൗരസ്ത്യ കൽക്കേദൂന്യ വ്യാഖ്യാനത്തെയാണ് ബുസന്തിയായിലെ ലീയോൻഷ്യസ് നന്നാക്കി എടുക്കുവാൻ ശ്രമിച്ചത്. മനുഷ്യാവതാരത്തിൽ വചനമായ ദൈവം അവലംബിച്ചത് മാനുഷികതത്വം ആണെന്ന് ലീയോൻഷ്യസ് ഊന്നിപ്പറഞ്ഞു. എന്നാൽ അതുകൊണ്ടുമാത്രം അവർ സംതൃപ്തി അടഞ്ഞില്ല. വചനമായ ദൈവം മാനുഷികതത്വം അവലംബിച്ചപ്പോൾ, ആ മാനുഷികതത്വത്തിന് വചനമായ ദൈവം തന്റെ സ്വന്ത ആളത്തത്തെ ആളത്തമായി നല്കി എന്നു ലീയോൻഷ്യസ് ഉപദേശിച്ചു. അതുകൊണ്ടു് യേശുക്രിസ്തുവിന് ആളത്തം ഉണ്ടായിരുന്നു; ഒരു മനുഷ്യനായി ലോകത്തിൽ ജീവിക്കുവാൻ അവനു സാധിക്കുകയും ചെയ്തു.[1]

### (c) *അന്ത്യോക്യയിലെ സേവേറിയോസ്*

കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിച്ചുവന്ന കക്ഷിയുടെ ആഗ്രഹാനുസരണം 512–ൽ അന്ത്യോക്യയിലെ വൈദികമേലദ്ധ്യക്ഷനായി അവരോധിക്കപ്പെടുകയും, 518–ൽ ചക്രവർത്തിയുടെ ആജ്ഞമൂലം അവിടംവിട്ടു് 538–ൽ നിര്യാതനാകുന്നതുവരെയും ഈജിപ്തിൽ ഒളിവിൽ താമസിക്കുവാൻ നിർബന്ധിതനായി തീരുകയും ചെയ്ത സേവേറിയോസ് താൻ അംഗമായിരുന്ന സഭാവിഭാഗത്തിലെ അക്കാലത്തുണ്ടായിരുന്ന ഏററവും വലിയ വേദശാസ്ത്രജ്ഞനായിരുന്നു. യേശുക്രിസ്തുവിനെപ്പററി സേവേറിയോസ് നൽകിയ വ്യാഖ്യാനം അലക്സാന്ത്ര്യയിലെ കൂറിലോസിന്റെ ഉപദേശത്തിന്റെ ഒരു വികസനമായിരുന്നു എന്നു പറയാം.

കൽക്കേദൂൻ സുന്നഹദോസു നിശ്ചയത്തിലും ലീയോയുടെ ലേഖനത്തിലും ഏററുപറഞ്ഞിട്ടുള്ള വിശ്വാസം 431–ൽ നടന്ന

---

1. ഈ അഭിപ്രായത്തെയാണ് enhypostasia സിദ്ധാന്തം എന്നു പറഞ്ഞുവരുന്നത്. ഗ്രീക്കു ഓർത്തഡോക്സ് സഭയിലെ ദൈവശാസ്ത്രജ്ഞന്മാർ ഇന്നും ഇതു സ്വീകരിച്ചുവരുന്നു.

www.malankaralibrary.com

എപ്പേസോസ് സൂന്നഹദോസ് സഭാഭ്രംശം ചെയ്ത നെസ്തോറിയോസിന്റെ ഉപദേശത്തിൽ നിന്നു ഭിന്നമല്ല എന്നത്രേ സേവേറിയോസു വാദിച്ചതു്. ഇതിലേക്കു് ഊന്നിപ്പറഞ്ഞ ഒരു ആശയം മാത്രം ഇവിടെ എടുത്തുപറയാം: യേശുക്രിസ്തുവിന്റെ ആന്തരീയ ആളത്വം ഒന്നാണെന്നു സുന്നഹദോസിന്റെ വിശ്വാസ പ്രസ്താവനയിൽ ചേർത്തിട്ടുണ്ടെന്നു മുകളിൽ കണ്ടുവല്ലോ. ഈ നിലപാടും 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു' എന്നു് അതേ പ്രസ്താവനയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നതും തമ്മിൽ പൊരുത്തമില്ല എന്നു സേവേറിയോസ് ശഠിച്ചു.

ഇവിടെ ഉദ്ദേശിക്കുന്ന ആശയം പ്രത്യേകം ശ്രദ്ധാർഹമത്രേ. യേശുക്രിസ്തുവിന്റെ ആന്തരീയ ആളത്വം (hypostasis) ഒന്നാണെന്നുവരികിൽ അവന്റെ—ദൈവികവും മാനുഷികവും ആയ—സർവ വ്യാപാരങ്ങളും നിർഗമിക്കുന്നതു് ആ ഏക ആളത്വത്തിൽ നിന്നായിരിക്കണം. എന്നാൽ യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്നു പറയുന്നപക്ഷം, അവന്റെ ഏക ആളത്വത്തെ കണക്കിൽ എടുക്കുന്നില്ല എന്നുവരും. അതിനാൽ യേശുക്രിസ്തുവിന്റെ ആന്തരീയ ആളത്വം (hypostasis) എന്നു സുന്നഹദോസ് പറയുന്നതു വാസ്തവത്തിൽ ബാഹ്യ ആളത്വത്തെ (prosopon) മാത്രം ഉദ്ദേശിച്ചായിരിക്കുവാനേ തരമുള്ളു എന്നു സേവേറിയോസ് വാദിച്ചു. അതിനാൽ സുന്നഹദോസിന്റെ നിലയും നെസ്തോറിയോസിന്റെ ഉപദേശവും തമ്മിൽ സാരമായ വ്യത്യാസം ഒന്നും ഇല്ലെന്നു സമർത്ഥിക്കുവാൻ സേവേറിയോസ് യത്നിച്ചു.

ഈ വിധത്തിൽ കൽക്കേദൂൻ സുന്നഹദോസിനെ നിരാകരിച്ചശേഷം സേവേറിയോസ് യേശുക്രിസ്തുവിനെപ്പററി നൽകിയ ഉപദേശത്തിൽ ശക്തീകരിച്ച മൂന്നു ആശയങ്ങൾ മാത്രം ഇവിടെ എടുത്തു പറയാം. (1) മനുഷ്യനായി അവതരിച്ചപ്പോൾ വചനമായ ദൈവം കന്യകയുടെ ഉദരത്തിൽ നിന്നു യഥാർത്ഥമായി മനുഷ്യത്വം അവലംബിച്ചു. അങ്ങനെ അവലംബിച്ചതു്, താൻതന്നെ കന്യകയുടെ ഉദരത്തിൽ നിന്നു പരിശുദ്ധാത്മ വ്യാപാരത്താൽ ഉളവാക്കിയ മനുഷ്യത്വത്തെ ആയിരുന്നു. ഇപ്രകാരം വചനമായ ദൈവം മനുഷ്യത്വത്തെ തന്നോടു യോജിപ്പിച്ചു യേശുക്രിസ്തുവായി ലോകത്തിൽ അവതരിച്ചതിനാൽ, പാപരഹിതൻ എന്നുള്ള ഏക വ്യത്യാസം ഒഴികെ, അവൻ സർവത്തിലും നമ്മിൽ ഒരാളിനെപ്പോലെയുള്ളവനാകുന്നു. (2) ദൈവത്വം മനുഷ്യത്വം ഈ രണ്ടു സ്വഭാവങ്ങളിൽനിന്നുമായി (from two natures) രൂപമെടുത്ത യേശുക്രിസ്തുവിന്റെ ആന്തരീയ ആളത്വം (hypostais) ഈ രണ്ടു സ്വഭാവങ്ങളും ചേർന്നു യോജിച്ചു സ്ഥിതിചെയ്യുന്നു. അതിനാൽ 'രണ്ടു സ്വഭാവങ്ങളിൽ'

www.malankaralibrary.com

(in two natures) സ്ഥിതി ചെയ്യുന്ന ഏക ക്രിസ്തു എന്നു പറഞ്ഞു കൂടാ. എന്തുകൊണ്ടെന്നാൽ ആ നില യേശുക്രിസ്തുവിനെ രണ്ട് ആളത്തങ്ങളായി മാത്രമേ കാണുകയുള്ളു. ക്രിസ്തു രണ്ട് ആളത്തങ്ങൾ എന്നുവരികിൽ, ദൈവത്വവും മനുഷ്യത്വവും തമ്മിൽ യഥാർത്ഥമായ യോജിപ്പുണ്ടായിട്ടില്ല. നസ്രായനായ യേശു ഒരു പരിശുദ്ധൻ മാത്രമാണ്. അവൻ ലോകൈക രക്ഷകനല്ല. യേശുക്രിസ്തുവിന്റെ ആളത്തൈക്യം പരിരക്ഷിക്കുന്നതിനു 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിന്റെ ഒരു സ്വഭാവം' (One incarnate nature of God the word) എന്നു ഏററു പറയേണ്ടതു് അത്യന്താപേക്ഷിതമാണ്. (3) ഈ പദപ്രയോഗം കൊണ്ടു് യേശുക്രിസ്തുവിന്റെ മനുഷ്യത്വം നഷ്ടപ്പെട്ടു എന്നോ പ്രവർത്തനരഹിതമായി ഇരിക്കുന്നു എന്നോ അല്ല ഉദ്ദേശിക്കുന്നതു്. നേരേമറിച്ച്, മനുഷ്യത്വത്തിന്റെ യാതൊരു പ്രത്യേകതയും സ്വഭാവവിശേഷവും ഹനിക്കപ്പെടാതെയും വ്യത്യാസപ്പെടാതെയും ദൈവത്വവുമായി കലർന്നുപോകാതെയും, പൂർണതയിൽ പരിരക്ഷിക്കപ്പെട്ടുകൊണ്ട്, ദൈവത്വം അതിനെ തന്നോടു സംയോജിപ്പിച്ചു എന്നാണ്. യേശുക്രിസ്തുവിന്റെ ദൈവിക വ്യാപാരങ്ങളും, മാനുഷികവ്യാപാരങ്ങളും സ്വഭാവങ്ങൾ സംയോജിച്ചുണ്ടായ ഏക ആളത്തം നിർവഹിച്ചിട്ടുള്ളവയാണ്.

യേശുക്രിസ്തു ദൈവവും മനുഷ്യനും ആണ്. അവന്റെ ആളത്തം ഒന്നുമാത്രവുമത്രേ.

## 5. രണ്ടു സുന്നഹദോസു നിശ്ചയങ്ങൾ

കൽക്കേദൂൻ സുന്നഹദോസിനുശേഷം ഏകദേശം 536 വരെയും സുന്നഹദോസിനെ അംഗീകരിക്കുന്നവരും നിരാകരിക്കുന്നവരും ഏക സഭയിലെ ഇരു കക്ഷികളായി മാത്രമാണു നിലനിന്നതു്. ഈ കാലങ്ങളിൽ അവരെ തമ്മിൽ യോജിപ്പിക്കുവാനായി പല ശ്രമങ്ങളും നടന്നു എങ്കിലും, അവയെല്ലാം പരാജയമടഞ്ഞു. അതിനുശേഷം അവർ തമ്മിൽ പിരിയുകയും ആ നിലയിൽ ഇന്നേയോളം സ്ഥിതി ചെയ്യുകയും ചെയ്യുന്നു.

രണ്ടു വിഭാഗങ്ങളും തമ്മിൽ നടന്ന സംഘട്ടനഫലമായി കൽക്കേദൂന്യ വിഭാഗം 451-ലെ സുന്നഹദോസു നിശ്ചയത്തെ അലക്സാന്ത്ര്യൻ വേദശാസ്ത്രപാരമ്പര്യത്തിനു വിധേയമായി വ്യാഖ്യാനിക്കുകയും, 553-ൽ നടന്ന രണ്ടാം കുസ്തന്തീനോപ്പോലീസ് സുന്നഹദോസിൽ1 വച്ച് അതിനെ ഔദ്യോഗികമായി

---

1. ഇതിനെയാണ് അഞ്ചാമത്തെ സാർവത്രിക സുന്നഹദോസായി റോമാസഭയും ഗ്രീക്കു് ഓർത്തഡോക്സ് സഭയും പരിഗണിക്കുന്നതു്.

www.malankaralibrary.com

അംഗീകരിക്കുകയും ചെയ്തു. ഈ സുന്നഹദോസു ചെയ്ത ചില നിശ്ചയങ്ങൾ ശ്രദ്ധേയങ്ങളാണ്.

ഈ തീരുമാനങ്ങളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കുവാൻ 449–ലെയും 451–ലെയും സുന്നഹദോസുകളിൽവച്ചു നടന്ന ഒരു സംഭവം ഓർക്കേണ്ടതുണ്ട്. 449–ലെ സുന്നഹദോസിൽവച്ചു ചില അന്ത്യോക്യൻ വേദശാസ്ത്രജ്ഞന്മാരെ സഭാഭ്രംശം ചെയ്തിരുന്നതായി മുകളിൽ കണ്ടുവല്ലോ. അവരിൽ രണ്ടുപേരായിരുന്നു കൂറശിലെ തീയോദോറിത്തോസ് (Theodoret of Cyrus), ഉറഹായിലെ ഈഹിബാ (Ibas of Edessa) എന്നിവർ. 431–ലെ എപ്പേസോസ് സുന്നഹദോസിനേയും അലക്സാന്ത്ര്യയിലെ കൂറിലോസിന്റെ വേദശാസ്ത്രവ്യാഖ്യാനങ്ങളേയും ദുരുപദേശപരമായി അവഹേളിക്കുകയും അന്ത്യോക്യൻ ചിന്താഗതി പ്രചരിപ്പിക്കുകയും ചെയ്യുവാൻവേണ്ടി ഗ്രന്ഥങ്ങൾ ചമച്ചു എന്നുള്ളതായിരുന്നു അവരുടെമേൽ ചുമത്തിയ പരാതി. എന്നാൽ ഈ പരാതിയേയും അതിനടിസ്ഥാനമായി ചൂണ്ടിക്കാണിച്ചിരുന്ന തെളിവുകളേയും ആകമാനം വിഗണിച്ച് കല്ക്കേദൂൻ സുന്നഹദോസ് അവരെ ഇരുവരേയും ഔദ്യോഗികമായി സ്വീകരിച്ചു.

മേൽ ചൂണ്ടിക്കാണിച്ച 553–ലെ സുന്നഹദോസ് ഇതു സംബന്ധമായി ചെയ്ത തീരുമാനം പ്രത്യേകം സ്മർത്തവ്യമത്രെ. ആ സുന്നഹദോസ് മുകളിൽ പരാമർശിച്ച[1] മൊഫ്സെവസ്ത്യായിലെ തീയോദോറിനെ (Theodore of Mopsuestia) ഒരു വിശ്വാസ വിപരീതിയായി പ്രഖ്യാപിച്ചു. ഇതിനും പുറമേ തീയൊദോറിത്തോസിനെയും ഈഹീബായേയും സഭാഭ്രംശം ചെയ്യുന്നതിനാധാരമായി 449–ലെ സുന്നഹദോസ് സ്വീകരിച്ചിരുന്ന അവരുടെ ഗ്രന്ഥങ്ങൾ വിശ്വാസവിപരീതം ഉൾക്കൊള്ളുന്നവയാണെന്നു വിധിച്ച് അവയെ പരിത്യജിച്ചു.[2] ഈ തീരുമാനം വഴിയായി കൽക്കേദൂന്യ വിഭാഗം അന്ത്യോക്യൻ ചിന്താഗതിയെ പരിപൂർണമായി കൈവെടിയുകയും, അലക്സാന്ത്ര്യൻ പാരമ്പര്യത്തിൽ ഉറച്ചു നിൽക്കുവാനുള്ള അടിസ്ഥാനം വീണ്ടും ഇടുകയും ചെയ്തു എന്നു പറയാം.

കൽക്കേദൂന്യ വിഭാഗം യേശുക്രിസ്തുവിന്റെ ആളത്തത്തെ ആസ്പദമാക്കി ഔദ്യോഗികമായി ചെയ്ത അവസാന തീരു

1. മുകളിൽ 73-75 വരെ വശങ്ങൾ കാണുക.

2. തീയോദോർ, തീയൊദോറിത്തോസ്, ഈഹിബാ ഇവരുടെമേൽ 553-ലെ സുന്നഹദോസ് ചെയ്ത തീരുമാനത്തേയാണ് Three Chapters എന്നു പറഞ്ഞുവരുന്നത്. അത് J. C Ayer-A Source Book for Ancient Church History, New York, Charles Scribiners Sons, 1913 pp. 551–525-ൽ ചേർത്തിട്ടുണ്ട്.

www.malankaralibrary.com

മാനം 553-ലെ നിശ്ചയം ആയിരുന്നില്ല. ഇതിനകം ഉണ്ടായിട്ടുള്ള അവസാനത്തെ നിശ്ചയം ചെയ്തത് 681-ൽ നടന്ന മൂന്നാമത്തെ കുസ്തന്തീനോപ്പോലീസ് സുന്നഹദോസായിരുന്നു.[1] അവിടെ ചെയ്ത തീരുമാനത്തിനു കാരണമായിത്തീർന്നതു് ഏഴാം നൂററാണ്ടിൽ പൗരസ്ത്യ കൽക്കേദൂന്യ സഭാവിഭാഗത്തിൽ നടന്ന ഒരു വേദശാസ്ത്ര സംവാദമായിരുന്നു. യേശുക്രിസ്തു രണ്ടു സ്വഭാവങ്ങളിലായി സ്ഥിതിചെയ്യുന്നു എന്നു വരികിലും, അവൻെറ ഇച്ഛയും വ്യാപാരവും (will and operation) ഓരോന്നു മാത്രമായിരുന്നു എന്നു ചിലർ വാദിക്കുകയുണ്ടായി.[2] അതിനെ മററു ചിലർ എതിർക്കുകയും, 681-ൽ നടന്ന സുന്നഹദോസ് അതു സംബന്ധമായി ഒരു തീരുമാനം സ്വീകരിക്കുകയും ചെയ്തു. ആ തീരുമാനം ചുരുങ്ങിയ വാക്കുകളിൽ ഇപ്രകാരം ആയിരുന്നു: അന്യോന്യം വിഭജിക്കപ്പെടാതെയും, ഒന്നു് ഒന്നിൽ കലർന്നു നഷ്ടീഭവിക്കാതെയും, പ്രവൃത്തിരഹിതമാകാതെയും, അതതിൻെറ പ്രത്യേകതകളിൽ പരിരക്ഷിപ്പെടുന്ന രണ്ടു വ്യാപാരങ്ങളും രണ്ടു ഇച്ഛകളും ക്രിസ്തുവിനുണ്ടു്.[3]

ഈ തീരുമാനംമൂലം കൽക്കേദൂന്യ വിഭാഗം യേശുക്രിസ്തു പരിപൂർണമായും ദൈവവും മനുഷ്യനും ആണെന്നുള്ള ആശയം വ്യക്തമാക്കി.

## 6. ഉപസംഹാരം

യേശുക്രിസ്തുവിൻെറ ആളത്തത്തെപ്പററി അഞ്ചാം നൂററാണ്ടുമുതൽ ക്രൈസ്തവലോകത്തിൽ നിലവിൽ വന്ന മൂന്നു വ്യാഖ്യാനഗതികളാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്നതു്. അവ തമ്മിലുള്ള വ്യത്യാസം സ്ഥിതിചെയ്യുന്നതു് യേശുക്രിസ്തു പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനും ആണെന്നുള്ള ഏററുപറച്ചിൽ സ്വീകരിക്കുവാൻ ഏതെങ്കിലും വിഭാഗം വൈമനസ്യം പ്രദർശിപ്പിക്കുന്നതിലോ, അവൻെറ മനുഷ്യത്വയാഥാർത്ഥ്യത്തെ കണക്കിലെടുക്കുവാൻ വിസമ്മതിക്കുന്നതിലോ അല്ല. യേശുക്രിസ്തു പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനും ആണെന്നും, അവൻെറ മനുഷ്യത്വം തികച്ചും യഥാർത്ഥമാണെന്നും, ഈ മൂന്നു വ്യാഖ്യാനഗതികളും സമ്മതിക്കുന്നുണ്ടു്. എന്നാൽ പരിപൂർണ ദൈവത്വവും പരിപൂർണ മനുഷ്യ

---

1. ഈ സുന്നഹദോസിനെ ആറാം സാർവത്രിക സുന്നഹദോസായി ഗ്രീക്കു റോമൻ സഭകൾ പരിഗണിക്കുന്നു.

2. ഇതിനെയാണ് Monothelitism എന്നു പാശ്ചാത്യ എഴുത്തുകാർ വിവക്ഷിച്ചുവരുന്നതു്.

3. ഈ പ്രഖ്യാപനം J. C. Ayer: A Source Book for Ancient Church History op. cit. pp. 666–672-ൽ ചേർത്തിട്ടുണ്ടു്.

www.malankaralibrary.com

ത്വവും തമ്മിൽ എങ്ങനെ യോജിച്ച് ക്രിസ്തുവിൽ സ്ഥിതി ചെയ്യുന്നു എന്നതിനെപ്പററി നൽകുന്ന വ്യാഖ്യാനം സംബന്ധിച്ച് ഇവ തമ്മിൽ വ്യത്യാസം ഉണ്ട്.

ഈ വ്യത്യാസം ഇപ്രകാരം വിവരിക്കാം: (1) യേശുക്രിസ്തുവിൻെറ മാനുഷിക വ്യാപാരങ്ങൾ മനുഷ്യസ്വഭാവവും, ദൈവിക വ്യാപാരങ്ങൾ ദൈവിക സ്വഭാവവും നിർവഹിച്ചതായിരുന്നു എന്നുള്ള ഉപദേശം. അന്ത്യോക്യൻ ചിന്താഗതി ഇതു സ്വീകരിച്ചിരുന്നു എന്നുള്ളതാണ് അതിനെപ്പററിയുള്ള പരാതി. റോമായിലെ ലീയോയുടെ ലേഖനം ഈ ഉപദേശത്തെ ശരിവയ്ക്കുന്നു. (2) പൗരസ്ത്യരായ കൽക്കേദൂന്യ സഭാവിഭാഗം ഈ വ്യാഖ്യാനഗതി സ്വീകരിക്കുന്നില്ല. അവർ 'രണ്ടു സ്വഭാവങ്ങളിൽ സ്ഥിതി ചെയ്യുന്ന ക്രിസ്തു' എന്നു പറയുന്നതിൽ ഉദ്ദേശിക്കുന്നത് യേശുക്രിസ്തു ദൈവവും മനുഷ്യനും ആണെന്നുള്ള ആശയം മാത്രമാണ്. (3) കൽക്കേദൂൻ സുന്നഹദോസിനെ സ്വീകരിക്കാത്ത പൗരസ്ത്യ സഭാവിഭാഗം യേശുക്രിസ്തു 'ജഡധാരണം ചെയ്ത വചനമായ ദൈവത്തിൻെറ ഒരു സ്വഭാവം' ആണെന്നു പറയുന്നത് അവൻെറ ആളത്ത ഐക്യത്തെ ശക്തീകരിക്കുവാൻ മാത്രമാണ്.

മേൽ വിവരിച്ച രണ്ടും മൂന്നും ചിന്താഗതികൾ ആശയപരമായി ഒരേ ചിന്താഗതിയാണ് സ്വീകരിച്ചിരുന്നത്.[1] അവ രണ്ടും യേശുക്രിസ്തുവിൻെറ ആളത്തൈക്യത്തെ മുറുകെ പിടിക്കുന്നുമുണ്ട്. എന്നാൽ ഒന്നാമത്തെ വ്യാഖ്യാനഗതി യേശുക്രിസ്തുവിൻെറ ആളത്തഐക്യം വ്യക്തമാക്കുന്നതു സംബന്ധിച്ച് അത്രതന്നെ സുശക്തമല്ല.

എന്നിരുന്നാലും ലോകത്തിനാകമാനമുള്ള നിർണായകമായ രക്ഷ യേശുക്രിസ്തു ഒരിക്കലായി നിർവഹിച്ചു എന്നുള്ള ഏററു പറച്ചിൽ ഈ മൂന്നു നിലപാടുകളും സ്വീകരിക്കുന്നുണ്ട്.

---

1. കൽക്കേദൂൻ സുന്നഹദോസിനെ സ്വീകരിക്കുന്നതും സ്വീകരിക്കാത്തതും ആയ പൗരസ്ത്യ സഭാവിഭാഗങ്ങളിലെ ഏതാനും വേദശാസ്ത്രജ്ഞന്മാരുടെ അനൗദ്യോഗികമായ ഒരു ചർച്ച 1964 ഓഗസ്ററ് മാസത്തിൽ ഡെൻമാർക്കിലെ ഓർഹൂസ് സർവകലാശാലയിൽവച്ചു നടക്കുകയുണ്ടായി. അവിടെവച്ച് ഈ ആശയം പരിപൂർണമായും വ്യക്തമാക്കിയിട്ടുള്ളത്രെ. See unofficial Consultation between Theologians of Eastern Orthodox and Oriental Orthodox Churches, ed by John So Romaneide, Paul Verghese and Nick A. Nissiotis The Greek Orthodox Theological Review, Vol. X. number 2.

www.malankaralibrary.com

4

# പത്തൊമ്പതാം നൂററാണ്ടിൽ നൽകപ്പെട്ട ചില വേദശാസ്ത്ര വ്യാഖ്യാനങ്ങൾ

യേശുക്രിസ്തുവിൻെറ ആളത്തം സംബന്ധിച്ച് പത്തൊമ്പതാം നൂററാണ്ടുവരെയും പുരാതന സഭയിൽ ഔദ്യോഗികമായി സ്വീകരിച്ചിരുന്ന നിലപാടുകളാണ് ഏറെക്കുറവായി വേദശാസ്ത്രജ്ഞന്മാർ അവലംബിച്ചുവന്നത്. എന്നാൽ പത്തൊമ്പതാം നൂററാണ്ടിൽ നൂതനങ്ങളായ പല വ്യാഖ്യാനങ്ങളും നല്കപ്പെട്ടു. അവയുടെ ചരിത്രപരമായ പശ്ചാത്തലം ചുരുക്കമായി ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്.

പത്തൊമ്പതാം നൂററാണ്ടിലെ നൂതന വ്യാഖ്യാനങ്ങൾ നൽകിയത് പ്രൊട്ടസ്ററൻറ് ചിന്തകന്മാരായിരുന്നു എന്നു പറയാം. ദൈവശാസ്ത്രപരമായ പ്രൊട്ടസ്ററൻറ് ചിന്താഗതിയുടെ ആരംഭം പതിനാറാം നൂററാണ്ടിൽ നടന്ന പാശ്ചാത്യ ക്രൈസ്തവലോകത്തിലെ നവീകരണമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. നവീകരണഫലമായി പാശ്ചാത്യസഭ പല വിഭാഗങ്ങളായി പിരിയുകയും നവീകരണ പാരമ്പര്യത്തിൽപ്പെട്ട പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ദൈവശാസ്ത്രപരമായ ഒരു നൂതനയുഗം തന്നെ ലോകത്തിൽ ആവിർഭവിക്കുകയും ചെയ്തു. ഇതു സാധിതമായതു് പരമ്പരാഗതമായി സഭയിൽ നിലനിന്നുവന്ന വിശ്വാസപരമായ വ്യാഖ്യാനഗതിയെ അതേപടി സ്വീകരിക്കാതെ ബുദ്ധിപരവും ചിന്താപരവുമായ പശ്ചാത്തലങ്ങളിൽ ദൈവശാസ്ത്രം വികസിപ്പിക്കുവാൻ വ്യക്തികൾക്കു സ്വാതന്ത്ര്യം ഉണ്ടെന്നുള്ള നിലപാട് ആ ചിന്തകന്മാർ സ്വീകരിച്ചിരുന്നതുകൊണ്ടായിരുന്നു.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. നവീകരണത്തിനാധാരമായി തൽക്കർത്താക്കൾ വിശ്വാസപരമായ വിഷയങ്ങളിൽ വ്യക്തികൾക്കു പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്നോ, തങ്ങളുടെ അനുമാനം അനുസരിച്ച് ഓരോരുത്തർക്കും വേദപുസ്തകം വ്യാഖ്യാനിക്കാമെന്നോ ഉപദേശിച്ചിരുന്നു എന്നു മനസ്സിലാക്കരുതു്. ഇതു് അവരുടെ ആശയഗതി ആയിരുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. എന്നാൽ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നതും പരിശുദ്ധാത്മ പ്രചോദനത്താൽ വെളിവായി വരുന്നതും ആയ ദൈവതിരുവചനം ക്രിസ്തീയ വിശ്വാസത്തിൻെറ ആത്യന്തിക

www.malankaralibrary.com

മായ അടിസ്ഥാനമാകുന്നു എന്നു് അവർ നിഷ്കർഷിച്ചിരുന്നു. നവീകരണകർത്താക്കളുടെ കാലശേഷം ഈ ഉപദേശത്തെ അമിതമായ വ്യക്തിസ്വാതന്ത്ര്യം അവകാശപ്പെടുന്ന ഒരു പാരമ്പര്യത്തിനു നിദാനമായി അവരുടെ പിൻഗാമികൾ വ്യാഖ്യാനിക്കുകയും, താദൃശമായ ഒരു നിലപാടു് ആവിർഭവിക്കുകയും ചെയ്തു എന്നുള്ളതു് വാസ്തവമാണു്. ഈ വിധത്തിൽ ഉടലെടുത്ത ഒരു പശ്ചാത്തലം പത്തൊൻപതാം നൂററാണ്ടിലെ പ്രൊട്ടസ്റ്റൻറ് ദൈവശാസ്ത്രചിന്താഗതികൾ പിമ്പിൽ ഉണ്ടായിരുന്നു.

ഈദൃശമായ ഒരു വികസനത്തെ ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്ന മററു രണ്ടു ഘടകങ്ങൾ പാശ്ചാത്യ ലോകത്തിൽ നിലവിൽ വന്നിരുന്നു. (1) പുരാതന ഗ്രീക്ക തത്ത്വചിന്തയിൽ തുടങ്ങി പാശ്ചാത്യ സംസ്കാരത്തിൽ ലയിച്ചു ചേർന്നിരുന്ന തത്വശാസ്ത്രപരമായ പശ്ചാത്തലം. സയുക്തികമായ (rationalist) ആത്യന്തികാടിസ്ഥാനത്തിലായിരുന്നു ഗ്രീക്ക തത്ത്വചിന്ത നിലനിന്നതു് എന്നു പറയാം. അതിൻെറ പ്രേരണാഫലമായി ബുദ്ധിപരമായ മാനദണ്ഡം അനുസരിച്ചു സ്വീകരിക്കാവുന്ന വിശ്വാസമർമ്മങ്ങൾമാത്രമേ അംഗീകരിക്കപ്പെടേണ്ടതുള്ളു എന്നുള്ള നിലപാടു പല പാശ്ചാത്യചിന്തകന്മാരും അവലംബിച്ചു. (2) ശാസ്ത്രീയ വികസനം മൂലം പാശ്ചാത്യലോകത്തിൽ ആവിർഭവിച്ച ചിന്താവിപ്ലവം. ഗവേഷണംമൂലം ഓരോ വസ്തുവിനെയും സൂക്ഷ്മമായി പരിശോധിച്ചു് ലഭിക്കുന്ന നിഗമനങ്ങളാണല്ലോ ശാസ്ത്രത്തിൻെറ അടിസ്ഥാനം. ശാസ്ത്രം വളർന്നു വന്നതോടെ ശാസ്ത്രീയമാർഗ്ഗംവഴി വെളിവാക്കാവുന്ന വസ്തുതകളുടെ വെളിച്ചത്തിൽ മാത്രമേ തത്ത്വചിന്തയും വേദശാസ്ത്രവും കൈകാര്യം ചെയ്യപ്പെടാവൂ എന്നുള്ള ആശയഗതിയും പ്രചരിച്ചുതുടങ്ങി.

സയുക്തികമായ അടിസ്ഥാനത്തിൽ വിശ്വാസ മർമ്മങ്ങൾ നിർണയിക്കപ്പെടണം എന്നും ശാസ്ത്രീയ സിദ്ധാന്തങ്ങൾക്കു് പരമാവധി വിലകല്പിക്കപ്പെടണം എന്നും ഉള്ള രണ്ടു സാംസ്കാരിക പാരമ്പര്യങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ രൂപം പ്രാപിച്ചു. ഇവയും നവീകരണപാരമ്പര്യത്തിൽ പെട്ടവർ അവകാശപ്പെട്ട വ്യക്തിസ്വാതന്ത്ര്യവും പത്തൊമ്പതാം നൂററാണ്ടിലെ പ്രൊട്ടസ്ററൻറു ചിന്തകന്മാരുടെ ബുദ്ധിപരമായ പശ്ചാത്തലമായിരുന്നു. ഈ അന്തരീക്ഷത്തിലത്രെ അവർ വേദശാസ്ത്രപരമായ വിഷയങ്ങൾ പരാമർശിച്ചതു്.

ഇപ്രകാരമുള്ള ഒരു യത്നത്തിന് അവരെ പ്രേരിപ്പിച്ചതു് ബുദ്ധിപരവും ശാസ്ത്രീയവുമായ പശ്ചാത്തലത്തിൽ മതത്തെ, പ്രത്യേകിച്ചു് ക്രിസ്തീയ വിശ്വാസത്തെ വിമർശിച്ചുവന്ന ഒരു അന്തരീക്ഷമായിരുന്നു എന്നു പറയാം. ഈ വസ്തുത

www.malankaralibrary.com

19-ാംനൂററാണ്ടിലെ ദൈവശാസ്ത്രം പരിശോധിക്കുമ്പോരം വ്യക്തമാകുന്നതാണ്. യേശുക്രിസ്തുവിനെപ്പററി പ്രതിപാദിച്ച പത്തൊമ്പതാം നൂററാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരുടെ പ്രതിനിധികളായി കരുതാവുന്ന ചിലരുടെ ഉപദേശസംഗ്രഹം താഴെ ച്ചേർത്തിരിക്കുന്നു.

## I. ഷ്ളയർമാഖർ (Schleiermacher)

1768–ൽ ജർമ്മനിയിൽ ജനിക്കുകയും 1834–ൽ നിര്യാതനാകുകയും ചെയ്ത ഷ്ളയർമാഖർ ഒരു പണ്ഡിതനായിരുന്നു. രണ്ടു ചോദ്യങ്ങളാണ് പ്രധാനമായി പരാമർശിച്ചത്. (1) മതം എന്നാൽ എന്ത്? (2) ക്രിസ്തുമതം എന്നാൽ എന്ത്? ഈ ചോദ്യങ്ങരംക്കുത്തരം നൽകുന്നതിനോടൊപ്പം യേശുക്രിസ്തു ആരെന്നുള്ള വിഷയവും അദ്ദേഹം ചർച്ചചെയ്യുന്നുണ്ട്. അതിനാൽ യേശുക്രിസ്തുവിനെപ്പററി ഷ്ളയർമാഖർ പറയുന്ന ആശയങ്ങരം ഗ്രഹിക്കുവാൻ മേൽ ചൂണ്ടിക്കാണിച്ച ചോദ്യങ്ങരംക്കു നൽകുന്ന ഉത്തരം ആരായേണ്ടതായിരിക്കുന്നു.

### a. *മതം എന്നാൽ എന്ത് ?*

ന്യായോക്തിക്കു വിധേയമാകാവുന്ന ഒരു തത്വസംഹിതയോ, വേദശാസ്ത്രപരമായ സിദ്ധാന്തങ്ങരം ഉരംക്കൊള്ളുന്ന വിശ്വാസപ്രഖ്യാപനങ്ങളോ അല്ല മതം. വേണമെങ്കിൽ ഇവയെ എല്ലാം നിരാകരിക്കുകപോലും ചെയ്യാം. അവയെല്ലാം വിപാടനം ചെയ്താലും മതത്തിനു യാതൊരു ഉടവും സംഭവിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇവയ്ക്കതീതമായി സ്ഥിതിചെയ്യുന്ന ഒരു സത്ത മതത്തിനുണ്ട്.

അതു് ഷ്ളയർമാഖർ ഇപ്രകാരം വിവരിക്കുന്നു; പരിമിതികരംക്കു വിധേയനായ ഒരു ജീവിയാണു മനുഷ്യൻ. ഈ വസ്തുതയെപ്പററി അവൻ ബോധവാനാണ്. അതുമൂലം പരിമിതികളെ അതിലംഘിക്കുവാൻവേണ്ടി അപ്രമേയനായ ദൈവത്തിൽ ആശ്രയിക്കുവാനുള്ള അഭിവാഞ്ഛ മനുഷ്യനിൽ ജന്മസിദ്ധമായി സ്ഥിതിചെയ്യുന്നു. മനുഷ്യനിൽ നൈസർഗികമായുള്ള ഈ ആശ്രിതബോധമാണ് ദൈവത്തിൽ വിശ്വസിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതു്. മതത്തിന്റെ സാക്ഷാൽ സത്ത നിലകൊള്ളുന്നതു് ഈ യാഥാർത്ഥ്യം നേരിട്ട് അനുഭവിച്ച് അറിയുന്നതിലാണ്. അഥവാ, പരിമിതിക്കധീനനായ മനുഷ്യൻ അപ്രമേയനായ ദൈവത്തിൽ സമ്പൂർണമായി ആശ്രയിച്ചു ജീവിക്കുന്നതുമൂലം നേരിട്ട് അവന്റെ അനുഭവ

www.malankaralibrary.com

ത്തിൽ വരുന്ന പാരതന്ത്ര്യബോധമാണ് മതം എന്നു പറയുന്നതു്.[1]

## (b) *ക്രിസ്തുമതം എന്നാൽ എന്ത്?*

ഈ ചോദ്യത്തിനുത്തരമായി രണ്ടു കാര്യങ്ങൾ ഷ്ളയർമാഖർ ഊന്നിപ്പറഞ്ഞിരുന്നു. (1) മേൽ വിവരിച്ച അനുഭവബോധ്യം ഒരു ക്രിസ്ത്യാനിക്കുണ്ടാകുന്നതു യേശുക്രിസ്തുവിൽനിന്നാണ്. അതിനാൽ യേശുക്രിസ്തുവഴിയായി ദൈവത്തിലുള്ള പാരതന്ത്ര്യബോധം നേരിട്ട് അനുഭവിക്കുന്നവനാണ് ക്രിസ്ത്യാനി. (2) അതു് അവനു ലഭിക്കുന്നതു ക്രൈസ്തവസഭാവലയത്തിനുള്ളിലും ക്രിസ്തീയ സമൂഹവുമായുള്ള ബന്ധത്തിലും അത്രേ.[2] ഈ രണ്ടു് ആശയങ്ങൾ വഴി ഷ്ളയർമാഖർ യേശുക്രിസ്തുവിൻെറ ആളത്തത്തെയും ക്രിസ്തുമതത്തിൻെറ ചരിത്രപരമായ നിലനില്പിനെയും സമർത്ഥമായി പ്രതിപാദിക്കുന്നു എന്നുപറയാം. ഇവയിൽ യേശുക്രിസ്തുവിൻെറ ആളത്തത്തെ ആസ്പദമാക്കിയുള്ള പ്രതിപാദനം ഇവിടെ എടുത്തുകാണിക്കേണ്ടതാണ്.

## (c) *യേശുക്രിസ്തു ആര്?*

ഇതര മതങ്ങളിൽ അതതിൻെറ സ്ഥാപകന്മാർക്കു് ഉള്ളതിൽ നിന്നു വ്യത്യസ്തമായ സ്ഥാനം യേശുക്രിസ്തുവിനുണ്ടെന്നുള്ള വസ്തുത ഷ്ളയർമാഖർ ഊന്നിപ്പറയുന്നു. മററു മതങ്ങളുടെ സ്ഥാപകന്മാർ കേവലം മാർഗദർശികൾ മാത്രമാണ്. യേശുക്രിസ്തു അതു മാത്രമല്ല. അവൻ രക്ഷാദായകൻ കൂടെ ആണ്. ക്രിസ്തുമതാനുയായികളിൽ നിന്നു കൂടെയും വ്യത്യസ്തമായ ഒരു നില ക്രിസ്തുവിനുണ്ട്. അവർക്കെല്ലാം രക്ഷയുടെ ആവശ്യം ഉണ്ട്. ക്രിസ്തുവിനാകട്ടെ രക്ഷയുടെ ആവശ്യം ഇല്ല.

---

1. ഷ്ളയർ മാഖറിൻെറ സുപ്രസിദ്ധമായ Speeches on Religion എന്ന ഗ്രന്ഥത്തിൽ മതത്തെപ്പററി ഉള്ള പ്രതിപാദനം ഏതാണ്ട് ഈ വിധത്തിലാണ്. ആധുനിക തത്വശാസ്ത്രജ്ഞന്മാരിൽ ചിലർ ബുദ്ധിപരമായ അടിസ്ഥാനത്തിൽ മതത്തിൻെറ ആവശ്യകതയെ തന്നെ ചോദ്യം ചെയ്തുവന്ന ചുററുപാടിൽ അത്രെ ഷ്ളയർ മാഖർ ജീവിച്ചതു്. മതത്തെപ്പററിയുള്ള പ്രഭാഷണം ആ പശ്ചാത്തലത്തിൽ ചെയ്യപ്പെട്ടതാണ്. അവരുടെ വാദഗതികൾ അംഗീകരിച്ചാൽപോലും മനുഷ്യനു മതം അനുപേക്ഷണീയമാണെന്നും, ആ വസ്തുത വ്യക്തമാക്കാവുന്നതാണെന്നുമാണു ഷ്ളയർമാഖറിൻെറ വാദം.

2. ഷ്ളയർ മാഖറിൻെറ ഏററം പ്രസിദ്ധിയാർജിച്ച ഗ്രന്ഥമാണ് The Christian Faith. മേൽ വിവരിച്ച—മതം എന്തെന്നുള്ള-ചർച്ചയുടെ വെളിച്ചത്തിൽ ക്രിസ്തുമതത്തിൻെറ വിശ്വാസത്തെ ആകമാനം തന്നെ അതിൽ എടുത്തു പരാമർശിക്കുന്നുണ്ട്. ആ പരാമർശത്തിൽ യേശുക്രിസ്തു ആരെന്നുള്ള ചോദ്യവും പ്രതിപാദിക്കുന്നു.

www.malankaralibrary.com

പിന്നെയോ രക്ഷയുടെ ഇരിപ്പിടവും രക്ഷ നൽകുന്നവനും ആണ് യേശുക്രിസ്തു. അതിനാൽ യേശുക്രിസ്തു ക്രിസ്തുമതത്തിൻെറ സ്ഥാപകൻ മാത്രമല്ല, അതിൻെറ നിത്യകേന്ദ്രവും കൂടെയാണ്.

ക്രിസ്തുമതത്തിൻെറ നിത്യകേന്ദ്രം എന്ന നിലയിൽ ആദർശപരവും ചരിത്രപരവും ആയ രണ്ടു യാഥാർത്ഥ്യങ്ങളും അവനിൽ പരിപൂർണമായി യോജിച്ചു സ്ഥിതി ചെയ്യുന്നു. ഇവിടെ ഉദ്ദേശിക്കുന്ന ആശയം വെളിവാക്കുവാൻ വേണ്ടി മതത്തിൻെറ സത്തയെപ്പററി മുകളിൽ പരാമർശിച്ച ആശയം അനുസ്മരിപ്പിക്കണം. പരിമിതനായ മനുഷ്യനിൽ അപ്രമേയനായ ദൈവത്തെ ആശ്രയിക്കുവാനുള്ള അഭിവാഞ്ഛ ജന്മസിദ്ധമായി സ്ഥിതി ചെയ്യുന്നു എന്നും ആ പാരതന്ത്ര്യബോധമാണ് മതത്തിൻെറ സാക്ഷാൽ സത്ത എന്നും മുകളിൽ പ്രസ്താവിച്ചുവല്ലൊ. ഈ ആശ്രിതബോധം ക്രിസ്തുവിലും ഉണ്ടായിരുന്നു. എന്നാൽ അതു് മററാർക്കും ഉണ്ടാകാവുന്നതിൽ അധികം ആയിരുന്നു എന്നു മാത്രമല്ല, തൻെറ പ്രേരണാശക്തിമൂലം മററുള്ളവർക്കുടെയും ആ ആശ്രിതബോധാനുഭവം പ്രദാനം ചെയ്യുവാൻ പര്യാപ്തമായ വിധത്തിലുള്ളതും ആയിരുന്നു. ഈ വിധത്തിൽ ലോകത്തിൽ ജീവിക്കുന്ന യാതൊരുത്തർക്കും ഇല്ലാത്തതും തൻെറ പ്രേരണാശക്തിമൂലം മററുള്ളവർക്കുകൂടെയും നൽകുവാൻ പര്യാപ്തതയുള്ളതും ആയി ക്രിസ്തുവിലുണ്ടായിരുന്ന ആശ്രിതബോധാനുഭവമാണ് യേശുക്രിസ്തുവിൽ സംയോജിച്ചിരുന്ന ആദർശപരമായ യാഥാർഥ്യം.[1]

ചരിത്രപരമായി യേശുക്രിസ്തുവിൽ സംയോജിച്ചിരുന്ന യാഥാർഥ്യം അവൻ ഒരു മനുഷ്യൻ ആയിരുന്നു എന്നുള്ളതാണ്. ഒരു മനുഷ്യനായി അവൻ ജനിച്ചു. മനുഷ്യനായി ജീവിച്ചു. ആ നിലയിൽ അവൻ തികച്ചും ഒരു ചരിത്രപുരുഷനായിരുന്നു.

ഷ്ളയർമാഖർ ഊന്നിപ്പറഞ്ഞ ആശയം ഇപ്രകാരം പ്രകടിപ്പിക്കാം. അതുവരെയും ഒരു മനുഷ്യനും പരിപൂർണമായി അനുഭവിച്ചിട്ടില്ലാത്തതും അതിനുശേഷം സഭയ്ക്കുള്ളിൽ ക്രിസ്തുവുമായുള്ള വേഴ്ചമൂലം അനുഭവികമാക്കാവുന്നതും ആയ ദൈവത്തിലുള്ള പാരതന്ത്ര്യബോധം നേരിട്ടു സമ്പൂർണമായി അനുഭവിച്ച ഒരു മനുഷ്യനായിരുന്നു യേശുക്രിസ്തു. ദൈവത്തിലുള്ള ആശ്രിതാവസ്ഥ അനുനിമിഷം അവനു് പരിപൂർണാനുഭവം ഉണ്ടായിരുന്നതിനാൽ, യേശുക്രിസ്തു പാപരഹിതനായി ജീവിച്ചു.

---

1. യേശുക്രിസ്തു പൂർണദൈവവും പൂർണമനുഷ്യനും ആണെന്നുള്ള സഭാവിശ്വാസത്തിൽ പൂർണ ദൈവം എന്നുള്ളതിനു് ഈ ആദർശപരമായ യാഥാർഥ്യമായിട്ടാണ് ഷ്ളയർമാഖർ വിവരിക്കുന്നത്.

www.malankaralibrary.com

യേശുക്രിസ്തു കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നു എന്നല്ല ഷ്ളയർമാഖർ പറയുന്നതു്. നേരേമറിച്ചു്, അദ്ദേഹം രണ്ടാം ആദാമുമായിരുന്നു. ആ നിലയിൽ ദൈവത്തിലുള്ള ആശ്രിതബോധം കേന്ദ്രമാക്കിയുള്ള ജീവിതം നയിക്കുവാനുള്ള സാദ്ധ്യത മററുള്ളവർക്കു് നൽകി. ഈ വിധത്തിൽ യേശുക്രിസ്തുവിൽ ആദർശപരവും ചരിത്രപരവുമായ രണ്ടു യാഥാർത്ഥ്യങ്ങൾ യോജിച്ചു സ്ഥിതി ചെയ്യുന്നു.

എന്നാൽ യേശുക്രിസ്തുവിൻെറ പൂർവ്വാസ്തിത്വം[1] (pre-existence), പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പുനരാഗമനം, ആദിയായ വിശ്വാസമർമ്മങ്ങൾ ഷ്ളയർമാഖർ കാര്യമായി ഗണിച്ചില്ല. മനുഷ്യനിൽ ജന്മനാ സ്ഥിതിചെയ്യുന്ന ദൈവത്തിലുള്ള പാരതന്ത്ര്യ ബോധം അതിൻെറ പരമപരിപൂർണതയിൽ അനുനിമിഷം അനുഭവിച്ചു ജീവിച്ച ഒരു മനുഷ്യനായിരുന്ന യേശുക്രിസ്തു എന്നത്രേ ഷ്ളയർമാഖർ ഉപദേശിക്കുന്നത്. ഈ ആശ്രിതാവസ്ഥയിൽ അവനെപ്പോലെ ജീവിക്കുവാൻ വാഞ്ഛിച്ച ഒരു കൂട്ടം മനുഷ്യരെ ചേർത്തു് അവൻ ഒരു സമൂഹം രൂപവൽക്കരിച്ചു. ഈ അനുഭവ യാഥാർത്ഥ്യത്തിൽ ജീവിക്കുവാനുള്ള പ്രേരണാശക്തി ആ സമൂഹത്തിൽ, അഥവാ ക്രൈസ്തവ സഭയിൽ എന്നും നിലനിൽക്കുന്നുണ്ടു്. അതിനാൽ ദൈവത്തിലുള്ള ആശ്രിതബോധത്തിൽ ജീവിക്കുവാനാവശ്യമായിരിക്കുന്നതു് ക്രൈസ്തവ സഭാസമ്പർക്കത്തിൽ നിന്നു ലഭ്യമാകേണ്ട ക്രിസ്തുവിൻെറ പ്രേരണാശക്തി മാത്രമാണ്. ഇതിലേക്കു് യേശുക്രിസ്തുവിൻെറ പൂർവ്വാസ്തിത്വം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം പുനരാഗമനം, ആദിയായ കാര്യങ്ങളിലുള്ള വിശ്വാസം അനപേക്ഷണീയമല്ല എന്നാണ് ഷ്ളയർ മാഖർ പഠിപ്പിച്ചതു്.

ഷ്ളയർമാഖരുടെ ഈ വ്യാഖ്യാനഗതി യാതൊരു സഭാവിഭാഗവും ഔദ്യോഗികമായി സ്വീകരിച്ചിട്ടുള്ളതല്ല. എന്നാൽ അതിൻെറ പ്രേരണാശക്തി പല ക്രൈസ്തവ ചിന്തകന്മാരുടേയും ഉപദേശങ്ങളിൽ ഇന്നെയോളം പ്രകടമായി കാണാം.

## 2. പരിമിതീകരണ സിദ്ധാന്തം (Kenotic theory)

മുകളിൽ വിവരിച്ച ഷ്ളയർ മാഖറിൻെറ വ്യാഖ്യാനം ഒരു വ്യക്തിയുടെ അഭിപ്രായം മാത്രമായിരുന്നു. എന്നാൽ ചില സഭാവിഭാഗങ്ങളെ സംബന്ധിച്ചു് കുറെക്കൂടെ ഔദ്യോഗികമെന്നു

1. യേശുക്രിസ്തു ത്രീയേക ദൈവത്തിൻെറ രണ്ടാം ആളത്തം മനുഷ്യനായി അവതാരം ചെയ്ത ദേഹം ആണെന്നുള്ള സഭാവിശ്വാസം അത്രേ ഇവിടെ ഉദ്ദേശിക്കുന്നത്.

www.malankaralibrary.com

പറയാവുന്നതാണ് പരിമിതീകരണ സിദ്ധാന്തം. പത്തൊമ്പതാം ശതകത്തിലെ ആദ്യദശവത്സരങ്ങളിൽ ജർമ്മനിയിലെ രണ്ടു പ്രധാന പ്രൊട്ടസ്റ്റൻറു വിഭാഗങ്ങളായ ലൂഥറൻ സഭയും നവീകരണ സഭയും തമ്മിൽ നടന്ന ഐക്യസംരംഭങ്ങളോടനുബന്ധിച്ചാണ് ഈ സിദ്ധാന്തം പ്രകടിതമായത്. ഷ്ളയർ മാഖർ കാര്യമായി എടുക്കാതെ വിട്ട പല ഉപദേശമർമ്മങ്ങളും പരിമിതീകരണ സിദ്ധാന്തം അംഗീകരിച്ചിരുന്നു.

ഫിലിപ്യ ലേഖനം 2:6–8ൽ കാണുന്ന പ്രസ്താവനയാണ് പരിമിതീകരണ സിദ്ധാന്തത്തിൻെറ വേദപുസ്തകപരമായ അടിസ്ഥാനം. 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി' എന്ന് അവിടെ കാണുന്നു. 'ദൈവരൂപത്തിൽ' ഇരുന്നവൻ ആ സ്ഥിതിയിൽ നിന്നു 'തന്നെത്താൻ ഒഴിച്ചു' കൊണ്ടാണ് ലോകത്തിൽ 'മനുഷ്യനായി വിളങ്ങിയത്' അഥവാ ദൈവതുല്യം മഹിമാപൂർണമായ പൂർവ്വാസ്തിത്വം ഉണ്ടായിരുന്ന അവസ്ഥയിൽ നിന്നു സ്വയം സ്വീകരിച്ച പരിമിതീകരണം മൂലമാണ് യേശുക്രിസ്തു മനുഷ്യനായി ലോകത്തിൽ അവതരിച്ചു ജീവിച്ചത്.

ഒരു മനുഷ്യനായി ലോകത്തിൽ അവതരിക്കുന്നതിനു മുമ്പ് യേശുക്രിസ്തുവിന് നിത്യമായ പൂർവ്വാസ്തിത്വം ഉണ്ടായിരുന്നു എന്നുള്ള ആശയം പരിമിതീകരണ സിദ്ധാന്തം അംഗീകരിച്ചിരുന്നു. ആ അസ്തിത്വം സർവ്വപ്രപഞ്ചങ്ങൾക്കും മുമ്പേ ഉണ്ടായിരുന്നതും സ്ഥലകാലപരിമിതികൾക്കതീതവുമായിരുന്നു. നിത്യതയിലുള്ള അസ്തിത്വത്തിൽ അവൻ ത്രിയേക ദൈവത്തിൽ രണ്ടാം ആളത്തമായ വചനമായ ദൈവവും സർവസമ്പൂർണനുമായിരുന്നു. എന്നാൽ മനുഷ്യനായി അവതരിച്ചപ്പോൾ അവൻ ഒരു ബലഹീനനും ഐഹിക പരിമിതിക്കു വിധേയനും ആയിട്ടത്രേ വെളിപ്പെട്ടത്.

നിത്യസമ്പൂർണനും സ്ഥലകാല പരിമിതികൾക്ക് അതീതനും ആയ അപ്രമേയനായ ദൈവം പരിമിതികൾക്കു വിധേയനായ ഒരു മനുഷ്യനായിത്തീർന്നതു് എങ്ങനെ എന്നുള്ള ചോദ്യത്തിനാണ് പരിമിതീകരണ സിദ്ധാന്തം ഉത്തരം നൽകുവാൻ യത്നിച്ചത്. അങ്ങനെ നൽകിയ ഉത്തരം, ദൈവം മനുഷ്യനായി അവതരിച്ചത് 'തന്നെത്താൻ ഒഴിച്ചു' കൊണ്ടായിരുന്നു എന്നത്രേ. സർവോപരിസ്ഥമായ തൻെറ അവസ്ഥയെ പരിമിതീകരിച്ചുകൊണ്ട് നിത്യവചനമായ ദൈവം മനുഷ്യത്വം അവലംബിച്ചു എന്നു് പരിമിതീകരണം അംഗീകരിച്ചവർ

www.malankaralibrary.com

നിഷ്കർഷിച്ചു. അതിനാൽ മനുഷ്യാവതാരംതന്നെ ദൈവത്തിന്റെ സ്വയപരിത്യാഗമാണു വെളിവാക്കുന്നത്. യേശുക്രിസ്തു യഥാർത്ഥമായും ഒരു മനുഷ്യനായിരുന്നു. ആ നിലയിൽ അവന് ഒരു ആളത്ത കേന്ദ്രവുമുണ്ടായിരുന്നു. നിത്യനായ ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ ആ ആളത്തകേന്ദ്രത്തിനു വിധേയമായി മാത്രം വ്യാപരിക്കുവാൻ അത്ഭുതകരമായ വിധത്തിൽ തീരുമാനിക്കുകയും, അതിനനുസരണമായി തന്റെ ദിവ്യ പ്രവൃത്തികളെ പരിമിതപ്പെടുത്തുകയും ചെയ്തു. അതിനാൽ അപ്രമേയനായ ദൈവത്തിനു സ്ഥലകാലപരിമിതികൾക്കു വിധേയനായി മനുഷ്യാവതാരം ചെയ്യുവാൻ സാധിച്ചു.

രണ്ടു് ആശയങ്ങൾക്കാണ് ഇവിടെ ശക്തീകരണം നൽകുന്നത്. (1) വചനമായ ദൈവം മനുഷ്യനായി അവതരിക്കുന്നതിനുവേണ്ടി സ്വയം പരിമിതപ്പെടുത്തി. (2) ഇങ്ങനെ പരിമിതീകരണം പ്രാപിച്ചുകൊണ്ടു്, അവൻ ലോകത്തിൽ ഒരു മനുഷ്യനായി ജനിച്ച് ജീവിതവ്യാപാരത്തിൽ ഏർപ്പെട്ടു. മനുഷ്യത്വത്തിനു വിധേയമായി മാത്രം വ്യാപരിക്കുവാൻ ഉറച്ചുകൊണ്ടാണു വചനമായ ദൈവം പരിമിതീകരണം കൈവരിച്ചത്. അതിനാൽ ഒരു മനുഷ്യശിശുവായി മാതാവിന്റെ ഉദരത്തിൽ യേശു ഉത്പാദിതനാകുകയും, പൈതലായി ജനിച്ചുവളർന്ന് ലോകത്തിൽ ജീവിക്കുകയും ചെയ്ത ഓരോ അവസ്ഥയിലും, അവന്റെ ആളത്ത കേന്ദ്രപരിധിക്കുള്ളിൽ ഇരുന്നുകൊണ്ടു്, പ്രകൃതിനിയമങ്ങൾക്കധീനനായി വചനമായ ദൈവം വ്യാപരിച്ചു. മനുഷ്യവർഗത്തെ വീണ്ടെടുക്കണം എന്നുള്ളതായിരുന്നു ഈ മനുഷ്യാവതാരത്തിന്റെ പരമോദ്ദേശ്യം. ആ രക്ഷണ്യവ്യാപാരനിർവഹണത്തിന് അനിവാര്യമായിത്തീർന്ന കാര്യങ്ങൾ സംബന്ധിച്ചല്ലാതെ ഒരിക്കലും അവൻ പ്രകൃതിനിയമങ്ങളെ അതിലംഘിച്ചിട്ടുമില്ല.

മേൽ വിവരിച്ചതാണ് ഏറ്റം ചുരുങ്ങിയ വാക്കുകളിൽ പരിമിതീകരണ സിദ്ധാന്തം. വചനമായ ദൈവം മനുഷ്യനായി അവതരിച്ചത് ആ മനുഷ്യത്വവുമായി സംയോജിക്കുവാൻ തക്ക സ്വയപരിമിതീകരണം സ്വീകരിച്ചുകൊണ്ടായിരുന്നു എന്നുള്ള ആശയം അലക്സാന്ത്ര്യയിലെ അത്താനാസ്യോസ്, കൂറിലോസ് ആദിയായി പല സഭാപിതാക്കന്മാരും നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഈ ആശയം കേന്ദ്രമാക്കിയുള്ള ഒരു വികസിത സിദ്ധാന്തം യേശുക്രിസ്തുവിന്റെ ആളത്തത്തെ ആസ്പദമാക്കി അവതരിപ്പിച്ചതു പത്തൊമ്പതാം നൂററാണ്ടിലായിരുന്നു. വികസിത രൂപത്തിൽ ഈ സിദ്ധാന്തത്തിനു പല ന്യൂനതകളും

www.malankaralibrary.com

ചൂണ്ടിക്കാണിക്കാവുന്നതത്രെ. അവയെ പല വേദശാസ്ത്രജ്ഞന്മാരും എടുത്തുകാണിച്ചിട്ടുമുണ്ട്.

എന്നാൽ ഷ്ളയർമാഖർ ആദിയായി പലരും മനുഷ്യാവതാരം എന്നുള്ള ആശയം തന്നെ വിഗണിച്ചുകൊണ്ടുള്ള വ്യാഖ്യാനം നൽകിക്കൊണ്ടിരുന്ന ഒരു കാലത്തു പരിമിതീകരണ സിദ്ധാന്തം അതിനെ ഉയർത്തിക്കാണിച്ചു എന്നു പറയാം. ഈ നിലയിൽ പരിമിതീകരണ സിദ്ധാന്തം പുരാതനസഭയുടെ ഔദ്യോഗിക നില ഉദ്ഘോഷിക്കുവാൻ ഒരു യത്നം ചെയ്യുകയായിരുന്നു.

## 3. സോറൻ കീർക്കേ ഗോർഡ് (Soren Kierkegaard)

1813–ൽ ഡെൻമാർക്കിൽ ജനിച്ച് 1855–ൽ നിര്യാതനായ കീർക്കേ ഗോർഡ് ദൈവശാസ്ത്രപരമായി മാത്രമല്ല തത്ത്വശാസ്ത്രപരമായും സുപ്രസിദ്ധി ആർജിച്ച ഒരു മഹാ ചിന്തകനായിരുന്നു. ആധുനിക പാശ്ചാത്യ തത്ത്വശാസ്ത്രത്തിൽ വിശ്രുതമായിത്തീർന്നിട്ടുള്ള സ്ഥിതിതത്വമാത്രസിദ്ധാന്തം (Existentialism) കീർക്കേ ഗോർഡിൻെറ നിർമ്മാണം ആണെന്നുള്ള അഭിപ്രായത്തെ ചോദ്യം ചെയ്താൽപോലും, അതടിസ്ഥാനമാക്കിയുള്ളതാണ് ഈ ചിന്തകൻെറ തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ ആശയഗതികൾ എന്നുള്ളതിനു രണ്ടുപക്ഷമുണ്ടാകുവാൻ ഇടയില്ല.

കീർക്കേ ഗോർഡിൻെറ ഗ്രന്ഥങ്ങളും ലേഖനങ്ങളും എല്ലാം ഡേനിഷ് ഭാഷയിൽ വിരചിതങ്ങളായിരുന്നതിനാൽ, ജീവിച്ചിരുന്ന കാലത്തു ഡെൻമാർക്കിനു വെളിയിൽ അയാൾ കാര്യമായി അറിയപ്പെട്ടിരുന്നില്ല. എന്നാൽ തൻെറ നിര്യാണാനന്തരം ഏകദേശം രണ്ടു തലമുറകൾക്കുള്ളിലായി അയാളുടെ പല ഗ്രന്ഥങ്ങളും മററു പാശ്ചാത്യഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടുകയും, തദ്വാരാ ഒരു സുപ്രസിദ്ധ ചിന്തകനും ദൈവശാസ്ത്രജ്ഞനും ആയി പരിഗണിക്കപ്പെടുകയും ചെയ്തു. യേശുക്രിസ്തുവിനെപ്പററി കീർക്കേ ഗോർഡ് ഊന്നിപ്പറഞ്ഞ പല ആശയങ്ങളും ഈ വിധത്തിൽ ക്രൈസ്തവ ചിന്തകന്മാരിൽ പലരിലും ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

### (a) *രണ്ട് അടിസ്ഥാന പ്രമാണങ്ങൾ*

കീർക്കേ ഗോർഡ് ഊന്നിപ്പറഞ്ഞ രണ്ടു മൗലിക പ്രമാണങ്ങൾ, തൻെറ ആശയഗതി ഗ്രഹിക്കുവാൻ, അത്യന്താപേക്ഷിതങ്ങളാണ്. അതിനാൽ അവയെ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

(1) സത്യം എന്നു പറയുന്നതു് ആന്തരികമായ അനുഭൂതിയിലാണു സ്ഥിതിചെയ്യുന്നത്. അനുഭവ യാഥാർത്ഥ്യത്തിൽ

www.malankaralibrary.com

നിന്നും അന്യമായി സ്ഥിതിചെയ്യുന്ന ഒന്നല്ല സത്യം.[1] അതി നാൽ സത്യം പ്രസ്താവനാപരം അല്ല[2] ആളത്തപരം[3] ആണ്. ഉദാഹരണമായി ഏതാനും പ്രസ്താവനകൾ കൂട്ടിച്ചേർത്ത് എഴു തുന്നതു സത്യത്തിനു നിദർശനമായി ചൂണ്ടിക്കാണിക്കാവുന്ന തല്ല. നേരേമറിച്ച്, ആളത്തങ്ങൾ നേരിട്ട് ആന്തരീയമായി അനുഭവിച്ചറിയുന്ന യാഥാർത്ഥ്യങ്ങളെ മാത്രമേ സത്യം എന്നു പറ ഞ്ഞുകൂടൂ. മാതാവിൻെറ സ്നേഹം എന്ന് എഴുതിയിരിക്കുന്നതു വായിച്ചു എന്നിരിക്കട്ടെ. ആ പ്രസ്താവന അതിൽതന്നെ സത്യം അല്ല. എന്നാൽ അമ്മയുടെ സ്നേഹം അനുഭവിച്ചറിയുന്ന വർക്ക് അതു സത്യം തന്നെയാണ്. അതുകൊണ്ട് ആന്തരീയ മായ അനുഭവബോധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒന്നാണ് സത്യം എന്നു പറയുന്നത്.

(ii) ആളത്തപരമായ സത്യം നമ്മുടേതായിത്തീരുന്നതു ചിന്താപരവും ബുദ്ധിപരവുമായ പര്യാന്വേഷണമോ വിശകലനമോ മുഖാന്തരമല്ല. പിന്നെയോ വികാരാവേശനിർഭരമായി നേരിട്ടുളവാകുന്ന അഭിമുഖീകരണം മൂലം അത്രേ. ദൈവം ഉണ്ടെ ന്നുള്ള വസ്തുതതന്നെ ഉദാഹരണമായി എടുക്കുക. അതു നമ്മെ സംബന്ധിച്ചിടത്തോളം സത്യമായിത്തീരുന്നതു്, നാം ആ വിഷയം ബുദ്ധിപരമായി ചിന്തിച്ച് ആ അടിസ്ഥാനത്തിൽ അംഗീകരിക്കാമെന്നു തീരുമാനിക്കുന്നതുകൊണ്ടല്ല. നേരേമറിച്ച്, അഭിമുഖീകരണംമൂലം ദൈവം ഉണ്ടെന്നുള്ള വസ്തുത നമ്മുടെ സ്വന്തമായ അനുഭവം ആയിത്തീരുന്നതുമൂലം മാത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ ബുദ്ധിപരമായ അടിസ്ഥാനത്തിൽ മാത്രം ദൈവം ഉണ്ടെന്നു നാം പറയുന്നപക്ഷം, അതു സത്യം ആകുന്നില്ല. നാം അനുഭവിച്ചറിയുമ്പോൾ മാത്രമാണ് അതു നമ്മെ സംബ ന്ധിച്ചിടത്തോളം സത്യം ആയിത്തീരുന്നതു്.

നിരവധി പരിമിതികൾക്കു സദാ വിധേയരാണ് നാം. ഈ വാസ്തവം സർവ്വ പരിമിതികൾക്കും അതീതനായ ദൈവത്തിൽ വിശ്വസിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട് എന്നു പറയാം. എന്നാൽ നേരിട്ട് അനുഭവിച്ചറിയുന്നതുമൂലമാണു ദൈവം ഉണ്ടെ ന്നുള്ള വസ്തുത നമുക്കു സത്യമായിത്തീരുന്നതു്.

(b) *വേദശാസ്ത്രം തുടങ്ങേണ്ടത് എവിടെനിന്ന്?*

പല പണ്ഡിതന്മാരും വേദശാസ്ത്രപരമായ പരാമർശം തുടങ്ങുന്നതു പ്രകൃതിയിലും മനുഷ്യനിലും ആണ്. ഇതു സംബന്ധ

---

1. Truth is Subjectivity or Principle of Spiritual inwardness എന്ന് കീർക്കേഗോർഡ് സദാ ഊന്നിപ്പറഞ്ഞിരുന്നതാണ്.

2. Propositional 3. Personal.

www.malankaralibrary.com

മായി കീർക്കേ ഗോർഡ് ഭിന്നമായ ഒരു അഭിപ്രായഗതിയാണു സ്വീകരിക്കുന്നത്. വേദശാസ്ത്രം തുടങ്ങേണ്ടതു പ്രകൃതിയിലോ മനുഷ്യനിലോ അല്ല; ദൈവത്തിൽ മാത്രമാണ് എന്നു് അയാൾ ഉറപ്പിച്ചു പറയുന്നു. അപ്രമേയനായ ദൈവതിരുമുമ്പിൽ മനുഷ്യൻ കേവലം ധൂളിയും ചാരവും മാത്രമാണ്. അതു മനുഷ്യൻ ദുർബലനായ ഒരു സൃഷ്ടി ആയതുകൊണ്ടു മാത്രമല്ല, പിന്നെയോ അവൻ പാപി ആയതുകൊണ്ടുമത്രേ. ദൈവം സർവോപരി പരിശുദ്ധനാണ്. അവൻെറമേൽ പാപം ആരോപിക്കപ്പെടാവുന്നതും അല്ല; അതിനാൽ സർവ പരിമിതികൾക്കും അതീതനും പരമപരിശുദ്ധനും ആയ ദൈവത്തെപ്പററി പരാമർശിക്കുന്ന വേദശാസ്ത്രം മനുഷ്യനിലോ പ്രകൃതിയിലോ തുടങ്ങാവുന്നതല്ല.

ദൈവവും മനുഷ്യനും തമ്മിൽ നികത്തുവാനാവാത്ത വിടവു സ്ഥിതിചെയ്യുന്നുണ്ട്. മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും ഈ വിടവിനെ ഇല്ലായ്മ ചെയ്യുവാൻ അവനു സാധ്യമല്ല. എന്നാൽ അതു കടന്നു പരമപരിശുദ്ധനായ ദൈവം, അനന്തമായ തൻെറ സ്നേഹത്താൽ പ്രേരിതനായി, പിഴയാളിയും അശക്തനും ആയ മനുഷ്യനെ തിരയുകയും അവനുമായി സഖിത്വം പുലർത്തുവാൻ യത്നിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ ഭാഗത്തുനിന്നുംഉള്ള ഈ അന്വേഷണത്തിൻെറ മകുടമാണ് യേശുക്രിസ്തുവിൽ വെളിവായിരിക്കുന്നതു്.

## (c) *യേശുക്രിസ്തു ആര്?*

ഒരു വാക്കിൽ പറഞ്ഞാൽ, നിത്യമായ സത്യം ആളത്തപരമായി ചരിത്രത്തിൽ വെളിപ്പെട്ടു എന്നുള്ളതാണു ക്രിസ്തുമതം ഉദ്ഘോഷിക്കുന്ന മൗലിക തത്ത്വം. മനുഷ്യൻ ക്രമേണ ആദ്ധ്യാത്മികമായി വളർന്നു രൂപം പ്രാപിച്ച ആളല്ല യേശുക്രിസ്തു. നേരേമറിച്ച്, നിത്യത കാലവലയത്തിനുള്ളിൽ അധിവാസം ഉറപ്പിച്ച ദേഹമാണു്.

ബുദ്ധിപരമായ വീക്ഷണകോണത്തിൽനിന്നും നോക്കിയാൽ യേശുക്രിസ്തുവിനെപ്പററി ചെയ്ത ഈ പ്രസ്താവന കേവലം വൈരുദ്ധ്യാത്മകമാണ്. എന്തുകൊണ്ടെന്നാൽ നിത്യതയിൽ സ്ഥിതിചെയ്യുന്ന ദൈവത്വം ഭൗമികമായ ഒരു മനുഷ്യജീവിയുടെ ആളത്തകേന്ദ്രമായിത്തീർന്നു എന്നാണ് ഇത് ഉദ്ഘോഷിക്കുന്നതു്. ന്യായോക്തി വച്ചു നോക്കിയാൽ ഇത് അസാധ്യമാണു്. എന്നാൽ മനുഷ്യബുദ്ധിക്ക് അസാധ്യമായി തോന്നുന്ന ഈ വസ്തുത തന്നെയാണ് യേശുക്രിസ്തുവിനെപ്പററി ക്രിസ്തീയ സുവിശേഷം പ്രഖ്യാപിക്കുന്നതു്.

www.malankaralibrary.com

യേശുക്രിസ്തുവിനെപ്പററി ഇപ്രകാരം നാം ഏററുപറയുന്നതു ബുദ്ധിപരമായ അടിസ്ഥാനത്തിലല്ല. പിന്നെയോ, യേശുക്രിസ്തു ദൈവത്തിൻെറ നിത്യസത്യമായി അനുഭവിച്ചറിയുന്നതുമൂലമാണ്. ക്രിസ്ത്യാനി യേശുക്രിസ്തുവിനെ ഇന്നലെയും, ഇന്നും, എന്നേക്കും യഥാവാനായി, അഥവാ നിത്യസമകാലീനനായി, അഭിമുഖീകരിക്കുന്നു. ഇതുമൂലം വികാരാവേശഭരിതനായി അവനെ മനുഷ്യൻ നേരിട്ടറിയുകയും, ആന്തരീയമായി അനുഭവിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ യേശുക്രിസ്തുവിനെ അനുഭവിച്ചറിയുമ്പോൾ, അവനെ പാപരഹിതനായി മാത്രമല്ല, പരിശുദ്ധന്മാരിൽനിന്നും വ്യത്യസ്തനായി സ്ഥിതിചെയ്യുന്നവനായി കൂടെയും, മനുഷ്യൻ ഗ്രഹിക്കുകയും ചെയ്യുന്നു.

എന്നാൽ രണ്ടു കാരണങ്ങളാൽ മനുഷ്യർ യേശുക്രിസ്തുവിനെ നിരാകരിക്കുന്നു. അവയിൽ ഒന്നാമത്തേത്. അവൻെറ അധികാരത്തെ സമ്മതിച്ചുകൊടുക്കുവാനുള്ള വൈമനസ്യമാണ്. രണ്ടാമത്, യേശുക്രിസ്തു തങ്ങളുടെ പാപം മോചിക്കുന്നുണ്ടെന്നുള്ള വസ്തുത സ്വീകരിക്കുവാൻ അവർക്കു വിഷമമാണ്. ഈ രണ്ടു കാരണങ്ങൾക്കും പിന്നിലായി തങ്ങളുടെ പ്രാധാന്യം സ്ഥാപിച്ചുകിട്ടുവാൻവേണ്ടി മനുഷ്യർ കഴിക്കുന്ന ബദ്ധപ്പാടു സ്ഥിതി ചെയ്യുന്നുണ്ട്. തങ്ങൾ ദുർബ്ബലരെന്നോ പാപികൾ എന്നോ അംഗീകരിക്കുവാൻ മനുഷ്യർക്ക് ഇഷ്ടമില്ല. അതുകൊണ്ട് അവർ ക്രിസ്തുവിൻെറ അധികാരത്തെ വകവച്ചുകൊടുക്കുകയോ, അവനോടു പാപമോചനം ഇരക്കുകയോ ചെയ്യുന്നുമില്ല. എന്നാൽ ഇവ രണ്ടും ചെയ്യാതെ ഒരുവനു ക്രിസ്ത്യാനി ആയിത്തീരുവാൻ സാധ്യമല്ല. യേശുക്രിസ്തുവിനെ അഭിമുഖീകരിക്കുന്നതിനു തടസ്സമായി മനുഷ്യർ കരുതുന്ന രണ്ടു കാര്യങ്ങളേയും ദൂരീകരിക്കണമെന്നുള്ള യാഥാർത്ഥ്യം ക്രിസ്തീയ സുവിശേഷം ഉദ്ഘോഷിക്കുന്നുണ്ട്. അവയെ കണക്കിലെടുക്കാതെയുള്ള വിശ്വാസ വ്യാഖ്യാനം സുവിശേഷത്തിനനുയോജ്യമല്ലാ എന്നു കീർക്കേഗോർഡ് നിഷ്ക്കർഷിക്കുന്നു. പാപികളായ നാം യേശുക്രിസ്തുവിനെ അഭിമുഖീകരിക്കുന്നപക്ഷം, നാം അവനിൽനിന്നും പാപക്ഷമ പ്രാപിക്കുകയും, അവനെ നാം ആരാധിക്കുകയും ചെയ്യുന്നതാണ്.

യേശുക്രിസ്തുവിനെപ്പററി കീർക്കേഗോർഡ് നൽകുന്ന പരാമർശത്തിൽ ഒരു നൂതന വ്യാഖ്യാനഗതിയാണു സ്വീകരിച്ചു കാണുന്നത്. സർവോപരി പരിശുദ്ധനും സ്നേഹസമ്പൂർണ്ണനുമായ ദൈവത്തിൽ കീർക്കേഗോർഡിൻെറ വേദശാസ്ത്രവ്യാഖ്യാനം സമാരംഭിക്കുന്നു. ദുർബലനും പാപിയുമായ മനുഷ്യൻെറ രക്ഷിതാവായി, ദൈവത്താൽ നിയോഗിതനായ ദൈവ–മനുഷ്യ

www.malankaralibrary.com

നായി (God-man) അവൻ യേശുക്രിസ്തുവിനെ കാണുകയും ചെയ്യുന്നു. ഈ വിധത്തിൽ യേശുക്രിസ്തുവിനെ ദർശിക്കുവാൻ സാധിക്കുന്നതു ബുദ്ധിപരമായ പര്യാന്വേഷണഫലമായിട്ടല്ലാ അവനിൽനിന്നും പാപക്ഷമ പ്രാപിച്ച് ആ അനുഭവത്തിൽ അനുസ്യൂതം ജീവിക്കുന്നതുമൂലമാണ് എന്ന് കീർക്കേഗോർഡ് ഉപദേശിക്കുന്നു. ഈ അനുഭവം പ്രാപിക്കുമ്പോൾ നാം യേശുക്രിസ്തുവിനെ സർവ മനുഷ്യരിലും ശ്രേഷ്ഠനായും, അകമഴിഞ്ഞതും അനുസ്യൂതവുമായ നമ്മുടെ ആരാധനയ്ക്ക് അർഹനായും കാണുന്നതാണ്. മാത്രവുമല്ല, വിശ്വാസനയനങ്ങൾ തുറന്ന് യേശുക്രിസ്തുവിനെ നാം നമ്മുടെ നിത്യസമകാലീനനായി ദർശിച്ചു നമ്മുടെ രക്ഷാനായകനായി അനുഭവിച്ചറിയുന്നതാണ്.

## 4. ആൽബ്രെക്റ്റ് റിക്ഷൽ (Albrecht Ritschl)

1822-ൽ ജർമ്മനിയിലെ ബെർലിൻ നഗരത്തിൽ ജനിച്ച റിക്ഷൽ 1889-ൽ നിര്യാതനായി. ഷ്ളയർമാഖർ അംഗീകരിച്ച വ്യാഖ്യാനഗതിയെ ഈ ജർമ്മൻ ചിന്തകൻ പുരോഗമിപ്പിക്കുകയും ദൈവശാസ്ത്രപരമായ ഉത്പതിഷ്ണുത്വത്തിന് അടിസ്ഥാനം ഇടുകയും ചെയ്തു എന്നു പറയാം. റിക്ഷലിന്റെ ദൈവശാസ്ത്ര വ്യാഖ്യാനം ഗ്രഹിക്കുവാൻ അയാളുടെ തത്ത്വശാസ്ത്രപരമായ പശ്ചാത്തലം ആരായേണ്ടതുണ്ട്.

### (a) *റിക്ഷലിന്റെ പശ്ചാത്തലം*

പല കാര്യങ്ങളേയുംകുറിച്ചു നമുക്ക് അറിവുണ്ടെന്നു നാം അഭിമാനിക്കുന്നു; എന്നാൽ ശരിയായി ചിന്തിക്കുമ്പോൾ നമുക്കുണ്ടെന്നു നാം കരുതുന്ന അറിവ് അത്രതന്നേ ആശ്രയിക്കത്തക്കതല്ല എന്നു ബോധ്യമാകുന്നതാണ്. ഇവിടെ ഉദ്ദേശിക്കുന്ന ആശയം ഏതാനും വാചകങ്ങളിലായി വിവരിക്കാം. എന്റെ മുമ്പിൽ ഇപ്പോൾ ഒരു മേശ ഉണ്ടെന്നാണെന്റെ ബോധ്യം. അതിന്റെമേൽ വച്ചിരിക്കുന്ന കടലാസിലാണല്ലോ ഞാൻ എഴുതിക്കൊണ്ടിരിക്കുന്നത്. ഈ മേശ ഒരു വസ്തു (object) ആണെന്നത്രേ എന്റെ ധാരണ. എന്നാൽ എനിക്കതിനെപ്പറ്റി നേരിട്ട് അറിയാവുന്നതു് എന്തൊക്കെയാണ്? നിറം, വലുപ്പം, ഘനം, മണം ആദിയായി ഇന്ദ്രിയഗോചരങ്ങളായ ഏതാനും ലക്ഷണങ്ങൾ ഒരുമിച്ചിരിക്കുന്ന അവസ്ഥ മാത്രമാണ് വാസ്തവത്തിൽ എന്റെ മുമ്പിൽ പ്രത്യക്ഷീകൃതമായിരിക്കുന്നത്. എന്നാൽ ഈ ലക്ഷണങ്ങളുടെ ആസ്ഥാനമായി ഇന്ദ്രിയഗോചരമല്ലാത്ത ഒരു വസ്തു (the thing in itself) മേശ എന്ന അഭിധാനത്തിനർഹമായി സ്ഥിതിചെയ്യുന്നുണ്ടോ? ഉണ്ടെന്നു പറയുവാൻ നമുക്ക് എന്താണു ന്യായം? ഈ പ്രശ്നങ്ങൾക്കുത്തരമായി അപ്രകാരം

www.malankaralibrary.com

ഒരു വസ്തു ഉണ്ടെന്നും ഇല്ലെന്നും വാദിക്കുന്ന രണ്ടു ചിന്തഗതികഠം ആധുനിക തത്വചിന്തകന്മാർ നിലനിർത്തിവരുന്നുണ്ട്.[1]

ഈദൃശമായ തത്വചിന്താപശ്ചാത്തലത്തിൽ ക്രിസ്തുമതത്തിന്റെ വിശ്വാസത്തെ ചോദ്യം ചെയ്തുവന്ന മനുഷ്യരുടെ വിമർശനം നേരിട്ടുകൊണ്ട് റിക്ഷൽ തന്റെ വേദശാസ്ത്രപരമായ നില വ്യക്തമാക്കുവാൻ ശ്രമിച്ചു. മേൽ വിവരിച്ച തത്വശാസ്ത്രപരമായ ഏതു നില അവലംബിച്ചാലും ക്രിസ്തുമതം ഉദ്ഘോഷിക്കുന്ന ആദ്ധ്യാത്മീയ സത്യം സംസ്ഥാപിക്കപ്പെട്ടും എന്നുള്ളതാണ് റിക്ഷലിന്റെ വാദം.

(b) *യേശുക്രിസ്തു ആര്?*

ഒരു വസ്തുവിനെപ്പററി നാം സർവപ്രധാനമായി കരുതുന്നതു് അതിന് ഉപയോഗോന്മുഖമായി എന്തു വില കല്പിക്കുന്നു (Value Judgment) എന്നുള്ളതാണ്. ഉദാഹരണമായി മേശ തന്നെ എടുക്കുക. ഇന്ദ്രിയഗോചരങ്ങളായ ലക്ഷണങ്ങളുടെ ആസ്ഥാനമായി, മേശ എന്ന വിവക്ഷകൊണ്ട് നിർദ്ദേശിക്കപ്പെടാവുന്ന ഒരു വസ്തു ഉണ്ടെന്നോ ഇല്ലെന്നോ നിശ്ചിതമായി പറയുവാൻ നമുക്കു സാദ്ധ്യമല്ല എന്നുതന്നെ സങ്കല്പിക്കുക. എന്നാൽ തന്നെയും നമ്മുടെ നിത്യോപയോഗത്തിൽ ഇരിക്കുന്ന ഒരു വസ്തുവാണ് മേശ എന്നുള്ള വസ്തുത സമ്മതിച്ചേ തീരൂ. അതിനെ നാം വിലമതിക്കുന്നത് പ്രായോഗികമായി അതുകൊണ്ട് നമുക്കുള്ള ഉപയോഗത്തെ അടിസ്ഥാനമാക്കിയാണ്.

അനിഷേധ്യമായ ഈ പൊതു പ്രമാണത്തിന്റെ വെളിച്ചത്തിൽ വേണം ക്രിസ്തുമതത്തെപ്പററി പരാമർശിക്കുവാൻ എന്നു റിക്ഷൽ നിഷ്ക്കർഷിച്ചു. യേശുക്രിസ്തുവിനെപ്പററിതന്നെ പറഞ്ഞാൽ ജീവിതാനുഭവത്തിൽ അധിഷ്ഠിതമായ ചില നിർണയങ്ങഠം അവനെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. ആ വിലനിർണയങ്ങളുടെ അടിസ്ഥാനം യേശുക്രിസ്തു എന്തു ചെയ്തു; ഇപ്പോഠം എന്തു ചെയ്യുന്നു എന്നുള്ളതാണ്. അനുഭവോന്മുഖമായ ഈ വില നിർണയത്തിന്റെ വെളിച്ചത്തിൽ വേണം യേശുക്രിസ്തുവിന്റെ ആളത്തത്തെപ്പററി പരാമർശിക്കുവാൻ എന്നു റിക്ഷൽ നിഷ്ക്കർഷിച്ചു.

ഈ വീക്ഷണകോണിൽനിന്നു നോക്കിയാൽ, ക്രൈസ്തവ വേദശാസ്ത്രപാരമ്പര്യത്തിൽ അടിയുറച്ചു കിടക്കുന്ന ചില ഉപദേശങ്ങഠം സംസ്ഥാപിക്കപ്പെടാവുന്നതല്ലെന്നു റിക്ഷൽ അഭിപ്രായപ്പെട്ടു. ഉദാഹരണമായി, ത്രിയേക ദൈവത്തിലെ രണ്ടാം

1. ഈ വിഷയം പരാമർശിക്കുന്ന ശാസ്ത്രത്തെയാണ് epistemology അഥവാ theory of knowledge എന്നു പറയുന്നത്.

www.malankaralibrary.com

ആളത്വം യേശുക്രിസ്തുവിൽകൂടെ മനുഷ്യനായി അവതരിച്ചു. അവനിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നു, ആദിയായുള്ള ആശയങ്ങൾ അവൻെറ വ്യാപാരങ്ങളിൽ പ്രകടങ്ങളല്ല. അതിനാൽ അവയെ കാര്യമായി എടുക്കേണ്ടതില്ല എന്നു റിക്ഷൽ അനുമാനിച്ചു.

എന്നാൽ യേശുക്രിസ്തുവിനെപ്പററി പറയാവുന്ന അനിഷേധ്യങ്ങളായ പല വസ്തുതകളുണ്ട്. അവൻ ചരിത്രത്തിൽ ഒരു യഥാർത്ഥ മനുഷ്യനായി ജീവിച്ചു. ഐഹിക വാസകാലത്ത് അവൻ അനേകതരത്തിലുള്ള പ്രവൃത്തികൾ ചെയ്തു; അവ വഴിയായി തൻെറ പ്രേരണാശക്തി ലോകത്തിൽ നിലനിർത്തി; ഇവയെല്ലാം യേശുക്രിസ്തുവിനെപ്പററി തീർച്ചയായും പറയാവുന്നതാണ്. ഇവയിൽനിന്നു അന്യമായി യേശുക്രിസ്തുവിൻെറ ആളത്തത്തെ ആസ്പദമാക്കി യാതൊരു പ്രസ്താവനയും ചെയ്യുവാൻ നമുക്ക് അവകാശമില്ല. അങ്ങനെ ചെയ്യേണ്ട ആവശ്യവും നമുക്ക് ഇല്ല.

യേശുക്രിസ്തു ഒരു കാലത്തു ലോകത്തിൽ ജീവിച്ച് പല കാര്യങ്ങൾ ചെയ്തു എന്നുമാത്രമല്ല അവനെക്കുറിച്ചു പറയാവുന്നത്. നേരെമറിച്ച് അവൻെറ പ്രവൃത്തികളെക്കുറിച്ചു തന്നെയും പരാമർശിക്കുമ്പോൾ, അവൻെറ പ്രേരണാശക്തിയുടെ ഫലമായി ക്രിസ്ത്യാനിയുടെ ജീവിതാനുഭവത്തിൽ ഉണ്ടാകുന്ന ബോദ്ധ്യം എന്തെന്നു നാം ചിന്തിക്കേണ്ടതാണ്. ആ ജീവിതാനുഭവബോദ്ധ്യം ഉണ്ടാകുന്നത് ക്രൈസ്തവ സഭാസംസർഗ്ഗം വഴിയാണ് എന്നു റിക്ഷൽ ഊന്നിപ്പറഞ്ഞു. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തു ലോകത്തിൽ ജീവിച്ചു ചെയ്തിട്ടുള്ള പ്രവൃത്തികൾ മൂലം ദാനം ചെയ്ത പ്രേരണാശക്തി നിലനിർത്തായിരിക്കുന്നതു് സഭയിലാണ്.

ഇവിടെ എടുത്തുപറയുന്ന അനുഭവം എന്നത് സർവപ്രധാനമായി പാപക്ഷമയുടെ ബോദ്ധ്യമാണ് എന്നു റിക്ഷൽ ഉറപ്പിച്ചു പറഞ്ഞു. ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് യേശുക്രിസ്തു പാപക്ഷമയുടെ അനുഭവം അനേകർക്കും നൽകിയിട്ടുണ്ടായിരുന്നു. മാത്രവുമല്ല, അതിലേക്കാവശ്യമായ പ്രേരണാശക്തി പിൽക്കാലത്തുള്ള മനുഷ്യർക്കും ലഭിക്കത്തക്കവണ്ണം അവൻ സഭയെ നിലനിർത്തിയിട്ടുണ്ട്. ക്രിസ്തീയ സഭാസംസർഗം ക്രിസ്തുവിൻെറ പ്രേരണാശക്തി മനുഷ്യരിൽ വ്യാപരിക്കത്തക്കവണ്ണം ലോകത്തിൽ പ്രവർത്തിച്ചുവരികയും ചെയ്തു.

ദൈവത്തോടു മത്സരിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് മനുഷ്യൻ സാധാരണ നയിച്ചുവരുന്നത്. യേശുക്രിസ്തു ആകട്ടെ

www.malankaralibrary.com

മരണത്തോളം തന്നെ അനുസ്യൂതം ദൈവത്തെ പൂർണമായി അനുസരിച്ചു മാത്രം ലോകത്തിൽ ജീവിച്ചു. അഥവാ ദൈവം നയിക്കുന്ന ഒരു ജീവിതമായിരുന്നു യേശുക്രിസ്തുവിന്റേത്. ഈ വിധത്തിൽ അവൻ ലോകത്തിൽ ദൈവരാജ്യം സ്ഥാപിച്ചു. ദൈവം ഭരിക്കുന്ന ജീവിത വ്യവസ്ഥിതിയെയാണ് ദൈവരാജ്യം എന്ന പദപ്രയോഗംകൊണ്ടുദ്ദേശിക്കുന്നത്. യേശുക്രിസ്തു തന്റെ അനുസരണ ജീവിതം വഴിയായി ലോകത്തിൽ സ്ഥാപിച്ച ദൈവരാജ്യാനുഭവസാദ്ധ്യത എക്കാലവും മനുഷ്യർക്കുണ്ടാകത്തക്കവണ്ണം ക്രൈസ്തവസഭ നിലനില്ക്കുകയും ചെയ്യുന്നു.

ദൈവരാജ്യം എന്നു പറയുന്നതു ദൈവം ഭരിക്കുന്ന ജീവിതാനുഭവം ആണെന്നു മുകളിൽ കണ്ടുവല്ലോ. ദൈവം സ്നേഹമാകുന്നു. സ്നേഹത്താൽ മാത്രമാണു ദൈവം പ്രവർത്തിക്കുന്നതു്. അതിനാൽ ദൈവം ഭരിക്കുന്ന ജീവിതാനുഭവമായ ദൈവരാജ്യം എന്നു പറയുന്നതു സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതമാണ്. സ്നേഹത്തിൽനിന്നു നിർഗമിക്കുന്ന സേവനത്തിൽ അനുസ്യൂതം വ്യാപൃതരായി കഴിയുവാൻവേണ്ടി മനുഷ്യരെ ഒരുമിച്ചുചേർത്തു നിർമിതമായ സംഘടനയാണ് ദൈവരാജ്യം എന്നു പറയാം. വിരാമംവിനാ ദൈവത്തെ അനുസരിച്ചുകൊണ്ടു നയിച്ച യേശുക്രിസ്തുവിന്റെ ജീവിതവ്യാപാരങ്ങളിൽ സർവത്ര വിളങ്ങിയിരുന്ന സ്വഭാവവിശേഷം സ്നേഹമായിരുന്നു.

ചുരുക്കി പറയുന്ന പക്ഷം, അപ്രമേയമായ ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ ദൈവരാജ്യം സ്വന്ത ജീവിതത്തിൽ അനുഭവികമാക്കുകയും, ആ അനുഭവത്തിൽ പ്രവേശിച്ച് അനവരതം വളരുവാനുള്ള സാദ്ധ്യത മററുള്ളവർക്കു കാണിച്ചുകൊടുക്കുകയും ചെയ്തു എന്നുള്ളതാണ് യേശുക്രിസ്തു നിർവഹിച്ച പ്രവൃത്തി. അഥവാ, ദൈവത്തിന്റെ ശ്രേഷ്ഠസ്വഭാവത്തിനനുസരണമായി ദൈവത്തിനു ലോകത്തെക്കുറിച്ചുള്ള പരമോദ്ദേശ്യം തന്റെ ജീവിതവ്യാപാരം വഴി യേശുക്രിസ്തു നിർവഹിച്ചു. മാത്രവുമല്ല ദൈവത്തിന്റെ അതിമഹത്തായ ഉദ്ദേശ്യ നിർവഹണം മാത്രമായിരുന്നു ജീവിതത്തിന്റെ ഏകലക്ഷ്യമായി യേശുക്രിസ്തു കരുതിയിരുന്നത്.

മേൽ വിവരിച്ച കാരണങ്ങളാൽ യേശുക്രിസ്തു അദ്വിതീയൻ (unique) ആയിരുന്നു. അവന്റെ പ്രവൃത്തി ദൈവത്തിൽനിന്നു പ്രതീക്ഷിക്കാവുന്ന പ്രവൃത്തി ആയിരുന്നു. ദൈവത്തെക്കുറിച്ചു ചെയ്യാവുന്ന വില നിർണയം തന്റെ ജീവിത വ്യാപാരംവഴി യേശുക്രിസ്തു പ്രകടിപ്പിക്കുകയും ചെയ്തു. ഈ അർത്ഥത്തിൽ അവൻ ദൈവത്തിന്റെ അവതാരമാണ്. ദൈവത്തെ നാം അറിയുന്നത് ബുദ്ധിപരമായ പര്യാന്വേഷണത്താലോ

www.malankaralibrary.com

ന്യായോക്തിപരമായ ചിന്തയുടെ ഫലമായോ അല്ല. പിന്നെയോ ദൈവത്തിൻെറ പ്രവൃത്തികളിൽനിന്നും ആണ് നാം ദൈവത്തെ അറിയുന്നത്, അതുപോലെതന്നെ, ദൈവത്തിൻെറ സത്തയെ പ്പററിയുള്ള പരിജ്ഞാനവും നമുക്കില്ല. നാം ദൈവത്തിൻെറ പ്രവൃത്തികളെ മാത്രമേ അറിയുന്നുള്ളു. യേശുക്രിസ്തു തൻെറ ജീവിതവ്യാപാരം വഴി ദൈവത്തിൻെറ പ്രവൃത്തികളെ വെളിപ്പെടുത്തി: അതുകൊണ്ടു നമ്മെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു ദൈവത്തിൻെറ സ്ഥാനത്തു നിൽക്കുന്നു. അവൻ ചരിത്രത്തിൽ കാണപ്പെട്ട ദൈവമാണെന്നു പറയാവുന്നതാണ്.

ദൈവത്തിനുമാത്രം നൽകപ്പെടേണ്ട വിലനിർണയം യേശുക്രിസ്തു അർഹിക്കുന്നു എന്നുള്ളതാണു റിക്ഷൽ പറയുന്നത്. യേശുക്രിസ്തു ദൈവമാണ് എന്നുള്ള ക്രിസ്തീയ വിശ്വാസത്തിൻെറ സാക്ഷാത്തായ അർത്ഥം ഇതത്രേ. ഈ വസ്തുത യേശുക്രിസ്തുവിനെപ്പററി ഉദ്ഘോഷിക്കുകയും വേണം. എന്നാൽ ഇതിലേക്കു യേശുക്രിസ്തുവിൻെറ കന്യകാജനനം പുനരുത്ഥാനം, സ്വർഗാരോഹണം ആദിയായ കാര്യങ്ങൾ അത്യന്താപേക്ഷിതങ്ങളല്ല. ഇവിടെ ഷ്ളയർമാഖറിൻെറ പ്രേരണാശക്തി റിക്ഷലിൽ കാണാവുന്നതാണ്. എന്നാൽ ഈ വിശ്വാസമർമ്മങ്ങളെ റിക്ഷൽ പരിത്യജിച്ചു എന്നു പറഞ്ഞുകൂടാ. നേരേമറിച്ച്, റിക്ഷലിൻെറ നിലപാട് ഇത്രമാത്രമാണ്. നാം സർവ്വപ്രധാനമായി ചെയ്യേണ്ടത് ക്രിസ്തുമതത്തിൽ യേശുക്രിസ്തുവിനുള്ള കേന്ദ്രാവസ്ഥ ഉദ്ഘോഷിക്കുകയാണ്. അതിലേയ്ക്കു മേൽ ചൂണ്ടിക്കാണിച്ച വസ്തുതകൾ അനപേക്ഷണീയമല്ല.

റിക്ഷലിൻെറ ആശയഗതികളെ ഒരു സഭാവിഭാഗവും അതേപടി സ്വീകരിക്കുന്നില്ല. എന്നാൽ അവ പല വേദശാസ്ത്രജ്ഞന്മാരിലും സ്ഥായി ആയ പ്രേരണാശക്തി ചെലുത്തിയിട്ടുണ്ടു്: അതിൻെറ ഫലമായിട്ടാണു പത്തൊമ്പതാം നൂററാണ്ടിലും ഇരുപതാം നൂററാണ്ടിൻെറ ആദ്യത്തെ ഏതാനും ദശവഷ്ങ്ങളിലുമായി പാശ്ചാത്യ ക്രൈസ്തവ ലോകത്തിൽ വേദശാസ്ത്രപരമായ ഉത്പതിഷ്ണുത്വം (theological liberalism) പ്രചരിച്ചത്. അതിനെപ്പററി ഒരു ചുരുങ്ങിയ വിവരണം താഴെ ചേർത്തിരിക്കുന്നു.

ഷ്ളയർ മാഖർ, റിക്ഷൽ ആദിയായവരുടെ വേദശാസ്ത്രവ്യാഖ്യാനങ്ങൾ ചരിത്രപരമായ ചില പ്രത്യേക ചുററുപാടുകളിൽ ഉണ്ടായിട്ടുള്ളവയാണ്. അവരുടെ ആശയങ്ങൾ അതേപടി സ്വീകാര്യങ്ങളല്ല എന്നുവരികിലും, അവർ ജീവിച്ചിരുന്ന കാലത്തു ക്രിസ്തീയ വിശ്വാസത്തിനെതിരായി ഉയർന്നുവന്ന വിമർശ

www.malankaralibrary.com

ങ്ങളെ നേരിടുവാൻ അവർ യത്നിച്ചു എന്നുള്ളതു ക്രിസ്തീയ വിശ്വാസത്തിനു നൽകിയ സംഭാവനകളായിരുന്നു.

## 5. വേദശാസ്ത്രപരമായ ഉത്പതിഷ്ണുത്വം

ഷ്ളയർമാഖർ, റിക്ഷൽ ഇവരുടെ വേദശാസ്ത്രപരമായ ഉപദേശം യേശുക്രിസ്തുവിനെ ഒരു ചരിത്രപുരുഷനായി പ്രഖ്യാപിച്ചു എന്ന് ഇതിനകം വ്യക്തമായിട്ടുണ്ടല്ലോ. എന്നാൽ ക്രൈസ്തവസഭയുടെ വേദശാസ്ത്രപരമായ പാരമ്പര്യത്തിൽ വേരുറച്ചു കിടന്ന പല മൗലികമന്ത്രങ്ങളെയും അവഗണിച്ചുകൊണ്ടായിരുന്നു അവർ ക്രിസ്തീയ ദൈവശാസ്ത്രം പരാമർശിക്കുവാൻ ഒരുമ്പെട്ടതു്. ഈ വിധത്തിൽ സജ്ജീകൃതമായ ഒരു ചിന്താപശ്ചാത്തലത്തിലാണ് ഉത്പതിഷ്ണുത്വം പ്രചരിച്ചതു്.

ഉത്പതിഷ്ണുത്വം പ്രധാനമായി ഊന്നിപ്പറഞ്ഞ രണ്ടു് ആശയങ്ങൾ പ്രത്യേകം എടുത്തു പറയണം. (a) ക്രിസ്തുമതത്തിന്റെ മൗലികമായ അടിസ്ഥാനം യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ സ്ഥിതി ചെയ്യുന്നു. ദൈവത്തെ പിതാവായും മനുഷ്യർ പരസ്പരം സഹോദരങ്ങളായും പരിഗണിക്കണം എന്നുള്ളതാണ് യേശുക്രിസ്തുവിന്റെ ഉപദേശം. ഈ ഉപദേശം അനുസരിച്ചു മാത്രമാണ് യേശുക്രിസ്തു ജീവിച്ചതു്. അവൻ ദൈവത്തോടു നേരിട്ടുള്ള ബന്ധം അന്യൂനം പാലിച്ചുവന്നു. സർവ മനുഷ്യരേയും ആത്യന്തികമായി സ്നേഹിക്കുകയും സഹോദരങ്ങളായി കരുതുകയും ചെയ്തു അഥവാ യേശുക്രിസ്തുവിന്റെ ഉപദേശാനുസരണം മാത്രമാണു ജീവിതം നയിച്ചതു്. അതിനാൽ അവന്റെ ഉപദേശം അനുസരിച്ചു ജീവിക്കുക എന്നു പറയുന്നതു തന്നെയാണ് അവന്റെ ജീവിതമാതൃകയെ പിന്തുടരുക എന്നു പറയുന്നതു്. ചുരുക്കിപ്പറഞ്ഞാൽ, യേശുക്രിസ്തുവിന്റെ ആളത്തത്തിലും രക്ഷണ്യമായ വ്യാപാരത്തിലും കേന്ദ്രിതമായിട്ടുള്ള വിശ്വാസം അല്ല ക്രിസ്തുമതത്തിന്റെ ആധാരം. പിന്നെയോ അവന്റെ ഉപദേശവും ജീവിതമാതൃകയും അത്രെ.

(b) ക്രിസ്തുമതത്തിന്റെ മേൽവിവരിച്ച നിലപാടും തത്വശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങളുമായി യാതൊരു പൊരുത്തവുമില്ല. എന്നാൽ ക്രൈസ്തവ സഭാചരിത്രത്തിൽ പേരെടുത്ത ചിന്തകന്മാരിൽ പലരും ക്രിസ്തീയ വിശ്വാസത്തെ തത്വശാസ്ത്രവുമായി കൂട്ടി ഇണക്കിയിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു സഭയുടെ ത്രിത്വോപദേശം, മനുഷ്യാവതാരോപദേശം ആദിയായ പലതും സഭാപാരമ്പര്യത്തിൽ പ്രവേശിച്ചതു്. ഇവ ക്രിസ്തീയ സുവിശേഷത്തിലടങ്ങുന്ന നിർമലമായ ഉപദേശങ്ങളെ ആവശ്യമില്ലാതെ കോട്ടിമാട്ടിയിട്ടുണ്ടു്.

www.malankaralibrary.com

ഈ മനോബോധ്യത്താൽ ഉത്പതിഷ്ണക്കളായ പല ചിന്തകന്മാരും യേശുക്രിസ്തുവിൻെറ ഉപദേശവും മാതൃകയും അടിസ്ഥാനമാക്കി ക്രിസ്തീയ വിശ്വാസം വ്യാഖ്യാനിക്കുവാനുള്ള സംരംഭത്തിൽ ഏർപ്പെട്ടു. ത്രിത്വോപദേശം, മനുഷ്യാവതാരോപദേശം, യേശുക്രിസ്തുവിൻെറ കന്യകാജനനം, പുനരുത്ഥാനം, സ്വർഗാരോഹണം, പുനരാഗമനം ആദിയായി പല വിശ്വാസമർമങ്ങളെയും അവർ തിരസ്ക്കരിച്ചു. എന്നാൽ യേശുക്രിസ്തു ഒരു ചരിത്രപുരുഷനായിരുന്നു എന്നുള്ള വസ്തുത അവർ മുറുകെ പിടിക്കുകയും, അവൻെറ ഉപദേശത്തെയും ജീവിത മാതൃകയേയും വ്യക്തമാക്കുവാൻ അവർ ശ്രമിക്കുകയും ചെയ്തു.

ഇതിൽനിന്നു യേശുക്രിസ്തുവിനെ അവൻ ജീവിച്ച സ്ഥിതിയിൽ ചിത്രീകരിക്കുവാനും, അവൻെറ ഉപദേശങ്ങളും മാതൃകയും യഥാസ്ഥിതിയിൽ വ്യക്തമാക്കുവാനും ഉള്ള യത്നം ഉത്പതിഷ്ണക്കളായ പണ്ഡിതന്മാർ നടത്തി[1] ക്രിസ്തുമതത്തിൻെറ പല അടിസ്ഥാനോപദേശങ്ങളും, മഹത്തരമായ ആദ്ധ്യാത്മിക സ്വഭാവവിശേഷങ്ങളും പരിത്യജിച്ചുകൊണ്ടുള്ള ഒരു പ്രസ്ഥാനമായിരുന്നു ഇതു് എന്നു വരികിലും, ഇതുമൂലം ചില സ്ഥായിയായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. യേശുക്രിസ്തുവിൻെറ ഉപദേശങ്ങളും മാതൃകയും യഥാസ്ഥിതിയിൽ വെളിപ്പെടുത്തുവാൻവേണ്ടി അവൻ ഉപയോഗിച്ച ഭാഷ, അവൻെറ ചരിത്രപരമായ പാശ്ചാത്തലങ്ങൾ ആദിയായ അനേക വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള നിരവധി പഠനങ്ങൾ പണ്ഡിതന്മാർ നടത്തിയിട്ടുണ്ടു്. ഇതുമൂലം വേദപുസ്തകം, യേശുക്രിസ്തുവിൻെറ ജീവിതം, ഉപദേശം, ആദിമ ക്രൈസ്തവ സഭ, എന്നീ വിഷയങ്ങൾ സംബന്ധിച്ച നിരവധി പുതിയ കാര്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു് ഇന്നു സാധിക്കുന്നുണ്ടു്. എന്നാൽ ഉത്പതിഷ്ണത്വം ആധുനിക കാലത്തുണ്ടായ ഒരു വിശ്വാസവിപരീതം മാത്രമായിരുന്നു. അതിനെ ഒരു സഭയും ഔദ്യോഗികമായി അംഗീകരിക്കുന്നുമില്ല.

## 6. ഉപസംഹാരം

വേദപുസ്തകത്തിലധിഷ്ഠിതവും പുരാതനസഭ ഔദ്യോഗികമായി നിർവചിച്ചതും ആയ ക്രൈസ്തവ സഭാവിശ്വാസം ആധുനിക കാലത്തെ മനുഷ്യർക്കു മനസ്സിലാകാവുന്ന ഭാഷയിലും അവരഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിട്ടുംകൊണ്ടു വ്യക്തമാക്കുവാനുള്ള ശ്രമമാണു ഷ്ളയർമാഖർ മുതലുള്ള പത്തൊമ്പതാം നൂററാണ്ടിലെ വൈവശാസ്ത്രജ്ഞന്മാർ ചെയ്തതു്. എന്നാൽ

1. ഇതിനെയാണു് Jesus of history movement എന്നു പറയുന്നതു്.

www.malankaralibrary.com

പത്തൊമ്പതാം നൂററാണ്ടിലെ ദൈവശാസ്ത്രം ഈ അധ്യായത്തിൽ വിവരിച്ചതു മാത്രമായിരുന്നു എന്നു ധരിക്കരുത്. വാസ്തവത്തിൽ, അവയിൽ മിക്കതും തന്നെ വ്യക്തികളുടെ വ്യാഖ്യാനങ്ങൾ മാത്രമായിരുന്നു. അവയെ ഒന്നിനെയും സഭ ഔദ്യോഗികമായി സ്വീകരിച്ചുമില്ല. പാശ്ചാത്യ സഭാവിഭാഗങ്ങൾ എല്ലാം തന്നെയും ഔദ്യോഗികമായി സ്വീകരിച്ചു വന്നതു കൽക്കേദൂൻ സുന്നഹദോസിലും 681-ൽ നടന്ന മൂന്നാം കുസ്തന്തീനോപ്പോലീസു സുന്നഹദോസിലും തീരുമാനിച്ച വിശ്വാസനിലകൾ മാത്രമായിരുന്നു.

# 5

# ഇരുപതാം നൂററാണ്ടിൽ നൽകപ്പെട്ട ചില വേദശാസ്ത്ര വ്യാഖ്യാനങ്ങൾ

ഉത്പതിഷ്ണുത്വം മുന്നേറുന്ന ഒരു അന്തരീക്ഷത്തിലായിരുന്നു പ്രോട്ടസ്റ്റൻറു ദൈവശാസ്ത്രം ഇരുപതാം നൂററാണ്ടിൽ പ്രവേശിച്ചതു്. ഒരു സഭാവിഭാഗവും അതിനെ ഔദ്യോഗികമായി അംഗീകരിച്ചില്ലെന്നു വരികിലും, അതിനെ സ്വാഗതം ചെയ്യുന്ന ഒരു പശ്ചാത്തലമായിരുന്നു ആ കാലങ്ങളിൽ പാശ്ചാത്യലോകത്തെ ആവരണം ചെയ്തിരുന്നത്. ശാസ്ത്രത്തിൻെറ വളർച്ച, നിസ്സീമമായ വ്യാവസായിക പുരോഗമനം, ആദിയായി ഭൗതികാഭിവൃദ്ധിയെ പ്രദാനം ചെയ്യുന്ന നിരവധി ഘടകങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും വികസിക്കുകയും, അതുമൂലം സാമ്പത്തിക സുഭിക്ഷത അഭൂതപൂർവമായി വളരുകയും ചെയ്തു. വിദ്യാഭ്യാസപുരോഗതി, നീതിപൂർവകമായ ഭരണവ്യവസ്ഥിതി ആദിയായവയ്ക്കു രൂപം നൽകുന്ന പക്ഷം, ഈ ലോകത്തിൽവച്ചുതന്നെ മനുഷ്യൻ പറുദീസായുടെ അനുഭവം പ്രാപിക്കും എന്നുള്ള പ്രതീക്ഷ പാശ്ചാത്യലോകത്തിൽ വ്യാപിച്ചിരുന്നു. ഇതുപോലെയുള്ള ഒരു അന്തരീക്ഷത്തിൽ ദൈവത്തെ പിതാവായും മനുഷ്യർ അന്യോന്യം സഹോദരങ്ങളായും കരുതണമെന്നു മാത്രം നിഷ്കർഷിക്കുന്ന ഒരു മതവിശ്വാസത്തിൽ മനുഷ്യർ സംതൃപ്തി പ്രകടിപ്പിക്കുവാൻ തുടങ്ങി. ഇതിലേക്കു പററിയ ഒന്നായിരുന്നു ഉത്പതിഷ്ണുത്വം പ്രദാനം ചെയ്തതു്.

www.malankaralibrary.com

എന്നാൽ ഉത്പതിഷ്ണുത്വത്തിന്റെ ആദ്ധ്യാത്മീയമായ അപര്യാപ്തത വിളംബംവിനാ പ്രകാശിതമായി. ചില പ്രൊട്ടസ്റ്റൻറു ചിന്തകന്മാരും റോമൻ കത്തോലിക്കാ ചിന്തകന്മാരും അതിനെ നിശിതമായി ഖണ്ഡിക്കുവാൻ തുടങ്ങി. മാത്രവുമല്ല, ഒന്നാം ലോകമഹായുദ്ധവും, അതിനോടനുബന്ധിച്ചും, അതിനെ തുടർന്നും ഉണ്ടായ സംഭവവികാസങ്ങളും ഉത്പതിഷ്ണുത്വം കൈവെടിയുവാൻ അനേകരേയും പ്രേരിപ്പിച്ചു. എന്നാൽ ഉത്പതിഷ്ണുത്വത്തെ വിമർശിക്കുവാൻ ഉദ്യമിച്ച ചില റോമൻ കത്തോലിക്കാ പണ്ഡിതന്മാർ സ്വീകരിച്ച വാദഗതികളെ ആ സഭ തന്നെ ഔദ്യോഗികമായി നിരാകരിക്കുകയും അവയെ പുലത്തിയ ചില നേതാക്കന്മാരെ സഭാഭ്രംശം ചെയ്യുകയും ചെയ്തു.

## I. റോമൻ കത്തോലിക്കാ പണ്ഡിതന്മാർ പ്രചരിപ്പിക്കുവാൻ ശ്രമിച്ച ആധുനിക തത്ത്വം

വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, യേശുക്രിസ്തുവിന്റെ ഉപദേശവും ജീവിതമാതൃകയും മാത്രമാണു ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരം എന്നു കരുതുന്ന പാരമ്പര്യമാണല്ലോ ഉത്പതിഷ്ണുത്വം പ്രചരിപ്പിക്കുവാൻ ശ്രമിച്ചതു്. ഈ യത്നത്തെ പല റോമൻ കത്തോലിക്കാ പണ്ഡിതന്മാരും സുശക്തമായി വിമർശിച്ചു. അവരിൽ ഒരു കൂട്ടർ എടുത്ത നിലപാടിനെയാണ് 'ആധുനിക തത്ത്വം' അഥവാ അമിത യുക്തിവാദം (Modernism) എന്ന പദംകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു്.

ആധുനികത്വം ഉത്പതിഷ്ണുത്വത്തിന്റെ രണ്ടു ന്യൂനതകൾ ചൂണ്ടിക്കാണിച്ചു. (a) വേദപുസ്തകത്തിൽ രേഖയുള്ള, യേശുക്രിസ്തുവിന്റെ ഉപദേശത്തിനും ജീവിതമാതൃകയ്ക്കും വിധേയമായി മാത്രമല്ല ക്രിസ്തുമതം സമാരംഭിച്ചു ലോകത്തിൽ പുരോഗമിച്ചതു്. പിന്നെയോ, ചരിത്രപരമായ ഒരു യാഥാർത്ഥ്യം എന്ന നിലയിൽ ക്രിസ്തുമതത്തിൽ സർവപ്രധാനമായി നിലകൊള്ളുന്നതു ലോകത്തിൽ സ്ഥിതി ചെയ്യുന്ന ക്രൈസ്തവസഭയാണ്. ചരിത്രത്തിൽ ഒരു ചങ്ങലയായി നീണ്ടു നില്ക്കുന്ന ആ സഭയിൽ ഉറച്ചുകിടക്കുന്ന അനേക കണ്ണികളിൽ ഒന്നു മാത്രമാണ് വേദപുസ്തകത്തിൽ രേഖയുള്ള യേശുക്രിസ്തുവിന്റെ ഉപദേശം, ജീവിതമാതൃക ആദിയായവ. എന്നാൽ സജീവമായ ഒരു ചരിത്രയാഥാർത്ഥ്യം എന്ന നിലയിൽ ലോകത്തിൽ സ്ഥിതി ചെയ്യുന്ന സഭയിൽ മററു കണ്ണികളും ഉണ്ടു്. യേശുക്രിസ്തുവിന്റെ ആളത്തം ആസ്പദമാക്കി സഭയിൽ രൂപമെടുത്ത വേദ

www.malankaralibrary.com

ശാസ്ത്രപരമായ പാരമ്പര്യം ഈദൃശമായ കണ്ണികളിൽ ഉൾപ്പെട്ടു കിടക്കുന്നവയാണ്. ഉദാഹരണമായി, പുരാതന കാലങ്ങളിൽ സുന്നഹദോസുകൾ വഴിയായി യേശുക്രിസ്തുവിൻെറ ആളത്തത്തെപ്പററി സഭ നൽകിയ തീരുമാനങ്ങളും നിർവചനങ്ങളും ക്രിസ്തുമതത്തിൻെറ വിശ്വാസമർമ്മങ്ങളിൽ ഉൾപ്പെട്ടവയത്രെ. അവയെ ഉപേക്ഷണീയമായി കരുതിക്കൊണ്ടുള്ള ഉത്പതിഷ്ണുത്വത്തിൻെറ നിലപാട് ഒട്ടും തന്നെ ആശാസ്യമല്ല.

(b) വേദപുസ്തകത്തിൽ രേഖയുള്ള യേശുക്രിസ്തുവിൻെറ ഉപദേശത്തെയും ജീവിതമാതൃകയെയും പോലും മുഴുവനായി എടുക്കാതെയുള്ള ഒരു നിലപാടാണ് ഉത്പതിഷ്ണുത്വം സ്വീകരിച്ചിരിക്കുന്നതു്. ദൈവം പിതാവും മനുഷ്യർ അന്യോന്യം സഹോദരങ്ങളും ആണെന്നുള്ള വസ്തുത വേദപുസ്തകത്തിൽ ഊന്നിപ്പറയുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അതു മാത്രമല്ല വേദപുസ്തകത്തിൽ കാണുന്നതു്. അതിനാൽ ഉത്പതിഷ്ണുത്വം വേദപുസ്കത്തിൽ കാണുന്ന ആശയങ്ങളെ, കൃത്രിമമായ ഒരു മാനദണ്ഡം അനുസരിച്ചു, പരിമിതപ്പെടുത്തുകയും രണ്ടുകാര്യങ്ങൾ മാത്രം എടുത്തുകാണിക്കുകയും ചെയ്യുന്നു. ഇതും പിശകായ നിലപാടത്രെ.

ഉത്പതിഷ്ണുത്വത്തിനെതിരായി ആധുനികത്വം ഊന്നിപ്പറഞ്ഞ ഒന്നാമത്തെ ആശയം സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അതിനു വേദശാസ്ത്രപരമായി വളരെ ആപൽക്കരമായ അത്ഥവ്യാപ്തി ഉള്ളതായി കാണാവുന്നതാണ്. ചരിത്രത്തിൽ നിലനിൽക്കുന്ന ക്രൈസ്തവസഭയുടെ—യേശുക്രിസ്തുവിനെപ്പററിയുള്ള—ആധ്യാത്മീയവും വേദശാസ്ത്രപരവുമായ സാക്ഷ്യത്തെ ഉത്പതിഷ്ണുത്വം നിരാകരിച്ചു എന്നുള്ള ആധുനികത്വത്തിൻെറ വിമർശനം തികച്ചും സമ്മതിച്ചുകൊടുക്കേണ്ടതത്രെ. എന്നാൽ ഈ വിമർശനം ഉന്നയിക്കുന്ന ആധുനികത്വം യേശുക്രിസ്തുവിനു കൈസ്തവസഭയിലുള്ള കേന്ദ്രീകൃതമായ സ്ഥാനത്തെ ഊന്നിപ്പറയാതെ, യേശുക്രിസ്തുവിനെത്തന്നെയും സഭയാകുന്ന ചങ്ങലയിലെ ഒരു കണ്ണിയായി മാത്രം കരുതുന്നത് വേദപുസ്തകത്തിനു മാത്രമല്ല, സഭയുടെ പരിത്രപരമായ പാരമ്പര്യത്തിനു കൂടെയും, വിപരീതമാണെന്നു പറയാതെ തരമില്ല.

എന്നാൽ ഉത്പതിഷ്ണുത്വത്തെ വിമർശിച്ചുകൊണ്ടു് ആധുനികത്വം ഉന്നയിച്ച രണ്ടാമത്തെ ആശയം വളരെ സംഗതവും അർത്ഥപൂർണവുമായ ഒന്നത്രെ. യേശുക്രിസ്തു ആരെന്നുള്ള

www.malankaralibrary.com

ചോദ്യത്തിനു് ഉത്തരം നൽകുവാൻ ശ്രമിച്ച ഉത്പതിഷ്ണുത്വ അതിൻെറ നിലപാടിനു് അടിസ്ഥാനമായി കണ്ടതു വേദം പുസ്തകത്തെയായിരുന്നുവല്ലോ. എന്നാൽ ഉത്പതിഷ്ണുത്വം വേദപുസ്തകത്തെ സർവപ്രധാനമായി കരുതിയതു്, ആ ഗ്രന്ഥത്തിനു് ഒരു പ്രത്യേക വ്യാഖ്യാനം ദാനംചെയ്തുകൊണ്ടായിരുന്നു. അഥവാ ദൈവം പിതാവെന്നും മനുഷ്യർ അന്യോന്യം സഹോദരങ്ങൾ എന്നും മാത്രമാണ ക്രിസ്തുമതത്തിൻെറ ആധാരമായി വേദപുസ്തകത്തിൽനിന്നും ഉത്പതിഷ്ണുത്വം സ്വീകരിച്ചതു്. ഈ വിധത്തിൽ ഒരു നിലപാടു കൈക്കൊള്ളുവാൻ അതിനു ബുദ്ധിപരവും ആധ്യാത്മീയവുമായ ഒരു മാനദണ്ഡം ഉണ്ടായിരുന്നു. ആ മാനദണ്ഡം ക്രിസ്തുമതം സ്വീകരിക്കുന്നതല്ല.

അതിനാൽ ആധുനികത്വം ഉത്പതിഷ്ണുത്വത്തെ ഖണ്ഡിക്കുവാൻ ഉദ്യമിച്ചതു തികച്ചും നീതീകരിക്കത്തക്കതായിരുന്നു. എന്നാൽ ഈ ഖണ്ഡനത്തിനു മുതിർന്ന ആധുനികത്വത്തിൻെറ ആശയങ്ങൾ എല്ലാം തന്നെയും സ്വീകാര്യങ്ങളല്ല. ഈ കാരണത്താൽ റോമൻ കത്തോലിക്കാസഭ ആധുനികത്വത്തെ പരിത്യജിക്കുകയും അതു പ്രചരിപ്പിച്ചുവന്ന ചില നേതാക്കന്മാരെ സഭയിൽനിന്നു നിഷ്ക്കാസനം ചെയ്യുകയും ചെയ്തു. ആധുനികത്വത്തിനു് എതിരായി ഈ നിലപാടു സ്വീകരിച്ച റോമൻ കത്തോലിക്കാസഭ ഉത്പതിഷ്ണുത്വത്തെ ഒരു വിശ്വാസവിപരീതമായി മാത്രമെ പരിഗണിക്കുന്നുള്ളു എന്നു ഓർത്തിരിക്കണം.

## 2. ഉത്പതിഷ്ണുത്വത്തിനെതിരായുള്ള പ്രോട്ടസ്ററൻറു വിമർശനം

ആധുനികാടിസ്ഥാനത്തിൽ ഉത്പതിഷ്ണുത്വത്തെ ഖണ്ഡിക്കുവാൻ ഒരുമ്പെട്ടവർ ക്രൈസ്തവസഭയുടെ ചരിത്രപരമായ അടിസ്ഥാനത്തെ ഊന്നിപ്പറഞ്ഞു എന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ ചില പ്രോട്ടസ്ററൻറു ചിന്തകന്മാർ അതിനെ വിമർശിച്ചതു വേദപുസ്താകാടിസ്ഥാനത്തിൽ മാത്രമായിരുന്നു. ഈ ചിന്തകന്മാരിൽ ഏററം സ്മരണാർഹനായ ദേഹം ആഫ്രിക്കായിൽ ഒരു മിഷ്യനറി ഡോക്ടറായി സേവനം സ്വീകരിച്ച–സുപ്രസിദ്ധ ആൽബെർട്ടു ഷ്വൈററ്സർ ആയിരുന്നു. ഷ്വൈററ്സർ എഴുതിയ Quest of the Historic Jesus എന്ന ഗ്രന്ഥത്തിൽ ഉത്പതിഷ്ണുത്വം അടിസ്ഥാനപരമായി കരുതിയിരുന്ന ആശയങ്ങളെ സമ്പൂർണ്ണമായി ഖണ്ഡിക്കുകയുണ്ടായി.

ചരിത്രത്തിൽ ജീവിച്ച യേശുക്രിസ്തു ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു നൽകിയ ഉപദേശവും ജീവിത മാതൃകയും

www.malankaralibrary.com

അതേപടി വെളിപ്പെടുത്തുവാനുള്ള യത്നമായിരുന്നു ഉത്പതിഷ്ണുക്കളായ പണ്ഡിതന്മാർ നിർവഹിച്ചുവന്നതു്. അതിനെയാണ ഷൈപറ്റർസർ പ്രത്യേകമായി വിമർശിച്ചതു്. ഇതു സംബന്ധമായി രണ്ടു ആശയങ്ങൾ ഷൈപറ്റർസർ പ്രത്യേകം ഊന്നിപ്പറഞ്ഞു.

(a) യേശുക്രിസ്തു ചരിത്രത്തിൽ ജീവിച്ചിരുന്ന കാലത്തു പ്രദാനം ചെയ്ത ഉപദേശവും ജീവിതമാതൃകയും എന്തായിരുന്നു എന്നു സസൂക്ഷ്മം ഗ്രഹിച്ചു വെളിവാക്കുക സാധ്യമായ കാര്യമല്ല. സുവിശേഷത്തിൽ രേഖയുള്ള യേശുവിന്റെ ജീവിതചരിത്രവും ഉപദേശങ്ങളും അവന്റെ മരണാനന്തരം ഏതാനും ദശവത്സരങ്ങൾക്കു ശേഷം എഴുതപ്പെട്ടവയാകയാൽ, ആ രേഖകളിൽനിന്നും തികച്ചും പ്രമാദരഹിതമായ ഒരു വൃത്താന്തം നമുക്കു ലഭിക്കാവുന്നതല്ല. പോരെങ്കിൽ അവ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാൽ വിരചിതങ്ങളായതുകൊണ്ടു് അതിശയോക്തിപരമായി പല കാര്യങ്ങളും അവയിൽ ഉണ്ടായിരിക്കാവുന്നതുമത്രെ. ചുരുക്കിപ്പറഞ്ഞാൽ സുവിശേഷ ഗ്രന്ഥങ്ങളിൽ നൽകിയിരിക്കുന്ന സർവ വിവരണങ്ങളും ഒരുപോലെ ചരിത്രപരമായി അപ്രമാദങ്ങളെന്നു പറയാവുന്നതല്ല എന്നു ഷൈപറ്റർസർ വാദിച്ചു. അതിനാൽ ഉത്പതിഷ്ണുക്കളായ പണ്ഡിതന്മാർ യേശുക്രിസ്തുവിന്റെ ഉപദേശവും ജീവിതമാതൃകയും അതേപടി ചിത്രീകരിക്കുവാൻ വേണ്ടി ചെയ്യുന്ന ശ്രമങ്ങൾ വിഫലങ്ങളാണു് എന്നു ഷൈപറ്റർസർ സമ്മതിച്ചു.

(b) പുതിയനിയമം വിമർശനദൃഷ്ട്യാ പഠിക്കുന്ന പക്ഷം തന്റെ ജീവിതകാലത്തുതന്നെ ലോകാന്ത്യം ഉണ്ടാകുമെന്നു് യേശുക്രിസ്തു മനസ്സിലാക്കിയിരുന്നതായി വിചാരിക്കാമെന്നു ഷൈപറ്റർസർ വാദിച്ചു. ഇങ്ങനെ പെട്ടെന്നുണ്ടാകുവാനിരുന്ന ലോകാവസാനത്തെ സ്വാഗതം ചെയ്യുവാൻവേണ്ടി യേശുക്രിസ്തു ശിഷ്യന്മാരെ ചേർക്കുകയും അവരെക്കൊണ്ടു സുവിശേഷം പ്രസംഗിപ്പിക്കുകയും ചെയ്തു എന്നായിരുന്നു ഈ പണ്ഡിതന്റെ അഭിപ്രായഗതി. എന്നാൽ ലോകാന്ത്യം ഉണ്ടാകാതെ യേശുക്രിസ്തു ക്രൂശിതനായി മരണം അടഞ്ഞു. പിന്നീടു കുറെക്കാലത്തേക്കു് യേശുക്രിസ്തുവിന്റെ പുനരാഗമനവും അതിനോടനുബന്ധിച്ച ലോകാവസാനവും ഉണ്ടാകുമെന്നു ശിഷ്യന്മാർ പ്രതീക്ഷിച്ചു കഴിഞ്ഞു. അതും തങ്ങളുടെ ആയുഷ്ക്കാലത്തു നടക്കുമെന്നുള്ള പ്രത്യാശ നശിച്ചശേഷമാണു് അവർ ക്രൈസ്തവ സഭയെ രൂപീകരിച്ചതു് എന്നു ഷൈപറ്റർസർ അനുമാനിച്ചു. അതിനാൽ ഷൈപറ്റർസർ അഭിപ്രായപ്പെട്ടതു് യേശുക്രിസ്തുവിന്റെ ഉപദേശവും ജീവിതമാതൃകയും അതേപടി വ്യക്തമാക്കുക

www.malankaralibrary.com

അസാധ്യമെന്നു മാത്രമല്ല, നമുക്കറിയാവുന്നിടത്തോളം അവ ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായി പരിഗണിക്കപ്പെടാവുന്നതല്ല എന്നും ആയിരുന്നു.

ഉത്പതിഷ്ണുത്വത്തിനു ഷൈ്വററ്സർ നൽകിയ ഖണ്ഡനം അതേപടി ആരും തന്നെ സ്വീകരിക്കുന്നില്ല. അതു സ്വീകരിക്കാവുന്നതും അല്ല. എന്നാൽ ഉത്പതിഷ്ണുത്വത്തെ പരിത്യജിക്കുവാൻ അതു പലരേയും പ്രേരിപ്പിച്ചിട്ടുണ്ട്.

മേൽ വിവരിച്ച ചർച്ചകളിൽ നിന്നും ഒരു പ്രധാന ആശയം പൊന്തിവരുന്നുണ്ട്. മതവിശ്വാസം ആദ്ധ്യാത്മീയമായ അടിസ്ഥാനത്തിൽ വേണം പരാമർശിക്കുവാൻ. കേവലം മാനുഷികബുദ്ധിക്കോ ന്യായയുക്തിക്കോ മാത്രം വിധേയമായി ആദ്ധ്യാത്മീയ ജീവിതാനുഭവത്തെ സ്ഥാപിക്കുവാനോ, ഖണ്ഡിക്കുവാനോ മുതിരുന്നതാകയാൽ അതുകൊണ്ടു മതവിശ്വാസത്തിന്റെ സാക്ഷാൽ സ്വഭാവം വെളിവാക്കുവാൻ സാധ്യമല്ല. ഷ്ളയർമാഖർ, റിക്ഷൽ ആദിയായ പത്തൊമ്പതാം നൂററാണ്ടിലെ ക്രൈസ്തവ ചിന്തകന്മാർ ചരിത്രപരമായ ചില പശ്ചാത്തലങ്ങളിൽ വികസിപ്പിച്ച ആശയങ്ങൾ അവർ അഭിമുഖീകരിച്ച പ്രത്യേക പ്രശ്നങ്ങൾക്കു പരിഹാരനിർദേശം ചെയ്തിരിക്കുമെങ്കിലും, അവയുടെ അടിസ്ഥാനത്തിൽ ക്രിസ്തീയ വിശ്വാസത്തെ വ്യാഖ്യാനിക്കുവാനുള്ള ശ്രമങ്ങൾ വിഫലങ്ങളായിത്തീരുകയാണു ചെയ്തത്. ഇതിന്റെ ഫലമായി ഉത്പതിഷ്ണുത്വത്തെ റോമൻ കത്തോലിക്കാസഭയും പ്രോട്ടസ്ററന്റു സഭാവിഭാഗങ്ങളും തിരസ്ക്കരിച്ചു എന്നു പറയാം.

എന്നാൽ ഇരുപതാം നൂററാണ്ടിലെ ദൈവശാസ്ത്രം ഉത്പതിഷ്ണുത്വത്തെയും അതിനെതിരായി പ്രകടിതമായ ആശയഗതികളെയും കണക്കിലെടുത്തുകൊണ്ടു വികസിപ്പിക്കപ്പെടുന്നതാണെന്നു പ്രത്യേകം എടുത്തുപറയാവുന്നതാണ്. അങ്ങനെ രൂപമെടുത്ത മൂന്നു നിലപാടുകളെപ്പററി ചുരുക്കമായി ഇവിടെ പരാമർശിക്കാം.

## 3. പരിണാമസിദ്ധാന്ത വ്യാഖ്യാനം

ശാസ്ത്രീയലോകത്തിൽ പരിണാമസിദ്ധാന്തം സുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഒന്നാണല്ലൊ. ഈ പ്രപഞ്ചം ഇന്നു കാണുന്ന അവസ്ഥയിൽ എത്തിച്ചേർന്നത് അനേകലക്ഷം വർഷങ്ങളിലൂടെ സ്വയം വികസിച്ചതുമൂലമാണെന്നുള്ള നിലപാടു ശാസ്ത്രജ്ഞന്മാർ പൊതുവെ ഇന്ന് അംഗീകരിക്കുന്നുണ്ട് എന്നു പറയാം.

www.malankaralibrary.com

പരിണാമസിദ്ധാന്തത്തെ ഏതാണ്ടിപ്രകാരം ചുരുക്കമായി വിവരിക്കാം. ലോകത്തിലുള്ള ജീവജാലങ്ങളും മററു വസ്തുക്കളും അനേക നിലകളായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഉദാഹരണമായി നിർജ്ജീവ വസ്തുക്കളെയും, വൃക്ഷലതാദികരം തുടങ്ങിയ സസ്യലോകത്തെയും, നിരവധി വർഗങ്ങളിൽ ഉരംപ്പെട്ട മൃഗലോകത്തെയും, ഇവയെല്ലാം ഉപരിയായി മനുഷ്യനെയും നാം ലോകത്തിൽ കാണുന്നു. ഇവ ഓരോന്നും പ്രപഞ്ചത്തിൽ അന്തർലീനമായി കിടക്കുന്ന ശക്തിയുടെ വ്യാപാരത്താൽ രൂപം പ്രാപിച്ചവയാണെന്നു് പരിണാമസിദ്ധാന്തം അനുശാസിക്കുന്നു. നിർജ്ജീവ വസ്തുക്കരം തുടങ്ങി മനുഷ്യൻ വരെയുള്ള ഓരോ നിലയിലും പ്രാപഞ്ചിക ശക്തി പ്രത്യേകം വ്യാപരിക്കുന്നുണ്ട്. എന്നാൽ ആ വ്യാപാരത്താൽ ഉളവായ ഏററം ഉയർന്ന ജീവിയാണ മനുഷ്യൻ. പ്രപഞ്ചത്തിൽ ഉളവായിട്ടുള്ള എല്ലാ പരിണാമനിലകളും മനുഷ്യനിൽ സംയോജിച്ചു സ്ഥിതിചെയ്യുന്നു. നിർജീവ വസ്തുക്കളിൽ കേവലം ഭൗതിക വസ്തുത്വം മാത്രമാണുള്ളത്. വൃക്ഷലതാദികളിൽ അതിനും പുറമെ ജീവനും ഉണ്ട്. എന്നാൽ മൃഗലോകത്തിൽ മൂന്നാമതൊരു പരിണാമനില സ്ഥിതിചെയ്യുന്നു. അതാണ് ബുദ്ധി. മനുഷ്യനിലാകട്ടെ മേൽ ചൂണ്ടിക്കാണിച്ച മൂന്നു ശക്തികരംക്കും അപ്പുറമായി ആത്മാവും സ്ഥിതി ചെയ്യുന്നുണ്ട്. ഏററം ചുരുങ്ങിയ വാക്കുകളിൽ പറയുന്ന പക്ഷം ഇതാണ് പരിണാമസിദ്ധാന്തം.

ഈ സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ ക്രൈസ്തവ വേദശാസ്ത്രം വ്യാഖ്യാനിക്കുവാനായി യത്നിക്കുന്ന പല ക്രിസ്തീയ ചിന്തകന്മാരും ഇരുപതാം നൂററാണ്ടിൽ ഉണ്ടായിട്ടുണ്ട്. ദൈവത്തിൻെറ ശക്തിയും വ്യാപാരവും പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നതുമൂലമാണ് പരിണാമം തന്നെ സാധ്യമായി ഭവിക്കുന്നതെന്ന് അവർ അഭിപ്രായപ്പെടുന്നു.

യേശുക്രിസ്തുവിൻെറ ആളത്തത്തെ ആസ്പദമാക്കി അവർ നൽകുന്ന വ്യാഖ്യാനം ഏതാണ്ടിപ്രകാരമാണ്. ദൈവിക ശക്തിയുടെ വ്യാപാരം പ്രപഞ്ചത്തിൽ ആകമാനം പ്രവർത്തിക്കുന്നുണ്ടു്. അതിനും പുറമേ അതു മനുഷ്യജാതിയിൽ പ്രത്യേകമായി പ്രവർത്തനം ചെയ്യുന്നു. ഇതുമൂലം പ്രപഞ്ചത്തിൽ നടക്കുന്നതുപോലെ മനുഷ്യവർഗത്തിൽതന്നെ പരിണാമ വ്യാപാരം നടക്കുന്നുണ്ടു്. ഈ വിധത്തിൽ മനുഷ്യജാതി വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അങ്ങനെ മനുഷ്യജാതിക്കു് എത്തിച്ചേരാവുന്ന ഏററം ഉയർന്ന പരിണാമനില പ്രാപിച്ച ആളാണു് യേശുക്രിസ്തു എന്ന് ഈ ചിന്തകന്മാർ ഊന്നിപ്പറയുന്നു.

www.malankaralibrary.com

ഈദൃശമായ പരിണാമസിദ്ധി യേശുക്രിസ്തുവിലുണ്ടായതു് ദൈവത്തിന്റെ പ്രത്യേകമായ വ്യാപാരത്തിലത്രേ എന്നാണ് അവരുടെ നിഷ്കർഷ. മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ദൈവം പ്രത്യേകം പ്രവർത്തിക്കുകയും തൽഫലമായി മനുഷ്യനു പ്രാപിക്കാവുന്ന പരിണാമസമുന്നതി യേശുക്രിസ്തുവിൽ വെളിപ്പെടുകയും ചെയ്തു. യേശുക്രിസ്തുവിന്റെ ആളത്തവും പ്രവൃത്തികളും ദൈവത്തിന്റെ പ്രത്യേക ദാനമാണ്. എന്നാൽ ഈ ശ്രേഷ്ഠദാനം ദൈവം മനുഷ്യജാതിക്കു നൽകിയതു് ഒരു മനുഷ്യനായ യേശുക്രിസ്തുവിൽ കൂടെ ആയിരുന്നു.

ഇങ്ങനെ പറയുന്നതു് യേശുക്രിസ്തു ഒരു മനുഷ്യൻ മാത്രമായിരുന്നു എന്നു് ഈ വ്യാഖ്യാതാക്കൾ വാദിക്കുന്നതായി മനസ്സിലാക്കരുതു്. പരിണാമസിദ്ധാന്താടിസ്ഥാനത്തിൽ ക്രിസ്തീയ വേദശാസ്ത്രം പരാമർശിക്കുന്ന പലരും തങ്ങളുടെ നിലപാടുകൊണ്ടു സഭയുടെ ഔദ്യോഗിക വിശ്വാസം സമർത്ഥിക്കാമെന്നു വിശ്വസിക്കുന്നവരാണ്. മാത്രവുമല്ല അവരിൽ ചിലർ അലക്സാന്ത്ര്യൻ ചിന്താഗതിയും മററു ചിലർ അന്ത്യോക്യൻ ചിന്താഗതിയും അവലംബിച്ചിരിക്കുന്നതായി അഭിമാനിക്കുന്നുമുണ്ടു്. വി. ത്രിത്വത്തിലെ രണ്ടാമത്തെ ആളത്തമായ വചനം അഥവാ പുത്രനായ ദൈവം, മനുഷ്യനായി അവതരിച്ചു എന്നുള്ള സ്വാഭാവിശ്വാസം, ദൈവത്തിന്റെ ശക്തിയുടെ പ്രത്യേക വ്യാപാരത്താൽ യേശുക്രിസ്തു ലോകത്തിൽ ജനിച്ചു ജീവിച്ചു എന്നു പറയുന്നതുകൊണ്ടു പരിരക്ഷിക്കപ്പെടാം എന്നു് അവരിൽ ചിലർ അഭിപ്രായപ്പെടുന്നു. ഈ വ്യാഖ്യാനം മൂലം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയും യഥാർത്ഥമായ ഐഹിക വാസത്തെയും അവർ സുശക്തമായി ഏററുപറയുന്നുണ്ടു് എന്നു പറയാവുന്നതത്രെ.

പരിണാമസിദ്ധാന്താടിസ്ഥാനത്തിൽ ക്രിസ്തീയ വേദശാസ്ത്രം പരാമർശിക്കുവാൻ നടത്തിവരുന്ന യത്നങ്ങളെപ്പററി മുകളിൽ ഷ്ളയർമാഖർ, റിക്ഷൽ ഇവരുടെ വ്യാഖ്യാനങ്ങളെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ പ്രസ്താവാർഹങ്ങളാണ്. തത്ത്വശാസ്ത്രപരമായി പരിണാമസിദ്ധാന്തം അംഗീകരിച്ചിരിക്കുന്ന പണ്ഡിതന്മാരോടു ക്രിസ്തീയ വിശ്വാസം ചർച്ചചെയ്യുമ്പോൾ ആ സിദ്ധാന്തം സ്വീകരിച്ചാൽ പോലും, ക്രിസ്തുമതം ഉദ്ഘോഷിക്കുന്ന വിശ്വാസ മർമ്മം സംസ്ഥാപിക്കപ്പെടാം എന്നു പറയാവുന്നതാണെന്നു മാത്രമല്ല അതു പറയേണ്ടതും അത്രെ. എന്നാൽ പരിണാമ സിദ്ധാന്തത്തെ കാര്യമായി എടുക്കാത്ത തത്ത്വപരമായ അന്തരീക്ഷത്തിൽ നൽകപ്പെടുന്ന വിശ്വാസ വ്യാഖ്യാനം സ്വീകാര്യമായിത്തീരുന്നതല്ല.

www.malankaralibrary.com

## 4. പോൾ ററില്ലിക്കിൻെറ വ്യാഖ്യാനം

ഇന്നു നിലവിലുള്ള ശാസ്ത്രീയവും ചിന്താപരവുമായ പശ്ചാത്തലത്തിൽ മതവിശ്വാസം, വിശിഷ്യ ക്രിസ്തീയ വേദശാസ്ത്രം, സമർത്ഥമായി പ്രതിപാദിക്കുകയും അതിനെ സ്വീകരിക്കുവാൻ അനേകരിലും സുശക്തമായ പ്രേരണ ചെലുത്തുകയും ചെയ്യുന്ന ഒരു സുപ്രസിദ്ധ ക്രൈസ്തവ ചിന്തകനാണ് പോറം ററില്ലിക്. നാസിപീഡയുടെ കാലത്ത് സ്വദേശമായ ജർമ്മനി വിട്ട് അമേരിക്കയിൽ താമസമുറപ്പിച്ച് ഒരു വിശ്രുത വേദശാസ്ത്രോപദേഷ്ടാവായി സേവനം അനുഷ്ഠിച്ചിരുന്ന ററില്ലിക് ഒരു ക്രൈസ്തവ ചിന്തകനെന്ന നിലയിൽ പേരു സമ്പാദിച്ചിട്ടുണ്ട്. യേശുക്രിസ്തുവിൻെറ ആളത്തത്തെയും ക്രിസ്തീയ വേദശാസ്ത്രത്തിലെ ഇതരഭാഗങ്ങളെയും അടിസ്ഥാനമാക്കി ററില്ലിക് നൽകുന്ന പരാമർശം അതേപടി ഒരു സഭാവിഭാഗവും അംഗീകരിക്കുന്നില്ല എന്നു വരികിലും, അത് ആധുനിക കാലത്തു് നിരവധി ചിന്തകരിലും വളരെ അധികം പ്രേരണ ചെലുത്തിയിട്ടുണ്ട് എന്നു തീർച്ചയായും പറയാവുന്നതാണ്.

ററില്ലിക് നിലകൊള്ളുന്നത് സർവപ്രധാനമായി ഷ്ളയർമാഖറിൻെറ പാരമ്പര്യത്തിലാണ്. അതിനും പുറമേ റിക്ഷൽ, കിർക്കെ ഗോർഡ് ആദിയായ ക്രൈസ്തവ ചിന്തകന്മാരേയും ആധുനിക തത്വശാസ്ത്രജ്ഞന്മാരിൽ പലരേയും അയാറം കാര്യമായി എടുക്കുന്നുണ്ട്.

യേശുക്രിസ്തുവിനെപ്പററി ററില്ലിക് നൽകുന്ന പ്രതിപാദനം ഇപ്രകാരം ചുരുക്കമായി വിവരിക്കാം. മനുഷ്യൻ പരിമിതികൾ സർവത്ര വിധേയനായ ഒരു ജീവിയാണ്. എന്നാൽ പരിമിതനാണു താനെന്നുള്ള വാസ്തവം സമ്മതിക്കുവാൻ മനുഷ്യനൊട്ടുംതന്നെ ഇഷ്ടമില്ല. അതിനാൽ പരിമിതനല്ല താനെന്നു സ്ഥാപിപ്പാൻ വേണ്ടി മനുഷ്യൻ സദാ ശ്രമിച്ചു വരുന്നു. ഇതിലേയ്ക്കു അവൻ ദൈവത്തിൻെറ സ്ഥാനത്തു സ്വയം പ്രതിഷ്ഠിക്കുകയാണു ചെയ്യുന്നത്. എന്നാൽ ഒരു പരിമിത ജീവി എന്ന നിലയിൽ മനുഷ്യൻ സ്വാഭാവികമായി ദൈവത്തിൻെറ ആസ്തിക്യാടിസ്ഥാനത്തിൽ മാത്രമാണു സ്ഥിതിചെയ്യുന്നത്; അങ്ങനെ ദൈവത്തിനു സർവത്ര അധീനനായി ജീവിക്കേണ്ട പരിമിതനായ മനുഷ്യൻ ദൈവത്തിലുള്ള അവൻെറ പരാധീനതയെ അംഗീകരിക്കാതെ ദൈവത്തിൻെറ അപ്രമേയത്വത്തെ സ്വായത്തമാക്കുവാൻ യത്നിക്കുന്നതുമൂലം അവനു പ്രകൃത്യായുള്ള നിലയിൽ നിന്നുതന്നെയും അവൻ വീണുപോകുന്നു. ഈ അധഃപതനാവസ്ഥയിൽ ജീവിക്കുന്നു എന്നുള്ളതാണ് മനുഷ്യൻെറ സാക്ഷാൽ നിലപാട്.

www.malankaralibrary.com

ഈ അവസ്ഥയിൽ കഴിയുന്ന മനുഷ്യജാതിയിൽ ഒരംഗമായി നസ്രായനായ യേശു ഭൂജാതം ചെയ്തു. അവൻ ഒരു യഥാർത്ഥ മനുഷ്യനായി ലോകത്തിൽ ജീവിച്ചു. എന്നാൽ ഇതര മനുഷ്യരിൽനിന്നു അവനു സുപ്രധാനമായ ഒരു വ്യത്യാസം ഉണ്ടായിരുന്നു. പരിമിതിയെ അതിലംഘിച്ച ദൈവത്തിന്റെ സ്ഥാനത്തു സ്വയം സ്ഥാപിക്കുവാനുള്ള തൃഷ്ണ എല്ലാ മനുഷ്യരിലും ഉണ്ടെന്നു വരികിലും, യേശുവിൽ അതുണ്ടായിരുന്നില്ല. അതിനു കാരണം ദൈവവുമായി അഭേദ്യബന്ധമുള്ള സാക്ഷാൽ മനുഷ്യജീവിതാനുഭവം അവനിൽ പ്രകടിതമായി എന്നുള്ളതാണ്. മനുഷ്യജാതിയിൽ അവൻ മാത്രം സർവദാ ദൈവത്തിനധീനനായി ജീവിച്ചു. അതിനാൽ മനുഷ്യൻ ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ അനവരതം ജീവിച്ച ഏക മനുഷ്യനാണ് യേശു. തന്മൂലം ദൈവം അവനെ തന്റെ ക്രിസ്തുവായി പ്രഖ്യാപിച്ചു.

ഏററം ചുരുങ്ങിയ വാക്കുകളിൽ ററില്ലിക് യേശുക്രിസ്തുവിനെപ്പററി നൽകുന്ന വ്യാഖ്യാനം മേൽ വിവരിച്ചതാണ്. ഷ്ളയർ മാഖറിൽ തുടങ്ങിയ ആധുനിക ഉല്പതിഷ്ണു വേദശാസ്ത്രജ്ഞന്മാരുടെ പാരമ്പര്യമാണു ററില്ലിക് നിലനിർത്തുന്നതു് എന്നു മുകളിൽ നൽകിയിരിക്കുന്ന വിവരണത്തിൽനിന്നു മനസ്സിലാക്കാം. അവരെപ്പോലെ ററില്ലിക്കും യേശുക്രിസ്തുവിന്റെ മുൻ സ്ഥിതിത്വം, പരമ്പരാഗതമായി സഭയിൽ നിലനിർത്തിവരുന്ന മനുഷ്യാവതാരോപദേശം, ആദിയായവയെ കാര്യമായി കരുതുന്നില്ല. എന്നാൽ യേശുക്രിസ്തുവിന്റെ ആളത്വത്തിന് നിർണായകമായ സ്ഥാനം ററില്ലിക് തന്റെ വേദശാസ്ത്ര വ്യാഖ്യാനത്തിൽ നൽകുന്നുണ്ട്.

## 5. കാൾ ബാർത്ത്

ഉല്പതിഷ്ണുത്വ വ്യാഖ്യാനത്തെ ആകമാനം പരിത്യജിച്ച് പ്രോട്ടസ്റ്റന്റു വേദശാസ്ത്രം അതീവ പണ്ഡിത്യപൂർവം പരാമർശിക്കുന്ന വിശ്വവിശ്രുതനായ ഒരു ക്രൈസ്തവ ചിന്തകനും നേതാവുമാണ് സ്വിററ്സർലണ്ടുകാരനായ കാറൽ ബാർത്ത്. പതിനാറാം നൂററാണ്ടിലെ പാശ്ചാത്യ നവീകരണ കർത്താക്കളിൽ സുപ്രസിദ്ധ പണ്ഡിതൻ എന്ന പേരിന് അർഹനായിരുന്ന ജോൺ കാൽവിന്റെ വേദശാസ്ത്രപരമായ പാരമ്പര്യം അതിസമർത്ഥമായി ബാർത്ത് നിലനിർത്തുന്നു എന്നു പറയാം. ഈ പ്രസ്താവനകൊണ്ട് കാൽവിന്റെ ഒരു ആധുനിക വ്യാഖ്യാതാവായി മാത്രം ബാർത്തിനെ മനസ്സിലാക്കരുത്. പ്രോട്ടസ്റ്റന്റ് ക്രൈസ്തവലോകത്തിൽ അഗ്രഗണ്യൻ എന്നു പറയാവുന്ന ഒരു വേദശാസ്ത്രജ്ഞനാണ് കാറൽ ബാർത്ത്.

www.malankaralibrary.com

ദൈവവചനത്തിൽ അധിഷ്ഠിതമായ വേദശാസ്ത്രം (Theology of the Word of God) എന്ന വിവക്ഷയാണ് ബാർത്ത് തൻെറ വിശ്വാസ വ്യാഖ്യാനത്തിനു നൽകിയിരിക്കുന്നത്. ദൈവം സർവോപരിസ്ഥനും സ്രഷ്ടാവും ആണെന്നും, മനുഷ്യനാകട്ടെ പരിമിതനും പാപത്തിനധീനനായിത്തീർന്നുപോയ സൃഷ്ടിയും ആകുന്നു എന്നും ഉള്ള ആശയം ബാർത്ത് ഊന്നിപ്പറയുന്നു. 'ഈ കാരണത്താൽ മനുഷ്യൻെറ ആദ്ധ്യാത്മീയമായ പര്യാന്വേഷണമോ ബുദ്ധിപരമായ യത്നമോ മൂലം അവനു ദൈവത്തെ അറിയുക സാധ്യമല്ല' എന്നും ബാർത്ത് അഭിപ്രായപ്പെടുന്നു. എന്നാൽ ദൈവം തൻെറ വചനം മുഖാന്തരം മനുഷ്യന് സ്വയം വെളിപ്പെടുത്തി കൊടുക്കുന്നു. ഈ വെളിപ്പെടുത്തലാണ് ക്രൈസ്തവസഭയുടെ ആധാരം.

ദൈവവചനത്തെ മൂന്നുവിധത്തിൽ ബാർത്ത് വ്യാഖ്യാനിക്കുന്നു. (1) ദൈവവചനം എന്നത് ഉദ്ഘോഷിക്കപ്പെടുന്ന ഒന്നാണ്. സുവിശേഷഘോഷണം മുഖാന്തരം ദൈവവചനം പ്രഖ്യാപിക്കപ്പെടുന്നു. മനുഷ്യരായ സുവിശേഷകന്മാരുടെ സംസാരം വഴി ദൈവം സംഭാഷിക്കുന്നതിനുള്ള ഉപാധി അത്രേ സുവിശേഷഘോഷണം. എന്നാൽ സുവിശേഷഘോഷണത്തിൽ പ്രസംഗകൻെറ ചിന്തയും അഭിപ്രായങ്ങളും ഒരു ഘടകമാകുന്നു എന്നു ബാർത്ത് സമ്മതിക്കുന്നു. അവയെ ദൈവം ഉപയോഗിച്ചുകൊണ്ടാണ് തൻെറ വചനം പ്രകടിക്കുന്നത്. (2) ദൈവവചനം എന്നതു വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന വചനമാണ്. മനുഷ്യാവതാരത്തെപ്പററി മനുഷ്യർക്കു സാക്ഷ്യം നൽകുവാനും അതിലടങ്ങിയിരിക്കുന്ന ദൈവവചനം സമകാലീനമായി ഓരോ കാലത്തും ഉദ്ഘോഷിക്കപ്പെടുവാനും വേണ്ടി വിരചിതമായ ഗ്രന്ഥമാണ് വേദപുസ്തകം. എന്നാൽ വേദപുസ്തകം ദൈവവചനമായിരിക്കുന്നത് ദൈവം അതിൽക്കൂടി സംസാരിക്കുന്നിടത്തോളം മാത്രമാണ്. കേവലം ഒരു ഗ്രന്ഥം എന്ന നിലയിൽ അല്ല വേദപുസ്തകം ദൈവവചനം എന്ന പേരിനർഹമായിരിക്കുന്നത്. വ്യക്തമായ സംഭവങ്ങളിൽ കൂടെ ദൈവം സംസാരിക്കുന്നു. അങ്ങനെയുള്ള സംഭവങ്ങളെപ്പററി വേദപുസ്തകം പ്രതിപാദിക്കുകയും ചെയ്യുന്നു. അവ വേദപുസ്തകത്തിൽ പരാമർശിക്കുന്നത് അവയിൽക്കൂടെ വെളിവായ ദൈവവചനം സമകാലീനമായി പ്രഖ്യാപിക്കപ്പെടുവാനാണ്. (3) ദൈവവചനം എന്നത് വെളിപ്പാടുമൂലം അറിവായി വരുന്നതാണ്. ദൈവം സ്വയം വെളിപ്പെടുത്തുന്നതിൻെറ മകുടമാണ് യേശുക്രിസ്തു.

www.malankaralibrary.com

ഈ മൂന്നു വിധങ്ങളിലായി ദൈവം മാനുഷിക യാഥാർത്ഥ്യം ഉപയോഗിച്ചുകൊണ്ടു് സംസാരിക്കുകയും, തദ്വാരാ സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ ദൈവം സ്വയം വെളിപ്പെടുത്തുന്നതു് യേശുക്രിസ്തുവിൽക്കൂടെ നിർണായകമായി സ്വയം വെളിവാക്കിയ ആ മഹാസംഭവം വഴിയത്രെ. ആ സംഭവം ചരിത്രത്തിൽ ഒരിക്കലായി നടന്നു. പ്രവാചകന്മാരും അപ്പൊസ്തലന്മാരും മുഖാന്തരം ദൈവം ലോകത്തോടു സംസാരിച്ചതു് യേശുക്രിസ്തുവിൽക്കൂടെ ആയിരുന്നു. അവനിൽ കൂടെ ദൈവം ലോകത്തോടു് ഇപ്പോഴും സംസാരിക്കുന്നു; ഇനിയും എന്നേക്കും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ദൈവത്തിൻെറ സ്വയം വെളിപ്പെടുത്തൽ മൂലം അവൻ നിത്യമായ ത്രിത്വമാണെന്നു വ്യക്തമാകുന്നു. ഷ്ളയർമാഖർ മുതൽ ക്രിസ്തീയദൈവശാസ്ത്രം വ്യാഖ്യാനിച്ചു വന്ന ഉത്പതിഷ്ണുക്കളായ പണ്ഡിതന്മാർക്കെല്ലാം എതിരായി ബാർത്തു് ദൈവത്തിൻെറ ത്രിത്വസ്വഭാവത്തെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. ത്രിത്വോപദേശത്തിൻെറ അടിസ്ഥാനം കേവലം സുവിശേഷ വ്യാഖ്യാനത്തിലല്ല സ്ഥിതി ചെയ്യുന്നതു്. പിന്നെയോ ദൈവം സ്വയം വെളിപ്പെടുത്തിയിരിക്കുന്ന ആ മഹാസംഭവം വഴി ദൈവം ത്രിയേകനാണെന്നുള്ള പരമാർത്ഥം വ്യക്തമാക്കിയിരിക്കുന്നതിലാണ്. ആദിമുതൽക്കേ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആയിട്ടത്രേ സ്വയം വെളിപ്പെടുത്തിയിരിക്കുന്നതു്, പിതാവായ ദൈവം പുത്രനായ ദൈവത്തിൽക്കൂടെ സ്വയം വെളിപ്പെടുത്തുകയും പരിശുദ്ധാത്മാവായ ദൈവം മുഖാന്തരം അറിയപ്പെടുകയും ചെയ്യുന്നു.

ഈ വിധത്തിൽ ദൈവം ലോകത്തിനു സ്വയം വെളിവാക്കുന്നതു് യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായി മാത്രമാണ്. ഒരു ചരിത്രപുരുഷനാണ് യേശുക്രിസ്തു. എന്നാൽ അവൻെറ ആളത്തം സ്ഥിതി ചെയ്യുന്നതു് കേവലം ചരിത്രപരമായ സംഭവപരമ്പരകളുടെ ഇടയിൽ ഒന്നായി മാത്രമല്ല. ലോകത്തിലെ ചരിത്രസംഭവങ്ങളും ചരിത്രത്തിലധിഷ്ഠിതമായി ഒന്നിനു പിറകെ ഒന്നായി നടക്കുന്നു. യേശുക്രിസ്തുവാകട്ടെ ഈ വിധത്തിൽ ഉണ്ടായ ഒരു സംഭവമല്ല. പിന്നെയോ നിത്യതയിൽ നിന്നു ലോകത്തിൽ അവതരിച്ചവനാണ്. അതിനാൽ യേശുക്രിസ്തുവിൽ കൂടെ, ലോകചരിത്രത്തിലെ സംഭവപരമ്പരകളിൽ നിന്നും സ്വാഭാവികമായി രൂപമെടുക്കുവാൻ സാധ്യമല്ലാത്ത, ഒരു പുതിയ യാഥാർത്ഥ്യം ചരിത്രപരമായ പശ്ചാത്തലത്തിനുള്ളിൽ രംഗപ്രവേശനം ചെയ്തു.

www.malankaralibrary.com

ഈ വിധത്തിൽ ബാർത്തു് മനുഷ്യാവതാരോപദേശത്തെ സുപ്രധാനമായി കരുതുന്നു. മനുഷ്യന്റെ പ്രയത്നമോ അന്വേഷണമോ മൂലം അവനു ദൈവത്തെ അനുഭവിച്ചറിയുക സാദ്ധ്യമല്ല എന്നുള്ള ബാർത്തിന്റെ ആശയം മുകളിൽ കണ്ടുവല്ലോ. എന്നാൽ ദൈവം മനുഷ്യനു സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്നു. അഥവാ മനുഷ്യനു നികത്തുവാൻ സാദ്ധ്യമല്ലാത്ത വിദൂരത ദൈവവും മനുഷ്യനും തമ്മിലുണ്ടു്. ആ വിദൂരതയെ അവലംഘിച്ചു ദൈവം തന്റെ നിത്യേക പുത്രനിൽകൂടെ സ്വയം വെളിപ്പെടുത്തുന്നു. ആ വെളിപ്പാടു പരിശുദ്ധാത്മാവു വഴി വ്യക്തമാക്കുകയും ചെയ്യുന്നു. ഈ വെളിപ്പാടിന്റെ കേന്ദ്രം യേശുക്രിസ്തുവാണു്. ചരിത്രപരമായി പറയുന്നപക്ഷം കർത്തൃവർഷം 1–30 വരെയുള്ള കാലഘട്ടത്തിലാണു് ഈ വെളിപാടിന്റെ കേന്ദ്രം ലോകത്തിൽ അവതരിച്ചതു്. എന്നാൽ അതിനുമുമ്പു് പ്രവാചകന്മാർമൂലം ഉദ്ഘോഷിക്കപ്പെട്ട ദൈവവചനം, ഭൂതകാലാപേക്ഷികമായി എന്നവണ്ണം യേശുക്രിസ്തുവിൽ കൂടെയാണു പ്രഖ്യാപിക്കപ്പെട്ടതു്. അതിനു ശേഷം അപ്പൊസ്തലന്മാരും പരിശുദ്ധന്മാരും വഴിയായി ദൈവം യേശുവിൽ കൂടെ മനുഷ്യവർഗത്തോടു സംസാരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ ത്രിയേക സ്വഭാവത്തേയും മനുഷ്യാവതാരത്തേയും ഊന്നിപ്പറഞ്ഞശേഷം, ബാർത്തു് യേശുക്രിസ്തുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ ഉറപ്പിച്ചു പറയുന്നുണ്ടു്. മനുഷ്യത്വം സംബന്ധിച്ചു് യേശുക്രിസ്തു ചരിത്രത്തിലെ സംഭവപരമ്പരകളുമായി ബന്ധമുള്ള ഒരു മനുഷ്യനാണു്. അവൻ യഥാർത്ഥമായും കന്യകയിൽ നിന്നു ഭൂജാതനായി. ഇപ്രകാരം യേശുക്രിസ്തുവിന്റെ കന്യകാജനനത്തെ ബാർത്തു് ഊന്നിപ്പറയുന്നു. മാത്രവുമല്ല ഉയിർത്തെഴുന്നേൽപും ക്രിസ്തീയവിശ്വാസത്തിൽ സുപ്രധാനമായ യാഥാർത്ഥ്യമായി ബാത്തു് പരിഗണിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെപ്പററി, ക്രിസ്തീയവിശ്വാസം ആകമാനം അതിലാണു് അടങ്ങിയിരിക്കുന്നതെന്നു പ്രഖ്യാപിക്കുവാൻ ബാർത്തു് മടിക്കുന്നില്ല. എന്നാൽ യേശുക്രിസ്തുവിന്റെ ആളത്തത്തെക്കുറിച്ചു പ്രസ്താവിച്ചതുപോലെ ഉയിർത്തെഴുന്നേല്പിനെപ്പററിയും അതു ചരിത്രപരമായ സംഭവപരമ്പരകളിൽ ഒന്നല്ല എന്നു ബാർത്തു് അഭിപ്രായപ്പെടുന്നു. അതു തന്നെയുമല്ല, യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ അർത്ഥവ്യാപ്തി ആദ്യത്തെ പുനരുത്ഥാന ദിവസത്തിൽ ഉണ്ടായ അനുഭവങ്ങളിൽ മാത്രം ഉൾക്കൊള്ളിക്കാവുന്നതുമല്ല എന്നു് ബാത്തു നിഷ്കർഷിക്കുന്നു. പിന്നെയോ പാപത്തിൽ വീണു നശീകൃതമായിത്തീർന്നുപോയ ലോകത്തിനു ദൈവം നവജീവൻ നൽകിക്കൊണ്ടിരിക്കുന്നു എന്നുള്ള നിത്യസത്യം പുനരുത്ഥാനം ഉദ്ഘോഷിക്കുന്നു. മാത്ര

www.malankaralibrary.com

വുമല്ല, യേശുവിൻെറ ലോകജീവിതത്തെ അതിൻെറ മൂലമായ ദൈവത്തിൽ സംയോജിപ്പിക്കുന്നതു പുനരുത്ഥാനത്താലത്രെ. അഥവാ നിത്യതയിൽനിന്നു കാലത്തിനുള്ളിൽ പ്രവേശിച്ചു ചരിത്രത്തിൽ ജീവിച്ചവനായ യേശു പുനരുത്ഥാനം മൂലം നിത്യതയിൽ വീണ്ടും പ്രവേശിച്ചു.

യേശുക്രിസ്തു ലോകത്തിൽ അവതരിച്ചതു മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു ഉദ്ധരിക്കുവാനായിട്ടായിരുന്നു. മനുഷ്യൻ പാപത്തിനു അടിമയായി തീർന്നുപോയി. അവൻെറ ധാർമ്മികമായ വിജയമോ ആദർശ പുരോഗമനമോ മൂലം മനുഷ്യനു പാപത്തിന്മേൽ വിജയം ഉണ്ടാകുന്നതല്ല. ഇവയൊന്നും ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാനവും അല്ല. മനുഷ്യനു പാപത്തിന്മേലുള്ള ജയം ലഭിക്കുന്നത്, അവൻെറ പാപം മോചിച്ചിരിക്കുന്നു എന്നു ദൈവം തന്നെ പ്രഖ്യാപിക്കുന്നതുമൂലം മാത്രമാണ്. ആ പാപക്ഷമയുടെ വചനമാണ് യേശുകിസ്തു പ്രഖ്യാപിക്കുന്നത്. ദൈവത്തിൻെറ അളവററ കൃപ മാത്രമത്രേ ആ പ്രഖ്യാപനത്തിന്നാധാരം.

കാറം ബാർത്തിൻെറ വിശ്വാസവ്യാഖ്യാനം ഉത്പതിഷ്ണുത്വം ആദിയായി ആധുനിക കാലത്തു നിലവിൽ വന്ന ആശയഗതികളിൽ പലതിനേയും പരിത്യജിച്ചും, വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ നിരവധി രംഗങ്ങളിൽ ലഭ്യങ്ങളായ വിജ്ഞാനമൂല്യങ്ങളെ ശരിയായി ഗ്രഹിച്ചുംകൊണ്ടു വികസിക്കപ്പെട്ടതാണ്. അതിനെ ആകമാനം പുകഴ്ത്തുന്നവരും, അതിലെ ചില ഭാഗങ്ങളെ രൂക്ഷമായി വിമർശിക്കുന്നവരും ഇന്നു ക്രൈസ്തവലോകത്തിലുണ്ടു്. എന്നാൽ ബാത്ത് തൻെറ വേദശാസ്ത്രപരമായ യത്നം വഴി ആധുനിക കാലത്തെ ക്രൈസ്തവസഭയ്ക്കു നിസ്തുലമായ ഒരു ശ്രേഷ്ഠസേവനം നൽകിയിട്ടുണ്ടു് എന്നുള്ള പരമാർത്ഥം ആരുംതന്നെ സമ്മതിക്കുന്നതാണ്.

## 5. സഭകളുടെ അഖിലലോക കൗൺസിൽ

ഇന്നു ലോകത്തിലുള്ള പ്രോട്ടസ്ററൻറു സഭാവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷത്തിൻെറയും പൗരസ്ത്യ ഓർത്തഡോക്സ് സഭാവിഭാഗങ്ങളിൽ മിക്കവാറും എല്ലാററിൻെറയും അംഗത്വവും സഹകരണവും ഉള്ള ഒരു ലോകസഭാസംഘടനയാണ് സഭയുടെ അഖിലലോക കൗൺസിൽ. അതിൽ അംഗത്വമുള്ള സഭാവിഭാഗങ്ങളുടെ വിശ്വാസപരമായ നിലപാടിനെ കുറിക്കുന്ന ഒരു പ്രസ്താ

www.malankaralibrary.com

വന കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഭരണഘടനയുടെ ആമുഖമായി ചേർത്തിട്ടുണ്ട്. 'തിരുവെഴുത്തിൽ പറയുന്നപ്രകാരം യേശുക്രിസ്തുവിനെ ദൈവവും രക്ഷിതാവും ആയി സ്വീകരിക്കുന്ന സഭാവിഭാഗങ്ങൾ'ക്ക കൗൺസിൽ അംഗത്വത്തിനവകാശമുണ്ടെന്ന് അവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൽനിന്നു വേദപുസ്തകത്തിലെ ഉപദേശത്തിനു വിധേയമായി യേശുക്രിസ്തുവിനെ 'ദൈവവും രക്ഷിതാവും' ആയി ഇന്നു ലോകത്തിലുള്ള ക്രൈസ്തവസഭ ഏതാണ്ട് ആകമാനം തന്നെ പ്രഖ്യാപിക്കുന്നു എന്നു വ്യക്തമാണല്ലൊ.

ഈ വസ്തുതയ്ക്കും പുറമേ, സഭകളുടെ അഖിലലോക കൗൺസിലിന്റെ വിശ്വാസപരമായ നിലപാടു ഗ്രഹിക്കുവാൻ മറ്റൊരു കാര്യംകൂടെ ഓർത്തിരിക്കേണ്ടതുണ്ട്. ഇതിനകം കൗൺസിലിന്റെ മൂന്നു ലോകമഹാസമ്മേളനങ്ങൾ നടന്നിട്ടുണ്ട്. അവയിൽ ഒന്നാമത്തേത് 1947—ൽ ആംസ്റ്റർഡാമിൽവച്ചും, രണ്ടാമത്തേത് 1954—ൽ അമേരിക്കയിലെ എവൻസ്റ്റനിൽവച്ചും, മൂന്നാമത്തേത് 1961—ൽ ന്യൂഡൽഹിയിൽ വച്ചും ആണു നടത്തപ്പെട്ടത്. ഈ സമ്മേളനങ്ങളിൽ ഓരോന്നിനും ഓരോ പൊതുവായ പരിചിന്തനവിഷയങ്ങളുണ്ടായിരുന്നു. അവയും സഭകളുടെ വിശ്വാസപരമായ നിലപാടിനെ പ്രതിബിംബിപ്പിക്കുന്നവയത്രെ (1968—ൽ).

ഒന്നാമത്തെ സമ്മേളനത്തിന്റെ പരിചിന്തനവിഷയം ദൈവം നൽകുന്ന ചിത്രീകരണവും, മനുഷ്യൻ വരുത്തിക്കൂട്ടിയ അലങ്കോലവും' (God's Design and Man's Disorder) എന്നായിരുന്നു. സഭകളുടെ പുനരൈക്യം എത്രയും വേഗം നടക്കണമെന്നുള്ള ശുഭപ്രതീക്ഷയിൽ ആയിരുന്നു ഈ പരിചിന്തന വിഷയം 1947—ൽ തെരഞ്ഞെടുത്തത്. എന്നാൽ സഭകളുടെ പുനരൈക്യത്തിനുതന്നെ വേദശാസ്ത്രപരവും ആദ്ധ്യാത്മീയവുമായ അടിസ്ഥാനം എന്തെന്നു വ്യക്തമാക്കിയശേഷം മാത്രമേ ആ വിഷയം പരാമർശിക്കുവാൻ സാധ്യമാകയുള്ളു എന്നുള്ള വസ്തുത കൗൺസിൽ നേതാക്കന്മാർക്കു മനസ്സിലാകുകയും, തൽഫലമായി ആ പരിചിന്തനം അവർ താമസിയാതെ കൈവെടിയുകയും ചെയ്തു. സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം സ്ഥിതിചെയ്യുന്നത് യേശുക്രിസ്തുവിലാണെന്നുള്ള സുശക്തമായ ബോധ്യം ഉണ്ടായതിന്റെ ഫലമായി അടുത്ത രണ്ടു ലോകമഹാസമ്മേളനങ്ങളിലും യേശുക്രിസ്തുവിനെ കേന്ദ്രമാക്കിയുള്ള പരിചിന്തനവിഷയങ്ങൾ സഭകളുടെ അഖിലലോക കൗൺസിൽ സ്വീകരിച്ചു. ഇങ്ങനെ 1954—ൽ നടന്ന സമ്മേളനത്തിന്റെ ചർച്ചാവിഷയം 'ലോകത്തിന്റെ പ്രത്യാശയായ യേശുക്രിസ്തു' (Jesus Christ the Hope of the World) എന്നും, 1961—ൽ ചേർന്ന

www.malankaralibrary.com

സമ്മേളനത്തിന്റെ പരിചിന്തനവിഷയം 'ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തു (Jesus Christ the Light of the World) എന്നും ആയിരുന്നു.*

മേൽ വിവരിച്ച വസ്തുക്കളിൽനിന്നും യേശുക്രിസ്തുവിനു ക്രൈസ്തവ വിശ്വാസത്തിലുള്ള കേന്ദ്രാവസ്ഥയെ അഖില ലോക സഭാകൗൺസിലും അതിൽ അംഗത്വമുള്ള സഭാവിഭാഗങ്ങളും അംഗീകരിച്ചിരിക്കുന്നു എന്നു വ്യക്തമാകുന്നുവല്ലൊ. അഥവാ ക്രൈസ്തവസഭ ഔദ്യോഗികമായി, പുരാതന കാലങ്ങളിൽ എന്നവണ്ണം ഇന്നും, ഉദ്ഘോഷിക്കുന്നത് യേശുക്രിസ്തു ക്രിസ്തുമതത്തിന്റെ സ്ഥാപകനെന്നോ, ക്രിസ്തീയ ജീവിത മാർഗം വെളിപ്പെടുത്തിയ ആൾ എന്നോ അല്ല; പിന്നെയോ ലോകത്തിന്റെ നിത്യേക രക്ഷകൻ ആകുന്നു എന്നത്രേ.

## 7. ക്രൈസ്തവ വേദശാസ്ത്ര പണ്ഡിതന്മാരുടെ ഇന്നത്തെ യത്നങ്ങൾ

കാറൽ ബാർത്ത് ആദിയായി ചില ക്രൈസ്തവ വേദശാസ്ത്രജ്ഞന്മാരുടെ പേരുകളും അവരുടെ വ്യാഖ്യാന സംഗ്രഹങ്ങളും മുകളിൽ ചേർത്തിട്ടുള്ളതിൽനിന്ന് അവരുടെ ആശയഗതികൾ മാത്രമെ ഇന്നു ക്രൈസ്തവലോകത്തിൽ നിലനിൽക്കുന്നുള്ളു എന്നു മനസ്സിലാക്കരുത്. നേരെമറിച്ച് യേശുക്രിസ്തുവിന്റെ ആളത്തത്തെ പരാമർശിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ഈ അടുത്ത കാലങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. യേശുക്രിസ്തു ആരാകുന്നു എന്ന ചോദ്യത്തിന് അവ നൽകുന്ന ഉത്തരം പൊതുവെ പറയുന്ന പക്ഷം, രണ്ടു തത്ത്വങ്ങളിൽ അധിഷ്ഠിതമാണെന്നു പറയാവുന്നതാണ്.

(a) ഇന്നത്തെ ഒരു വലിയ പങ്ക് പണ്ഡിതന്മാർ യേശുക്രിസ്തുവിന്റെ ആളത്തത്തെ വേദപുസ്തകത്തിലെ ഉപദേശ പശ്ചാത്തലത്തിൽ വ്യക്തമാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അവർ വേദപുസ്തകത്തിലെ വാക്യങ്ങൾ ഉദ്ധരിക്കു

---

* പിന്നീടു ചേർന്ന സമ്മേളനങ്ങളും അവയിലെ പ്രധാന ചിന്താവിഷയങ്ങളും താഴെ ചേർക്കുന്നു:

1968 ഉപ്സാല (കണ്ടാലും! ഞാൻ സകലതും പുതുതാക്കുന്നു).

1975 നൈറോബി (യേശുക്രിസ്തു വിമോചിപ്പിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുന്നു).

1983 വാൻകൂവർ (യേശുക്രിസ്തു: ലോകത്തിന്റെ ജീവൻ).

1991 കാൻബറ (പരിശുദ്ധാത്മാവേ, വരിക; സമസ്തസൃഷ്ടിയെയും പുതുക്കുക).

1998 ഹരാരേ (ദൈവത്തിലേക്കു തിരിയുക. പ്രത്യാശയിൽ ആനന്ദിക്കുക).

www.malankaralibrary.com

ന്നതുകൊണ്ടു മാത്രം തൃപ്തി അടയാതെ, അതിലെ എഴുത്തുകാർ തങ്ങളുടെ ചിന്താപരവും ആദ്ധ്യാത്മികവുമായ പശ്ചാത്തല ത്തിൽ ഉദ്ദേശിച്ചിരിക്കാവുന്ന ആശയം എന്തെന്ന് വ്യക്തമാക്കു കയും, അതിൻെറ വെളിച്ചത്തിൽ യേശുക്രിസ്തുവിനെപ്പററി യുള്ള വേദപുസ്തകത്തിലെ സാക്ഷ്യം വെളിവാക്കുവാൻ യത്നി ക്കുകയും ആണു ചെയ്യുന്നത്. ഈ വീക്ഷണകോണത്തിൽ നിന്നും വേദപുസ്തകം സസൂക്ഷ്മം സമഗ്രമായി പഠിച്ച്, ആ അടിസ്ഥാനത്തിൽ രചിച്ചിട്ടുള്ള അനേകം ഗ്രന്ഥങ്ങൾ ഇന്നു സുലഭങ്ങളാണ്.

(b) ഇതിനു പുറമേ, സഭയുടെ ചരിത്രപരമായ സാക്ഷ്യം എന്തെന്നു വെളിവാക്കുവാനുള്ള മഹത്തായ യത്നങ്ങൾ ഇന്നു നടന്നുവരുന്നു. ഇതിൻെറ ഫലമായി പുതിയനിയമകാലത്തിനു ശേഷം ആദിമ നൂററാണ്ടുകളിലുണ്ടായിരുന്ന ക്രൈസ്തവ പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ, സുന്നഹദോസു നിശ്ചയ ങ്ങളുടെ സാക്ഷാത്തായ അർത്ഥവ്യാപ്തി, അക്കാലങ്ങളിൽ സഭ ഔദ്യോഗികമായി പരിത്യജിച്ചിട്ടുള്ള വിശ്വാസ വിപരീത ങ്ങൾ ഇവ എല്ലാം ആസ്പദമാക്കി പാണ്ഡിത്യപൂർവം വിര ചിതങ്ങളായ അസംഖ്യം ഗ്രന്ഥങ്ങളും ഇന്നു ലഭ്യങ്ങളാണ്.

മേൽ വിവരിച്ച രണ്ടു സരണികളിലായി നടന്നുവരുന്ന യത്നങ്ങൾ ഇതുവരെയും പരിപൂർത്തി പ്രാപിച്ചിട്ടില്ലെന്നു വരികിലും, യേശുക്രിസ്തുവിൻെറ ആളത്തം പരാമർശിക്കുന്ന ഇന്നത്തെ പണ്ഡിതന്മാർ അവയെ കണക്കിലെടുക്കേണ്ടതാണ്.

## 8. ഉപസംഹാരം

ആധുനിക ചിന്താപശ്ചാത്തലത്തിൽ ക്രിസ്തീയ വിശ്വാ സത്തിനെതിരായി ഉന്നയിച്ചിട്ടുള്ള വിമർശനങ്ങളെ അഭിമുഖീ കരിച്ചുകൊണ്ടു യേശുക്രിസ്തുവിനെ ഏതു വിധത്തിൽ മനസ്സി ലാക്കാം എന്ന് ഇന്നത്തെ മനുഷ്യന് സുപരിചിതമായ ഭാഷ യിൽ വ്യക്തമാക്കുവാനുള്ള ശ്രമമായിരുന്നു ഷ്ളയർ മാഖർ തുട ങ്ങി അനേക ക്രൈസ്തവചിന്തകന്മാരും നടത്തിവന്നത്. ആ ശ്രമങ്ങളിൽ ചിലത് ക്രൈസ്തവസഭയുടെ വിശ്വാസത്തിലട ങ്ങുന്ന മൗലികമായ പല ആശയങ്ങളെയും നിരാകരിച്ചുകൊണ്ടു ള്ളതായിരുന്നു. എന്നാൽ മററു പലതും സഭയുടെ വിശ്വാസത്തെ ആകമാനം നിലനിർത്തിവരുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ ഇന്നത്തെ ക്രൈസ്തവ പണ്ഡിത ന്മാർ നിർവഹിച്ചുവരുന്ന വേദപുസ്തകപരവും ചരിത്രപരവു മായ പഠനങ്ങൾ യേശുക്രിസ്തുവിനെപ്പററിയുള്ള സഭയുടെ ഔദ്യോ ഗിക വിശ്വാസം വെളിവാക്കുവാൻ സഹായിക്കുന്നതാണ്.

www.malankaralibrary.com

# 6

# ഉപസംഹാരം

ക്രിസ്തേതരമതങ്ങളിൽ അതിന്റെ സ്ഥാപകന്മാർക്കും സിദ്ധന്മാർക്കും കല്പിച്ചുവരുന്നതിൽ നിന്നു ഭിന്നമായ ഒരു സ്ഥാനമാണ് യേശുക്രിസ്തുവിന് ക്രൈസ്തവസഭ അംഗീകരിച്ചിരിക്കുന്നതെന്നുള്ള വസ്തുത ഈ പുസ്തകത്തിലെ പരാമർശത്തിൽനിന്നു വ്യക്തമാണല്ലോ. ഈ വ്യത്യാസം ഏതു വിധത്തിൽ പ്രകടിപ്പിക്കാമെന്നുള്ളതിനെ ആസ്പദമാക്കി ചില കാര്യങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഉപസംഹാരമായി ചേർത്തു കൊള്ളട്ടെ.

പുതിയനിയമത്തിലും സഭാചരിത്രത്തിലും യേശുക്രിസ്തുവിനെപ്പററി നൽകിയിരിക്കുന്ന സാക്ഷ്യത്തിൽ അന്തർലീനമായി കിടക്കുന്ന സുപ്രധാനമായ ആശയങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം. (1) ദാവീദുവംശജയായ ഒരു കന്യകയിൽ നിന്നു പുരുഷബന്ധം കൂടാതെ പരിശുദ്ധാത്മ വ്യാപാരത്താൽ യേശുക്രിസ്തു ഒരു സാക്ഷാൽ മനുഷ്യനായി ഭൂജാതം ചെയ്തു ലോകത്തിൽ ജീവിച്ചു. (2) ഐഹികജീവിതമണ്ഡലത്തിലെ സുഖവും, ദുഃഖവും സന്തോഷവും, സന്താപവും ഏതു മനുഷ്യനേയുംപോലെ അവൻ യഥാർത്ഥമായി സഹിക്കുകയും, പാപം സ്പർശിക്കാത്തവനായി പീഡയും ക്രൂശുമരണവും അനുഭവിക്കുകയും ചെയ്തു. മരണാനന്തരം അവൻ തന്റെ ശരീരത്തിൽ പുനരുത്ഥാനം ചെയ്യുകയും അതുമൂലം ക്ലേശത്തിന്മേലും മരണത്തിൻമേലുമുള്ള അവന്റെ നിത്യജയത്തെ പ്രകടമാക്കുകയും ചെയ്തു. (3) യേശുക്രിസ്തു തന്റെ ഐഹിക ജീവിതവും പീഡാനുഭവവും വഴിയായി ദൈവത്തെ ലോകത്തിൽ വെളിപ്പെടുത്തുകയും അവന്റെ ആളത്തത്തിന്റെ വ്യാപാരങ്ങളുടെയും സത്യതയെ പുനരുത്ഥാനവും സ്വർഗാരോഹണവും മൂലം വ്യക്തമാക്കുകയും ചെയ്തു. (4) മനുഷ്യവർഗത്തിലെ ഒരു അംഗമായി യേശുക്രിസ്തു ലോകത്തിൽ വാസ്തവമായി ജീവിച്ചു സേവനം അനുഷ്ഠിച്ചു എന്നു വരികിലും അവന്റെ ഐഹിക വ്യാപാരങ്ങൾ കേവലം ചരിത്രത്തിൽ ഒന്നിനുപുറകെ ഒന്നായി നടക്കുന്ന സംഭവപരമ്പരകളിൽ ഒന്നുമാത്രമായിരുന്നില്ല. പിന്നെയോ, നിത്യതയിൽ അനാദ്യന്തവിഹീനമായി സ്ഥിതിചെയ്യുന്ന ത്രിയേക ദൈവത്തിൽ രണ്ടാമൻ, അഥവാ ദൈവത്തിന്റെ വചനമായ നിത്യേക പുത്രൻ, ഐഹിക ജീവിതത്തിലെ വിവിധ അനുഭവങ്ങളിൽകൂടെ ദൈവത്തിന്റെ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തിക്കാണിക്കുവാനും, പാപത്തിൽ പതിച്ചുപോയ മനുഷ്യവർഗ

www.malankaralibrary.com

ത്തേയും ലോകത്തെ മുഴുവനേയും ഉദ്ധരിക്കുവാനും വേണ്ടി മനുഷ്യാവതാരം സ്വീകരിച്ച് മനുഷ്യത്വവുമായുള്ള സമ്പൂർണ യോജ്യതയിൽ നിർവഹിച്ച വ്യാപാരങ്ങളായിരുന്നു. (5) യേശുക്രിസ്തുവിനു ഒരു വശത്തു ദൈവവുമായും മറുവശത്തു മനുഷ്യനുമായും തത്വപരമായ അഭേദ്യ ബന്ധം ഉണ്ട്. അവന്റെ അവിഭാജ്യമായ ആളത്തത്തിൽ ദൈവത്വവും മനുഷ്യത്വവും അന്യോന്യം സ്ഥിതി ചെയ്യുന്നു. ദൈവികവും മാനുഷികവും ആയി അവൻ അനുഷ്ഠിച്ച സർവ പ്രവൃത്തികളിലും സംസാരിച്ച എല്ലാ വചനങ്ങളിലും സ്വയം പ്രകടിപ്പിച്ച ആ ഏക ആളത്വവുമായുള്ള ആധ്യാത്മിക ബന്ധംവഴി നമുക്കു ദൈവതിരുസന്നിധിയിലേക്കുള്ള പ്രവേശനം ഉണ്ട്. (6) യേശുക്രിസ്തുവിൽ കൂടെ ദൈവത്തിനു മനുഷ്യനെക്കുറിച്ചുള്ള പരമോദ്ദേശ്യം എന്നേക്കുമായി നിർണായകമായ വിധത്തിൽ നിർവഹിക്കപ്പെട്ടു. (7) അവനിലുള്ള വിശ്വാസത്തിലും ആശ്രയത്തിലും അധിഷ്ഠിതമായി നയിക്കപ്പെടുന്ന സമർപ്പണജീവിതംമൂലം അവനിൽ കൂടെ ദൈവവുമായി ബന്ധം പുലർത്തി നിത്യജീവനു നാം അവകാശികളായിത്തീരുന്നു.

മുകളിൽ ചൂണ്ടിക്കാണിച്ച ആശയങ്ങൾ സസൂക്ഷ്മം പരിശോധിക്കുന്നതായാൽ, യേശുക്രിസ്തുവിനെ ക്രൈസ്തവസഭ മനസ്സിലാക്കുന്നതു് ആദ്യമായി രക്ഷ പ്രാപിച്ചശേഷം തനിക്കു ലഭ്യമായ അനുഭവസിദ്ധിയെ മറ്റുള്ളവർക്കും ഉണ്ടാകുവാൻ വേണ്ട ഉപദേശം ദാനം ചെയ്ത ആളായിട്ടോ, ദൈവത്തിന്റെ പ്രത്യേക വെളിപാടുകൾ സംപ്രാപിച്ച ഒരു പ്രവാചകനായിട്ടോ അല്ല എന്നു വ്യക്തമാകുന്നതാണ്. പിന്നെയോ യേശുക്രിസ്തുവിനെപ്പറ്റി ഇവിടെ ഊന്നിപ്പറഞ്ഞിരിക്കുന്നത് പാപത്തിൽ പതിച്ചുപോയ മനുഷ്യവർഗ്ഗത്തെയും, ലോകത്തെ മുഴുവനെയും, പാപത്തിൽനിന്നു് ഉദ്ധരിക്കുവാനും അവക്കു ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുവാനുംവേണ്ടി ചരിത്രത്തിനുള്ളിൽ ഒരിക്കൽ പ്രവേശിച്ച് ദൈവത്തിന്റെ പരമോദ്ദേശ്യം നിർവഹിച്ച പ്രപഞ്ചനാഥനാകുന്ന അവൻ എന്നുള്ള വസ്തുതയാണ്.

ഈ ഉപദേശത്തെ താഴെ വിവരിക്കുന്ന വിധത്തിൽ ക്രൈസ്തവസഭ വിശദമാക്കുന്നു എന്നു പറയാം. (1) ദൈവം സ്രഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണ്. മനുഷ്യനെ ദൈവം നിർമ്മിച്ചതു് അവന്റെ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും തന്നെ. ഇതിന്റെ അർഥം ഒരു സൃഷ്ടി എന്ന നിലയിൽ സാധ്യമായ സർവ സമ്പൂർണതയും മനുഷ്യനിൽ ഉണ്ടു് എന്നുള്ളതാണ്. ആ അവസ്ഥയിൽ ദൈവത്തെ പ്രതിബിംബിപ്പിക്കുവാൻ തക്ക പരിപൂർണതയിൽ ദൈവം മനുഷ്യനെ ഉളവാക്കി. (2) എന്നാൽ മനുഷ്യനെ ദൈവം നിർമിച്ച ആ ശ്രേഷ്ഠാവസ്ഥയിലല്ല മനു

www.malankaralibrary.com

ഷ്യൻ ലോകത്തിൽ സ്ഥിതി ചെയ്യുന്നതു്. പിന്നെയോ, അവൻ പാപത്തിൽ പതിക്കുകയും തന്മൂലം ദൈവത്തിൽ നിന്നുമകന്നു പോകുകയും ചെയ്തു. പാപത്തിനു നിദാനമായി ക്രൈസ്തവസഭ ചൂണ്ടിക്കാണിക്കുന്നത്, പ്രകൃത്യാ സൃഷ്ടിക്കു് എന്തെങ്കിലും വൈകല്യം ഉണ്ടായിരുന്നു എന്നുള്ള ആശയമോ ദൈവത്തിനന്യമായി വ്യാപരിക്കുന്ന ഏതെങ്കിലും ശക്തി മനുഷ്യന്റെമേൽ ആധിപത്യം ചെയ്തു എന്നുള്ള അഭിപ്രായഗതിയോ അല്ല. നേരേ മറിച്ചു മനുഷ്യനു ദൈവം നൽകിയ സൃഷ്ടിപരമായ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്തു എന്നുള്ള വസ്തുത അത്രേ. (3) പാപം മൂലം ദൈവവുമായുള്ള ബന്ധത്തിൽനിന്നു വീണുപോയ മനുഷ്യനു ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുകയും, വീഴ്ചയിൽ നിന്നു് അവനെ വീണ്ടെടുക്കുകയും ചെയ്യുക എന്നതായിരുന്നു യേശുക്രിസ്തുവിന്റെ ജീവിതോദ്ദേശ്യം. അതിന്റെ അടിസ്ഥാനം ദൈവത്തിന്റെ അനന്തവും അപ്രമേയവുമായ സ്നേഹമാണ്, ദൈവംതന്നെ തന്റെ സൃഷ്ടിയുടെ ഉദ്ധാരണാർത്ഥം അനവരതം ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയുടെ മകുടമായിട്ടായിരുന്നു യേശുക്രിസ്തു ലോകത്തിൽ മനുഷ്യനായി അവതരിച്ചതു്. (4) മനുഷ്യനെ ദൈവം സ്വന്തരൂപത്തിലും സാദൃശ്യത്തിലും നിർമ്മിച്ചു എന്നും, അതിന്റെയർത്ഥം ഒരു സൃഷ്ടി എന്ന നിലയിൽ സാധ്യമായ സമ്പൂർണ്ണതയും ദൈവത്തെ പ്രതിബിംബിപ്പിക്കുവാനുള്ള കഴിവും അവനു നൽകി എന്നതാണെന്നും മുകളിൽ കണ്ടുവല്ലൊ. എന്നാൽ ദൈവത്തെ ദൈവം എന്ന നിലയിൽ നിത്യമായി പ്രതിബിംബിപ്പിക്കുന്നതു ദൈവത്തിന്റെ വചനമായ ഏകപുത്രനാണ്. ആ ഏകപുത്രൻ മനുഷ്യനായി ലോകത്തിൽ അവതരിച്ചു എന്നത്രേ ക്രിസ്തീയസുവിശേഷം ഉദ്ഘോഷിക്കുന്നത്. അഥവാ ദൈവത്തിന്റെ പുത്രത്വം പ്രകൃത്യാ ഉള്ള വചനം ആയ ദൈവം ദൈവത്തിന്റെ പുത്രത്വം കൃപയാൽ പ്രാപിച്ച മനുഷ്യവർഗ്ഗത്തെയും, അവർ മൂലം സൃഷ്ടി മുഴുവനേയും, വീണ്ടെടുക്കുവാനായി മനുഷ്യാവതാരം ചെയ്തു എന്നത്രേ. (5) മനുഷ്യാവതാരം വഴി ദൈവം മനുഷ്യനെ രക്ഷിച്ചു എന്നുള്ള ക്രൈസ്തവസഭയുടെ ഉപദേശത്തിൽ മനുഷ്യനെ രക്ഷിക്കുന്നതു ദൈവമാണെന്നുള്ള വസ്തുത പ്രത്യേകം ഊന്നിപ്പറഞ്ഞിരിക്കുന്നു. എന്നാൽ ദൈവം മനുഷ്യനെ രക്ഷിക്കുന്നതു് അവനു പ്രകൃത്യാ നൽകപ്പെട്ടിട്ടുള്ള സൃഷ്ടിപരമയ സ്വാതന്ത്ര്യത്തെ സദാ സമാദരിച്ചുകൊണ്ടു മാത്രമാണ്. ചരിത്രത്തിൽ ഒരിക്കലായി നയിക്കപ്പെട്ട ഒരു മനുഷ്യജീവിതം വഴിയത്രേ ദൈവം മനുഷ്യവർഗ്ഗത്തിന്റെ രക്ഷ നിർവഹിച്ചതു്. ആ മനുഷ്യ ജീവിതം വഴി ദൈവം ആഗ്രഹിക്കുന്ന നിലയിലേക്കു മനുഷ്യത്വത്തെ ഉയർത്തി, അവൻമൂലം മററു മനുഷ്യരും അവരുടെ ജീവിതബന്ധങ്ങളും പരിവർത്തനം പ്രാപിച്ചു. ദൈവോദ്ദേശ്യനിർ

www.malankaralibrary.com

വഹണത്തിനു പര്യാപ്തങ്ങളായിത്തീരുവാൻ ആവശ്യമായതു പ്രവർത്തിച്ചു. ഇതാണു മനുഷ്യാവതാര മർമ്മമായി ക്രിസ്തുമതം കാണുന്നതു്.

ദൈവം നൽകിയ സൃഷ്ടിപരമായ സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ടു്. എന്നാൽ ആ സ്വാതന്ത്ര്യത്തെ ദൈവ ഹിതാനുസരണം മാത്രം പ്രായോഗികമാക്കിയ ഏക വ്യക്തി യാണ് യേശുക്രിസ്തു. അതു് അവനു സാധിച്ചതു് അവൻ ദൈ വത്തിൻെറ നിത്യേക പുത്രൻ മനുഷ്യത്വത്തെ യഥാർത്ഥമായ സമ്പൂർണതയിൽ തന്നോടു യോജിപ്പിച്ചു ലോകത്തിൽ ഒരു മനുഷ്യനായി അവതരിച്ച ദേഹമായിരുന്നതിനാലാകുന്നു.

ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തെപ്പററി ദൈവത്തിനു നിത്യമായ ഒരു ശ്രേഷ്ഠോദ്ദേശ്യമുണ്ടു്, മനുഷ്യൻ പാപത്തിൽ വീണതിൻെറ ഫലമായി ദൈവത്തിൽനിന്നുമവൻ അകന്നു പോ യതുമൂലം ഉളവായ വൈഷമ്യത്തിനു നിവാരണം വരുത്തുവാൻ തൻെറ അനന്തവും അപ്രമേയവും ആയ സ്നേഹത്താൽ പ്രേരി തനായി ദൈവം തന്നെ തൻെറ നിത്യേക പുത്രനായ യേശു ക്രിസ്തുവിനെ ലോകത്തിലയച്ചു. അവൻ മൂലം ദൈവത്തിനു ലോകത്തെപ്പററിയുള്ള ഉദ്ദേശ്യനിർവഹണം ഒരിക്കലായി നിവർ ത്തിച്ചു. പ്രപഞ്ചം ആകമാനം ദൈവത്തിൻെറ ഉദ്ദേശ്യസാഫ ല്യം പ്രാപിക്കുവാനുള്ള ആത്യന്തിക ലക്ഷ്യത്തിലേക്കു ദൈവം നിത്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അതു് എപ്പോഴും, എങ്ങനെ, സമ്പൂർത്തി പ്രാപിക്കും എന്നുള്ളതിനെപ്പററിയുള്ള അറിവു നമുക്കു ലഭിച്ചിട്ടില്ല. യേശുക്രിസ്തുവിൽ കൂടെ അതു നിവർത്തിതമാകും എന്നു ക്രൈസ്തവ സഭ വിശ്വസിക്കുന്നു.

www.malankaralibrary.com

# ദൈവശാസ്ത്ര സാഹിത്യ സമിതി

ഇപ്പോഠം ലഭ്യമായ ററി. എൽ. സി. പുസ്തകങ്ങഠം

**വിതരണം: സി. എസ്. എസ്. തിരുവല്ല**

| | | | |
|---|---|---|---|
| 1. | ( 1) | ഞങ്ങഠം വിശ്വസിക്കുന്നു (4–ാം പതിപ്പ്)<br>–ഗീവർഗീസ് മാർ ഒസ്താത്തിയോസ് | 15.00 |
| 2. | (8A) | ശുദ്ധപദമഞ്ജരി<br>–ഡോ. ററി. ജോൺ | 1.50 |
| 3. | (15) | യേശുക്രിസ്തു ആരു്<br>–ഡോ. ഫാ. വി. സി. സാമുവേൽ | 35.00 |
| 4. | (21) | വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം (3–ാം പതിപ്പ്)–റവ. ജെഫ്രി ജെ. പോഠം | 45.00 |
| 5. | (27) | പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം (3–ാം പതിപ്പ്)–റവ. എസ്. ജോൺ | 40.00 |
| 6. | (31) | ക്രിസ്തീയ കൂദാശകഠം<br>–റവ. സി. വി. ജോൺ | 35.00 |
| 7. | (36) | പൗരസ്ത്യ സഭാചരിത്രം (2–ാം പതിപ്പ്)<br>–മാർ അപ്രേം മെത്രാപ്പോലീത്ത | 20.00 |
| 8. | (37) | ഭാരതത്തിലെ പ്രധാന മതങ്ങഠം<br>–റവ. ഡോ. പി. എസ്. ഡാനിയേൽ | 45.00 |
| 9. | (41) | എക്യൂമെനിക്കൽ പ്രസ്ഥാനം (2–ാം പതിപ്പു്)–റവ. ഡോ. ററി. പി. ഏബ്രഹാം | 100.00 |
| 10. | (43) | ഏബ്രഹാം മൽപാൻെറ നവീകരണം (2–ാം പതിപ്പ്)<br>–ഡോ. എം. എം. തോമസ് | 7.50 |
| 11. | (45) | ഹിന്ദുമത പ്രവേശിക<br>–മോസ്റ്റ് റവ. ഡോ. ഐ. യേശുദാസൻ | 50.00 |
| 12. | (46) | വേദപുസ്തക ഭാഷ്യം | 500.00 |
| 13. | (47) | വി. പൗലോസ് വിജാതീയരുടെ അപ്പോസ്തലൻ<br>–റവ. ഡോ. എം. ജെ. ജോസഫ് | 15.00 |
| 14. | (51) | പരിവർത്തനത്തിൻെറ ദൈവശാസ്ത്രം<br>–ഡോ. എം. എം. തോമസ് | 10.00 |

www.malankaralibrary.com

| | | | |
|---|---|---|---|
| 15. | (53) | നവോത്ഥാന പ്രസ്ഥാനങ്ങൾ<br>—റവ. പി. ററി. തോമസ് | 16.00 |
| 16. | (55) | ആധുനിക ഭാരതത്തിലെ രാഷ്ട്രീയ<br>പ്രത്യയശാസ്ത്രങ്ങൾ<br>—ഡോ. എം. എം. തോമസ് | 15.00 |
| 17. | (56) | യാക്കോബും യൂദായും എഴുതിയ ലേഖനങ്ങൾ<br>—റവ. ററി. കെ. ജോർജ് | 15.00 |
| 18. | (57) | ക്രിസ്തുവും മതങ്ങളും<br>—ഡോ. എം. എം. തോമസ് | 12.00 |
| 19. | (58) | കേരള ക്രൈസ്തവ സംസ്കാരം<br>—റവ. ഡോ. മാത്യു ഡാനിയേൽ | 15.00 |
| 20. | (59) | ഭാരതത്തിൽ ക്രൈസ്തവസഭയുടെ സാമൂഹിക<br>ധർമ്മം —ഡോ. എം. എം. തോമസ് | 15.00 |
| 21. | (61) | തെസ്സലോനിക്യ ലേഖനം<br>—റവ. ജെ. യേശുദാസൻ | 10.00 |
| 22. | (63) | കേരളത്തിലെ ചില സ്വതന്ത്ര സഭകൾ<br>—റവ. ഇ. ജെ. ചാക്കോ | 12.00 |
| 23. | (64) | ഭാരത ക്രൈസ്തവ ദർശനങ്ങൾ<br>—റൈററ്. റവ. പി. ജി. കുരുവിള | 15.00 |
| 24. | (65) | എഫേസ്യർക്ക് എഴുതിയ ലേഖനം<br>—ഫാ. ററി. ജെ. ജോഷ്വാ | 12.00 |
| 25. | (66) | അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ<br>—റവ. ഡോ. പി. പി. ഏബ്രഹാം | 15.00 |
| 26. | (67) | ദൈവശാസ്ത്ര വിചിന്തനങ്ങൾ<br>പഴയനിയമത്തിൽ<br>—റവ. ഡോ. കെ. വി. മാത്യു | 15.00 |
| 27. | (68) | സഭയും പ്രേഷിതവൃത്തിയും<br>—എഡി: റവ. പി. ററി. തോമസ്, എം. കുര്യൻ | 15.00 |
| 28. | (69) | ഭഗവത്ഗീത ഒരു ക്രിസ്തീയ ആസ്വാദനം<br>—ഡോ. എം. എം. തോമസ് | 16.00 |
| 29. | (73) | വനിത എപ്പിസ്കോപ്പാ ആയിരുന്നു<br>—ജോവാൻ മോറീസ് | 15.00 |
| 30. | (76) | യിസ്രയേൽ ജനത: ചരിത്രവും മതവും<br>—റവ. കെ. വി. വർക്കി | 50.00 |
| 31. | (78) | മതവും മനുഷ്യനും ആധുനിക ഭാരതീയ<br>ദർശനത്തിൽ —ഫാ. ജി. ജോൺ | 28.00 |

www.malankaralibrary.com

32. (80) പഞ്ച ഗ്രന്ഥങ്ങൾ (മൂന്നാം ഭാഗം) 15.00
—റവ. ഡോ. ഇ. പി. വിജയൻ

33. (81) ആമോസ്, ഹോശെയാ, മീഖാ 40.00
—ഡോ. റ്റി. ജോൺ

34. (83) മർദ്ദിതരുടെ ദൈവം 45.00
—ഡോ. ജെയിംസ് കോൺ

35. (84) യെശയ്യാവ് ബി. സി. എട്ടാം ശതകത്തിലെ പ്രവാചകൻ 88.00
—ഡോ. റ്റി. ജോൺ

36. (85) വെളിപാട് പുസ്തക വ്യാഖ്യാനം (രണ്ടാം ഭാഗം) (2–ാം പതിപ്പ്) 40.00
—റവ. ഡോ. വി. ഇ. വർഗീസ്

37. (86) ആരാധന വിവിധ സഭാപാരമ്പര്യങ്ങളിൽ 55.00
—പ്രൊ. റ്റി. ബി. തോമസ്

38. (87) വെളിപാട് പുസ്തക വ്യാഖ്യാനം (രണ്ടാം ഭാഗം) 2–ാം പതിപ്പ് 40.00
—റവ. ഡോ. വി. ഇ. വറുഗീസ്

39. (88) ഇസ്ലാം, ഉദയവും വികാസവും 30.00
—റവ. എം. എം. ഏബ്രഹാം

40. (89) ത്രിത്വ ദർശനം വിശുദ്ധ ത്രിത്വത്തെപ്പറ്റി ഒരു നൂതന പഠനം —ഫാ. ജി. ജോൺ 35.00

41. (90) ആധുനിക ദൈവശാസ്ത്ര ധാരകൾ 50.00
—റവ. ഡോ. റ്റി. ജേക്കബ് തോമസ്

42. (91) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ 35.00
—ഡോ. അന്നമ്മ ജോർജ്

43. (92) ക്രിസ്തുവിന്റെ അന്ത്യപ്രഭാഷണം 30.00
—റവ. പി. റ്റി. തോമസ്

44. (93) പരിസ്ഥിതി ദൈവശാസ്ത്രം 40.00
—എഡി. ഡേവിഡ് ജി. ഹോംമാൻ

45. (94) വേദപുസ്തക നീതിശാസ്ത്ര ചിന്തകൾ 45.00
—ഡോ. റ്റി. ജോൺ

46. (95) വിശാല എക്യുമെനിസം 40.00
—എഡി. റവ. ഡോ. എം. ജെ. ജോസഫ്

47. (96) പുതിയ ആകാശവും പുതിയ ഭൂമിയും 40.00
—ഡോ. അന്നമ്മ ജോർജ്

48. (97) എക്യുമെനിക്കൽ ദൈവശാസ്ത്രം 35.00

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# യേശുക്രിസ്തു ആര്?

## ഫാ.ഡോ.വി.സി.ശമുവേൽ

ക്രിസ്തുശാസ്ത്രത്തിലെ അഗാധസത്യങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന ഗ്രന്ഥമാണിത്. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള പഠനത്തിലെ മുഖ്യധാരയായ ക്രിസ്തുശാസ്ത്രം പഠിക്കുവാൻ ഈ ഗ്രന്ഥം അത്യന്താപേക്ഷിതമാണ്.

ഇന്ത്യയിലെ പ്രഗത്ഭ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായ ഡോ.വി.സി.ശമുവേലച്ചൻ പ്രിയങ്കരനായ ഒരു അദ്ധ്യാപകനുമായിരുന്നു. അദ്ദേഹത്തിന്റെ 75-ാമതു ജന്മദിനത്തോടനുബന്ധിച്ച് ഇന്ത്യയിലും വിദേശത്തുമുള്ള ക്രൈസ്തവപണ്ഡിതർ എഴുതിയ ലേഖനങ്ങൾ ചേർത്ത് 'ഓർതഡോക്സ് ഐഡൻറിറ്റി ഇൻ ഇൻഡ്യ' എന്ന ശ്രദ്ധേയമായ ഗ്രന്ഥം അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം ഓർതഡോക്സ് സഭാമേഖലയിലും, ഇന്ത്യയിലെ ദൈവശാസ്ത്ര രംഗത്തും, ആഗോളവ്യാപകമായി എക്യുമെനിക്കൽ ദൈവശാസ്ത്ര മേഖലയിലും നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. 'ദി കൗൺസിൽ ഓഫ് കാൽസിഡൺ റീ എക്സാമിൻഡ്', 'ഇത് ഒരു ഇന്ത്യൻ സഭയോ?' മുതലായവയാണ് പ്രധാന ഗ്രന്ഥങ്ങൾ. "സ്വാനുഭവവേദിയിൽ" ആത്മകഥയാണ്. അദ്ദേഹം 1998 നവംബർ 18-ന് ബാംഗ്ലൂരിലെ സ്വവസതിയിൽ അന്തരിച്ചു.

വിതരണം

**സി.എസ്.എസ്. ബുക്ക് ഷോപ്പ്**

കുരിശുകവല, തിരുവല്ല

വില. 40/-

www.malankaralibrary.com